ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്




## ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്

**1996**

82 - 1

# അധികാരം ജനങ്ങളിലേക്ക്

## ആർത്താറ്റ് ഗ്രാമപഞ്ചായത്ത്

### ഒമ്പതാംപദ്ധതി ജനകീയപദ്ധതി
### ജനകീയാസൂത്രണപ്രസ്ഥാനം

വികസനസെമിനാർ 23 – 11 – 1996

# വികസനരേഖ

നമ്മളീമണ്ണിൻെറയുപ്പറിഞ്ഞോർ
നമ്മളീനാടിൻെറ തുടിപ്പറിഞ്ഞോർ
നാളെ നാമെത്തേണ്ട ലക്ഷ്യവും പാതയും
ഇന്നുനാമൊന്നായ് തിരഞ്ഞെടുക്കും.

## ഉള്ളടക്കം

1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. ഭൂപ്രകൃതി
4. മനുഷ്യ വിഭവം
5. കൃഷിയും ജനസേചനവും
6. മൃഗസംരക്ഷണം
7. വ്യവസായം
8. വിദ്യാഭ്യാസം
9. കുടിവെള്ളം
10. പൊതുജനാരോഗ്യം
11. ഗതാഗതം
12. ഊർജ്ജം
13. പാർപ്പിടം
14. സാമൂഹ്യക്ഷേമം
15. സംസ്ക്കാരം
16. വനിത
17. സഹകരണം
18. പട്ടികജാതി
19. വിഭവസമാഹരണം
20. കോർഗ്രൂപ്പ് അംഗങ്ങൾ

**എഡിറ്റർ**

പ്രൊഫസ്സർ പി.എസ് വിഷ്ണു മാസ്റ്റർ

**എഡിറ്റോറിയൽ സ്റ്റാഫ്.**

കെ. എം മുഹമ്മദ് മാസ്റ്റർ.

എം. വി ശങ്കരൻ. (റിട്ടയേഡ് ബി.ഡി.ഒ)

എം.റ്റി മുഹമ്മദ് മാസ്റ്റർ

സി.വി. മാധവൻ. (റിട്ടയേഡ് എഞ്ചിനീയർ)

എം.വി. പുഷ്പരാജ്

പി.കെ. ബാബുരാജ്

റ്റി.മുകുന്ദൻ

**മേപ്പുകൾ.**

റ്റി.ആർ കുമാരൻ

# ആർത്താററ് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



പി. എ.വേലായുധൻ
പ്രസിഡണ്ട്.



എം. എ സരസ്വതി
വൈസ് പ്രസിഡണ്ട്



റ്റി. മുകുന്ദൻ, സ്റ്റാൻറിംങ്ങ്
കമ്മിറ്റി ചെയർമാൻ



കെ.എസ് ബാബുരാജ്
ഒന്നാംവാർഡ് മെമ്പർ



പി.എസ് ഉണ്ണികൃഷണൻ
മൂന്നാം വാർഡ് മെമ്പർ



പി.പി. ബെന്നി നാലാം
വാർഡ് മെമ്പർ



ലളിത പ്രഭാകരൻ
അഞ്ചാംവാർഡ് മെമ്പർ



വി.എസ് മുഹമ്മദ്
എട്ടാംവാർഡ് മെമ്പർ



നളിനി ബാലകൃഷ്ണൻ
ഒമ്പതാം വാർഡ് മെമ്പർ



# ആമുഖം

സ്വതന്ത്ര ഭാരതത്തിൽ ആസൂത്രണ വികസനത്തിനായി ആയിരത്തി തൊള്ളായിരത്തി അൻപതുകളിൽ ആരംഭിച്ചതാണ് പഞ്ചവത്സര പദ്ധതികൾ. ഈ പദ്ധതികൾ എന്തായിരിക്കണം, എങ്ങിനെ നടപ്പിലാക്കണം എന്നീ കാര്യങ്ങളെല്ലാം ഭരണ നേതൃത്വത്തിലാണ് തീരുമാനിക്കപ്പെട്ടിരുന്നത്.

ഓരോ സംസ്ഥാന കേന്ദ്രങ്ങളിലും സംസ്ഥാന ആസൂത്രണ ബോർഡിൻെറ തീരുമാനങ്ങൾക്കനുസരിച്ചാണ് ആസൂത്രിത വികസനം നടപ്പിലാക്കികൊണ്ടിരുന്നത്. ഈ രീതിക്കുള്ള പ്രധാന അപാകത ജനതയുടെ അടിത്തട്ടിലുള്ള ശരിയായ പ്രശ്നങ്ങളും അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും എന്തെന്ന് മനസ്സിലാക്കാതെ ആസൂത്രണ പ്രക്രിയ നീങ്ങുന്നു എന്നതാണ് കേന്ദ്രീകൃതതാസൂത്രണ പ്രക്രിയയുടെ ഭാഗമായി തീരുമാനങ്ങൾ എടുക്കേണ്ടതും നടപ്പിലാക്കേണ്ടതം ഭരണസംവിധാനം മാത്രമാണെന്നും ജനം അതിൻെറ ഗുണദോഷങ്ങൾ അനുഭവിക്കുക മാത്രമെ വേണ്ടതുള്ളൂ എന്നും ഒരു ചിന്താഗതിതന്നെ വളർന്നുവന്നു.

മുൻപ് പറഞ്ഞ ചിന്താഗതിക്ക് പ്രകടമായ മാറ്റം വരുന്നത് 73, 74 എന്നീ ഭരണഘടനാ ഭേദഗതികളോട് കൂടിയാണ്. 1993 ഓടെ ഈ ഭേദഗതികൾക്കനുസരിച്ചുള്ള നടപടികൾ ആരംഭിച്ചു. 1995 ഒക്ടോബർ 2 ന് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണ സമിതി ആർത്താറ്റ് പഞ്ചാത്തത്തിലും നിലവിൽ വന്നു. ഗ്രാമസഭകൾ എന്ന സംവിധാനം പഞ്ചായത്ത് രാജ് നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഒരു പക്ഷേ ജനാധിപത്യപ്രക്രിയയ്ക്ക് ഈ സംവിധാനം ഒരു പ്രത്യേക കാഴ്ചപാട് തന്നെ വരുത്തി ഇരിക്കുന്നു എന്ന് കാണാം. പൗരന് നേരിട്ടുതന്നെ ജനാധിപത്യ ഭരണക്രമത്തിൽ പങ്കാളിയാകുന്നതിന് ഗ്രാമസഭകൾ കാരണമാകുന്നു. ആറു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭകൾ കൂടണമെന്ന് നിയമം അനുശാസിക്കുന്നു.

1997 - ൽ ആരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പദ്ധതി ചെലവിൻെറ 35- 40% പഞ്ചായത്തുകളെ ഏല്പിക്കുന്നു. ഭരണപരമായ സൗകര്യങ്ങൾക്കായി കൂടുതൽ അധികാരങ്ങളും പഞ്ചായത്തുകൾക്ക് കൈമാറുന്നു. ഈ തുക പഞ്ചായത്തുകളിൽ എങ്ങിനെ ഉപയോഗപ്പെടുത്തണമെന്ന് പഞ്ചായത്തുകൾ തന്നെയാണ് തീരുമാനിക്കുന്നത്. ഇതിനായി ഓരോ ചെറിയ പ്രദേശത്തിൻെറയും പ്രശ്നങ്ങളും അത് പരിഹരിക്കുന്നതിന് എന്ത് വേണമെന്ന ആ പ്രദേശക്കാരുടെ അറിവും അഭിപ്രായവും പ്രയോജനപ്പെടുത്തുന്നതിലേക്കായാണ് ഗ്രാമസഭകൾ കൂടിയത്. നല്ല പ്രതികരണമാണ് ഗ്രാമസഭകളിൽ ഉണ്ടായത്. ഗ്രാമസഭ ചർച്ചകളിൽ നിന്നാണ് ഓരോ ചെറിയ പ്രദേശത്തേയും ജനങ്ങളുടെ അറിവുകളും അഭിപ്രായങ്ങളും എന്തെന്ന് മനസ്സിലാക്കിയത്. ഇങ്ങനെയുള്ള വാർഡുതല റിപ്പോർട്ടുകൾ ക്രോഡീകരിച്ചാണ് പഞ്ചായത്ത് തല റിപ്പോർട്ട് എഴുതി തയ്യാറാക്കിയത്.

************

# ആർത്താറ്റ് പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | ആർത്താറ്റ് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | അഞ്ഞൂര്, ആർത്താറ്റ് |
| ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് | - | ചൊവ്വന്നൂർ |
| താലൂക്ക് | - | തലപ്പിള്ളി |
| ജില്ല | - | തൃശൂർ |
| വിസ്തീർണ്ണം | - | 12.30 സ്ക്വയർ കി.മി. |
| ജനസംഖ്യ | - | 17099 |
| വാർഡുകളുടെ എണ്ണം | - | 9 |
| പ്രസിഡൻറിൻെറ പേര് | - | ശ്രീ. പി.എ.വേലായുധൻ |
| വൈസ് പ്രസിഡൻറിൻെറ പേര് | - | കുമാരി. എ.എ. സരസ്വതി |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | - | ശ്രീ. റ്റി. മുകുന്ദൻ |

## അതിരുകൾ

തെക്ക് - വടക്ക് ദീർഘവും കിഴക്ക് - പടിഞ്ഞാറ് ഹ്രസ്വവും ആയ പഞ്ചായത്തിൻെറ തെക്കെ അതിർത്തിയിൽ കണ്ടാണിശ്ശേരി പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, വടക്ക് കാട്ടകാമ്പാൽ, പോർക്കുളം പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കിഴക്ക് കുന്ദംകുളം മുനിസിപ്പാലിറ്റി,ചൊവ്വന്നൂർ പഞ്ചായത്ത്, കണ്ടാണിശ്ശേരി പഞ്ചായത്ത് എന്നിവയിൽ ഉൾപ്പെട്ടസ്ഥലങ്ങളും പടിഞ്ഞാറ്, പൂക്കോട് പഞ്ചായത്ത്, വടക്കേക്കാട് പഞ്ചായത്ത് എന്നിവ ഉൾപ്പെടുന്ന പ്രദേങ്ങശങ്ങളുമാണ്.

1951 ഒക്ടോബർ 21-ാം തീയതിയാണ് ആർത്താറ്റ് പഞ്ചായത്ത് നിലവിൽ വന്നത്.

പഞ്ചായത്തിൽ ഉൾപ്പെടുന്ന വിവിധ സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ താഴെ കാണിച്ചിരിക്കുന്നു.

1. കൃഷിഭവൻ - ആർത്താറ്റ്
2. ഹോമിയോ ഡിസ്പെൻസറി- ആർത്താറ്റ്
3. മൃഗാസ്പത്രി - അഞ്ഞൂർകുന്ന്
4. കുടുംബക്ഷേമകേന്ദ്രം - 1
5. പബ്ലിക് - ഹെൽത്ത് സബ്സെൻറർ - 2 എണ്ണം
6. മാതൃശിശു സംരക്ഷണകേന്ദ്രം - 1
7. സബ്-പോസ്റ്റോഫീസ് - 1
8. ബ്രാഞ്ച് പോസ്റ്റോഫീസ് - 3

## ചരിത്രപശ്ചാത്തലം

കൊച്ചിരാജവംശത്തിൻെറ സാമന്തന്മാരായ പുന്നത്തൂർ, ചിറളയം, ചിറ്റഞ്ഞൂർ, മണക്കുളം എന്നീ രാജകുടുംബങ്ങളുടെ മൂപ്പിൽ സ്ഥാനം വഹിച്ചിരുന്ന കക്കാട് കാരണവപ്പാടായിരുന്നു ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശിത്തിന്റെ ഭരണാധികാരികൾ. കക്കാട് കാരണവപ്പാട്മാരുടെ ആസ്ഥാനമന്ദിരമായ നാലുകെട്ട് ഇന്ന് സർക്കാർ വക ടി.ബി. യാണണ്. കുന്ദംകുളം നഗരസഭ അതിർത്തിയിലുള്ള കക്കാട് എന്ന സ്ഥലത്താണ് ഇത് നിലക്കൊള്ളുന്നത്.

പഴയ കൊച്ചി രാജ്യത്തിൻെറ പടിഞ്ഞാറൻ അതിർത്തി ഗ്രാമങ്ങളിൽപ്പെടുന്നതാണ് ആർത്താറ്റ് പഞ്ചായത്ത്. പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയായ പെരുന്തോടിന് അപ്പുറം പഴയ ബ്രിട്ടീഷ് മലബാറിൻെറ ഭാഗങ്ങളാണണ്. ഈ അതിർത്തി ഗ്രാമം എന്ന സ്ഥാനം അക്കാലത്ത്പല രാഷ്ട്രീയ - സാമ്പത്തിക - സാമൂഹ്യ പ്രശ്നങ്ങളിലും സ്വാധീനം ചെലുത്തിയിരുന്നു.

ആർത്താറ്റ് എന്ന സ്ഥലനാമവുമായി ബന്ധപ്പെട്ട് ഈ പ്രദേശത്തെ ആദ്യകാല കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾക്കിടയിൽ ഒരു ഐതീഹ്യമുണ്ട്. ഇപ്പോൾ ആർത്താറ്റ് എന്നറിയപ്പെടുന്ന സ്ഥലത്തുള്ള പള്ളിയിൽ പണ്ട് റോമാക്കാരനായ മെത്രാൻ മെനേസ്സിസ് സന്ദർശനം നടത്തുകയും തൻെറ ''പഴംകൂറ്റ് '' വിശ്വാസത്തിലേക്ക് തദ്ദേശിയരെ ചേർക്കാൻ ശ്രമിക്കുകയും എന്നാൽ തദ്ദേശിയരായ ക്രിസ്ത്യാനികൾ അദ്ദേഹത്തോട് '' അയർത്ത് '' (കയർത്ത്) ആട്ടിയിറക്കിവിട്ടെന്നും അങ്ങിനെ പള്ളിക്ക് '' അയർത്താറ്റ് '' പള്ളി എന്ന പേരുവന്നു എന്നും പിന്നീട് ''ആർത്താറ്റ്'' ഇന്നത്തെ ആർത്താറ്റ് ആയി തീർന്നു എന്നുമാണ് ഐതീഹ്യം.

ഒരു ചെമ്മൺകുന്നും ചുറ്റുമുള്ളത് മണൽപ്രദേശവുമായ ദേശത്തെ ചെമ്മണൂർ എന്ന് അറിയപ്പെടുന്നു. പഞ്ചായത്തിലെ മറ്റൊരു ദേശമാണ് ചെറുവത്താണി. ചെറുവത്താണി ''കിണർ'' എന്ന സ്ഥലത്തിനടുത്ത് പുരാതന കാലം മുതൽ ഒരു ചെറിയ അത്താണി ഉണ്ടിയിരുന്നത്രേ. പഴയ ബ്രിട്ടീഷ് മലബാറിൽപ്പെട്ട പ്രദേശങ്ങളിൽ നിന്ന് കുന്ദംകുളം ഭാഗങ്ങളിലേക്ക് കാൽ നടയായി വരുന്നവരുടെ വിശ്രമസ്ഥലമായിരുന്നു ചെറിയ അത്താണിയുള്ള ഈ പ്രദേശം.

ബ്രിട്ടീഷ് ഭരണത്തിനെതിരായുള്ള പ്രസ്ഥാനങ്ങളിലും അയിത്തോച്ചാടനം സാമൂഹ്യപരിഷ്കരണം എന്നീ മേഖലകളിലും ഈ പ്രദേശത്തിന് പകിട്ടുള്ള പാരമ്പര്യങ്ങൾ എടുത്തു പറയാനുണ്ട്. ഈ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചില മഹത് വ്യക്തികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സ്മരിക്കുന്നത് ഉചിതമായിരിക്കും

ചെറുവത്താനി നാഴിയത്തുവീട്ടിൽ കൃഷ്ണൻ നായർ എസ്.എസ്.എൽ.സി പാസ്സായശേഷം സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ആകൃഷ്ടനായി നാടുവിട്ട്, വാർദ്ധയിൽ ഗാന്ധിജിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു. വാർദ്ധയിലെ പരിശീലനശേഷം അദ്ദേഹം ഖാദി പ്രസ്ഥാനത്തിൻെറ പ്രചാരകനായി കോഴിക്കോട്ട് എത്തി. സർവ്വശ്രീ. കെ.പി. കേശവമേനോൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരുടേയും മറ്റും സുഹൃത്തായിരുന്ന അദ്ദേഹം '' മാതൃഭൂമി'' ദിനപത്രത്തിൻെറ ആരംഭം മുതൽ വളരെക്കാലം അതിൻെറ മാനേജരായിരുന്നു. ജീവിതാന്ത്യംവരെ ഒരു ഗാന്ധീയനായി ജീവിച്ച അദ്ദേഹത്തിൻെറ വീട് സ്വാതന്ത്ര്യ സമരക്കാലത്ത് പ്രധാനപ്രവർത്തകരുടെയെല്ലാം താവളമായിരുന്നു.

എടുത്തുപറയത്തക്ക മറ്റൊരു മഹാവ്യക്തി ചെറുവത്താനിപിള്ളനേഴി മനയ്ക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരിയെന്ന പി.എസ്. നമ്പൂതിരിയായിരുന്നു. 8-ാം തരത്തിൽ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ തന്നെ അദ്ദേഹം ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് പഠിപ്പുപേക്ഷിച്ചു സ്വാതന്ത്ര്യ സമരത്തിൽച്ചേർന്നു. സ്വാഭാവികമായും നിരവധി മർദ്ദനങ്ങൾക്കും, ശിക്ഷകൾക്കും വിധേ

യനാവേണ്ടിവന്നു. തദനന്തരം അദ്ദേഹം തൊഴിലാളി പ്രസ്ഥാനവുമായി ബന്ധപ്പെടുകയും തൊഴിലാളി പ്രശ്നങ്ങളിൽ അവഗാഢമായ പരിചയം നേടുകയും ചെയ്തു. 1948 -ലെ കൽക്കത്തതീസിനുശേഷം കമ്മ്യൂണിസ്റ്റായി മാറിയ അദ്ദേഹം നിരവധി തവണ ജയിൽവാസം അനുഭവിക്കുകയും കഠിനമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. പിന്നീട് ആമ്പല്ലൂരിൽ സ്ഥിരതാമസമാക്കി. 1965-ലും 1967-ലും അദ്ദേഹം രണ്ടുപ്രാവശ്യം കൊടകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. ജീവിതക്കാലത്തിൽ സാമ്പത്തിക നേട്ടങ്ങളൊന്നും ഉണ്ടാക്കാതെ ജീവിതന്ത്യം വരെ പാർട്ടി ഓഫീസിൽ താമസിച്ച് 1980-ൽ മെയ്മാസത്തിൽ പാർട്ടി ഓഫീസിൽ വച്ചുതന്നെ കാലഗതി പ്രാപിച്ചു.

എടുത്തു പറയാവുന്ന മറ്റൊരു മഹത്വ്യക്തി സി. ഉണ്ണിരാജയാണ്. അദ്ദേഹം ആദ്യം സ്വാതന്ത്ര്യ പ്രസ്ഥാനത്തിലും പിന്നീട് മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ ആചാര്യനെന്നനിലയിൽ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നടത്തീട്ടുണ്ട്.

കൊഴുപാട്ട് കൊച്ചു കൃഷ്ണനായർ ഈ പഞ്ചായത്തിലെ ചെമ്മണൂർ പ്രദേശത്തുക്കാരനാണ്. ഇദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനായി നാടുവിട്ടുപോയി. കോഴിക്കക്കോട്ട് തന്റെ പ്രവർത്തനകേന്ദ്രമായി സ്വീകരിച്ചു.

തിരുവതാംകൂറിൽ ബാലവർമ്മ മഹാരാജാവ്,ക്ഷേത്ര പ്രവേങ്ങശനവിളമ്പരം നടത്തിയതിനെ തുടർന്നു ചെറുവത്താണി പിള്ളനേഴി മനക്കലെ ശ്രീ. പി കൃഷ്ണൻ നമ്പൂതിരി കൊച്ചി രാജ്യത്തും അത് നടപ്പിലാക്കണമെന്ന് ഉദ്ദേശിച്ചു ഒപ്പുശേഖരണം നടത്തുകയും അത് അധിഃകൃതസ്ഥാനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു. ഇദ്ദേത്തത്തിന്റെ പ്രവർത്തനങ്ങളിൽ അസന്തുഷ്ടനായ കൊച്ചി രാജാവ് ഇദ്ദേഹത്തിനെതിരെ രാജദ്രോഹകുറ്റം ചുമത്തി ഇദ്ദേഹത്തിനെ പിടിക്കുന്ന തീനായി ഇല്ലം പോലീസ് റെയിഡ്ചെയ്തു. ഈക്കാര്യം മുൻകൂട്ടി മനസ്സിലാക്കിയ അദ്ദേഹം പഴയ ബ്രിട്ടീഷ് മലബാറിലേക്ക് ഒളിച്ചോടി. അവിടെനിന്ന് മദിരാശിവഴി തിരുവന്തപുരത്തെത്തിയ അദ്ദേഹത്തിന്റെ വിദ്യാഭ്യസത്തിനുള്ള സൗകര്യങ്ങൾ തിരുവതാംകൂർ മഹാരാജാവാണ് ചെയ്തുകൊടുത്തത്. പിന്നീട് കൊച്ചിരാജ്യത്ത് ക്ഷേത്ര പ്രവേശനം അനുവദിച്ചതിനുശേഷമാണ് അദ്ദേഹം നാട്ടിൽ തിരിച്ചെത്തിയത്.

ഒരു ഹരിജനായിരുന്നിട്ടും ശ്രീ. മേക്കാട്ടുകുളം പള്ളിക്കുട്ടിയും കരുവാൻ സമുദായത്തിൽ ജനിച്ചിട്ടും ശ്രീപങ്കുട്ടികരുവാൻ എന്നദ്ദേഹവും ശ്രീ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹത്തിൽ സജീവമായി പങ്കുക്കൊള്ളുകയും അതിന്റെ ഫലമായി നിഷ്ഠൂരമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്.

അയിത്തോച്ചാടനവുമായി ബന്ധപ്പെട്ട 9-ാം വാർഡിലെ തെക്കേപുറത്ത് സ്വാദേശി ശ്രീ. ടി.വി. അപ്പു എന്ന ഒരാളുണ്ടായിരുന്നു, ആദ്യകാല S.N.D.P പ്രവർത്തകനായിരുന്ന അദ്ദേഹം പിൽക്കാലത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിലേക്ക് ചേക്കേറി. ശ്രീ. നാരായണഗുരുവിന്റെ സമുദായ ആദർശങ്ങളുടെ പ്രചാരകനും അയിത്തോച്ചാടനത്തിന്റെ സജീവ പ്രവർത്തകനുമായി പ്രവർത്തിച്ചിരുന്നു.

ശ്രീ. പിള്ളനേഴി മനക്കൽ നാരായണൻ നമ്പൂതിരി, നമ്പൂരി സമുദായത്തെ ഉദ്ധരിക്കാൻ ശ്രീ. വി.ടി. ഭട്ടതിരിപാടിന്റെ സജീവപ്രവർത്തകനായിരുന്നു. പ്രസ്ഥാനത്തിന്റെ ഭാഗമായ യാചനായാത്ര, വിധവാ വിവാഹം, പ്രഹസനങ്ങൾ എന്നിവയിലെല്ലാം അദ്ദേഹം പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

ഖാൻബഹദൂർ, മുഹമ്മദ്സാഹിബിന്റെ പിതാവായ കമ്മുകുട്ടി സാഹിബ്,വിദ്യാഭ്യാസ പരമായി വളരെ പിന്നണിയിലായിരുന്ന മുസ്ലീം സമുദായത്തെ ഉദ്ധരിക്കുന്നതിനായി, തന്റെ കളപ്പുരയിൽ ആദ്യമായി ഒരു വിദ്യാലയം സ്ഥാപിക്കുകയും മാതൃകക്കാണിക്കുന്നതിനായി തന്റെ മകനെ ഉയർന്ന വിദ്യാഭ്യാസത്തിന് ഇംഗ്ലണ്ടിലേക്ക് അയക്കുകയും ചെയ്തു.

## പഞ്ചായത്തിന്റെ മുൻകാല ഭരണചരിത്രം.

ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ പഞ്ചായത്ത് ഭരണസംവിധാനം ഇവിടെ നിലവിലുണ്ടായിരുന്നു. അന്നു ഗ്രൂപ്പ് പഞ്ചായത്ത് സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ചൂണ്ടൽ ഗ്രൂപ്പ് പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു ആർത്താറ്റ് പഞ്ചായത്ത്.

കൊച്ചിരാജ്യത്തെ പഞ്ചായത്തിന്റെ പരമോന്നത ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഡയറക്ടറും അദ്ദേഹത്തിന്റെ കീഴിൽ പഞ്ചായത്ത് ഇൻസ്പെക്ടർമാർ, പഞ്ചായത്ത് ഓവർസിയർമാർ എന്നിവരും ഉണ്ടായിരുന്നു. പഞ്ചായത്ത് ഭരണസമിതി സമൂഹത്തിലെ പ്രധാന വ്യക്തികളിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ടവരായിരുന്നു. ഒരുക്ലാർക്കും സ്വീപറും മാത്രമായിരുന്നു പഞ്ചായത്ത് സ്റ്റാഫ്.

പഞ്ചായത്തിലെ പഴയ രേഖകളിൽ നിന് ഇവരുടെ പ്രവർത്തനങ്ങളെപറ്റി മനസ്സിലാക്കാനുവുന്നുണ്ട്. കൃഷി, ജലസേചനം, ഗതാഗതം, കാൽനടക്കാരുടെ യാത്ര സൗകര്യങ്ങൾ എന്നിവയിൽ പഞ്ചായത്ത് സമിതികൾക്ക് പ്രത്യേകം ശ്രദ്ധയുണ്ടായിരുന്നതായി തെളിയുന്നു.

ചെമ്മണൂർ റോഡിന് കുറുകെയുള്ള ചീർപ്പ്.റിപ്പയർ ചെയ്യുന്നതിന് 250 ക നീക്കിവെച്ചതും, ചാട്ടുകുളത്തിൽ ചേറുകോരി പടവുകെട്ടി, മതിൽകെട്ടുന്നതിന് ചിലവ് അനുവദിച്ചതും മറ്റും പഞ്ചായത്തുവക കോതകുളം വൃത്തിയാക്കിയതും ചിറവക്കഴ മുതൽ വെട്ടിക്കടവ് വരെ

തോടു നിർമ്മിച്ചു 250 പറ വിത്തിന്റെ സ്ഥലം ഇരുപ്പു കൃഷിക്ക് സാദ്ധ്യമാക്കിയതും മറ്റും പഞ്ചായത്തിന്റെ കാർഷിക പ്രോത്സാഹനസംരംഭങ്ങളായി വിലയിരുത്താവുന്നതാണ്.

1940-ൽ സ്ഥലം അക്വയർ ചെയ്തു മുതുവമ്മൽ മുതൽ പഴയ ബ്രിട്ടീഷിൽ ഉൾപ്പെട്ടിരുന്ന കൊച്ചനൂർ വരെ റോഡുവെട്ടിയതായിക്കാണുന്നു. വാഹനയോഗ്യമായ വഴിയെയാണ് റോഡ് എന്നു വ്യവഹരിച്ചിരിക്കുന്നത്. ഇടവഴികൾ, നടവഴികൾ, എന്നിവയ്ക്കും പരിപാലനച്ചിലവ് എഴുതിക്കാണുന്നുണ്ട്. പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ റോഡുകൾ ഇന്നു സുലഭമായുണ്ടാവാൻ ഇവരുടെ പ്രവർത്തനങ്ങളാണ് അടിത്തറ പാകിയത്.

ചാട്ടുകുളത്തിനടുത്ത് തണ്ണീർപന്തലിന്റെ സംരക്ഷണത്തിനായി മലയാളവർഷം 1118 - ൽ 81 രൂപ നീക്കിവെച്ചകണക്കും, അവിടെയുള്ള ജീർണ്ണിച്ച പൊതു കക്കൂസ്സ് പുതുക്കിപണിയുന്നതിനെടുത്ത തീരുമാനവും വഴിയാത്രക്കാരുടെ സൗകര്യങ്ങളെക്കുറിച്ചുള്ള അന്നത്തെ പഞ്ചായത്ത് സമിതിയുടെ ശുഷ്കാന്തിയെ സൂചിപ്പിക്കുന്നു.

1951 ഒക്ടോബർ 26-ാം തിയ്യതിയാണ് ഇന്ന് നിലവിലുള്ള ആർത്താറ്റ് പഞ്ചായത്ത് ജന്മമെടുത്തത്. അതിനുശേഷം പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. പഞ്ചായത്ത് രൂപം കൊണ്ടപ്പോൾ കുന്ദംകുളം-ഗുരുവായൂർ റോഡിന് പടിഞ്ഞാറഭാഗത്ത് തോലത്ത് പീറ്റർ എന്നാളുടെ വാടകക്കെട്ടിടത്തിലാണ് ഓഫീസ്സ് പ്രവർത്തിച്ചിരുന്നത്. പിന്നീട്, ബാവാപള്ളിയുടെ വടക്കേപറമ്പിൽ തോലത്തു ഇട്ടൂപ്പ് എന്നയാളുടെ ചെറിയ കെട്ടിടത്തിലും പ്രവർത്തിച്ചിട്ടുണ്ട്. പഞ്ചായത്ത്, നിയമാനുസൃതമായി, പഞ്ചായത്ത് പ്രദേശത്ത് തന്നെ ഓഫീസ് വേണമെന്ന നിബന്ധന മൂലം പഞ്ചായത്ത് ഓഫീസ്സ് ബാവാപള്ളിയുടെ തെക്കുഭാഗത്തായി, കുത്തൂര് സൈമൺ മാസ്റ്ററുടെ കെട്ടിടത്തിന്റെ മുകളിലേക്ക് മാറ്റുകയുണ്ടായി. അതിന് ശേഷം 1991 ഫെബ്രുവരി 25-ാം യാണ് ഓഫീസ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്നതും, യു.കെ.സി. സഹോദരന്മാരായ സർവ്വശ്രീ. ചെമ്മണൂർ വറീത് മക്കൾ, ഉക്കുറു, കാക്കു എന്നിവർ സംഭാവനയായി നല്കിയതുമായ ചിറ്റഞ്ഞൂരിലേക്ക് മാറ്റിയത്.

സാമൂഹ്യസേവന രംഗത്ത് നമുക്കുള്ള മഹത്തായ പാരമ്പര്യത്തിൽ നിന്, ഇന്യന് പരക്കെകാണുന്ന ഉല്പാദനസ്തംഭനവും പടർന്നുപിടിച്ച തൊഴിലില്ലായ്മയും സ്ത്രീകളോടുള്ള അവഗണനയും തുടച്ചുമാറ്റാനുള്ള സാമൂഹ്യവിപ്ലവത്തിന് വേണ്ട ഊർജ്ജം സ്വീകരിച്ച് പ്രവർത്തനനിരതമാവാൻ സാധിക്കേതതാണ്.

# ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ആർത്താറ്റ് പഞ്ചായത്തു പ്രദേശം അഞ്ചു മേഖലകളായി തിരിക്കാം.

1. ഉയർന്ന പീഠഭൂമി
2. ചെരിവുകൾ
3. തീരസമതലം
4. കോൾ നില പ്രദേശം

ഇവയിൽ ഓരോന്നിന്റെയും വിസ്തൃതിയുടെ ശതമാനം കൊടുത്തിരിക്കന്നന്നു.

ഉയർന്ന പീഠഭൂമി 5%, ചെരിവുകൾ 61.5%, തീരസമതലം 25% കോൾനില പ്രദേശം 8.5%. ഈ ഓരോ പ്രദേങ്ങശത്തിന്റെയും സ്വഭാവം നമുക്ക് വേറിട്ട് പരിശോധിക്കാം.

## 1. ഉയർന്ന പീഠഭൂമി :-

മൊത്ത വിസ്തൃതീയിൽ അഞ്ചുശതമാനം വരുന്ന ഈ ഉയർന്ന ഭൂപ്രദേശത്തെ അഞ്ഞൂർ കുന്ന്, ആക്കലക്കുന്ന്, ചെമ്മണൂർ കുന്ന്, ആർത്താറ്റ്കുന്ന്, കാപ്പിരി കുന്ന് എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഈ മേഖലകളുടെ മദ്ധ്യത്തിൽ കൂടി ഗതാഗതത്തിന് റോഡുകൾ ഉള്ളതായിക്കാണാം. റോഡിന്റെ ഇരുവശങ്ങളിലും വീടുകളും ധാരാളമുണ്ട്. ഈ പ്രദേശത്ത് മുകൾപ്പരപ്പിൽ നേരിയ മൺപാളിയും അതിനടിയിൽ വെട്ടുക്കല്ലും ചിലയിടങ്ങളിൽ കരിമ്പാറയും കാണുന്നു. കട്ടികൂടുതലുള്ള മൺപാളികൾ കാണുന്നിടത്ത് തെങ്ങ്, ഫലവൃക്ഷങ്ങൾ, മുതലായവ കൃഷികളാണ് നിലവിലുള്ളത് . എന്നാൽ കട്ടികുറഞ്ഞ മൺപാളികൾ ഉള്ള സ്ഥലത്ത് കശുമാവ് കൃഷിയാണ് നിലവിലുള്ളത്. ഈ പ്രദേശങ്ങളുടെ അടിയിൽ നിന്ന് കല്ല് വെട്ടിയെടുത്തശേഷം, മണ്ണ് നിരപ്പാക്കി, പലതരം കൃഷികളും ചെയ്തുവരുന്നു. വെട്ടുകൾ വ്യവസായം കൃഷിയുടമക്ക് വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നു.

ലാറ്ററൈറ്റ് സമതല പ്രദേശത്തെ മണ്ണിൽ ജൈവാംശം കുറവായതിനാൽ ശാസ്ത്രീയകൃഷി മുറകൾ അനുവർത്തിച്ചാൽ മാത്രമെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. മഴവെള്ളം താഴ്ന്ന ഭാഗങ്ങളിലേക്ക് ഒലിച്ചുപോകുന്നതിനാലും ജലസംഭരണശേഷി കുറവായതിനാലും ഇത്തരം മണ്ണിൽ വരൾച്ച കൂടുതലാണ്. ജലസേചനം ആവശ്യമുള്ള കൃഷികൾ ഒന്നും തന്നെ നടപ്പീലാക്കാൻ കഴിയുന്നില്ല. വീട്ടുപറമ്പ് എന്ന സ്ഥാനമാണ് ഈ ഭൂമിക്ക് നിലവിലുള്ളത്. ആദായം കിട്ടുന്ന കൃഷി ഭൂമി എന്ന സ്ഥാനം ഇന്നില്ല. ഉറപ്പുള്ള മുകൾമണ്ണ് ആയതിനാലും കിളച്ചുട്ച്ച് കൃഷിയോഗ്യമാക്കാനുള്ള വർദ്ധിച്ച ചിലവും കണക്കാ


കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്
ആർത്താററ് ഗ്രാമപഞ്ചായത്ത്
(ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ)
പോർക്കുളം ഗ്രാമപഞ്ചായത്ത്
GUPS
കുന്നംകുളം നഗരസഭ
ILPS
ചാവക്കാട് താലൂക്ക്
JMLPS
CMLPS
StTLPS
ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്
സൂചിക
പഞ്ചായത്ത് അതിരുകൾ
വില്ലേജ് അതിരുകൾ
മുസ്ലീം പള്ളികൾ
ക്ഷേത്രങ്ങൾ
ക്രിസ്ത്യൻ പള്ളികൾ
വിദ്യാലയങ്ങൾ
കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത്
AMHS
SMUPS


ആർത്താററ് ഗ്രാമപഞ്ചായത്ത്
(കൃഷിവിഭവങ്ങൾ)
കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്
പോർക്കുളം ഗ്രാമപഞ്ചായത്ത്
കുന്നംകുളം നഗരസഭ
ചാവക്കാട് താലൂക്ക്
കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത്
സൂചിക
പഞ്ചായത്ത് അതിരുകൾ
വില്ലേജ് അതിരുകൾ
കോൾ കൃഷിസ്ഥലങ്ങൾ
ഇരുപ്പൂ നിലങ്ങൾ
കവുങ്ങ് കൃഷി
തെങ്ങ് കൃഷി
കശുമാവ്, മാവ്, പ്ലാവ്


ആർത്താററ് ഗ്രാമപഞ്ചായത്ത്
(ഭൂപ്രകൃതികൾ)
പോർക്കുളം ഗ്രാമപഞ്ചായത്ത്
ആകല കുന്ന്
കുന്നംകുളം നഗരസഭ
മരോട്ടികുന്ന്
അഞ്ഞൂർ കുന്ന്
ആർത്താറ്റ് കുന്ന്
ആനായ്ക്കൽ കുന്ന്
ചെമ്മണ്ണൂർ കുന്ന്
കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത്
സൂചിക
പഞ്ചായത്ത് അതിരുകൾ
വില്ലേജ് അതിരുകൾ
കുന്നുപ്രദേശങ്ങൾ
സമതലങ്ങൾ
കായൽപ്രദേശങ്ങൾ



ആർത്താററ് ഗ്രാമപഞ്ചായത്ത്
(വാർഡുകളും പ്രധാന റോഡുകളും)
കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്
പോർക്കുളം ഗ്രാമപഞ്ചായത്ത്
കുന്നംകുളം നഗരസഭ
VIII
IX
സാംസ്കാരിക നിലയം
VII
V
മൃഗാശുപത്രി
VI
പഞ്ചായത്ത് ഓഫീസ്
IV
III
ഹോമിയോ ഡിസ്പെൻസറി
II
III
I
കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത്
സൂചിക
പഞ്ചായത്ത് അതിരുകൾ
വില്ലേജ് അതിരുകൾ
PWD റോഡുകൾ
പഞ്ചായത്ത് റോഡുകൾ
വാർഡ് അതിരുകൾ
പഞ്ചായത്ത് ഓഫീസ്
സാംസ്കാരിക നിലയം
മൃഗാശുപത്രി, ഹോമിയോ ഡിസ്പെൻസറി.

ക്കുമ്പോൾ കശുമാവ്, മാവ് മറ്റു പലതരം ഫല വൃക്ഷങ്ങൾ മാത്രമുള്ള ഭൂമിയായി നിലനിൽക്കുകയാണ്.

## ചെരിവുകൾ : -

വിസൃതിയിൽ 61.5% വരുന്ന ചെരിവുകൾ ഉൾക്കൊള്ളുന്ന പ്രദേശം സാമാന്യം ഫലപുഷ്ടിയുള്ളതാണ്. ആഞ്ഞൂർകുന്ന്, ആക്കലക്കുന്ന്, ആർത്താറ്റ് കുന്ന്, ചെമ്മണൂർ കുന്ന്, കാപ്പിരികുന്ന് എന്നീ പ്രദേശങ്ങളുടെ ചെരിവുകളിലാണ് ഈ ഭൂസ്ഥിതി കാണുന്നത്. ചരൽകലർന്ന പശിമരാശി മണ്ണായതിനാൽ നാണ്യവിളകളായ കവുങ്ങും, തെങ്ങും കൃഷിചെയ്യുന്നതിന് ഈ പ്രദേശം വളരെ യോജിച്ചതാണ്. പലതത്തത്തിലുള്ള ഇടവിളകളും നാണ്യവിളകളായ തെങ്ങും കവുങ്ങിനോടൊപ്പം കൃഷിചെയ്യാൻ കഴിയുന്നു. ശാസ്ത്രീയ കൃഷിമുറകൾ അനുവർത്തിച്ചാൽ ഈ മണ്ണിൽ ഉൽപ്പാദനക്ഷമത ഇന്നുള്ളതിൽനിന്നും ഇരട്ടിയാക്കാൻ കഴിയുന്നതാണ്. ണമൺ പുതപ്പ് താരതമ്യേന കൂടുതലാണിവിടെ. വെള്ളത്തിൻെറ കിനിഞ്ഞിറങ്ങൽ കൂടുതലായതിനാൽ ജലക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന മേഖലയല്ലിത്. കാർഷിക മേഖലയിൽ കർകന് ഏറ്റവും കൂടുതൽ അറ്റാദായം നേടിക്കൊടുക്കുന്ന ഭൂപ്രദേശമാണിത്. ഈ മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഉണ്ട്.

## സമതലം: -

വിസൃതിയിൽ 25% വരുന്ന ഭൂവിഭാഗമാണിത്. ചെമ്മണൂർപ്പാടം, അത്തത്താറ്റ് പാടം, ചിറ്റഞ്ഞൂർപാടം, ആലത്തൂർ പാടം, പാർക്കാടിപ്പാടം, വട്ടംമ്പാടം, കൊടക്കുഴിപ്പാടം എന്നീ ഭൂപ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ നിലനിൽക്കുന്നുള്ളൂ. ബാക്കിയുള്ളതിൽ വട്ടമ്പാടം, ചെമ്മണൂർപാടം, പാർക്കാടിപ്പാടം, കൊടക്കുഴിപ്പാടം എന്നീ പ്രദേശങ്ങൾമുക്കാൽ ഭാഗവും തെങ്ങിൻ തോട്ടങ്ങളായി നികത്തിയെടുക്കുകയോ, തരിശിടുകയോ ചെയ്തിട്ടുള്ളതാണ്. നെൽകൃഷി നികത്തിയെടുത്ത് പുതുതായി വെച്ചിട്ടുള്ള വിവധ പ്രായത്തിലുള്ള തെങ്ങുകൾ കായ്ഫലമില്ലാതെ പരിപൂർണ്ണമായും ഭാഗീകമായും അവഗണിച്ച രീതിയിൽകാണാൻ കഴിയുന്നു. ഇതിനുള്ള പ്രധാന കാരണം മണ്ണ് ഫലപുഷ്ടിയില്ലാത്തതും വേണ്ടത്ര ജൈവവളവും മറ്റുവളങ്ങളും ജലസേചനമില്ലായ്മയുമാണ്. ഭൂവുടമകളാകട്ടെ ഒരു വിഭാഗം ഉൽപ്പാദനക്ഷമത ചൂഷണം ചെയ്യുന്ന കാര്യത്തിൽ അറിവ് കുറഞ്ഞവരാണ്. മറ്റൊരു വിഭാഗം ഗൾഫ് വരുമാനം കൊണ്ടു മാത്രം നല്ലനിലയിൽ ജീവിക്കുന്നവരാണ്.

## കോൾനില പ്രദേശം :-

പഞ്ചായത്തിൻെറ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണിത് . വർഷത്തിൽ വെള്ളം കെട്ടി നിൽക്കുകയും വേനൽ തുടങ്ങുന്ന സമയത്ത് വെള്ളം വറ്റിച്ച് ഒരുപൂ നെൽവിള കൃഷി ഇറക്കുകയും ചെയ്യുന്ന രീതിയാണ് ഇവിടെ അനുവർത്തിക്കുന്നത്. ഈ കൃഷി രീതിക്ക് നാടൻ ഭാഷയിൽ പുഞ്ചകൃഷി എന്നു പറയും. 100% ശാസ്ത്രീയമുറകളും അനുവർത്തിക്കുന്ന കൃഷിയാണ് പുഞ്ചകൃഷി. ശരാശരി 30 മേനി വിളവും ലഭ്യമാകുന്നു. ഇതൊക്കെയായിട്ടും 40 ഹെക്ടർ വിസൃതി വരുന്ന മുതുവമ്മൽ താഴം കോൾനിലം കഴിഞ്ഞ അഞ്ചു വർഷമായി തരിശിട്ടിരിക്കുകയാണ്. തരിശിടാനുള്ള പ്രധാന കാരണം ഭൂവുടമകളിൽ കൂടുതൽ കടുംബങ്ങളുടെ പ്രധാന വരുമാനം ഗൾഫ് മേഖലയാണ് എന്നുള്ളതാണ്.

# മനുഷ്യ വിഭവം

ഏതൊരു പ്രദേശത്തിന്റെയും ഏറ്റവും വലിയ സമ്പത്തും ശക്തിയും അന്നാട്ടിലെ മനുഷ്യശേഷി ആണല്ലോ. ഇവരുടെ കർമ്മശേഷി എത്രത്തോളം പ്രയോജനപ്പെടുത്തുന്നു എന്നതാണ് ആ നാടിന്റെ സമഗ്ര വികസനത്തിന്റെ മാനദണ്ഡം. ആർത്താറ്റ് ഗ്രാമപഞ്ചായത്തിനെ ഈ കാഴ്ചപ്പാടിൽ ഒന്നു വിലയിരുത്താൻ ശ്രമിക്കാം. ഇതിലേക്കാശ്യമായ വിവരങ്ങൾ കാണിക്കുന്ന കണക്കുകൾ പൂർണ്ണമല്ല എന്ന് പ്രസ്താവിച്ചുകൊണ്ടേ ഈ വിഷയത്തിലേക്ക് കടക്കുന്നുള്ളൂ. കിട്ടിയേടത്തോളം കണക്കുകൾ നിരത്തിക്കൊണ്ടാണ് വിലയിരുത്തുന്നത്. ആദ്യമായി ഈ പഞ്ചായത്തിലെ ജനസംഖ്യയെക്കുറിച്ചുള്ള വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

## ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്

1991 കാനേഷുമാരി - ആൺ-പെൺ തിരിച്ച് ജനസംഖ്യ

| ആൺ | | | | പെൺ | | | | മൊത്തം | | | |
|---|---|---|---|---|---|---|---|---|---|---|---|
| SC | ST | മറ്റുള്ളവർ | മൊത്തം | SC | ST | മറ്റുള്ളവർ | മൊത്തം | SC | ST | മറ്റുള്ളവർ | മൊത്തം |
| 914 | - | 7144 | 8058 | 960 | - | 8081 | 9041 | 1874 | - | 15225 | 17099 |

ജനസംഖ്യയിൽ സ്ത്രീകൾക്കാണ് മുൻതൂക്കം. ഇക്കാര്യത്തിൽ ഹരിജനങ്ങളെന്നോ മറ്റുള്ളവരെന്നോ വ്യത്യാസം കാണുന്നില്ല. സ്ത്രീകളുടെ ജനസംഖ്യയിൽ ഹരിജനങ്ങളിലേക്കാൾ മറ്റുള്ളവരുടെ ഇടയിലാണ് കൂടുതൽ കാണുന്നത്.

ചതുരശ്ര കിലോമീറ്ററിന് ജനസംഖ്യ 1390.163 ആണ്. ഹരിജനങ്ങൾ മൊത്തം ജനസസംഖ്യയുടെ 10.96 ശതമാനം വരുന്നു. ആറാം വാർഡിലാണ് ഇവരുടെ ജനസംഖ്യ ഏറ്റവും കുറവായി കാണുന്നത്.

പൊതുവെ ജനവാസം കൂടുതലുള്ള ഈ പഞ്ചായത്തിലേക്ക് പുറമെ നിന്നുള്ളവരുടെ കുടിയേറ്റം താരതമ്യേന കുറവാണ്. വീടുവെക്കുന്നതിനായി കുടിയേറുന്ന ഇടത്തരക്കാർ കുറവാണ്. മരട്ടിക്കുന്ന് എന്ന സ്ഥലത്ത് മിച്ചഭൂമി ലഭിച്ചവർ ഏറിയ കൂറും കൈമാറ്റം നടത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ വീട് വെച്ച് താമസിക്കുന്നവരിൽ ഏറിയകൂറും പുറമെ നിന്ന് കുടിയേറിയിട്ടുള്ളവരാണ്.

സാക്ഷരതാ നിരക്ക്: (അവലംബം 1991 കാനേഷുമാരി)

സാക്ഷര പുരുഷൻ - 6465 - സാക്ഷരതാ ശതമാനം 80.23%

സാക്ഷര സ്ത്രീ - 7027 - സാക്ഷരതാ ശതമാനം 77.72%

മൊത്തം - 13492

5വയസ്സിന് താഴെയുള്ള കുട്ടികൾ - 2010

നിരക്ഷരർ - 1496

സാക്ഷരതാ ശതമാനം = 91.6%

മറ്റ് വാർഡുകളെ അപേക്ഷിച്ച് നോക്കുമ്പോൾ ഒന്നാം വാർഡിൽ ഹരിജനങ്ങളുടെ സംഖ്യ 50% മാത്രമെ വരുന്നുള്ളൂ. 17 1/2% മാത്രമെ ആറാം വാർഡിൽ വരുന്നുള്ളൂ. മറ്റു വാർഡുകളിലെല്ലാം ഹരിജനങ്ങളുടെ സംഖ്യ ഏറെക്കുറെ തുല്യമായികാണുന്നു. മറ്റുള്ളവരുടെ ജനസംഖ്യയിൽ പ്രകടമായ ഈ വ്യത്യാസം കാണുന്നില്ല.

ജനസംഖ്യയിൽ കൂടുതൽ വരുന്നത് സ്ത്രീകളാണെങ്കിലും സാക്ഷരതയിൽ പുരുഷൻ മാർക്കാണ് മുൻതൂക്കം. കാണുന്നത്. പഞ്ചായത്തിന്റെ മൊത്തം സാക്ഷരതാ ശതമാനം കണക്കാക്കുന്നതിൽ അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികളെ ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ് | മൊത്തം ജനസംഖ്യ | | | പട്ടിക ജാതി | | |
|---|---|---|---|---|---|---|
| | മൊത്തം | ആൺ | പെൺ | മൊത്തം | ആൺ | പെൺ |
| I | 2177 | 999 | 1178 | 121 | 64 | 57 |
| II | 2021 | 975 | 1046 | 273 | 127 | 146 |
| III | 1885 | 908 | 977 | 252 | 118 | 134 |
| IV | 1906 | 897 | 1009 | 281 | 138 | 143 |
| V | 1755 | 855 | 900 | 217 | 101 | 116 |
| VI | 1374 | 626 | 748 | 42 | 16 | 26 |
| VII | 1695 | 768 | 927 | 236 | 113 | 123 |
| VIII | 2119 | 1015 | 1104 | 207 | 104 | 103 |
| IX | 2167 | 1015 | 1152 | 245 | 133 | 112 |

## പട്ടിക 3
## തൊഴിലെടുക്കുന്നവരുടെ എണ്ണം

| | തൊഴിൽ | സ്ത്രീ | പുരുഷൻ | മൊത്തം |
|---|---|---|---|---|
| 1. | മുഖ്യതൊഴിലുകൾ | 1510 | 3706 | 5216 |
| 2. | ഭാഗിക തൊഴിലുകൾ | 65 | 61 | 126 |
| 3. | മൊത്തം | 1571 | 3771 | 5342 |
| 4. | തൊഴിൽ പങ്കാളിത്ത നിരക്ക് | 17.38% | 46.80% | 31.24% |

പ്രതിഫലം ലഭിക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിലും പഞ്ചായത്തിൽ മുൻപന്തിയിൽ പുരുഷന്മാരാണ്.

P6

| | തൊഴിൽ | ആൺ | പെൺ | മൊത്തം |
|---|---|---|---|---|
| 1. | നിർമ്മാണ തൊഴിലാളികൾ | 175 | 15 | 190 |
| 2. | കച്ചവടം/വ്യവസായം | 735 | 38 | 773 |
| 3. | സാങ്കേതിക വിദഗ്ദർ | 390 | 18 | 408 |
| 4. | കൃഷി മുതലായവ | 474 | 368 | 842 |
| 5. | തൊഴിൽ രഹിതർ | 4287 | 7470 | 11757 |

ഭാഗികമായെങ്കിലും തൊഴിലിൽ നിന്ന് വരുമാനമുള്ളവരുടെ എണ്ണം പഞ്ചായത്തിൽ മൊത്തം 5342 മാത്രമാണ്. ഇത് ജനസംഖ്യയുടെ 31.24% മാത്രമാണ്. അതായത് ജനസംഖ്യയുടെ 68.76% ശതമാനവും തൊഴിൽ രഹിതമാണ് എന്ന് കാണുന്നു. കൃഷിയാണ് പരമ്പരാഗതമായി ഏറ്റവും വലിയ തൊഴിൽ മേഖല. പക്ഷേ ഈ തൊഴിലിലേക്ക് വരുന്ന പുതിയ ചെറുപ്പക്കാരുടെ എണ്ണം വളരെ കുറഞ്ഞുവരുന്നു. കൃഷി അനുബന്ധതൊഴിലുകളിലേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർ കടന്നുകയറിത്തുടങ്ങിയിരിക്കുന്നു. സാങ്കേതിക വൈദഗ്ദ്യം ഒന്നുമില്ലാത്തവരിലും കൃഷിത്തൊഴിലിനോട് വൈമുഖ്യമാണ്. ഈ അലസമനോഭാവം വളരെ ഏറെ പേരെ തൊഴിൽ രഹിതരാക്കുന്നുണ്ട്.

കൃഷിത്തൊഴിലാളിക്ക് കിട്ടുന്നതിനേക്കാൾ എത്രയോ കുറഞ്ഞ വേതനത്തിന് നഗരത്തിലെ കടകളിലും, സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിലും, മറ്റും ജോലിചെയ്യുന്നതിന് ചെറുപ്പക്കാർ സന്നദ്ധരാവുന്നു. ഈ സ്ഥാപനങ്ങളിൽ 500 മുതൽ 1500രൂപ വരെ മാസവരുമാനം കിട്ടുമ്പോൾ കൃഷിത്തൊഴിലിൽ പുരുഷന് ദിവസം 110 രൂപ കൂലി ലഭിക്കുന്നുണ്ട്. നല്ലവസ്ത്രം ധരിച്ച് പൊങ്ങച്ചവും കാലിപ്പോക്കറ്റുമായി നടക്കുന്ന സംസ്ക്കാരം ഉരുത്തിരിഞ്ഞ് വന്നിരിക്കുന്നു. തൊഴിലിന്റെ മാഹാത്മ്യവും അദ്ധ്വാനത്തിന്റെ സംതൃപ്തിയും പുതിയ തലമുറക്ക് നഷ്ടമാകുന്നതാണ് ഏറ്റവും വലിയ വിപത്ത്.



# കൃഷിയും ജലസേചനവും

*കാർഷിക ചരിത്രം-* ഈനൂറ്റാണ്ടിൻെറ ആരംഭത്തിൽ കേരളത്തിൻെറ ഇതരപ്രദേശങ്ങളിൽ എന്നപോലെ ആർത്താറ്റ് പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന സ്ഥലങ്ങളിലും ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വങ്ങൾക്കും,കോവിലകങ്ങൾക്കും, ബ്രാഹ്മണ കുടുംബങ്ങൾക്കും,നായർസമുദായത്തിലെ സ്ഥാനികൾക്കുമായിരുന്നു. കൂടാതെ സവർണ്ണ ഹിന്ദുക്കളിൽനിന്ന് പരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യൻ കുടുംബങ്ങൾക്കും ജന്മഭൂമി യുണ്ടായിരുന്നതായി രേഖകൾ ഉണ്ട്. ജന്മികുടിയാൻ ബന്ധങ്ങളാണ് നിലന്നിരുന്നത്. കാണാകുടിയാൻ പാട്ടയടിയാൻ എന്നിങ്ങനെയുള്ള തരം തിരുവുകൾ ഉണ്ടായിരുന്നു. ജന്മിയിൽ നിന്നും കാണാകുടിയാൻ കൃഷി നടത്തുന്നതിനായി ഏറ്റെടുത്ത ഭൂമി പാട്ടക്കുടിയാൻ പണിയെടുക്കുന്നതിനായി കൈമാറ്റം നടത്തിയിരുന്നു. ഇത് ജന്മിയുടെ അറിവോടെ തന്നെയാണ് നടത്തിയിരുന്നത്. പലപ്പോഴും നെൽകൃഷിക്ക് യോജിച്ച ഭൂമികൾ ആയിരുന്നില്ല. കുടിയാൻമാർ ജന്മികളിൽ നിന്ന് ഏറ്റെടുത്തിരുന്നത്. കാടുവെട്ടി തെളിയിച്ച് കിളച്ചുമറിച്ച് നെൽകൃഷിക്കും തോട്ടവിളകൾക്കും ആയിതരംതിരിച്ചിരുന്നു. കവുങ്ങ് കൃഷിക്ക് ഈ പ്രദേശത്ത് വളരെ കാലപഴക്കം ഉണ്ട്. എന്നാണ് നാട്ടുറിവുകളിൽ നിന്ന് മനസ്സിലാവുന്നത്. കൃഷികളിൽ പ്രധാനം നെൽകൃഷിതന്നെയായിരുന്നു. അന്ന് നെല്ലിന് ഇന്നത്തെ പണത്തിൻെറ മൂല്യ മായിരുന്നു കൽപ്പിച്ചിരുന്നത്. ഓരോ ജന്മി കളുടേയും പ്രമാണിത്തവും സമൂഹത്തിലെ സ്ഥാനവും നിർണ്ണയിച്ചിരുന്നത് തങ്ങൾക്ക് കുടിയാൻമാരിൽ നിന്നും അളന്നുകിട്ടാൻ ഉണ്ടായിരുന്ന നെല്ലിൻെറ അളവു നോക്കിയായിരുന്നു. തെങ്ങ് കവുങ്ങ് എന്നിവയുടെ കൃഷിക്കും ഈ പഞ്ചായത്തു പ്രദേശത്ത് വളരെ കാലപഴക്കം ഉണ്ട്. ജനസംഖ്യ കുറവും ആവശ്യങ്ങൾ പരിമിതവുമായതിനാൽ വാഴ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കാര്യത്തിൽ ഗ്രാമപ്രദേശം സ്വയംപര്യാപ്തമായിരുന്നു.

കൃഷി ഒരു ജീവിതരീതിതന്നെയായിരുന്നു ഓരോ കുടുംബത്തിൻെറയും നിത്യജിവിതത്തിൻെറ താള ക്രമം വിളകൾക്കും കാലാവസ്ഥക്കും അനുസൃത മായിരുന്നു. കാലിവളവും പച്ചിലവളവും ചാരവും മാത്രമാണ് വളങ്ങളായി ഉപയോഗിച്ചിരുന്നത്. കൃഷി ക്കായി ഉപയോഗിക്കാതെ നീക്കിവെച്ചിരുന്ന കുന്നുകളിൽ നിന്ന് സുലഭമായി ലഭിച്ചിരുന്ന പച്ചില വളവും കൃഷി യാവശ്യത്തിനും, പാലിനും വേണ്ടി വളർത്തിയിരുന്ന കന്നുകാലികളുടെ വളവും ചാരവും ഓരോരുത്തർക്കും ആവശ്യത്തിന് ലഭ്യമായിരുന്നു. കൊയ്തു കഴിഞ്ഞ പാടങ്ങളിൽ വേനലിൽ പച്ചക്കറി കൃഷി എല്ലാപ്രദേശങ്ങളിലും നടപ്പുണ്ടായിരുന്നു. ജലസേചനത്തിന് ഉപയോ-ഗിച്ചിരുന്ന ചില ഉപകരണങ്ങളായിരുന്നു കയറ്റു കൊട്ട, വേത്തി, തുലാക്കൊട്ട, ചക്രം എന്നിവ യായിരുന്നു . അതിനുശേഷമാണ് കന്നുകാലികളെ ഉപയോഗിച്ചുള്ള കാളത്തേക്ക് നിലവിൽ വന്നത്. കാട്ടു തേക്ക് കവുങ്ങിൻ തോട്ടങ്ങളിലാണ് വ്യാപക മായി രുന്നത്. അത് കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ ആകുന്നതിൻെറ ആദ്യലകഷണമായി കണക്കാവുന്ന താണ്. തെങ്ങു കൃഷി പ്രധാനമായും മണൽ പ്രദേശങ്ങളിൽ ആയിരുന്ന തിനാൽ ജലസേചന രീതികൾ ഉണ്ടായിരുന്നില്ല. പന, തെങ്ങ് എന്നിവയുടെ മധുരക്കള്ളിൽ നിന്ന് ഉൽപാദിപ്പിച്ചിരുന്ന ചക്കരയാണ് സാധാരണക്കാർ മധുരാവശ്യത്തിന് ഉപയോഗി-ച്ചിരുന്നത്. ചക്കരക്കായുള്ള കള്ളു ചെത്ത് ഒരു കുടിൽ വ്യവസായമായിരുന്നു.

*അനുബന്ധം -1*

ആർത്താറ്റ് ഗ്രാമപഞ്ചായത്ത്

3.1 ഭൂമിസംബന്ധിച്ച വിവരങ്ങൾ

REF :- അടിസ്ഥാന വിവര രജിസ്റ്റർ.

| ഇനം | വിസ്തീർണ്ണം. (ഹെക്ടർ) |
|---|---|
| നിലം | 452.963 |
| പുരയിടം | 723.77 |
| പുറമ്പോക്ക് | 56.978 |
| കൃഷിയോഗ്യതരിശ് | 102.00 |
| കൃഷിയോഗ്യ മല്ലാത്ത തരിശ് | ഇല്ല. |
| ആകെ | 1335.711 |

തെങ്ങ്, കവുങ്ങ് എന്നിവ തോട്ടവിളകളായും കുരുമുളക് വാഴ എന്നിവഅതിൻെറ ഇടവിളകളായും നെല്ല് അടിസ്ഥാന ധാന്യ വിളയായും കൃഷിച്ചെയ്യുന്നു.

പാടത്ത് രണ്ടാം നെൽവിളക്ക് ശേഷം എള്ള്, ചാമ, മുതിര, ചെറുപയർ, ഉഴുന്ന് എന്നിവയും കൃഷി ചെയ്തിരുന്നു. മാവ്, പ്ലാവ് എന്നിവ തോട്ടവിളയായി കൃഷി ചെയ്യുന്നില്ല. പച്ചക്കറി, മറ്റു പഴവർഗ്ഗങ്ങൾ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നില്ല.

## വിളചേരുവകൾ

പട്ടിക 3.2

| SL No: | വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|---|
| 1. | തെങ്ങ് | 620 ഹെക്ടർ | 50,05,080 | 8072 എണ്ണം |
| 2. | കവുങ്ങ് | 180 "" | 31,5,00,00 | 1,75,000 "" |
| 3. | നെല്ല് (1ാം വിള) | 210 "" | 504 ടൺ | 24 ടൺ |
| 4. | നെല്ല് (2ാം വിള) | 237 | 633 | 2.8 |
| 5. | നെല്ല് (3ാം വിള) | 110 | 660 | 6 |
| 6. | കുരുമുളക് (ഇടവിള) | 50 | 37 | 340 |
| 7. | വാഴ (ഇടവിള) | | | |
| 8. | കശുമാവ് (ഇടവിള) | 10 | 11.4 | 1140 |
| 9. | മാവ് | | | |
| 10. | പ്ലാവ് | | | |
| 11. | പച്ചക്കറി (ഇടവിള) | | | |
| 12. | മറ്റു പഴവർഗ്ഗകൃഷി (ഇടവിള) | | | |

13.കപ്പ (ഇടവിള)

**ജലസേചന സൗകര്യങ്ങൾ**

**പഞ്ചായത്തിൽ താഴെ പറയുന്ന ജല സ്രോതസ്സുകൾ ഉണ്ട്.**

1. തോട് - 40 ഏക്ര, 58 സെൻറ്
2. പൊതുകുളം 6.40 ഏക്ര
3. കോൾ പാടങ്ങളിൽ 6 മാസം കെട്ടിക്കിടക്കുന്ന ശുദ്ധജലം. ഈ ജല സ്രോതസ്സുകളെല്ലാം പൊതു സ്വത്തുക്കളാണ്. തോടുകളിൽ മുഖ്യമായവ താഴെ വിവരിക്കുന്ന 3 എണ്ണമാണ്.

1. ചെമ്മണൂർ തോട് പഞ്ചായത്തിലെ 1,2,3 വാർഡുകളിൽ കൂടി ഒഴുകി അവസാനമായി ഏനാമാവ് കെട്ടിൽ എത്തിചേരുന്നു
2. 3,4,5,6, വാർഡുകളിൽ നിന്നും തുടങ്ങുന്ന കരിമ്പനതോട് 6,7,8 വാർഡുകളിൽ ഉൾപ്പെടുന്ന പെരുന്തോട്ടിൽ ചേർന്ന് മാഞ്ചിറ വഴി പൊന്നാന്നി ബീയം കെട്ടിൽ എത്തിച്ചേരുന്നു.
3. ചെറവകഴ തോട് - ആലത്തൂർ പാടത്തുനിന്നു പുറപ്പെട്ട് 9ാം വാർഡിലൂടെ ഒഴുകി വെട്ടികടവ് തോടിൽ ചേരുന്നു. അത് പടിഞ്ഞാട്ട് ഒഴുകി ചെറുവള്ളി പുഴയായി മാറുന്നു. അതും അവസാനം ബീയം കെട്ടിൽ തന്നെ യാണ് എത്തുന്നത്

ഇതിന് പുറമെ നിരവധി ചെറിയ തോടുകളും ഉണ്ട്. ഈ ചെറുതോടുകളെല്ലാം മേൽപറഞ്ഞ പ്രധാന തോടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. നെൽ കൃഷി പലയിടത്തും ലാഭകരമല്ല എന്നതുകൊണ്ട് വയലുകൾ നികത്തിയിരിക്കുന്നു. തൽഫലമായി പല ചെറിയ തോടുകളും തുടർച്ചനഷ്ടപ്പെട്ട് നീർവാർച്ച തടസ്സപ്പെട്ടിരി ക്കുന്നു. അതിനു പുറമെ പൊതുതോടുകൾ പലതും സ്വകാര്യ വ്യക്തികൾ കൈയേറി ഘടനതന്നെ നഷ്ടപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം പൊതു കുളങ്ങളുടെ വിസ്തീർണ്ണം 6 ഏക്ര 40 സെൻറോളം വരും.ഇതിന്നു പുറമെ സ്വകാര്യ വ്യകതികളുടെ ധാരാളം കുളങ്ങളും ഉണ്ട് . പഞ്ചായത്ത് കുളങ്ങളിൽ ഏറ്റവും വലിയത് ചാട്ടുകുള മാണ്. ഇതിന്ന് 4.08 ഏക്ര വിസ്തീർണ്ണ മുണ്ട്. ഈ കുളം പ്രായോഗികമായി വളരെ ഏറെ പ്രാധാന്യം അർഹിക്കുന്നുണ്ട്. പക്ഷെ ആസൂത്രിതമായി ഉപയോഗപെടുത്തിയിട്ടില്ല. പൂർണ്ണമായി കൃഷിക്ക് ഉപയോഗപ്പെടുത്തിയിട്ടുള്ള കുളങ്ങളുടെ എണ്ണം മൊത്തം 9 ആണ്. എന്നാൽ ചാട്ടുകുളം ഇതിൽ ഉൾപ്പെടുന്നില്ല.

സ്വകാര്യകുളങ്ങളും കിണറുകളും പറമ്പ് കൃഷിക്ക് വ്യാപകമായി ഉപയോഗ പ്പെടുത്തു ന്നുണ്ട്. പറമ്പുകൾ നെൽവയലുകളെ പ്പോലെ തരിശിടുന്നത് താരതമ്യേന കുറവാണ്. സാമ്പത്തീകമായി നഷ്ടമല്ലാത്തത് തന്നെയാവാം കാരണം. കവുങ്ങ് കൃഷി ഈ ഭാഗത്ത് വ്യാപകമായി ഉണ്ടെങ്കിലും തെങ്ങു കൃഷിയേക്കാൾ കുറവാണ്. ജലസേചന മില്ലാതെ കവുങ്ങുകൃഷി അസാധ്യ മായതിനാൽ കിണറുകളും, കുളങ്ങളും സ്വകാര്യ വ്യകതികൾ ഇതിനാണ് കൂടുതൽ ഉപയോഗ പ്പെടുത്തുന്നത്. തെങ്ങിൻ തോട്ടങ്ങളിൽ വളരെ കുറഞ്ഞ തോതിൽ മാത്രമേ ജലസേചനം നടത്തുന്നുള്ളൂ മണൽ കൂടുതലുള്ള പ്രദേശങ്ങളിലെ മുഖ്യ വിളയുടെ സ്ഥാനമാണ് തെങ്ങിനുള്ളത്. മണൽ മണ്ണായതിനാൽ ചാലുകളിൽകൂടി ജലസേചനം നടത്തിയാൽ വെള്ളം പെട്ടെന്ന് മണ്ണിൽ താഴ്ന്ന് പോകുന്നത് ജലസേചനത്തിന് വിഘാതമാകുന്നു. ചാലുകൾ വഴി നനയാവുന്ന സമ്പ്രദായമാണ് ഇന്ന് കൂടുതൽ നിലവിൽ ഉള്ളത്. തെങ്ങു കൃഷി പരമ്പരാഗതമായി ജലസേചനം കൂടാതെയാണ് ഈ പ്രദേശങ്ങളിൽ നടത്തിവന്നിരുന്നത്. ആശീലത്തിൽ നിന്ന് മാറ്റത്തിനുള്ള വിമുഖതയും ഇതിന്ന് കാരണം മാണ്. വൈദ്യുതി എത്തിയട്ടില്ലാത്തതുകൊണ്ട് പലർക്കു പമ്പ്സെറ്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

ആർത്താറ്റ് ഗ്രാമപഞ്ചായത്തിലെ
പമ്പ്സെറ്റുകളുടെ എണ്ണം
(അവലംബം : കൃഷിഭവൻ കണക്ക്)

| കൊല്ലം | ഇലക്ട്രിക്ക് മോട്ടാർ | ഓയിൽ എഞ്ചിൻ |
|---|---|---|
| 1987-93 | 810 | 285 |
| 1994-95 | 29 | - |
| 1995-96 | 20 | - |
| മൊത്തം | 859 | 285 |

പൂർണ്ണമായും ഇല്ലാതാക്കിയതും സ്വാർത്ഥ ലാഭങ്ങൾക്കായി ദുരുപയോഗപെടുത്തിയതു അശ്രദ്ധമൂലം ഉപയോഗമല്ലാത്തതുമായി നിരവധി തോടുകൾ, കുളങ്ങൾ എന്നിവ നിലവിൽ ഉണ്ട്. വാർഡ് അടിസ്ഥാന ത്തിൽ തന്നെ ഇത്തരം പ്രശനങ്ങളെ കുറിച്ച് വേർത്തിരിച്ച് പിന്നീട് പരിശോധിക്കാം. ലഭ്യമായ ആയകട്ട് രജിസ്റ്റർ അനുസരിച്ച് നടപ്പിലാക്കിയിട്ടുള്ള ചില പദ്ധതികളുടെ കണക്കുകൾ താഴെ കൊടുക്കുന്നും

4. ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | ജലസേചന കിണർ | കുഴൽകിണർ | കുളം | ക്രോസ് ബാർ | ആയകെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | | 3 | 4 | 5 6 |
| I | 315 | 15 | 5 | 2 | 32 |
| II | 320 | 20 | 3 | 1 | 30 |
| III | 240 | 40 | 4 | 1 | 32 |
| IV | 240 | 20 | 4 | | 29 |
| V | 248 | 8 | 5 | | 31 |
| VI | 270 | 6 | 8 | | 23 |
| VII | 318 | 1 | 10 | | 27 |
| VIII | 285 | | 10 | | 29 |
| IX | 284 | | 5 | | 22 |
| ആകെ | 2520 | 110 | 54 | | 255 |

ഇവയിൽ ജനത്തിന് ഉപകരിച്ചവ എത്രയുണ്ട് എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ക്രോസ് ബാറുകൾ എല്ലാം തന്നെ പ്രവർത്തന രഹിതമാണ്. ചീപ്പുകൾ കേടുവന്നതും പലകകൾ തന്നെ ഇല്ലാത്തതു മാണ്. എല്ലാ ക്രോസ് ബാറുകൾക്കും നിർമ്മാണത്തിൽ തന്നെ വൈകല്യങ്ങൾ ഉണ്ട്. ജനങ്ങൾക്ക് പ്രയോജനപെടണമെങ്കിൽ ഇവയിൽ പലതും ഇനിയുംവലുതാക്കേണ്ട തുണ്ട്. പുറമെ നാശോന്മുഖമായ തോടുകൾക്ക് കുറുകെ ഇങ്ങനെ ഓരോ കെട്ട് എന്തിനാണ് എന്ന് തോന്നി പോകും. തോടുകൾ പലതും സംരക്ഷണം ഇല്ലാതെ പല സ്ഥലത്തും നശിച്ചു കഴിഞ്ഞിരിക്കുന്നു.

൭ാം വാർഡിൽ ഉൾപ്പെട്ടിരിക്കുന്ന കോൾ നിലങ്ങളാണ് ഏറ്റവും വലിയ ജലസ്രോതസ്സ്. കൊല്ലത്തിൽ ആറു മാസത്തിൽ കൂടുതൽ വെള്ളം കെട്ടിക്കിടക്കുന്ന ഈ വയലുകളിലെ വെള്ളത്തിൻെറ മാനേജ്മെൻറ് വേണ്ടരീതിയിൽ ശ്രദ്ധിച്ച് ഉപയോഗ പെടുത്താൻ സാധിച്ചാൽ പഞ്ചായത്തിൻെറ പകുതിയിലേറെ പ്രദേശങ്ങളിലേക്ക് പ്രയോജനപ്പെടുത്താം. അറബികടലിലേക്ക് ഒഴുകിപ്പോകുന്ന ഈ വലിയ ജലസമ്പത്തിൻെറ നേരിയ ഭാഗം മാത്രമേ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുള്ളു. ബണ്ടുകെട്ടി പഞ്ചായത്തിന് പുറത്തുള്ള തിരുത്തിക്കാട് റിസർവൊയറിലേക്ക് കയറ്റിനിർത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഈ പഞ്ചായത്തിലെ പുഞ്ചകൃഷിക്ക് മാത്രമേ ഇപ്പോൾ ഉപയുക്ത മാകുന്നുള്ളു. ഒരു നിലയിൽ ചിന്തിച്ചാൽ പാഴായിപ്പോകുന്ന പുഞ്ചകോളിലെ ശുദ്ധ ജലമാണ് ഏറ്റവും വലിയ സ്രോതസ്സ്

## ഉൽപന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പ് ഒന്ന് പ്രത്യേകം തന്നെയാണ്. കേരളത്തിൻെറ കിടപ്പുപോലെ തന്നെ തെക്ക് വടക്ക് സുദീർഘവും കിഴക്ക് പടിഞ്ഞാറ് വളരെ ഹ്യസ്വവുമാണ്. ഈ പഞ്ചായത്തിലെ കാർഷിക വിളകൾ ഇവിടെ നിന്നും പുറത്ത് കൊണ്ട് പോയി കുന്നംകുളം ടൗൺ കാട്ടകാമ്പാൽ പഞ്ചായത്തിലെ പ്രസിദ്ധമായ പഴഞ്ഞി അടക്കാ മാർക്കറ്റ് എന്നിവിടങ്ങളിലാണ് വിപണനം ചെയ്യുന്നത്.

നെല്ലുല്പാദകർ വില്പനക്കായി ആശ്രയിക്കുന്നത് മറ്റു ജില്ലകളിൽ നിന്ന് വരുന്ന വൻകിടസ്വകാര്യ മില്ലുടമകളുടെ ഏജൻറുമാരെയാണ് . നെല്ലിൻെറ വിൽപന പ്രധാനമായും നടക്കുന്നത് പുഞ്ച കൊയ്യുന്നതോടുകൂടിയാണ് ഈ സമയം നോക്കി യാണ് പുറത്തുനിന്നുള്ള സ്വകാര്യമില്ലുകാരുടെ ഏജൻറുമാർ നാട്ടിൽ ഇറങ്ങുന്നത്. ഉണക്കി പതിര് തിരിക്കുന്നതിനു മുൻപ്തന്നെ ഇവർ കച്ചവടം ഉറപ്പിക്കുന്നു. പണം റൊക്കമായി ലഭിക്കുന്നത് അപൂർവ്വമാണ്. ഒരു മാസം വരെയുള്ള അവധി കച്ചവടങ്ങളാണ് അധികമായി നടക്കുന്നത്. ഗവൺമെൻറ് ഉടമയിലുള്ള തൃശ്ശൂരിലെ മില്ലിൽ എത്തിച്ചാൽ വാഹനങ്ങൾ ചിലയവസരങ്ങളിൽ ഒന്നിലേറെദിവസം ക്യൂവായി

കാത്തുക്കെട്ടി കിടക്കേണ്ടിവരും. നെല്ലുമായി വരുന്ന വിവരം മുൻകൂട്ടിയറിയിച്ചാൽ പോലും ഈ സ്ഥിതി യുണ്ടാകാറുണ്ട്. കയറ്റിറക്ക തൊഴിലാളി കളുടേയും ഉദ്യോഗസ്ഥരുടേയും മനോഭാവമാണ് പലപ്പോഴും ഇതിന് കാരണം

വിരിപ്പ് മുണ്ടകൻ വിളകളുടെ നെല്ല്, പുഞ്ച നെല്ല് പോലെ വ്യാപകമായി വിൽക്കപ്പെടുന്നില്ല. ഈ വിളകളുടെ കുറഞ്ഞ ഉൽപാദന ക്ഷമതയും വളരെയധികം ഭൂമികൾ തരിശിടുന്നതും മൂലം വിൽക്കപ്പെടാനുള്ള നെല്ല് ഉൽപാദിപ്പിക്കപ്പെടുന്നില്ല. നെൽ വയലുകൾ സ്വന്തമായുള്ള പലവീടുകളിലും വയലുകൾ തരിശിട്ട് അരിവാങ്ങിച്ച് ഉപയോഗിക്കുന്ന രീതി വ്യാപകമാണ്. പുഞ്ച നെല്ലിന് ലിറ്റർ പറ ഒന്നിന് 36 രൂപയാണ് 1995 ൽ സ്വകാര്യ കച്ചവടക്കാർ നൽകിയിരുന്നത്. നെല്ല് ,തേങ്ങ, പച്ചക്കറി, അടക്ക ഇന്നിവക്കൊന്നിനും മാർക്കറ്റിങ്ങ് സൊസൈറ്റികൾ ഈ പഞ്ചായത്തിൽ നിലവിലില്ല. കൊപ്ര സംഭരിച്ച് വെളിച്ചെണ്ണയാക്കുന്ന വലിയമില്ലുകൾ ഈ പഞ്ചായത്തുപ്രദേശത്തില്ല. കൃഷിക്കാരുടെ വീട്ടാവശ്യത്തിനുള്ള വെളിച്ചണ്ണക്ക് കൊപ്രക്കൂലിക്ക് ആട്ടിക്കൊടുക്കുന്ന ചെറിയ മില്ലുകൾ പഞ്ചായത്തിൽ 3 എണ്ണം ഉണ്ട്. നാട്ടിൽ തന്നെയുള്ള നിരവധി ചെറുകിട നാമമാത്ര തേങ്ങക്കച്ചവടക്കാരാണ് നാളികേരം കൂടുതലായി വാങ്ങുന്നത്. ഈ കച്ചവടക്കാർ തന്നെ പഞ്ചായത്തിനു പുറത്തുള്ള മില്ലുടമകൾക്ക് കൊപ്ര എത്തിച്ചുകൊടുക്കുന്ന ഏജൻറുമാർ മാത്രമാണ്. കൊപ്ര എന്നതിൽ കവിഞ്ഞ ഉൽപന്നങ്ങൾ ഒന്നും ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇവരുടെ പക്കലില്ല. ബാക്കി വരുന്ന ചിരട്ടപോലും ഇന്ന് ആവശ്യാർത്ഥം പലപ്പോഴും പഞ്ചായത്തിൽ നിന്ന് പുറത്തേക്കാണ് പോകുന്നത്. ചിരട്ടയുടെ പ്രധാന ഉപഭോക്താക്കൾ ബേക്കറി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നവരാണ്. ബേക്കറി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന 6-ഓളം യൂണിറ്റുകൾ പഞ്ചായത്തിലുണ്ട് . തൊണ്ട് പ്രധാനമായും ഇന്ധനമായാണ് ഉപയോഗിക്കുന്നത് പത്ത് അംഗങ്ങളുള്ള ഓലമെടയുന്നവരുടെ ഒരു യൂണിറ്റ് (D N C R A) ഉണ്ട്. പഞ്ചായത്തിന് പുറമേയാണ് ഇവരുടെ ഉൽപന്നം പ്രധാനമായും വിറ്റഴിക്കുന്നത്. വളരെ എളിയതോതിലാണെങ്കിലും ഈ സംരംഭം ഒരു വരുമാനമാർഗ്ഗമാണ്.

ഈ പഞ്ചായത്തിലെ നാണ്യവിളകളിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നത് കവുങ്ങാണ്. പരമ്പരാഗതമായി ഇതിൻെറ കൃഷിരീതി ഇവിടെ നിലവിലുണ്ട്. എന്നിട്ടും ഈ പഞ്ചായത്തിനകത്ത് അടക്കാവിപണന കേന്ദ്രങ്ങളോ സംസ്കരണ കേന്ദ്രങ്ങളോ ഇല്ല. അതിനുകാരണം കുന്നംകുളത്തും, പഴഞ്ഞിയിലും, കേച്ചേരിയിലും അടക്കാ വിപണി കേന്ദ്രീകരിച്ചിരിക്കുന്നതു കൊണ്ടാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിരവധി ഇടത്തരം നാമമാത്ര കവുങ്ങു കൃഷിക്കാർക്കും സമയാസമയങ്ങളിൽ കൃഷിക്കു വേണ്ട മൂലധനം കണ്ടെത്താൻ വിഷമമാണ്. ഇങ്ങനെയുള്ള വരുടെ തോട്ടങ്ങളിൽ, അടക്ക പൂർണ്ണമായി മൂപ്പെത്തുന്നതിനു വളരെ മുൻപ് തന്നെ കരാർ അടിസ്ഥാനത്തിൽ ചെറുകിടക്കച്ചവടക്കാർ തോട്ടം അടിസ്ഥാനത്തിൽ വിലയുറപ്പിച്ച് കുറെ പണം മുൻകൂറായി നൽക്കുന്നു. ഈ രീതിക്കൊണ്ട് പല ചെറുകിടക്കാർക്കും കാലാകാലങ്ങളിലെ മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ന്ന വിലക്ക് തങ്ങളുടെ ഉൽപ്പന്നം വിൽക്കേണ്ടിവരുന്നു. ഇത്തരം കൊള്ളാകെടുക്കുകളിൽ യഥാർത്ഥ ഉൽപാദകന് ശരിയായ മാർക്കറ്റ് വിലയുടെ 50 % മുതൽ 60 % വരെ മാത്രമേ ലഭിക്കുന്നുള്ളു. സാമ്പത്തിക വിഷമം മൂലം അടക്കാ കർഷകർ അറിഞ്ഞു കൊണ്ടുതന്നെ ചൂഷണത്തിന് വിധേയരാകുന്നു. നാളികേര കച്ചവടത്തിലും ഈ രീതി കുറഞ്ഞ തോതിൽ നിലനിൽക്കുന്നുണ്ട്.

കുരുമുളക്, ഇഞ്ചി, പച്ചക്കറികൾ എന്നിവക്കുള്ള വില്പന കേന്ദ്രങ്ങൾ ഈ പഞ്ചായത്തു പ്രദേശത്ത് നിലവിലില്ല. കുരുമുളകും, ഇഞ്ചിയും സംഭരിക്കുന്ന ചെറുകിടക്കച്ചവടക്കാർ ഇന്നാട്ടിൽ ഉണ്ട് ഇവർ ഇടത്തട്ടുകാരാണ്. ഉൽപന്നങ്ങൾ തോട്ടങ്ങളിൽ നിന്ന് സംഭരിച്ച് അടുത്തുള്ള കുന്നംകുളം നഗരത്തിലെ കച്ചവടക്കാർക്ക് കൈമാറി വിൽക്കുക എന്ന രീതിയാണ് ഇവർക്കുള്ളത്. കുരുമുളക്, ഇഞ്ചി, എന്നിവ കവുങ്ങ്, തെങ്ങ് തോപ്പുകളിൽ ഇടവിള എന്ന നിലയിലാണ് കൂടുതലായി കൃഷിചെയ്യപ്പെടുന്നത്. ഇവയുടെ തനതായ തോട്ടങ്ങൾ ഇല്ല എന്നു തന്നെയാണ്.

ഓണത്തോടനുബന്ധിച്ച് നേന്ത്രക്കായുടെ ഏറ്റവും വലിയ ഉപഭോക്താക്കൾ ഒരു പക്ഷേ തൃശ്ശൂർ, കുന്നംകുളം മേഖലയായിരിക്കും. പരമ്പരാഗതമായി തന്നെ ജാതി മത വ്യത്യാസമില്ലാതെ ഓണം ആഘോഷിക്കുന്നവരാണ് കുന്നംകുളത്തും പ്രാന്ത

പ്രദേശത്തു മുള്ളവർ. ഇവരുടെ ഓണാഘോഷത്തിൻെറ അവിഭാജ്യ ഘടകമാണ് നേന്ത്രപ്പഴവും കായവറുത്തതും. നേന്ത്രക്കായ കൃഷിയെക്കുറിച്ച് തികഞ്ഞ വിജ്ഞാനമുള്ള കർഷകർ ഈ പ്രദേശത്തുണ്ട്. കാഴ്ചയിലും രുചിയിലും. തികഞ്ഞ നേന്ത്രക്കുലകൾ (കാഴ്ചക്കുലകൾ) വളർത്തി യെടുത്ത് ഓണത്തിന് വിളവെടുക്കത്തക്കവണ്ണം കൃഷിചെയ്യുന്നവർ ഇവിടെയുണ്ടായിരുന്നു. ഓണം അവസരത്തിൽ ഇത്തരം 70 ഉം 80 ഉം കായകളുള്ള വലിയ ഭംഗിയുള്ള കുലകൾക്ക് കായവിലയല്ല മോഹവിലയാണ് പറയാറ്. 1000 രൂപ ഒരു കുലക്ക് വിലവരുന്ന സന്ദർഭം വരെയുണ്ടായിട്ടുണ്ട്.

ഇത്രയൊക്കെ യായിട്ടും നേന്ത്രവാഴകൃഷി ഇവിടെ അധോഗതിയിലാണ്. വാഴയുടെ അസുഖങ്ങളാണ് പ്രധാനകാരണം. ചെറുകായകൾ എന്നറിയപ്പെടുന്ന മൈസൂർ പൂവ്വൻ, കുന്നൻ, ഞാലിപൂവ്വൻ എന്നിവ എല്ലാം ജലസേചനമുള്ള കവുങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായാണ് കൃഷി ചെയ്യപ്പെടുന്നത്. ഈ ഉൽപന്നങ്ങൾ പ്രധാനമായും നാട്ടിൻപുറങ്ങളിലെ ചായക്കടകൾ ഉൾപ്പെടെയുള്ള ചെറിയ കടകളിലൂടെയാണ് ഉപഭോക്താക്കൾക്ക് കിട്ടുന്നത്. കൃഷിക്കാരിൽ നിന്ന് വാങ്ങുമ്പോൾ മാർക്കറ്റ് വിലയേക്കാൾ 30 % മുതൽ 40 % വരെ കുറച്ചാണ് കച്ചവടക്കാർ വാങ്ങുന്നത്. ഇത് മുന്തിയ വിലയ്ക്ക് നാട്ടിലെ ജനങ്ങൾക്ക് തന്നെ വിൽക്കുന്നു. ഇവിടേയും ഉൽപാദകർ ചൂഷണം ചെയ്യപ്പെടുന്നു. നെൽവയലുകളിൽ ചുരുങ്ങിയ തോതിൽ നേന്ത്രവാഴത്തോട്ടങ്ങൾ നിലവിലുണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇത്തരം തോട്ടങ്ങൾ ആർത്താറ്റ് പഞ്ചായത്തിൽ കുറവാണ്.

ശാസ്ത്രീയമായ രീതിയിൽ ഉള്ളവയല്ലെങ്കിലും കശുമാവും തോട്ടങ്ങൾ പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ നിലവിലുണ്ട്. തോട്ടയുടമകൾ പലരും സ്വയമായി വിളവെടുത്ത് വിപണനം ചെയ്യുന്നവരല്ല. വീടിൻെറ ചുറ്റുവട്ടത്തോ കവുങ്ങ്, തെങ്ങ്, തോട്ടങ്ങളിൽ അങ്ങിങ്ങായോ മാത്രം വിരലിലെണ്ണാവുന്ന കശുമാവുകൾ മാത്രമുള്ള കുടുംബങ്ങൾ സ്വയം സംഭരിച്ച് വിൽക്കുന്നുണ്ട്. ഇതിലും ഇടത്തട്ടു കച്ചവടക്കാരാണ് നേട്ടം കൊയ്യുന്നത്. കശുവണ്ടി കുത്തക സംഭരണം കശുവണ്ടി കമ്പനി തൊഴിലാളിക്ക് മാത്രമെ ഗുണകരമാകുന്നുള്ളു. കർഷകനെ സംബന്ധിച്ച് വിലകുറവുമാത്രമാണ് ഫലം.

മാവ്, പ്ലാവ് എന്നീ നാടൻ ഫലവൃക്ഷങ്ങളുടെ വിളകൾ സുസംഘടിതമായ രീതിയിൽ അല്ല വിൽക്കപ്പെടുന്നത്. പ്ലാവിന് ഇപ്പോൾ ഫലവൃക്ഷം എന്ന സ്ഥാനം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. കുറേ ചക്ക വറുക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ചക്കയുടെ സീസണിൽ ബേക്കറി ക്കച്ചവടക്കാരാണ് വറുത്ത ചക്കചുള കച്ചവടാടി സ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നത്. നാമമാത്ര മായി ചിലർ ഈ സീസണിൽ ചക്ക കച്ചവടത്തി നായി എത്തുന്നുണ്ട്. ചക്കയുടെ വിൽപന കർഷകനെ സംബന്ധിച്ച് ഒരാദായ മാർഗ്ഗമാണെന്ന്പറയാനാവില്ല.പ്ലാവുകൾ വളർത്തു-ന്നത് കൂടുതലും തടിയെ ഉദ്ദേശിച്ചാണ്. നിർമ്മിതിക്കായി നാട്ടിൽ കിട്ടാവുന്ന തടികളിൽ മെച്ചപ്പെട്ട ഒന്നാണല്ലോ പ്ലാവ്. ക്യുബിക് അടിക്ക് പ്ലാവിന് വാങ്ങുമ്പോൾ 700 രൂപയോളം വില വരുന്നുണ്ട്. കർഷകർക്ക് വില 500 രൂപയേ കിട്ടുന്നുള്ളു. ജലക്ഷാമമുള്ള കുന്നിൻ പ്രദേശങ്ങളിൽ സാമൂഹ്യ വനവൽക്കരണത്തിൻെറ പ്രാധാന്യം ശാസ്ത്രീയമായി അറിയാതെ തന്നെ കർഷകർ മാവ്, പ്ലാവ്, തേക്ക് എന്നീ വൃക്ഷങ്ങൾ നാമമാത്രമായി വെച്ചുപിടിപ്പിച്ചുവരുന്നുണ്ട്.

മാവ് ഫലവൃക്ഷം എന്ന നിലയിൽ കൃഷി ചെയ്യപ്പെടുന്നില്ല. നാടൻ പുളിമാവിനങ്ങളും മൂവാണ്ടൻ എന്ന ഇനവു മാണ് കൂടുതൽ ഉള്ളത്. മൂവാണ്ടൻ എന്ന ഇനം മധുരം കുറവാണെങ്കിലും നാരുകൾ നാടൻ ഇനങ്ങളെക്കാൾ കുറവാണ്. ഈ ഇനമാണ് മാമ്പഴം എന്ന നിലയിൽ നാട്ടിൽ കച്ചവടക്കാർ താൽപര്യപെടുന്നത്. ഇവസംഭരിച്ച് പഞ്ചായത്തിൻെറ അടുത്തുകിടക്കുന്ന കുന്നംകുളം ടൗൺ ആസ്ഥാനമാക്കി ബോംബെ,പൂന എന്നീ നഗരങ്ങളിലേക്ക് കയറ്റിഅയക്കുന്ന കച്ചവടക്കാർ ഉണ്ട്. ഇത്തരം കച്ചവടക്കാർ ചിലരെങ്കിലും ഈ പഞ്ചായത്ത് മേഖലയിൽ പെടുന്നവരാണ്. അപൂർവ്വമായി നല്ലയിനം മാമ്പഴങ്ങളും നാട്ടിൽ ലഭ്യമാണ്. മാമ്പഴക്കച്ചവടത്തിന് വൻ സാധ്യതകളാണ് ഉള്ളത്. സംഘടിതമായ പ്രവർത്തനം ഇതിന്ന് ആവശ്യമുണ്ട്. മാവുകൾ പുഷ്പ്പിക്കുന്ന സമയത്തോടു കൂടിത്തന്നെ ഇത്തരം കച്ചവടക്കാർ നാട്ടിലിറങ്ങി മാവുകൾക്ക് മൊത്തമായി ഒന്നോ രണ്ടോ കൊല്ലത്തേക്ക്

വിലനിശ്ചയിച്ച് കർഷകന് വിലനൽകി കച്ചവടം ഉറപ്പാക്കുന്നു. പുളിമാവിനങ്ങളുടെ ഫലം കൂടുതലായി അച്ചാർ നിർമ്മിതാക്കളാണ് വാങ്ങുന്നത്. പക്ഷെ ഇങ്ങനെയുള്ള വ്യാവസായികാടി സ്ഥാനത്തിൽ അച്ചാർ നിർമ്മിക്കുന്ന യൂണിറ്റുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഇല്ല എന്നു തന്നെപറയാം. ഇടത്തട്ടുകാരായ കച്ചവടക്കാരാണ് കണ്ണിമാങ്ങ ശേഖരിക്കുന്നത്. കിലോ ഗ്രാമിന് 20 രൂപ വരെ കഴിഞ്ഞ സീസനിൽ മാർക്കറ്റ് വില ഉണ്ടായിരുന്ന നാടൻ പുളിമാവിൻെറ കണ്ണിമാങ്ങക്ക് കർഷകന് ലഭിച്ചിരുന്നത് അഞ്ചോ ആറോ രൂപ മാത്ര മായിരുന്നു. ശുദ്ധഫല വൃക്ഷ തോട്ടവിള എന്നിലയിൽ മാവു കൃഷി വികസിപ്പിക്കേണ്ടതുണ്ട്. കച്ചവടമൂല്യമുള്ള ഇനങ്ങളെ കൃഷിക്കാർക്ക് വേണ്ടത്ര പരിചയപ്പെടുത്തിയിട്ടില്ല ഈ ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കേണ്ടതാണ്.

മാർക്കറ്റുകളിൽ നിന്ന് പച്ചക്കറി വാങ്ങുന്ന സമ്പ്രദായം പഴയ കാലങ്ങളിൽ നിലവിൽ ഇല്ലായിരുന്നു. ഓരോ കുടുംബവും തങ്ങൾക്കാവശ്യമായ വ സ്വയം ഉൽപാദി-പ്പിച്ചിരുന്നു. ഇന്ന് മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നത്. വിൽപ്പനക്കായിപച്ചക്കറി ഉൽപാദിപ്പിക്കുന്നവർ ഇല്ല എന്നു തന്നെ പറയാം. മുരിങ്ങക്കായ, കടച്ചക്ക (ശീമച്ചക്ക) എന്നിവ പഞ്ചായത്ത് പ്രദേശത്ത് സീസണിൽ ധാരാളമായി ഉണ്ടാകുന്നുണ്ട്. ഒരിക്കലും ഈ വിളവിനങ്ങൾക്ക് കൃഷിക്കാർക്ക് അർഹമായ വില ലഭിക്കുന്നില്ല. വിൽപ്പനക്കുള്ള സംവിധാനത്തിൻെറ അപര്യാപ്തത തന്നെ യാണ് ഇതിന്ന് പ്രധാന പ്രതിബന്ധം. ഓരോ തരം വിളകളുടേയും വിപണന പ്രശ്നങ്ങളും വിപണന സാദ്ധ്യതകളും ഇത്തരത്തിൽ വേർതിരിച്ച് പരിശോധിച്ചതിൽ പൊതുവായി കാണപ്പെടുന്നത് വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇവകളിൽ പലതിൻെറയും വിപണനത്തിന് കൃഷിക്കാരുടെ കൂട്ടായ്മ ആവശ്യമാണ്

## കാർഷിക ബന്ധങ്ങൾ

ജന്മി കുടിയാൻ വ്യവസ്ഥിതിയുടെ അന്ത്യ ത്തോടെ ഒരു പുതിയ ഭൂ ഉടമ സമ്പ്രദായം നിലവിൽ വന്നു. കേരളത്തിൽ എല്ലായിടത്തുമെന്ന പോലെ ഇവിടെയു പുതിയ ഭൂവുടമകൾ തുണ്ടു ഭൂമികളുടെ ഉടമസ്ഥരായി. രണ്ടു ഹെകടറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ ഇവിടെ വെറും 12 പേർമാത്രമാണ്. ഒന്ന് മുതൽ രണ്ടു ഹെക്ടർ വരെ കൈവശമുള്ളവർ 78 പേർ ഉണ്ട്. അതേസമയം നാമ മാത്ര കർഷകരുടെ എണ്ണം 2342 എന്ന് കാണുന്നു (പട്ടിക 3.9) ഉപഭോഗ സംസ്കാരത്തി ൻെറ സ്വാധീനം കാർഷിക വൃത്തിയോട് ആഭിമുഖ്യം നഷ്ടപ്പെടുത്തുന്നു. എളുപ്പമാർഗത്തിൽ നിലനിൽക്കത്തക്കതല്ലാത്ത മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിച്ച് സുഖലോലുപരാവുന്നതിലാണ് പുതിയ തലമുറയിലെ ചെറുപ്പക്കാർക്ക് താല്പര്യം. ഈ ചിന്താഗതി ശരീരത്തിൽ ചേറുപുരളുന്ന കായികവ്യായാമം ആവശ്യമായ കൃഷിത്തൊഴിലിൽ നിന്ന് പുതിയ തലമുറയെ പിന്തിരിപ്പിക്കുന്നു കൃഷിത്തൊഴിലിനു തമിഴ്നാട്ടിൽ നിന്നും മനുഷ്യ വിഭവശേഷി ഇറക്കുമതി ചെയ്തിരിക്കുന്നത് ഇന്നാട്ടിലെ സാധാരണ കാഴ്ചയാണ്. പഞ്ചായത്തിലെ കാർഷിക മേഖലകളായ ഓരോ ചെറിയ പ്രദേശങ്ങളിലും നാട്ടുകാരായ കൃഷി തൊഴിലാളികളുടെ എണ്ണം വളരെ പരിമിതമാണ്. അതു കൊണ്ട് തന്നെ ഉള്ളവർക്ക് പണിയില്ലാത്ത നില വളരെ കുറവാണ്. സ്വന്തം കൃഷിസ്ഥലങ്ങളിൽ കായികമായി അദ്ധ്വാനിക്കുന്നവരുടെ എണ്ണവും അനുദിനം കുറഞ്ഞുവരികയാണ്. കൃഷിയിൽ നിന്നല്ലാതെ ക്രയശേഷികൈവന്നതാണ് ഇടത്തരം നാമമാത്ര കർഷകരെ ഈ വഴിക്ക് നീങ്ങുന്നതിന്ന് പ്രേരിപ്പിച്ചത്.പഞ്ചായത്തിലെ വലിയൊരുവിഭാഗം വീടുകളിൽ നിന്ന് ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും ഗൾഫ് നാടുകളിൽ ജോലി യെടുക്കുന്നുഎന്നതാണ് ക്രയശേഷി വർദ്ധിക്കുന്നതിനുണ്ടായ കാരണം

പട്ടിക കൃഷിഭവൻ അവലംഭം

| വില്ലേജിൻെറ പേര് | ഭൂമിയടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 CENT | 10-25 CENT | 25-50 CENT | 50-100 CENT | 1-2 ACRE | 2-5 ACRE | 5 ACRE |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ആർത്താറ്റ് | 739.50 | 602.24 | 65.43 | | 1407.17 | 715 | 416 | 448 | 318 | 474 | 384 | 24 |
| അഞ്ഞൂർ | 1048.64 | 576.78 | 75.33 | | 1640.75 | 2477 | 421 | 220 | 598 | 194 | 8 | |
| ആകെ | 1788.14 | 1119.02 | 140.76 | | 3047.92 | 3192 | 837 | 668 | 916 | 668 | 392 | 24 |

## ആർത്താറ്റ് ഗ്രാമപഞ്ചായത്ത് 3.8 കാർഷികോപകരണ്ങ്ങൾ

(അവലംബം : കൃഷിഭവൻ കണക്കുകൾ)

| ഉഴവുപകരണങ്ങൾ | | | | മരുന്നുതെള്ളിഉപകരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വർഡ് നമ്പർ | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സെപ്രയർ | നാപസ സെപ്രയർ | മറ്റുള്ളവവ | മെതിയന്ത്രം | തെങ്ങ്കയററ യന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
| I | 2 | 1 | 5 | 2 | 9 | 10 | 1 | - | 60 |
| II | 2 | | 3 | 3 | 11 | 8 | | | 75 |
| III | | | 5 | 1 | 10 | 7 | | | 80 |
| IV | | | 2 | 1 | 8 | 8 | | | 50 |
| V | | | 1 | 1 | 9 | 9 | | | 40 |
| VI | | | 2 | 1 | 7 | 8 | | | 30 |
| VII | | | 2 | 1 | 8 | 6 | | | 25 |
| VIII | | | 3 | 1 | 5 | 7 | | | 40 |
| IX | | | 1 | 1 | 4 | 6 | | | 35 |
| | 4 | 1 | 24 | 12 | 71 | 69 | 1 | | 435 |

## ആർത്താറ്റ് ഗ്രാമപഞ്ചായത്ത്

## 3.9 കൈവശഭൂമി വിസതീർണ്ണം

| വാർഡ്നമ്പർ | നാമമാത്രകർഷകർ (1 ഹെക്ടറിൽ തഴെ) | ചെറുകിടകർഷകർ (1-2ഹെക്ടർ) | വൻകിടകർഷകർ (2-ഹെക്ടറിനുമുകളിൽ) |
|---|---|---|---|
| I | 265 | 8 | 2 |
| II | 248 | 7 | 1 |
| III | 259 | 9 | 1 |
| IV | 256 | 7 | 1 |
| V | 257 | 11 | 1 |
| VI | 273 | 11 | 1 |
| VII | 262 | 8 | 2 |
| VIII | 270 | 9 | 1 |
| IX | 252 | 8 | 2 |
| | 2342 | 78 | 12 |

ഭൂമികൾ ചെറുതുണ്ടുകൾ ആയത്, മൊത്തംഭൂമിയിൽ കൂട്ടായകൃഷിപ്രയോഗങ്ങൾക്ക് തടസ്സമായി. നെൽകൃഷിയിൽ പ്രത്യേകിച്ച് ഈ കൂട്ടായ്മയുടെ അഭാവം നഷ്ടമുണ്ടാക്കുന്നു. കന്നുകാലികളെ ഉപയോഗിച്ചു തേവലും, ഉഴവും അപ്രത്യകഷമായി. സ്വന്തമായി ട്രാക്ടർ, ടില്ലർ എന്നിവകൈവശം വെക്കുന്നതിന്നുള്ള ഭൂപരിധി വളരെ കുറച്ചു പേർക്കേ ഉള്ളൂ. യന്ത്രവൽകൃത സ്പ്രെയറുകൾക്ക് ആവശ്യക്കാർ കുറവാണ്. ഇങ്ങനെയുള്ള കൃഷിയുപകരണങ്ങളുടെ കണക്കുകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാവും. ഇതെല്ലാംസൂചിപ്പിക്കുന്നത് തുണ്ട് ഭൂമികൾ ഓരോ വ്യക്തികളും സ്വന്തം താൽപര്യങ്ങൾ നോക്കി മാത്രം കൃഷിചെയ്യുന്നു എന്നതാണ് അതായത് കൂട്ടായ്മകൾ ഇല്ല എന്നുതന്നെ

നെൽകൃഷി, കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനങ്ങൾ കൊണ്ടേ ഇന്ന് രക്ഷിക്കാനാവൂ. കൂട്ടായ്മ നിലവിൽ വന്നാലേ യന്ത്രവൽക്കരണം സാദ്ധ്യമാകൂ. ഒന്നിച്ചുള്ള വിളവിറക്കലും കൊയ്ത്തും നിലവിൽ വന്നാൽ മാത്രമേ വലിയ യന്ത്രങ്ങൾ ഉപയോഗപ്പെടുത്താനാവൂ.
ഉദാ : - കൊയ്ത്ത് നടീൽ യന്ത്രങ്ങൾ

കൂലിസേവന വ്യവസ്ഥകൾ : -

കർഷക തൊഴിലാളികളുടെ കൂലിനിരക്കുകൾ കേരളത്തിലെ മൊത്ത നിലവാരം നോക്കിയാൽ ഏറെ മെച്ചമാണ് പുരുഷ തൊഴിലാളികൾക്ക് 110 രൂപ വരെയും,സ്ത്രീ തൊഴിലാളിക്ക് 60 രൂപ വരെയും ലഭിക്കുന്നു. ഈ കൂലി വളരെ മോശമാണെന്ന്പറയാനാവില്ല.ഈ കൂലിച്ചിലവും കർഷക തൊഴിലാളികളുടെ എണ്ണക്കുറവും അതോടൊപ്പം ഉൽപന്നങ്ങളുടെ ഇടത്തട്ടുകാരുടെ വൻലാഭവും കഴിച്ച് ഉൽപാദകന് ലഭിക്കുന്ന കുറഞ്ഞവരുമാനം കൃഷിയെ മൊത്തത്തിൽ ഒരു നഷ്ടമുള്ള തൊഴിലാക്കുന്നു. ഈ കെട്ടുപിണഞ്ഞ കുരുക്കൂരിയാൽ മാത്രമേ കൃഷിയോടുള്ള ആഭിമുഖ്യം പുതിയ തലമുറയിൽ വളർത്തിയെടുക്കാനാവൂ.

കൂലി നിരക്ക്

1) ഉഴവിന് ട്രാക്ടർ- മണിക്കൂർ 1 - 160 രൂപ.
2) ഞാറു നടീൽ സ്ത്രീ - 60 രൂപ.
3) കളപറിക്കൽ സ്ത്രീ - 60 രൂപ.
4) തേങ്ങയിടൽ - തെങ്ങ് ഒന്നിന് പുരുഷൻ - 3 രൂപ.
5) കീടനാശിനി തളിക്കൽ 10 സെൻറ് സ്ഥലം പുരുഷൻ- 50 രൂപ.
6) കൊയ്ത്ത് സ്ത്രീ - 60 രൂപ.
7) തോട്ടങ്ങളിൽ വളം കോരിയിടൽ സ്ത്രീ- 50-55 രൂപ.
8) തോട്ടം കിള പുരുഷൻ -105 -110

മേൽപറഞ്ഞ ചില തൊഴിലുകൾക്ക് ഭക്ഷണം കൂടി നൽകാറുണ്ട്.

മേൽകണക്കുകൾ സൂചിപ്പിക്കുന്നത് മാന്യമായ ജീവിതത്തിനുള്ള വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നു എന്ന് തന്നെയാണ് . എങ്കിലും പുതുതായി ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നുവരുന്നതിന്വിമുഖതയാണ് കാണിക്കുന്നത്.

വളം കിടനാശിനി ഉപഭോഗം

രാസവള കീടനാശിനി ഉപഭോഗത്തെക്കുറിച്ചുള്ള വളരെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. അതിന്നുള്ള പ്രധാനകാരണം ഇവയുടെ വിൽപന പല സ്വകാര്യ സ്ഥാപനങ്ങൾ വഴിയാണ് എന്നതാണ്. ഈ സ്ഥാപനങ്ങൾ പലതും പഞ്ചായത്തിന് പുറത്താണ്. രാസവളങ്ങൾ, കീടനാശിനികൾ എന്നിവക്ക് കമ്പനി ബ്രാൻഡുകളിൽ പലർക്കും പ്രത്യേക താൽപര്യമുണ്ട് . വിവിധ കമ്പനികളുടെ വളങ്ങൾ ഒരേ വിൽപനക്കാരിൽ നിന്ന് പലപ്പോഴു ലഭ്യമല്ല. കീടനാശിനികളുടെ കാര്യത്തിലും ഈ പ്രവണത ദൃശ്യമാണ്.

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് കീടനാശിനി രാസവളങ്ങളുടെ ദൂഷ്യങ്ങൾ കൃഷിക്കാർ മനസിലാക്കുന്നു എന്നല്ല പ്രസതുത നെൽകൃഷിയുടെ തരിശിടൽ കൂടി വരുന്നു എന്നതാണ് തോട്ടവിളകളിൽ രാസവളങ്ങളേക്കാൾ കൂടുതൽ ജൈവ വളങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. ദീർഘ കാലവിളകളുടെ നിലനിൽപ്പിന് അതാണ് കൂടുതൽ മെച്ചമെന്ന് കൃഷിക്കാർ മനസിലാക്കുന്നു . നെൽവയലുകളിൽ പലപ്പോഴും ഭൂഉടമയല്ല കൃഷിയിറക്കുന്നത്. കൃഷി തൊഴിലാളികളെ ഓരോ പൂവലിന്ന് കൃഷി-യിറക്കുന്നതിന്ന് അനുവദിക്കുകയാണ്. ഈ സമ്പ്രദായത്തിൽ അടുത്തവർഷവും ആ തൊഴിലാളിക്ക് തന്നെ ഭൂമി ലഭിക്കുമോ എന്ന് ഉറപ്പില്ലാത്തതിനാൽ ഇട്ടുകൊടുത്തവളം മുഴുവൻ ആയിതൻെറ തന്നെ വിളവിന് ലഭിചിരിക്കണമെന്നആഗ്രഹം കൊണ്ട് ജൈവ വളങ്ങൾ ഉപയോഗിക്കുന്നില്ല. ഈ പ്രവണത വയലുകളുടെ ഫലഭൂയിഷ്ഠതയെ ബാധിക്കുന്നു.




## 3.3 രാസവള കീടനാശിനി വിപണനം (കൃഷിഭവൻ)

1993 - 94

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | രാസവളം കിഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
|---|---|---|---|---|
| 1 | സഹകരണം - | - | - | - |
| 2 | സ്വകാര്യം | 3,61,000 | 987 | 32 |

1994 - 95

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | രാസവളം കിഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
|---|---|---|---|---|
| 1 | സഹകരണം | - | - | - |
| 2 | സ്വകാര്യം | 3,30,000 | 942 | 26 |

1995 - 96

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | രാസവളം കിഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
|---|---|---|---|---|
| 1 | സഹകരണം | - | - | - |
| 2 | സ്വകാര്യം | 3,26,000 | 850 | 28 |

കുമിൾ,ബാക്ടീരിയ,കീടങ്ങൾ എന്നിവയൊഴിച്ചുള്ള തരംതിരിച്ചുള്ള അറിവ് കുറവാണ് . പ്രത്യേകിച്ച് ബാക്ടീരിയമൂലമുണ്ടാകുന്ന രോഗങ്ങളെ കുറിച്ചാണ് അറിയാത്തത്. ഓരോന്നിനു പ്രയോഗിക്കേണ്ട മരുന്നിനെ കുറിച്ച് അവർ അജ്ഞരാണ്. ഈ സാഹചര്യത്തിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം വേണം. പഞ്ചായത്തിലെ ഓരോ പ്രദേശങ്ങളിലും ഉള്ള കർഷകരുമായുള്ള സമ്പർക്കം കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇനിയും വളരെ അധികം കൂട്ടേണ്ടതുണ്ട്. പലപ്പോഴു കീടനാശിനികൾ വയലകളിൽ പ്രയോഗിക്കുന്നത് രോഗത്തിൻെറ പ്രാരംഭ ലക്ഷ്ണങ്ങൾ കണ്ടിട്ടല്ല.

ഓരോ 15 ദിവസവം കൂടുംതോറും കീടനാശിനി പ്രയോഗം നടത്തുന്നതുകൊണ്ട് രോഗാണുക്കളിൽ ഇവയുണ്ടാക്കുന്ന പ്രതിരോധശക്തി വർദ്ധന വിനെക്കുറിച്ചും കൂടുതൽ വിജ്ഞാനം നേടേണ്ടതായിട്ടുണ്ട്. ഈ പ്രവണതകൾ എല്ലാം നെൽവയലു കളിലാണ് കൂടുതലായും കാണപ്പെടുന്നത്. കവുങ്ങ്, തെങ്ങ്,കുരുമുളക്, കശുമാവ് എന്നിവക്ക് ഈ പ്രയോഗങ്ങൾ കുറവാണ്. കവുങ്ങിനു മാത്രം മാഹാളി രോഗത്തിനെതിരെയുള്ള ബോർഡോ മിശ്രിത പ്രയോഗം വ്യാപകമായി നാട്ടിൽ വളരെ കാല മായി നിലവിലുണ്ട്. തെങ്ങിൻ മണ്ടകളിൽ ഈ പ്രയോഗം പഞ്ചായത്ത് പ്രദേശത്ത് ഇപ്പോഴും വ്യാപകമായിട്ടില്ല. അതുകൊണ്ട് കൂമ്പുചീയൽ പലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട്. കശുമാവ്, മാവ് എന്നിവ പുഷ്പ്പിക്കുന്നതിന്നും ഇളം കായ്കൾ വീണുപോകാതിരിക്കാനുമുള്ള ഹേർമോണുകളുടെ കാർഷിക പ്രാധാന്യവും ഉപയോഗക്രമങ്ങളും പഞ്ചായത്ത് പ്രദേശത്ത് അജ്ഞാതമാണ്.

## പ്രശ്നങ്ങൾ

പടിഞ്ഞാറൻ അതിർത്തിപ്രദേശങ്ങൾ പൊതുവെയും മറ്റു വാർഡുകളിൽ നെൽ വയലുകളും മണൽ സ്വഭാവ മുള്ളതാണ്. അതുകൊണ്ട് തന്നെ വളക്കൂർ കുറഞ്ഞ മണ്ണാണ്. വിളവും വളരെ കുറഞ്ഞ തോതിലാണ്. മൂന്നിലൊന്ന് ഭാഗത്ത് മാത്രമാണ് വളക്കൂറുള്ള കളിമൺ ചേർന്ന മണ്ണ് വയലുകളിൽ ഉള്ളത്. പാടശേഖരങ്ങളിലെ ജൈവ വളങ്ങളുടെ ഉപയോഗക്കുറവ് ഈ മണ്ണിനെ വീണ്ടും വന്ധ്യ മാക്കുന്നു

## തരിശിനുള്ള കാരണങ്ങൾ

കര ഭൂമികൾ തരിശ് ഇടുന്നത് താരതമ്യേന കുറവാണ്. ജലദൗർലഭ്യം അനുഭവപ്പെടുന്ന കുന്നിൻ പ്രദേശങ്ങളിൽ തരിശുകാണാം. കാലങ്ങളായി കുറ്റിചെടികളും വൃക്ഷങ്ങളും വരെ നശിപ്പിക്കപ്പെട്ട ഇത്തരം കുന്നുകളിൽ പുതിയ പ്രവണതയായി മണ്ണെടുത്ത് കുന്നുകൾ തന്നെ ഇല്ലാതാക്കി നിരപ്പാക്കുന്ന കാഴ്ച്ച ചില വാർഡുകളിൽ കാണാം. ഇങ്ങനെ നിരപ്പാക്കുന്നതിന്ന് യന്ത്രങ്ങൾ അഹോരാത്രം പണിയെടുക്കുന്നുണ്ട്. ഇങ്ങനെ നിരപ്പാക്കിയ സ്ഥലങ്ങൾ തരിശിട്ടിരിക്കുന്നു. നിരപ്പാക്കിയ ഇത്തരം സ്ഥലങ്ങളിൽ ചെങ്കൽ പാറകളാണ്. 7,6 വാർഡുകളിൽ പാർക്കാടി പാടം,കമ്പനിപടിക്ക് വടക്ക് സുമാർ 10 ഏക്ര സ്ഥലം എന്നിവ നീർക്കെട്ട് മൂലം കൃഷിയോഗ്യമല്ലാതാക്കി തരിശിടുന്നു. മനുഷ്യ പ്രപർത്തനം മൂലമാണ് ഇവിടെ നീർക്കെട്ട്വന്ന്ഭവിച്ചിരിക്കുന്നത്. നീർവാർച്ച-ക്കുള്ള തോടും ഓവുകളും അടഞ്ഞിരിക്കുന്നു. പുറമെ കരയോട് ചേർന്ന ഭഗങ്ങളിൽ നെൽവയൽ തൂർത്ത് തെങ്ങ് കൃഷിയും വീടു. നിർമ്മാണവും നടന്നതുമാണ് നീർവാർച്ച നിലച്ചതിൻെറ പ്രധാനകാരണം.

8ാം വാർഡിലെ മുതുവമ്മൽ പ്രദേശത്ത് 104 ഏക്ര വരുന്നപുഞ്ചവയൽ,പുഞ്ച പാടങ്ങളിലെ ബണ്ടു നിർമ്മാണങ്ങളുടെ പരോക്ഷ ഫലമായി നീരൊഴുക്ക് തടസ്സപ്പെട്ടതിന്നാൽ തരിശിടേണ്ട സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. 8,9 വാർഡുകളിലെ വടുതല, വട്ടംപാടം പ്രദേശത്ത് നികത്തി എടുത്ത നെൽവയലുകളിൽ തെങ്ങിൻ തൈകൾ വെച്ചിരിക്കുന്നു വെങ്കിലും വളർച്ചയും കായ്ഫലവും ഇല്ലാതെ തരിശിന് തുല്യമായി കിടക്കുന്നു. ഇത് ഏറിയകൂറും ഗൾഫ് പണത്തിൻെറ സ്വാധീനവും കൃഷി വികസന-ത്തിനുള്ള വിമുഖതയും അജ്ഞതയും മൂലമാണ്. മെച്ചപ്പെട്ട ജീവിതത്തിനുള്ള ധനം വിദേശത്ത് നിന്നും വരുന്നു എന്ന സ്ഥിതിവിശേഷമാണ് ഈ വിമുഖതയുടെ സാമൂഹിക കാരണം.

## ജലസേചന പ്രശ്നങ്ങൾ -

പഞ്ചായത്തിലെ 7ാം വാർഡിൽ വേനലിൽ കിണറുകളിൽ വെള്ളത്തിൻെറ ലഭ്യതവേണ്ടത്ര യില്ല. കിണറുകളുടെ അടിയിൽ എത്തുമ്പോഴേക്ക് പാറയെന്നതാണ് കാരണം.

ഭൂഗർഭജല വകുപ്പിൻെറ സഹായത്തോടെ ജലത്തിൻെറ ലഭ്യത ഉറപ്പ് വരുത്താതെ ഇവിടെ കിണറുകൾ കുഴിക്കുന്നത് പരാജയ മാണ്.

ഒന്നാം വാർഡിലെ പാവിട്ടപ്പാടത്ത് ഏറ്റവും വലിയ നിർമ്മിതി ആയ ഏഡൻെറ തോട് ആഴവും വീതിയും നഷ്ടപ്പെട്ടതിന്നാൽ ഇരുപ്പൂ കൃഷിക്ക് വേണ്ടത്ര വെള്ളം ലഭ്യമല്ലാതായിരിക്കുന്നു. 5 ാം വാർഡിലുള്ള ആരൂർപാടം തോടിൽ നവംബർ മാസം വരെ മാത്രമേ വെള്ളം ലഭ്യമാകൂ എന്നത് കൃഷിയുടെ തളർച്ചക്ക് കാരണമാകുന്നുണ്ട്. 6 ാം വാർഡിലെ അഞ്ഞൂർ കുന്ന്പ്രദേശം, 7-ാം വാർഡിൽ ആകലകുന്ന്പ്രദേശം ഒന്നാം വാർഡിലെ കീട്ടികുന്ന്,പാടുന്നവാം കുന്ന്, രണ്ടാം വാർഡിലെ ആർത്താറ്റ്, അഞ്ചാം വാർഡിലെ മരട്ടിക്കുന്ന് എന്നിവിടങ്ങളിൽ കൃഷിക്കെന്നല്ല കുടിവെള്ളം പോലും ലഭ്യമല്ല.

പാടശേഖരങ്ങൾ നികത്തുന്നത് സ്ഥിരം കാഴ്ച്ചയാണ്. വീടുവെക്കുന്നതിന് വേറെ സ്ഥല മില്ലാത്തവർ, നെൽകൃഷി ലാഭകരമല്ല എന്നതി-ന്നാൽ തെങ്ങിൻ തോപ്പുകൾ ഉണ്ടാക്കുന്നവർ പാടം നികത്തിയെടുത്ത് കച്ചവടവസ്തു ആക്കുന്നവർ എന്നിവരാണ് പാടം വിസ്തൃതികുറച്ചു കുറച്ചു കൊണ്ട് വരുന്നത്. പുഞ്ചപാടങ്ങൾ മാത്രമാണ് ഇതിന്ന് ഒരു അപവാദം കാരണം പൊതുവെ സമുദ്ര നിരപ്പിൽ നിന്ന് ഏറെ പൊക്കമില്ലാത്ത ഈ പ്രദേശങ്ങൾ നികത്തി എടുക്കുക എന്നത് ദുഷ്കരമാണ്.

4 - ാം വാർഡിൽ കൃഷി സ്ഥലങ്ങൾ പകുതിയി ലേറെ നികത്തിയെടുത്ത് തെങ്ങിൻ തോട്ടമാക്കി യിരിക്കുന്നു. 7 - ാം വാർഡിൽ 75 % പാടങ്ങളും നികത്തി തെങ്ങിൻ തോട്ടങ്ങളാക്കി മാറ്റി ക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥലങ്ങൾ തരിശിട്ടിരിക്കുക യാണ്. 8 ാം വാർഡിൽ വിദേശപ്പണത്തിൻെറ സ്വാധീനം ഏറെ യുണ്ട്. ഇതുമൂലം വീട് നിർമ്മാണവും അതിനായി നെൽവയലുകൾ നികത്തലും വ്യാപകമായി നടന്നിട്ടുണ്ട്. 9 ാം വാർഡിൽ ആലത്തൂർ പാടത്തിൻെറ തെക്കു പടിഞ്ഞാറു ഭാഗം പകുതി നികത്തിയിരിക്കുന്നു. സ്ഥിരമായി കൃഷി നടത്തിയിരുന്ന പാടങ്ങൾ പലതും തരിശി- ട്ടിരിക്കുന്നു. 8 ാം വാർഡിൽ മുതുവമ്മൽ പ്രദേശത്ത് 104 ഏക്കർ പുഞ്ചസ്ഥലം തരിശ് ഇടുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രശേങ്ങളി ലാണ് ഇത്തരം ഭൂമികൾ കൂടുതൽ ഉള്ളത്. ഈ ഭൂമികൾ നികത്തിയെടുക്കുന്നതിന് സൗകര്യം കൂടുതലാണ് എന്നതാണ് ഇതിനു കാരണം. ഇങ്ങനെയുള്ള വയൽ നികത്തൽ എല്ലാ വാർഡുകളിലും സാധ്യത ഉള്ളിടത്തെല്ലാം നടക്കുന്നു.

കീടബാധ വളരെ വ്യാപകമാണ്. നെൽ കൃഷിക്ക് അറിയാവുന്ന എല്ലാ അസുഖങ്ങളും നിലവിൽ ഉണ്ട് എന്ന് പറയാം. ഇത് കൂടുതലായി വരുന്ന ലക്ഷണങ്ങളാണ് കണ്ട്വരുന്നത്. പുതിയ തരം അസുഖങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. കീട-നാശിനി കുമിൾനാശിനി എന്നിവയുടെ അമിത പ്രയോഗം ഇത്തരം രോഗാണുകളെ കൂടുതൽ കൂടുതൽ പ്രതിരോധ ശക്തിയുള്ളവയാക്കി മാറ്റിയിരിക്കുന്നു. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മരുന്നു-കളുടെ പ്രവർത്തനത്തെ കുറിച്ചുള്ള വിവര മില്ലായമയാണ് ഇതിന് കാരണം.

ദ്രുതവാട്ടം ബാധിച്ച് കുരുമുളകു കൃഷി ഏറെ നശിച്ചിരിക്കുന്നു. വാഴകൃഷിയെ കൊക്കൻ എന്ന പുതിയ ഇനം അസുഖം ബാധിച്ചിരിക്കുന്നു. ഇതിന്ന് പ്രതിവിധി ഒന്നും തന്നെ ഉള്ളതായി കാണുന്നില്ല. കുറുനാമ്പു രോഗവും വ്യാപക മാണ്. ഇതിനെക്കാളധികം നല്ലയിനം വാഴകളെ ബാധിക്കുന്നത് നിമ വിരകളാണ്. ഇത്തരം രോഗങ്ങൾ മൂലം നേന്ത്രൻ, പൂവൻ,മൈസൂർ എന്നിവ ഈ നാട്ടിൽ നിന്ന് അപ്രത്യക്ഷ മായിതുടങ്ങിയിരിക്കുന്നു. തെങ്ങിന് ബാധി-ച്ചിരിക്കുന്ന കൂമ്പുചീയൽ ഈ പഞ്ചായത്ത് പ്രദേശത്ത് കണ്ടുവരുന്നുണ്ട്. എങ്കിലും വ്യാപകമാണ് എന്ന് പറയാനാവില്ല. എല്ലാ വർഷവും ഒരു നിയമ മെന്ന നിലയിൽ കവുങ്ങിന്ന് മാഹാളിരോഗം വ്യാപകമാണ് രണ്ടും മൂന്നും തവണകളായി ബോർഡോ മിശ്രിതം ഉപയോഗി ക്കേണ്ടി വരുന്നുണ്ട്. കശുമാവ് പുഷ്പ്പിക്കുന്ന അവസരത്തിൽ കീടങ്ങളുടെയും കുമിളു കളുടേയു ശല്ല്യം ഉണ്ട് . ഇതി നെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നില വിലില്ല. പച്ചക്കറി കൃഷിയെ യാണ് കീടബാധ ഏറെ ഹാനികരമായി ബാധിക്കുന്നത്. ശക്തിയായ കീടനശീകരണ മരുന്നുകൾ ഉപയോഗിക്കാതെ പച്ചക്കറി കൃഷി വിഷമകരമായിരിക്കുന്നു.

കുട്ടനാടൻ പാടശേഖരങ്ങളിൽ ആഫ്രിക്കൻ പായലിൻെറ ശല്യം പ്രാണികളെ ഉപയോഗിച്ച് ഏറെ നിയന്ത്രണാധീന മാക്കിയതായി കേൾക്കുന്നു. ഇതിൻെറ പ്രയോഗവും പ്രയോജനവും കുട്ടനാട്ടിൽ മാത്ര

മായി ഒതുക്കി നിർത്തിയിരിക്കുന്നുവേ എന്ന സംശയം കൃഷിക്കാർക്കുണ്ട്. ഈ പഞ്ചായത്തിലെ ഏറെ നെൽവയലുകളും അവയോടു ബന്ധപ്പെട്ടുകിടക്കുന്ന മറ്റുജല സ്രോതസ്സുകളും ആഫ്രിക്കൻ പായലിൻെറ വലിയ ഭീഷണി നേരിടുന്നു. ഉപയോഗിച്ച രാസ വളത്തിൻെറ വലിയ ഒരു അളവ് പായൽ എടുക്കുന്നു. പുറമെ ഓരോ വിളയിറക്കലിന് മുമ്പായും പായൽ വാരിക്കളയുന്നതിന് വലിയ സാമ്പത്തിക ച്ചിലവു വരുന്നു ഇതിനെല്ലാം പുറമേ ഇത്തരം ജല സ്രോതസ്സുകളിൽ വെളിച്ചം വീഴാതെ പായൽ അട്ടികളായി കിടക്കുന്നത് കൊണ്ട് നാടൻ മത്സ്യങ്ങളും പ്രജനനം ചെയ്യുന്നില്ല. മിഥുനം കർക്കിടകം തുടങ്ങിയ പഞ്ഞമാസങ്ങളിൽ മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന പാവപ്പെട്ടവരെ ഇത് ഏറെ ബാധിക്കുന്നു. കൃഷിഭവന് ഇതിൽ എന്താണ് ചെയ്യാനാവുക ?. ആഫ്രിക്കൻ പായലിനെ തിന്നുനശിപ്പിക്കുന്ന പ്രാണികളെ വർഷ കാലാരംഭത്തിൽ ഇവിടേയും എത്തിച്ചു കിട്ടാൻ എന്താണ് ചെയ്യേണ്ടത് ?.

## നടീൽവസ്തുക്കളുടെ ലഭ്യത

നെൽകൃഷിയെ സംബന്ധിച്ചിടത്തോളം പ്രശ്നമാകാറുണ്ട്. പുതിയനെൽവിത്തിനങ്ങൾ ആണ്ടോടാണ്ട് സൂക്ഷിച്ചാൽ മുളക്കുന്നില്ല എന്ന പ്രശ്നമുണ്ട്. വിരിപ്പ്,മുണ്ടക കൃഷികൾ തരിശിടുന്നതുകൊണ്ട് പുഞ്ചയുടെ സീസണായാൽ മുളക്കുന്ന വിത്തുകൾക്ക് നാട്ടിൽ ക്ഷാമമമുണ്ട്. പലപ്പോഴും കൃഷിക്കാർ പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്. അവിടേയും എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിത്ത് ഉൽപാദിപ്പിക്കുന്നില്ല. ആണ്ടോടാണ്ട് സൂക്ഷിക്കാവുന്ന നാടൻ വിത്തിനങ്ങൾ കൃഷിക്കാരുടെ പക്കൽ നിന്ന് എന്നെന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു.

അത്യുൽപാദന ശേഷിയുള്ള പുതിയ ഇനം തെങ്ങ്, കവുങ്ങ് എന്നിവയുടെ തൈകൾ വേണ്ടത്ര ലഭ്യമല്ല. അതുകൊണ്ട് നാടൻ വിത്തി-നങ്ങൾ തന്നെയാണ് ഏറെ പ്രചാരത്തിലുള്ളത്. ഇത് ഈ കൃഷികളുടെ ഉൽപാദനശേഷി കുറക്കുന്നു എങ്കിലും മറ്റൊരു നല്ലവശം തെളിഞ്ഞുകാണുന്നു. സാധാരണ ക്കാരുടെ ഇടയിൽ നിർമ്മിതിക്കുള്ള തടിയായി ഇന്ന് സാധകമാകുന്നത് തെങ്ങിൻ തടിയാണ്. ഓടു മേയുന്നതിന് പട്ടികയായും, ഓലപ്പുരകൾക്ക് സാധുക്കൾക്ക് തടിയായും പ്രയോജനപ്പെടുന്നത് കവുങ്ങാണ്. പുതിയ ടി X ഡി തെങ്ങും ചോറ്കൂടുതലായ കവുങ്ങുകളും സ്ഥാനം പിടിക്കുന്നതോടെ സാധാരണക്കാരൻെറ വീട് എന്ന മോഹം നഷ്ടസ്വർഗത്തിലാകും. അതിപ്പോൾ സംഭവിച്ചു കഴിഞ്ഞിട്ടില്ല എന്ന് ആശ്വസിക്കാം

കൃഷിഭവൻ മുഖാന്തിരം ലഭിക്കുന്ന നല്ലയിനം കുരുമുളക് ചെടികൾ വേണ്ടത്ര എണ്ണം ലഭ്യമായിട്ടില്ല. ഒരു തലമുറ വള്ളികൾ ഏറിയകൂറും ദ്രുതവാട്ടം വന്ന് നശിച്ചുകഴിഞ്ഞ പ്രദേശമാണ് ഈ പഞ്ചായത്തിലും ഉള്ളത്. കൃഷി ഭവൻ മുഖാന്തിരം ലഭിക്കുന്ന പല നടീൽ വസ്തുക്കളും കർഷകന് കാലാവസ്ഥ അനുയോജ്യ മായ സമയങ്ങളിലല്ല കിട്ടുന്നത് എന്നത് ഏറെ ദോഷകരമാകുന്നു.

പച്ചക്കറി വിത്തുകൾ പഞ്ചായത്തിൽ ഉള്ള കൃഷി ഭവനുകളിൽ വേണ്ടത്ര ലഭ്യതയില്ല. വിത്തുകൾക്ക് കാർഷീക കോളേജിലെ വിത്ത് കേന്ദ്രം വരെ യാത്ര ചെയ്യേണ്ടിവരുന്നു. അവിടെ ചെന്നന്വേഷിച്ചാലും ഉദ്ദേശിച്ച വിത്തിനങ്ങൾ പലപ്പോഴും തരുന്നതിന് അവർക്ക് സാധിക്കുന്നില്ല.

ചതുപ്പു നിലങ്ങൾ പഞ്ചായത്ത് പ്രദേശത്ത് കുറവാണ്. മനുഷ്യനിർമ്മിതമായ നീർക്കെട്ടുകൾ പലപ്രദേശങ്ങളിലും കൃഷിക്ക് പ്രശനമാകുന്നുണ്ട്. പാടം നികത്തുന്നത് കൊണ്ട് തോടുകളും ഓവുകളും അടഞ്ഞുപോയി നീരൊഴുക്ക് തടസ്സപ്പെടുന്നു. ഇതിൽ വളരെ പ്രധാനമായി കാണുന്നത്, 7-ാം വാർഡിൽ കമ്പനിക്ക് വടക്കുള്ള സുമാർ 10 ഏക്കർ സ്ഥലമാണ് . 9- ാം വാർഡിൽ ഇന്ദിര ഗാന്ധി റോഡിൽ നിന്ന് ഒഴുകുന്ന വെള്ളം കലുങ്കിനടിവശം മുതൽ ചിറവക്കഴത്തോടു മായി ബന്ധിപ്പിച്ചിരുന്നസ്ഥ ലങ്ങൾ നികത്തിയതിനാൽ നീർക്കെട്ട് ഉണ്ടാകുന്നു

## ഉൽപാദന ക്ഷമത കുറയുന്നു.

കാർഷികവിളകളുടെ ഉല്പാദന ക്ഷമത അനുദിനം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇതിൽ പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന് ആധുനികശാസ്ത്രീയവിജ്ഞാനം കർഷ-കരിലേക്ക് വേണ്ടത്ര വ്യാപിച്ചിട്ടില്ല. രണ്ടാമത് ജനങ്ങളുടെ താൽപര്യം കൃഷിയിൽ കുറഞ്ഞുവരുന്നു.

**നെൽകൃഷി.**

പുഞ്ചകൃഷിയല്ലാത്ത നെൽകൃഷി ഇന്ന് ആദായകരമല്ലാതായി തീർന്നിട്ടുണ്ട്. രാസവളങ്ങളുടേയും ജൈവവളങ്ങളുടെയും വില കൂടുതൽ കൃഷികാരെ വലക്കുന്നു. രാസ വളങ്ങളുടെ ഉപയോഗം തന്നെ ശാസ്ത്രീയ രീതിയലല്ല. തങ്ങളുടെ ഭൂമിയിൽ ഏതുതരം എത്ര വളം ചേർക്കണമെന്നതിനെ സംബന്ധിച്ച് ഒരു വിഭാഗം കൃഷിക്കാർക്കും അവബോധം ലഭിച്ചിട്ടില്ല. അശാസ്ത്രീയമായ രാസവളപ്രയോഗവും ജൈവവളത്തിൻെറ പോരായ്മയും അസാധാരണ-മായ കീടബാധക്കും ഇടവരുത്തി. ഇതിനെ നേരിടാൻ വേണ്ടി അമിതമായി കീടനാശിനി പ്രയോഗം കീടങ്ങളുടെ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുകയും കീടബാധ ഒരു തീരാ ശാപമായി കർഷകരെ പിന്തുടരുകയും ചെയ്യുന്നു. ഇത് ഉൽപാദന ക്ഷമത കുറക്കുന്നതിന്നും തദ്വാരാ കർഷകൻെറ താൽപര്യം ഇടിച്ചു താഴ്ത്തുന്ന-തിന്നും വഴിവെച്ചു. പൊതുവെ നെൽകൃഷി നഷ്ട മാണെന്ന ബോധം കർഷകരിൽ പരന്നതോടുകൂടി കൃഷിഭൂമി നികത്തി നാണ്യവിള യുണ്ടാക്കു-ന്നതിന്നും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും തുടങ്ങിയതു കാർഷിക വിളവുകൾ കുറക്കുന്ന തിന് കാരണമായി

കർഷകതൊഴിലാളികളുടെ കുറവും അവരുടെ വർദ്ധിച്ച കൂലിയും കൃഷി വൃത്തി ലാഭകരമല്ലാതാക്കി തീർത്തിരിക്കുകയാണ്. കർഷക തൊഴിലാളികളുടെ കുറവ് തക്ക സമയത്ത് കൃഷി നടത്തുന്നതിനും ആഘാതം സൃഷ്ടിക്കുന്നു. അതുകൊണ്ട് ഉൽപാദന ക്ഷമതക്ക് ക്ഷത മേറ്റിട്ടുണ്ട്.

**തെങ്ങ്**

തെങ്ങുകൃഷി തീരെ ലാഭകരമല്ലാത്ത ഒരേർപ്പാടായി തീർന്നിരിക്കുകയാണ്. ശാസ്ത്രീയ കൃഷി മുറകളുടെ അറിവില്ലായ്മയും അടിക്കടി ഉണ്ടായി കൊണ്ടിരി ക്കുന്ന വിലയിടിവുകളും കേരകർഷകനെ ക്ഷീണിപ്പിക്കുന്നു. ജലസേചന സൗകര്യ കുറവും ഉൽപാദന ക്ഷമതയെ ബാധിച്ചിരിക്കുന്നു

**കവുങ്ങ്**

കാര്യമായ ഉൽപാദന ക്ഷമത നേരിട്ടിട്ടി ല്ലാത്ത ഒരു വിളവാണിത്. എന്നാലും വർഷം തോറും മുടങ്ങാതെ വരുന്ന മഹാളി രോഗം കവുങ്ങുകർഷകൻെറ കണ്ണിലെ കരടാണ്. ഉൽപാദന ക്ഷമതയുള്ള നല്ലയിനം കവുങ്ങുകളും പരക്കെ ഉപയോഗിക്കപ്പെടുന്നില്ല. അതുകൊണ്ടും ഉൽപാദന വർദ്ധനവിന് ഹാനി സംഭവിക്കുന്നു.

**വാഴ**

വാഴകൃഷിയുടെ അന്തകനായ കൂമ്പടപ്പു രോഗം ഇവിടെ പരക്കെവ്യാപിച്ചിരിക്കുകയാണ്. അതിന് ഇതേ വരെ ഫലപ്രദമായ പ്രതിവിധി കണ്ടെത്തിയിട്ടില്ലെന്നതു നല്ലയിനം വാഴ കൃഷിയുടെ ഉൽപാദന ക്ഷമതക്ക് മങ്ങ ലേല്പിക്കുന്നു.

**പച്ചക്കറികൾ**

ഇന്ന് മിക്കവാറും എല്ലാ വീടുകളിൽ നിന്നും പച്ചക്കറികൃഷി അപ്രത്യക്ഷ മായി രിക്കുന്നു. കർഷകതൊഴിലാളികൾ പോലും അവരുടെ പുരയിടങ്ങളിൽ അൽപം പച്ചക്കറികൾ ഉണ്ടാക്കാൻ താൽപര്യം കാണിക്കുന്നില്ല. തമിഴ് നാട്ടിൽ നിന്ന് വരുന്ന പച്ചക്കറികൾ വില കുറച്ചുകിട്ടുന്നു വെന്നതാണ് ഇതിന് മുഖ്യ കാരണം. പച്ചക്കറി കൃഷിചെയ്യാൻ ഉദ്ദേശിക്കുന്ന വർക്ക് പോലും രണ്ടോ, മൂന്നോ മണിക്കൂർ പണിക്ക് ആളെ കിട്ടാത്തതും പ്രശ്നമാണ്. പച്ചക്കറിയുടെ ഉൽപാദന ക്ഷമത മാത്രമല്ല ഉൽപാദനവും മുരടിച്ചിരിക്കുകയാണ്.

**ജൈവവളങ്ങളുടെ ലഭ്യതകുറവ്**

പഴയകാലത്ത് എല്ലാ കർഷക ഭവനങ്ങളിലും കൃഷിക്കുപയുക്തമായ കന്നു കാലികളെ വളർത്തുന്ന പതിവു ണ്ടായിരുന്നു. കാർഷിക ഭൂമി തുണ്ട് തുണ്ടമായി വിഭജിക്കപെട്ടതും മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും യന്ത്ര വൽക്കരണവും കന്നു കാലികളെ വളർത്തുന്നതിൽ നിന്ന് കൃഷി ക്കാരെ പിന്തിരിപ്പിച്ചു. അതു കൊണ്ട് കന്നുകാലികളിൽ നിന്നും കിട്ടിയിരുന്ന ചാണകത്തിൻെറ ലഭ്യത തുലോം കുറഞ്ഞു. കൃഷിസ്ഥലങ്ങളിലും തോട്ടങ്ങളിലും പച്ചില ച്ചെടികൾ വെച്ചു പിടിപ്പിക്കുകയെന്ന സ്വഭാവവും കൃഷികാരിൽ വേണ്ടത്ര പ്രചരിച്ചിട്ടില്ല. അതുകൊണ്ട് പച്ചിലവളം സുലഭമായി ലഭിക്കാതെയായി വന നശീകരണവും കാടുകളുടെയും മരങ്ങളുടെയും കുറവും മൂലം വിറകിൻെറ ലഭ്യത കുറഞ്ഞത്

വെണ്ണീറ് കിട്ടാൻ പ്രയാസ മുണ്ടാക്കി. ചാണകവും പച്ചിലവളങ്ങളും ചപ്പുചവറുകളും ചേർത്ത് കമ്പോസ്റ്റ് വളം നിർമ്മിക്കുവാനും പലർക്കും സൗകര്യപ്പെടുന്നില്ല. മുൻകാലങ്ങളിലു ണ്ടായ രാസവളത്തിൻെറ അതിപ്രസരം ജൈവവളങ്ങളുടെ ആവശ്യകതയേ കുറിച്ചുള്ള കർഷകരുടെ ധാരണയക്ക് ഇടിച്ചുതാഴ്ത്തി ജൈവവളങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഡിപ്പാർട്ടു മെൻറൽ സംരംഭങ്ങളും വേണ്ടത്ര കൃഷിക്കാരിലേക്ക് ഇറങ്ങിചെന്നിട്ടില്ല. കൃഷിഭൂമിയിൽ പച്ചില ചെടികൾ വളർത്താനുടള്ള വർദ്ധിച്ച കൂലിചിലവുകളും ജൈവവളങ്ങളുടെ ലഭ്യതപ്രകടമകുന്നു. ജൈവളുടെ അത്യാവശ്യകതയെ സംബന്ധിച്ച് കർഷകന് വേണ്ടത്രപരിജ്ഞാനം ഇല്ലാത്തതുംഅതിനു വേണ്ടിയുള്ള ആത്മാർത്ഥ ശ്രമം നടത്തുന്നതിന് കർഷകനെ പിൻതിരി പ്പിക്കുവാൻ ഇടവരുത്തുന്നു. പ്രസ്തുത കാരണങ്ങളാൽ ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞിരിക്കുന്നു.

## ആർത്താറ്റ് പഞ്ചായത്ത് - പാടശേഖരകമ്മിറ്റികൾ

(അവലംബം : കൃഷിഭവൻ കണക്കുകൾ)

| ക്രമനമ്പർ | പാടശേഖരത്തിൻെറപേര് | റജിസ്റ്റർനമ്പർ | വിസതീർണ്ണം | കർകരുടെഎണ്ണം | വിളകളുടെഎണ്ണം |
|---|---|---|---|---|---|
| 1 | ആർത്താറ്റ് | 225/89 | 120 | 232 | 2 |
| 2 | ആലത്തൂർ | 377/89 | 20 | 24 | 2 |
| 3 | ചിറ്റഞ്ഞൂർ | 74/92 | 95 | 160 | 2 |
| 4 | ചിറവക്കഴത്താഴം | 167/93 | 50 | 180 | 1 (പുഞ്ച) |
| 5 | ചീരാമ്പുലി | 98/95 | 12.68 | 34 | 1 (പുഞ്ച) |
| 6 | മുതുവമ്മൽ | 179/93 | 41.3 | 107 | 1 (പുഞ്ച) |

## കർഷകതൊഴിലാളികളുടെ ലഭ്യതകുറവ്:

കർഷകതൊഴിലാളികളുടെ ലഭ്യതകുറവ് ഇവിടെ ഒരു പ്രശ്നമായി നിലകൊള്ളുന്നു. പുതിയ തലമുറയിലെ ചെറുപ്പക്കാർ കൃഷി പണിയിൽ വ്യാപൃതരാകാൻ ഇഷ്ടപ്പെടുന്നില്ല. പെൺകുട്ടികൾക്ക് ബീഡിതെരുപ്പ്, ബുക്ക് ബൈൻഡിങ്ങ് എന്നി തൊഴിലുകളോടാണ് താൽപര്യം. ഗൾഫിൽ പോകുന്നവരുടെ എണ്ണം വർദ്ധിച്ചു തുടങ്ങിയതോടെ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞു കുറഞ്ഞു വരുന്നു. ഗൾഫിൽപോയി തിരിച്ചുവരുന്നവർ വീണ്ടും നാട്ടിൽ വന്ന് കൃഷി പണികൾ ചെയ്യാൻ തയ്യാറാകുന്നില്ല. ഗൾഫ് പണം നാട്ടിൽ വന്നതോടുകൂടി തൊഴിലാളികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. ഇവിടെ കർഷകതൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ വന്നു തുടങ്ങിയപ്പോൾ തമിഴ്നാട്ടിൽ നിന്നും വിവിധ തരം തൊഴിലാളികൾ മലയാളനാട്ടിലേക്ക് വന്നു. ഇപ്പോൾ തമിഴ് നാട്ടിലെ തൊഴിലാളികളും വർദ്ധിച്ച കൂലി ആവശ്യപ്പെട്ടുതുടങ്ങി. അവർ കേരളത്തെ അവരുടെ ഗൾഫായി കണ്ടു തുടങ്ങിയിരിക്കുന്നു. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാത്തതുകൊണ്ടും വർദ്ധിച്ച കൂലി നിരക്കും കാരണം കൃഷി പണി ക്രമേണ കുറഞ്ഞുവരുന്നു.

## യന്ത്രോപകരണങ്ങളുടെ ലഭ്യതകുറവ്

തെങ്ങിൻ തോട്ടങ്ങൾ ഉഴുന്നുതിന് ആവശ്യമായ പവർ ട്രില്ലർ വാടകക്ക് ലഭ്യമാകുന്നില്ല. കീടനാശിനിതെളിക്കുന്നതിനാവശ്യമായ നാപ്സ്റ്റാക്ക്, റോക്കർ സ്പ്രെയറുകൾ വാടകൾക്ക് വേണ്ടത്ര് കിട്ടുന്നില്ല. കൊയ്ത്ത്, മെതി, നടിൽ എന്നീ ആവശ്യങ്ങൾക്ക് കർഷകതൊഴിലാളികളെ ആവശ്യസമയത്ത് വേണ്ടത്ര കിട്ടാനില്ല. ഇതിനുപരിഹാരമായി കൊയ്ത്ത്, മെതി, നടീൽ എന്നീ ആവശ്യങ്ങൾക്കുള്ള യന്ത്രങ്ങളും ലഭ്യമല്ല.

## ഉൽപന്നങ്ങളുടെ വിലകുറവ്

മൊത്തത്തിൽ കാർഷിക വിളകൾക്ക് ഒന്നും തന്നെ കൂലി വർദ്ധനവിന് ആനുപാതികമായി കഴിഞ്ഞ അമ്പതു വർഷത്തെ അനുഭവം വെച്ചുനോക്കിയാൽ വില വർദ്ധിച്ചിട്ടില്ല. 1975-ാം മാണ്ടിൽ ഒരു നാളികേരത്തിന് 1 രൂപ വിലയുള്ളപ്പോൾ ഒരാളുടെ കൂലി 10 രൂപയേ ഉണ്ടായിരുന്നുള്ളു. 1996ൽ 20 വർഷത്തിനുശേഷം നാളികേരത്തിന്റെ വില 4 രൂപ ആയപ്പോൾ കൂലി 100 രൂപയായി വർദ്ധിച്ചു. ഈ തോതിൽ തന്നെയാണ് രാസവളത്തിന്റെയും ജൈവവളങ്ങളുടേയും വില വർദ്ധിച്ചിട്ടുള്ളത്. ഉൽപന്നങ്ങളുടെ വില വർദ്ധനവിൽ കൂടിയല്ലാതെ ഇതിന് യാതൊരു പരിഹാരമാർഗ്ഗവും ഇല്ല. പ്രധാന വിളകളായ അടക്ക, നെല്ല്, കുരുമുളക് മുതലായവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. കാർഷിക ഉൽപന്നങ്ങൾ ഉദാ: വാഴപ്പഴം, അടക്ക, നാളികേരം, കുരുമുളക്, പച്ചക്കറി ഇനങ്ങൾ എന്നിവ നാട്ടിൽ തന്നെ ചിലവഴിക്കുന്നതിന് സാധ്യതകുറവായതിനാൽ കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കർഷകന് മാന്യമായ വിലകിട്ടാതിരിക്കാൻ പ്രധാനമായും മദ്ധ്യവർത്തികളുടെ ചൂഷണവും കാരണമാണ്.

ഇങ്ങനെ കൂലിചിലവിന്റേയും വളത്തിന്റേയും ചിലവ് അമിതമായി വർദ്ധിക്കുകയും ഉൽപന്നങ്ങളുടെ വില ആനുപാതികമായി വർദ്ധിക്കാതിരിക്കുകയും ചെയ്യുന്ന തോടൊപ്പം കർഷകൻ മദ്ധ്യവർത്തികളുടെ ചൂഷണത്തിനു വിധേയമാകുകയും ചെയ്യുക മൂലം കർഷകൻ ഇപ്പോൾ യഥാർത്ഥത്തിൽ കടലിന്റേയും ചെകുത്താന്റേയും ഇടയിലാണ്.

## ജലസേചനപ്രശ്നങ്ങൾ

നിലവിലുള്ള ജലസേചന പദ്ധതികൾ ഉപയോഗ്യമല്ലാതെ കിടക്കുന്നു. ചിറ്റഞ്ഞൂർ പാടശേഖരത്തിൽ കൂടി ഒഴുകുന്നു കരിമ്പനതോടി'ന് മൊത്തം നാല് ക്രോസ് ബാറുകൾ ഉള്ളതിൽ 'കാപ്പിരിക്കുന്ന്' പാലത്തിന് ഇട്ടിരിക്കുന്ന ചീർപ്പ് മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളു. ബാക്കി മൂന്ന് ചീർപ്പുകളും പ്രവർത്തനക്ഷമമല്ല. തോടിന്റെ വിസ്തൃതി വളരെയധികം കുറഞ്ഞുകുറഞ്ഞു വന്നിരിക്കുകയാണ്. അതുപൊലെ തന്നെ പിള്ളാക്കാടു നിന്ന് ആരംഭിക്കുന്ന 'പെരുംതോട്' ആർത്താറ്റ് പഞ്ചായത്തിന്റെ 6,7,8, വാർഡുകളിൽ കൂടി ഒഴുകി മാഞ്ചിറക്കൽ കൂടി ബിയ്യം കെട്ടിൽ ചേരുന്ന പേരുംതോടിന് പിള്ളക്കാട് മുതൽ ചക്കിതറ വരെയുള്ള പ്രദേശത്തിനിടയിൽ 7 ക്രോസ് ബാറുകൾ ഉണ്ടെങ്കിലും ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. മാത്രമല്ല ഈ തോടിൽ നിന്നും സ്വകാര്യവ്യക്തികൾ വീടിന്റെ തറപണിക്കും മറ്റുമായി മണ്ണ് കോരിയെടുക്കുന്നതുകൊണ്ട് തോടിന്റെ ആഴം കൂടുകയും നെൽപാടങ്ങളിൽ ആവശ്യമായ സമയത്ത് വെള്ളം നിൽക്കാതെ വരികയും ചെയ്യുന്നു. ആർത്താറ്റ് പാടശേഖരത്ത് ചെമ്മണൂർ തോടിനുകുറുകെ നിർമ്മിച്ചിരിക്കുന്ന ക്രോസ് ബാറുകൾ നാട്ടറിവുള്ള കൃഷിക്കാരുടെ അഭി

പ്രായം മാനിക്കാതെ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നിർമ്മിച്ചതിന്റെ ഫലമായി ഈ ക്രോസ് ബാറുകളിൽ വെള്ളം തടഞ്ഞു നിർത്താൻ കഴിയുന്നില്ല. ഉയർന്ന ഭാഗത്ത് ക്രോസ് ബാറുകൾ നിർമ്മിച്ചതാണ്. ഇതിനു പ്രധാന കാരണം. ചെമ്മണ്ണൂർ തോട്ടിൽ ഇത്തരത്തിലുള്ള നാല് ക്രോസ് ബാറുകൾ പ്രവർത്തനക്ഷമമല്ല.

സ്ഥലത്തെ കൃഷിക്കാരുടെ അറിവും ആവശ്യവും പരിഗണിക്കാതെ തെറ്റായ സ്ഥലത്ത് നിർമ്മിച്ച 9-ാം വാർഡിലുള്ള ചെറുവക്കഴ ക്രോസ്ബാർ ഒരു നോക്കുക്കുത്തിപോലെ സ്ഥിതിചെയ്യുന്നു. പൊതുതോടുകൾ മിക്കവയിലും സ്വകാര്യ വ്യക്തികൾ കൈയ്യേറ്റം നടത്തിയിട്ടുണ്ട്. ചിലർ ചെറിയ തോടുകൾ പൂർണ്ണമായും കയ്യേറിപോയിരിക്കുന്നു. അനധികൃതമായ താഴ്ത്തലുകളും നികത്തലുകളും നടന്നിരിക്കുന്നതുകൊണ്ട് നീരൊഴുക്ക് തടസ്സപ്പെടുത്തുന്നു.

## വായ്പാ സൗകര്യങ്ങൾ

നിലവിലുള്ള ധനകാര്യസ്ഥാപനങ്ങളായ ദേസസാൽകൃത ബാങ്കുകൾ, മറ്റു ബാങ്കുകൾ, സ്ഹകരണ സംഘങ്ങൾ, ഭൂവികസന ബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ കൃഷികാർക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃഷിക്കാരും ധനകാര്യസ്ഥാപനങ്ങളും തമ്മിൽ വേണ്ടത്ര ബന്ധം ഇന്നില്ല. കൃഷി വികസനത്തിന് ആവശ്യമായ വായ്പാ പദ്ധതികൾ ഏതൊക്കെയെന്നും എത്രമാത്രം വായ്പാ കിട്ടുമെന്നും പലിശനിരക്ക് എത്ര എന്നും തിരിച്ചടവിനെക്കുറിച്ചുള്ള കാര്യങ്ങളിൽ കൃഷിക്കാരൻ വേണ്ടത്ര ബോധവാനല്ല. ഈ പഞ്ചായത്ത് പ്രദേശത്തേക്ക് കൃഷിവികസനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത് ഇന്ത്യൻ ബാങ്ക് കുന്ദംകുളം, കാത്തലിക് സിറിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആർത്താറ്റ് എന്നിവയാണ്. ഇവയിൽ കാത്തലിക് സിറിയൻ ബാങ്കാണ് സേവന തുറയിൽ ഏറ്റവും പിന്നണിയിൽ നിൽക്കുന്നത്. ഇത് ഒരു ഷെഡ്യൂൾ ബാങ്ക് ആയതാകാം ഇതിനുകാരണം. മറ്റ് രണ്ട് ബാങ്കുകളും ദേശസാൽകൃതമായതുകൊണ്ട് സേവനത്തിൽ നേരിയ വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. ഇവരുടെയും സേവനങ്ങൾ തൃപ്തികരമല്ല. കൃഷിക്കാർക്ക് തങ്ങളുടെ കൃഷിസ്ഥലം മുൻപറഞ്ഞ ബാങ്കിന്റെ പരിധിയിൽ ഉൾക്കൊള്ളുന്നു എന്ന് അറിയില്ല. ഇങ്ങനെ ഒരു ജനതയ്ക്ക് ബാങ്കുകളിൽ നിന്ന് തങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാണ് എന്ന് എങ്ങനെ അറിയാം. ബാങ്കുകളുടെ നിഷേധാത്മകസമീപനം കൂടിയാകുമ്പോൾ കർഷകന് അവയിൽനിന്ന് ഒന്നും പ്രതീക്ഷിക്കാനാവില്ല. ഈ പഞ്ചായത്തിലെ ആർത്താറ്റ് അഞ്ഞൂർ സർവ്വീസ് സഹകരണസംഘം കഴിഞ്ഞ മൂന്ന് വർഷമായി കാർഷിക വായ്പ ഒന്നും തന്നെ നൽകിയിട്ടില്ല. വളം കീടനാശിനി വിപണനവും നിർത്തലാക്കിയിരിക്കുന്നു. ആർത്താറ്റ് ആസ്ഥാനമായുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാർഷിക വികസന ബ്രാഞ്ചിന്റെ സേവനവും ഈ പഞ്ചായത്തു പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. ഈ പഞ്ചായത്തു പ്രദേശത്ത് നിന്നുള്ള വിദേശ ഇന്ത്യക്കാർ ഈ ബാങ്കിൽ നിക്ഷേപിക്കുന്ന തുകയുടെ വളരെ നേരിയ ശതമാനം മാത്രമേ ഈ പ്രദേശത്തെ ജനങ്ങൾക്ക് വായ്പയായി ലഭിക്കുന്നുള്ളു.

കൃഷിഭവനിൽ നിന്ന് ആവശ്യമായ സഹായം ലഭിക്കുന്നില്ല. കൃഷിഭവനിലൂടെ നൽകുന്ന തൈകളും മറ്റു നടീൽ വസ്തുക്കളും കർഷരുടെ ആവശ്യം അനുസരിച്ച് അവർക്ക് ഉപയുക്തമായ സമയങ്ങളിൽ അല്ല എത്തുന്നത്. കൃഷിഭവൻ വഴി നൽകുന്ന നെൽവിത്തുകളും മറ്റും നടീൽ സമയം കഴിഞ്ഞാണ് പലപ്പോഴും ലഭിക്കുന്നത്. പഞ്ചായത്തിലെ ആവശ്യത്തിനുസരിച്ച് അതതു കാലങ്ങളിൽ ഇവ നൽകാനുള്ള മറ്റു സൗകര്യങ്ങൾ ഒന്നും ഇല്ല. കൃഷിഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ജനങ്ങളെ അറിയിക്കാനുള്ള കർഷക സമ്പർക്ക പരിപാടികൾ കുറവാണ്. കൃഷിഭവനിലൂടെ നൽകുന്ന സബ്സിഡികൾക്കും വിത്ത് പാക്കറ്റുകക്കും ആവശ്യക്കാരുടെ എണ്ണം പദ്ധതിവിഹിത്തേക്കാൾ കൂടുതലാണ്. അതേ സമയം തെങ്ങിൻ തൈകൾ ഗ്രാഫ്റ്റുകൾ എന്നിവ കർഷകർക്ക് വേണ്ടതിലധികം എത്തുകയും ചെയ്യുന്നു. പഞ്ചായത്തിലെ കേരവികസന സമിതിയുടെയും സർവ്വീസ് സഹകരണ ബാങ്കിന്റെയും പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നതുകൊണ്ട് കൃഷിഭവനിൽ നിന്ന് ഈ സമിതികൾ വഴി ജനങ്ങൾക്ക് പ്രയോജനങ്ങൾ ലഭിക്കുന്നില്ല.

## കൃഷിഭവൻ പ്രവർത്തനങ്ങൾ

പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കുന്നംകുളം ഗുരുവായൂർ റോഡിൽ ചാട്ടുകുളത്തിന് സ്ഥിതിചെയ്യുന്ന

ആർത്താറ്റ് കൃഷിഭവൻ 1987 സെപ്റ്റംബറിൽ നിലവിൽ വന്നു. കൃഷിഭവന്റെ പ്രവർത്തനങ്ങൾ താഴെചേർക്കുന്നു.

1. കൃഷിഭവന്റെ പദ്ധതി പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുക.

2. കാർഷിക സർവ്വകലാശാലയിൽ ഉരുത്തിരിയുന്ന പുതിയ ശാസ്ത്രീയ കൃഷിരീതികൾക്കും ജനങ്ങൾക്കും കർഷകർക്കിടയിൽ പ്രചാരം നൽകുക.

3. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി കർഷകരുടെ ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.

4. സബ്സിഡി നിരക്കിൽ കർഷകർക്ക് വിത്തും വളവും തടീൽ വസ്തുക്കളും ലഭ്യമാക്കുക.

5. കൃഷിയിടങ്ങളിലെ മണ്ണു പരിശോധനയും വളം കീടനാശിനി, വിത്ത് എന്നിവയുടെ ഗുണനിർണ്ണയത്തിനു വേണ്ട നടപടികളും സ്വീകരിക്കുക.

6. നെല്ലുഉൽപ്പാദക സമിതികളുടെയും കേര സമിതിയുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

7. കൃഷിഭവന്റെ കാര്യക്ഷമമായ നടത്തിപ്പിന് വിവിധ കർഷകസംഘടനകളുടെയും, സമിതികളുടെയും, മൃഗസംരക്ഷണം, ചെറുകിട ജല സേചനം, വൈദ്യുതി എന്നീ അനുബന്ധ മേഘലകളുടെയും സഹകരണം അത്യന്താപേക്ഷിതമാണ്.

## നടപ്പ് പദ്ധതികളുടെ വിശകലനം

1. 1995 ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി കേരളത്തിലാകമാനം കൃഷിയും മറ്റു അനുബന്ധമേഘലകളും ജീവിത മാർഗ്ഗമായി തിരഞ്ഞെടുക്കുന്ന 1 ലക്ഷം യുവജനങ്ങളെ ഈ പദ്ധതിയിൽ അംഗമാക്കുന്നു. 20,35 വയസ്സ് പ്രായവും കുറഞ്ഞത് 5cent കൃഷിഭൂമിയുള്ളവർക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസും ആയിരം രൂപ പദ്ധതിവിഹിതവും അടച്ച് ഈ പദ്ധതിയിൽ ചേരാം. പട്ടാകജാതി പട്ടിക വർഗ്ഗക്കാർക്ക് 40 വയസ്സാണ് പ്രായപരിധി. അവർക്ക് പദ്ധതി വിഹിതമായ 1000രൂപ അടക്കേണ്ടതില്ല. അംഗങ്ങൾക്ക് ഓരോരുത്തരും തിരഞ്ഞെടുക്കുന്ന കാർഷിക തൊഴിൽദാന മേഖലയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. 60 വയസ്സ് തികയുമ്പോൾ 30,000 മുതൽ 60,0000 രൂപ വരെ ഗ്രാറ്റുവിറ്റിയും 1000 രൂപ പ്രതിമാസ പെൻഷനും മരണാനന്തരം അവകാശിയ്ക്ക് 1 ലക്ഷം രൂപയും ലഭിക്കും.

ഈ പദ്ധതിയിൽ പഞ്ചായത്തിൽനിന്ന് ചേർന്നവരുടെ അംഗ സംഖ്യ 109, പുരുഷനമ്മാർ 50, സ്ത്രീകൾ 53.

പട്ടികജാതി പുരുഷന്മാർ - 19

സ്ത്രീകൾ - 7

2. വിളാ ഇൻഷ്വറൻസ് പദ്ധതി:-

പ്രകൃതി ക്ഷോഭങ്ങൾ മൂലം വിളനാശം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന്നായി 25 പ്രധാന വിളകൾക്ക് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കി യിരിക്കുന്നു. പദ്ധതിയിൽ ചേർന്നവരുടെ എണ്ണം. 81

സമഗ്രനാളികേര വികസനപദ്ധതി 93-94 95-96 തെങ്ങിൻ തോട്ടങ്ങളിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി കിണർ കുഴിക്കാനും പമ്പ്സെറ്റ് സ്ഥാപിക്കാനും ഗ്രൂപ്പ് ജലസേചനം, കമ്മ്യൂണിസ്റ്റി ജലസേചനം എന്നിവയ്ക്കും സബ്സിഡികൾ അനുവദിക്കുന്നു. ഇതിനു പുറമെ തെങ്ങ് കയറ്റ യന്ത്രം, റോക്കർ സ്പ്രയർ, കൊപ്ര ഉണക്കുയന്ത്രം എന്നിവയ്ക്കും ആനുകൂല്യങ്ങൾ നൽകുന്നു.

| | | | |
|---|---|---|---|
| 1. | തെങ്ങിൻ തൈകൾ (നാടൻ) | - | 600 Nos. |
| 2. | TXD | - | 35 |
| 3. | DXT | - | 85 |
| 4. | കിണർ | - | 82 |
| 5. | പമ്പ് സെറ്റ് | - | 79 |
| 6. | തെങ്ങുകയറ്റ യന്ത്രം | - | 4 |
| 7. | റോക്കർ സ്പ്രെയർ | - | 1 |

## പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി.

പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വളവും നടിൽ വസ്തുക്കളും സൗജന്യമായി നൽകുക. ഫാം ഹൗസ്, കിണർ, എന്നിവ നിർമ്മിക്കുവാനും, പമ്പ്സെറ്റ്, സ്പ്രെയറുകൾ എന്നിവ വാങ്ങുവാനും ആവശ്യമായ ക്ഷ്യത്തിക സഹായം നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

1991-92 മുതൽ 94-95 വരെ

| | | |
|---|---|---|
| സ്പ്രയറുകൾ | - | 10 എണ്ണം |
| തെങ്ങിൻ തൈകൾ | - | 550 |
| തെങ്ങിൻ കൂട്ടുവളം | - | 22,520 കിലോഗ്രാം. |

ബയോഗ്യാസ് വികസനപദ്ധതി ഗ്രാമീണ കുടുംബങ്ങൾക്ക് പാചകാവശ്യത്തിനുള്ള ഇന്ധനം ലഭ്യമാക്കുന്നതിനും ജൈവവള നിർമ്മാണങ്ങളിലെ ശുചിത്വം വർദ്ധിപ്പിക്കാനായി കക്കൂസുകളുമായി ബന്ധിപ്പിച്ച് ബയോഗ്യാസ് പ്ലാന്റുകൾക്ക് ഇപ്പോൾ

കൂടുതൽ പ്രാധാന്യം നൽകി വരുന്നു.

2. ക്യൂബിക് മീറ്റർ ഗ്യാസ്/നിത്യം - സബ്സിഡി
3. ,, ,, ഗ്യാസ്/ നിത്യം - 2600 രൂപ
വിതരണം ചെയ്ത് - 4

## 6. സംയോജിത സുഗന്ധവിളവികസന പദ്ധതി.

കുരുമുളക്, ഇഞ്ചി, മഞ്ഞൾ വൃക്ഷ സുഗന്ധ വിളകൾ എന്നിവയുടെ വികസനത്തിനായുള്ള ഈ പദ്ധതിയിൽ കുറഞ്ഞ നിരക്കിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുക, രോഗബാധിതവും പ്രായം ചെന്നതുമായ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക്, ഇഞ്ചി എന്നിവയുടെ പുതുകൃഷിക്ക് ധനസഹായം. പ്രദർശന തോട്ടങ്ങളുടെ നിർമ്മാണം ഗ്രാമ്പൂ, ജാതി, കറുവപ്പട്ട എന്നിവയുടെ നടീൽ വസ്തുക്കളുടെ വിതരണം എന്നീ ഘടകങ്ങൾ ആണ് ഉള്ളത്.

1991-92 മുതൽ 94-95 വരെ

| | | |
|---|---|---|
| കുരുമുളക് വള്ളികൾ | - 6000 | എണ്ണം |
| ഇഞ്ചി വിത്ത് | - 75 | കി.ഗ്രാം |
| ഗ്രാമ്പു തൈകൾ | - 30 | എണ്ണം |

## 7. കണിക ജലസേചന പദ്ധതി:

തെങ്ങിൻത്തോട്ടങ്ങളിലെ ജല സേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ഈ പദ്ധതിയിൽ ആകെ ചിലവിന്റെ 50% സബ്സിഡിയായി നൽകുന്നു.

വിതരണം ചെയ്ത് - 2 എണ്ണം

## 8. നെല്ലുൽപാദന ബോണസ്

നെൽകൃഷിചെയ്യു ന്നതിൽ കർഷകർക്ക് താൽപര്യം വർദ്ധിപ്പിക്കാനായി പാടശേഖര സമതി മുഖാന്തിരം ഒരോ സീസണിലും ഹെക്ടർ ഒന്നിന് 250 രൂപവീതം ധനസഹായം നൽകി വരുന്നു.

| | | |
|---|---|---|
| 1995-96ൽ | വിരിപ്പുകൃഷിക്ക് | 21, 183 രൂപ |
| ,, | മുണ്ടകൻ | 22,128 |
| | പുഞ്ച | 8818 |

## 9. സുഗന്ധ തൈല ഔഷധ വിളവികസന പദ്ധതി (96-97)

ഔഷധ ചെടികളുടെ പ്രദർശനത്തിനും വിത്തുൽപാദനത്തിനുമുള്ള കേന്ദ്രങ്ങൾ കർഷകരുടെ നിലങ്ങളിൽ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെയുള്ള ഈ പദ്ധതിയിൻ കീഴിൽ നടീൽ വസ്തുക്കളും ധനസഹായവും നൽകി വരുന്നു.

## 10. ചെറുകിട-കൃഷിയ്ക്കുള്ള യന്ത്രവൽക്കരണം:

ഈ പദ്ധതി മുഖേന രജിസ്ട്രേഡ് നെല്ലുൽപാദക സമിതികൾക്കും സർവ്വീസ് സഹകരണ ബാങ്കുകൾക്കും ട്രാക്ടർ, പവർ ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തു യന്ത്രം, പവർ സ്പ്രയർ, തുടങ്ങിയ കാർഷിക ഉപകരണങ്ങൾ 50% സബ്സിഡി നിരക്കിൽ നൽകിവരുന്നു.

വിതരണം ചെയ്തത് - മെതിയന്ത്രം - 1
നാപ്സാക് സെപ്രയർ - 10

## 11. പ്രധാന മന്ത്രിയുടെ പ്രത്യേക ഘടക പദ്ധതി

നെൽകൃഷി വികസനത്തിനായി പാടശേഖരങ്ങളുടെ ഇൻഫ്രാ സ്ട്രച്ചർ ഡവലപ്മെന്റ് ലക്ഷ്യമാക്കിക്കൊണ്ട് നൽകി വരുന്ന സഹായം ആകെ പദ്ധതി.

ചിലവിന്റെ 85% സബ്സിഡിയായി ലഭിക്കും.
വിതരണം ചെയ്തത് പവർട്രില്ലർ - 1
(ആർത്താറ്റ് പാടശേഖരം)

## 12. മണ്ണ് പരിശോധന വളങ്ങളുടെ ശാസ്ത്രീയവും.

ചിലവുകുറഞ്ഞതുമായ ഉപയോഗത്തിന് മണ്ണ് പരിശോധന അത്യന്താപേക്ഷിതമാണ്. കർഷകരുടെ നിലങ്ങളിൽ നിന്നും ശേഖരിക്കുന്ന മണ്ണ് പരിശോധന ക്കയച്ച് വിവരങ്ങൾ കർഷകരെ അറിയിക്കുന്നു. ഓരോ വർഷവും 200-300 മണ്ണു സാമ്പിളുകളാണ് അയക്കേ ണ്ടത്.

## 13. പച്ചക്കറി വികസന പദ്ധതി

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി സ്കൂളുകളിലെ പച്ചക്കറിത്തോട്ടങ്ങൾ എന്നിവയുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് വിത്തുപാക്കറ്റുകൾക്ക് പ്രത്യേക സമ്മാന പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. 91-92 മുതൽ 94-95 വരെ 3808 പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## 13. പയറുവർഗ്ഗ വികസന പദ്ധതി:

ഈ പദ്ധതിയിൽ കീഴിയിൽ കൃഷിക്കാർക്ക് പയറു വർഗ്ഗച്ചെടികളുടെ വിത്ത് പാക്കറ്റുകളും റൈസോബിയം കൾച്ചറുകളും വിതരണം സംഘടിപ്പിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| 91-92 മുതൽ | - | 94-95 വരെ |
| പയർ | - | 360 കിലോഗ്രാം |
| ഉഴുന്ന് | - | 120 |
| ചെറുപയറ് | - | 148 |
| റൈസോബിയം കൾച്ചർ | - | 12 കിലോ. |

## 14. ഫല വൃക്ഷങ്ങളുടെ വികസന പദ്ധതി.

ഈ പദ്ധതിയിൽ കീഴിൽ വിവിധ പഴ വർഗ്ഗങ്ങളുടെ തൈകൾ പരിമിതമായ വിലക്ക് വിതരണം ചെയ്തു വരുന്നു.

91 - 92 മുതൽ 94-95 വരെ

| | | |
|---|---|---|
| മാവ് | - | 348 |
| പേര് | - | 14 |
| സപ്പോട്ട | - | 10 |
| ചെറുനാരകം | - | 20 |
| ചെറി | - | 14 |
| ചാമ്പ | - | 10 |

## 15. കർഷക സംഘങ്ങളിലൂടെ ജൈവവളത്തിന്റെ ഉപയോഗം പ്രചരിപ്പിക്കൽ:

ഈ പദ്ധതിയിൽ കീഴിൽ പച്ചില വളം വിത്തുകളുടെ വിതരണം, കമ്പോസ്റ്റ് നിർമ്മാണം, ജീവാണു വള പ്രയോഗത്തിന്റെ പ്രചാരണം, പരിശീലന ക്ലാസ്സുകൾ എന്നിവയാണ് നടപ്പിലാക്കുന്നത്.

## 16. കശുമാവുകൃഷി വികസന പദ്ധതി:

ഈ പദ്ധതിയിൽ കീഴിൽ നല്ലയിനം ഒട്ടു തൈകൾ വിതരണം ചെയ്യുകയും, തൈകൾ നടാനായി ധനസഹായം നൽകുകയും ചെയ്യുന്നു.

91-92 മുതൽ 94-95 വരെ.

| | |
|---|---|
| കശുമാവിൻ തൈകൾ | - 600 എണ്ണം |
| നടാനുള്ള ധനസഹായം | - 1728 രൂപ |

## 17. കൃഷിയിൽ പൊതുജന പങ്കാളിത്തം:

ഈ പദ്ധതിയിൽ കീഴിൽ ഏറ്റവും നല്ല, വിരിപ്പ്, മുണ്ടകർ, പുഞ്ച Whole farm development (മൊത്തം കൃഷി സ്ഥല വികസനം) എന്നീ മേഖലകളിലെ ഏറ്റവും നല്ല കർഷകർക്കും സമ്മാനം നൽകുന്നു. കൃഷിക്കാർക്കു വേണ്ടി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

## 18. കവുങ്ങ് വികസന പദ്ധതി:

കവുങ്ങിനെ ബാധിക്കുന്ന മഹാളി രോഗം നിയന്ത്രിക്കാനായി തുരിശും ചുണ്ണാമ്പും 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കവുങ്ങിൻ തോട്ടങ്ങൾ നനയ്ക്കുന്നതിന് കിണർ, പമ്പ്സെറ്റ് എന്നിവ 20% സബ്സിഡി നിരക്കിൽ നൽകിവരുന്നു.

95-96 വർഷത്തിൽ മഹാളി രോഗ നിയന്ത്രണത്തിന് 7999 രൂപ സബ്സിഡി നൽകി.

## 19. ചെറുകിട പരിമിത കർഷകർക്കുള്ള കേന്ദ്രീയ കാർഷികോൽപാദന പദ്ധതി (മിനികിറ്റ് പദ്ധതി)

ചെറുകിട നാമമാത്ര കർഷകർക്ക് പരിമിതമായ വിലക്ക് വിത്ത്, തടീൽ വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ തെങ്ങ്, കവുങ്ങ്, കുരുമുളക് ഗ്രാമ്പു, കറുവപ്പട്ട എന്നിവയുടെ നടീൽ വസ്തുക്കളും പച്ചക്കറി വിത്തുകളും നൽകി വരുന്നു.

## 20. നെൽകൃഷി വൈദ്യുതി ചിലവ് ഇളവ് ചെയ്യുന്ന പദ്ധതി.

നെൽകൃഷി കൂടുതൽ ലാഭകരമാക്കിത്തീർക്കുന്നതിന് നെൽകൃഷിക്കാവശ്യമായ വൈദ്യുതിക്ക് പൂർണ്ണമായും ഇളവ് നൽകുന്നു. ആകെ കൃഷിയിടത്തിന്റെ 80%ൽ കൂടുതൽ നെൽകൃഷിചെയ്യുന്ന കർഷകർക്കാണ് ഈ ഇളവ് അനുവദിച്ചിരിക്കുന്നത്.

## 21. സംയോജിത ധാന്യവികസന പദ്ധതി:

നെൽപാടങ്ങളിൽ ശാസ്ത്രീയ ഉൽപാദന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുക, കൃഷിക്കാർക്ക് സംയോജിത കീടനിവാരണ പദ്ധതിയിൽ പരിസീലനം നൽകുക, കാർഷിക സർവ്വകലാശാലയിൽ നിന്ന് പുറത്തിറക്കുന്ന പുതിയ വിത്തുകൾ പ്രചരിപ്പിക്കുക എന്നീ ഉദ്ദേശങ്ങളോടെ നടപ്പിലാക്കി വരുന്നു.

94-95ൽ (സംയോജിത കീടനിവാരണ പദ്ധതി) പ്രകാരം 30 കിറ്റുകൾ വിതരണം ചെയ്തു.

2 ദിവസത്തെ കർഷക പരിശീലനം നടത്തി.

## 22. നെല്ല് മിനികിറ്റ് പദ്ധതി.

നെൽകൃഷിക്കാർക്ക് സൗജന്യമായി നെൽവിത്തു നൽകുന്നതിനുള്ള പദ്ധതി.

91-92 മുതൽ 94-95 വരെ

| | | |
|---|---|---|
| ചുവന്ന ത്രിവേണി | - | 3750 കിലോഗ്രാം |
| ജ്യോതി | - | 3000 |
| ഭാഗ്യ | - | 20 |
| ഓണം | - | 50 |
| പവിഴം | - | 500 |
| ഹ്രസ്വ | - | 10 |
| ആതിര | - | 10 |

## സാധ്യതകൾ:

തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പരിപാടികൾ: കൃഷിയോഗ്യമായ ഭൂമി, പ്രത്യേകിച്ച് നെൽവയൽ, തരിശ്ശിടാനുള്ള പ്രവണത ഈ പ്രദേശത്ത് അനുദിനം വർദ്ധിവരികയാണ്. അതിനുള്ള പ്രധാനകാരണം ഗൾഫ് പണത്തിന്റെ സ്വാധീനമത്രെ. കാർഷിക ഭൂവുടമകളിൽ പ്പെട്ട കുടുംബങ്ങളിൽ ഒരു വീട്ടിൽ നിന്നു ഒരാളെങ്കിലും ഗൾഫ് വരുമാനം ആർജ്ജിക്കുന്നവരാണ്. ആ കുടുംബ ത്തിന്റെ പ്രധാനവരുമാനമാർഗ്ഗവും അത് തന്നെ. അക്കാ രണത്താലാണ് കൃഷിഭൂമി അവഗണിക്കപ്പെടുന്നത്. വർദ്ധി ച്ചുവരുന്ന കൂലിച്ചിലവും കൂലിക്കാരുടെ ദൗർലഭ്യവുമാണ് മറ്റൊരു കാരണം. നെൽവയലുകളുടെ ഇപ്പോഴത്തെ ഉപ യോഗം രണ്ടുതരത്തിലാണ്. കൃഷിഭൂമി നാണ്യവിളയായ തെങ്ങു കൃഷിക്ക് നികത്തിയെടുക്കുക, ബാക്കി സ്ഥലം തരിശ്ശിടുക ഇതാണ് പതിവ്.

നാൽപ്പത്തൊന്ന് ഹെക്ടർ വരുന്ന മുതുവമ്മൽ കോൾപടവ് കഴിഞ്ഞ അഞ്ചുവർഷമായി തരിശ്ശിട്ടിരിക്കു കയാണ്. വർഷത്തിൽ മുപ്പതിനായിരം പറനെല്ല് ഉൽപാ ദിപ്പിക്കാൻ സാധ്യതയുള്ള കോൾപടവാണ് അഞ്ചുക്കൊ ല്ലമായി വിളവിടാതെ, നിഷ്പലമാക്കിതീർത്തത് ഈ മേഖ ലയിൽ തൊണ്ണൂറുശതമാനവും ഗൾഫ് വരുമാനത്തെ ആശ്രയിക്കുന്നവരായത്കൊണ്ടാണ് ഈ അവഗണന. എന്നിരുന്നാലും ഈ കോൾപടവിലേക്ക് 4 പമ്പുസെറ്റു കൾ അനുവദിക്കുകയും തോടുകൾ പരസ്പരം ബന്ധി ക്കാനുള്ള പദ്ധതി നടപ്പിലാക്കുകയും ചെയ്താൽ പുഞ്ച വിളയെടുക്കുവാൻ കഴിയുമെന്നാണ് ആ വാർഡിലെ ഗ്രാമ സഭയിൽ നിന്നു ഉരുത്തിരിഞ്ഞ അഭിപ്രായവും തീരുമാ നവും.

മറ്റുപ്രദേശങ്ങളിലെ വിരുപ്പ്, മുണ്ടകൻ, കൃഷിഭൂമി തരിശ്ശിട്ട ഭൂവുടമകളുടെ പ്രാദേശികതലത്തിലുള്ള യോഗം വിളിച്ചുകൂട്ടി, അവർക്ക് പ്രതിബന്ധമായി നിൽക്കുന്ന ഘടകങ്ങൾ ചർച്ചചെയ്തു അവയുടെ പരിഹാരമാർഗ്ഗ ങ്ങൾ കണ്ടെത്തേണ്ടതാണ്. അതിന് പഞ്ചായത്തിലെ കൃഷി ഭവൻ ഓഫീസ്സർ, പഞ്ചായത്ത് പ്രസിഡണ്ട് ആ പ്രദേശത്തെ പൗരമുഖ്യന്മാർ, സാമൂഹ്യപ്രവർത്തകർ, ആവ ശ്യമായ വകുപ്പുദ്യോഗസ്ഥന്മാർ, ധനകാര്യ സ്ഥാപന ങ്ങളിലെ ഉദ്യോഗസ്ഥർ എല്ലാവരുടേയും പ്രാതിന്നിദ്ധ്യ മുള്ള യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിക്കാവുന്നതാണ്.

കുന്നിൻ പ്രദേശങ്ങളിൽ പല ഭാഗങ്ങളിലായി 5 മുതൽ 15 അടിവരെ ആഴത്തിൽ മേൽമണ്ണ് കോരിപ്പോയി കൃഷിയോഗ്യമല്ലാതെ കിടക്കുന്നുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി ഇത്തരം പ്രദേശങ്ങൾക്ക് 20ലേറെ ഹെക്ടർ വിസ്തീർണ്ണമുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാ റൻ പ്രദേശങ്ങളായ, വടക്കേക്കാട്, പുന്നയൂർക്കുളം പ്രദേ ശങ്ങളിലെ വയലുകൾ നികുത്തുന്നതിനും കുളം തോടു മുതലായവ നികത്തിയെടുക്കുന്നതിനും വീടുനിർമ്മാണ ത്തിനുമാണ് ഈ മണ്ണെല്ലാം കോരിപോയിട്ടുള്ളത്. ഭൂവു ടമയ്ക്കാവട്ടെ, ഭൂ വിലയേക്കാൾ കൂടുതൽ വില ലഭി ക്കുകയും ചെയ്തു. വ്യവസായശാലകളോ. വിദ്യാലയ ങ്ങളോ, കളിസ്ഥലങ്ങളോ, പൊതുജനോപകാരപ്രദമായ മറ്റുകെട്ടിടങ്ങളോ നിർമ്മിക്കുന്നതിന് മാത്രമേ, ഈ തരിശു നിലങ്ങൾ ഇപ്പോൾ പ്രയോജനപ്പെടുകയുള്ളു. പൊതു ജനോപകരപ്രദമായ പൊതുകെട്ടിടങ്ങളോ. വ്യവസായ സ്ഥാപനങ്ങളോ, ഉണ്ടാക്കുന്നതിന്നോ വീടില്ലാതെ കഷ്ട പ്പെടുന്ന ജനവിഭാഗങ്ങൾക്ക് വീടുനിർമ്മിക്കുന്നതിനോ, അതാതു പ്രദേശത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഈ സ്ഥലങ്ങൾ ഗവർമെന്റ് ഏറ്റെടുത്ത് ഉപയോഗപ്പെടു ത്തേണ്ടതാണ്. ഭൂവുടമകളാവട്ടെ, ഒരു വലിയ വിലകി ട്ടുന്നതും കാത്ത് ഭൂമി തരിശ്ശിടുകയല്ലാതെ, അത് കാർഷി കാവശ്യങ്ങൾക്ക് ഉപയോഗിക്കുകയില്ല. ആ ഭൂമി കാർഷി കാവശ്യങ്ങൾക്ക് വീണ്ടും ഉപയോഗിക്കുക. ക്ഷിപ്രസാ ധ്യവുമല്ല.

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ, പ്രത്യേകിച്ച് അഞ്ഞൂർകുന്നിന്റെ വടക്ക് ഭാഗത്ത് പാറവെട്ടിവെച്ച് താഴ്ത്തിയിട്ടുള്ള കോറികളിൽ ജലം സമൃദ്ധമായി ഉള്ള വയുണ്ട്. ആ ജല സംഭരിണികളെ അയൽ പ്രദേശത്ത് ജലസേചനം നടത്തുന്നതിനും അതു വഴി വിളയും പച്ച ക്കറി കൃഷിയും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെറിയ തോതിൽ മത്സ്യം വളർത്തുന്നതിനും ഉപയോഗപ്പെടുത്താം. അവ ഇപ്പോൾ സ്വകാര്യവ്യക്തികളുടെ ഉടമയിലാണ്. പൊതുജനതാൽപര്യം കണക്കിലെടുത്ത് ഈ ജലസംഭ രണികളും ഉപര്യക്ത പരിപാടികൾക്കായി പ്രയോജന പ്പെടുന്ന രീതിയിൽ വേണ്ടത് ചെയ്യാൻ ഗവൺമെണ്ട് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തേണ്ട നിർദ്ദേ ശങ്ങൾ:

ആറാം വാർഡിൽ പെരുംതോടിന്റെ പൂങ്ങാട്ടുമന യുടെ കിഴക്കുവശത്തുള്ള ക്രോസ്സ് ബാറിനു പലകയി ല്ലാത്ത അവസ്ഥയാണിപ്പോൾ ഉള്ളത്. ഈ ചീർപ്പിനു പലകയിട്ടാൽ തോട്ടിൽ ജലം സംഭരിക്കുവാനും കൃഷി ക്കും പ്രയോജനപ്പെടുത്താനും കഴിയുന്നതാണ്.

3,4,5,6 വാർഡുകളിൽ കൂടി ഒഴുകുന്ന "കരിമ്പന

തോട്ടിൽ ഇപ്പോൾ നാലു ക്രോസ്സ് ബാറുകളാണുള്ളത്. അതിൽ ഒരെണ്ണത്തിൽ മാത്രമേ, പലകളുള്ളു. ഈ തോടിലെ പുറമ്പോക്ക് സ്ഥലങ്ങൾ കൈവശപ്പെടുത്തീട്ടുള്ള കർഷകരിൽ നിന്നു അവ വീണ്ടെടുത്ത് തോട്ടിന് ആഴവും വീതിയും കൂടി സൈഡ് കെട്ടി ക്രോസ്സ് ബാറുകൾക്ക് പലകയിട്ട് സംരക്ഷിക്കുകയാണെങ്കിൽ ചുറ്റുപാടുമുള്ള നെൽകൃഷിയ്ക്കു അവ വളരെയധികം പ്രയോജനം ചെയ്യും.

പുതിയ ജലസേചന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിനെപ്പറ്റി: ഒന്നാം വാർഡിലെ 'പാവിട്ടപാടം ജലസേചനസൗകര്യമുണ്ടാക്കി ഇരുപ്പുകൃഷിക്ക് സൗകര്യപ്പെടുത്താവുന്നതാണ്. ജലലഭ്യത ധാരാളമുള്ള ഈ പ്രദേശം ആവശ്യമായ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയും ജലസംഭരണ വിതരണ പരിപാടികൾക്ക് രൂപം നൽകുകയും വേണം. ചെമ്മണൂർ തോടിന്റെ കൈവഴിയായ " ഏഡന്റെ തോട് ആഴവും വീതിയും കൂട്ടി സൈഡ് കെട്ടി തടയണകളിട്ട് ജല സംഭരണത്തിന് സൗകര്യപ്പെടുത്തുകയും ചെയ്യാം. ഏഡന്റെ തോട് പാവുട്ടപാടം വരെ നീട്ടി ബന്ധപ്പെടുത്തുകയും ആവാം. വേനൽകാലത്ത് പോലും സുലഭമായി വെള്ളം ലഭിക്കുന്ന "നീർമറി" ഇവിടെയുണ്ട്. അതും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. പഞ്ചായത്തിന്റെ പുത്തൻകുളം ആഴം കൂട്ടിയാൽ ഇരുപ്പുകൃഷി ഉണക്കത്തിൽ നിന്നു രക്ഷിക്കാനും സുമാർഅഞ്ച് ഹെക്ടർ സ്ഥലത്ത് മുണ്ടകൽ വിള കൊയ്ത്തിന് ശേഷം പച്ചക്കറി കൃഷി നടപ്പിലാക്കാനും കഴിയുന്നതാണ്.

ചെമ്മണൂർ തോടിലെ മുഴുവൻ ജലവും ഒഴുക്കി അറബിക്കടലിൽ ചേരുകയാണ്. ഇതൊഴിവാക്കാൻ വർഷക്കാലത്തെ അധികവർഷ ജലം മുഴുക്കെത്തന്നെ സംഭരിക്കലെടുക്കാം. വെള്ളം ഒഴുകിപ്പോയി നഷ്ടമാകുന്നതു തടയാൻ ആവശ്യം വേണ്ട തടയണകൾ യഥാസ്ഥാനങ്ങളിൽ കെട്ടി വെള്ളം സംഭരിക്കപ്പെട്ടാൽ, പാടങ്ങളിലും പറമ്പുകളിലും വെള്ളം സമൃദ്ധിയായി കിട്ടുകയും അതിന്റെ ഫലമായി കൃഷിക്ക് ഇന്ന് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടുകയും ചെയ്യും.

ഒന്നാം വാർഡിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള നാല്കുളങ്ങൾ, അവരുമായി ബന്ധപ്പെട്ടുവികസിപ്പിച്ചെടുത്താൽ സമീപസ്ഥ കൃഷിക്ക് വളരെയേറെ പ്രയോജനമുണ്ടാക്കാൻ കഴിയും. പാവുട്ടപാടത്തിന്റെ തെക്കു ഭാഗത്ത് ജലസേചന സൗകര്യാർത്ഥം മറ്റൊരു കുളം കൂടി കുഴിക്കുന്നതും വളരെ പ്രയോജനപ്രദമായിരിക്കും.

ഒന്നും രണ്ടും വാർഡുകളിൽ കൂടിപോകുന്ന ചെമ്മണൂർ തോട്ടിലെ നിലവിലുള്ള എല്ലാ ചീപ്പുകളും ഇന്ന് പ്രവർത്തനരഹിതമാണ്. അവയുടെ അറ്റകുറ്റ പണികൾ നടത്തി ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

പാവുട്ടപാടത്തെ പുത്തൻകുളത്തിൽ നിന്ന് കൃഷിയിടങ്ങളിലേക്ക് തോടുകൾ നിർമ്മിക്കുകയെന്നതും ചിന്തനീയാം തന്നെ.

ഈ പ്രദേശങ്ങളിൽ ജലസേചനത്തിന് മോട്ടോർ ഉപയോഗിക്കുന്നതിന് വൈദ്യുതികിട്ടുന്നതിനുള്ള സംവിധാനം അത്യാവശ്യമത്രെ.

ഇത്രയും വികസന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാൽ നെല്ലുൽപാദനം ഇരട്ടിപ്പിക്കുവാനും മകരക്കൊയ്ത്തിന് ശേഷം ഈ പാടശേഖരങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമായി നടത്തുവാനും കഴിയുന്നതാണ്.

ആർത്താറ്റ് പാടത്തിന്റെ മദ്ധ്യത്തിലായി വടക്ക് നിന്നു തെക്കോട്ടൊഴുകുന്ന ഒരു തോടുണ്ട്. അത് ഡ്രൈനേജ് ആയിട്ടാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അതിലൂടെ വെള്ളം മുഴുവൻ ഒഴുകിപോകുന്നത്കൊണ്ട് രണ്ടാം വാർഡിലെ നിലങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നു. ഇത് ഒഴിവാക്കാനും ജലസേചന സൗകര്യം ഉണ്ടാക്കാനും പൂഴി ആശാരി റോഡിൽ നിന്നു വിലങ്ങനെ, ചെറുമത്തായി മാസ്റ്ററുടെ അടുത്തുള്ള പഞ്ചായത്ത് റോഡിലേക്ക് പടിഞ്ഞാറെ കരയിൽ നിന്നു കിഴക്കെ കരയിലെ റോഡിലേക്ക് ഒരു ബണ്ടുണ്ടാക്കി തോട്ടിൽ ചീർപ്പിട്ടാൽ പാടത്ത് വെള്ളം നിറുത്താനും അതു വഴി വരൾച്ച ഒഴിവാക്കാനും കഴിയുന്നതാണ്. ഈ ബണ്ട് റോഡിന്റെ രൂപത്തിലാക്കിയാൽ കൃഷിക്ക് ആവശ്യമായ വളം, ട്രാക്ടർ, കറ്റകൾ മുതലായവ കൊടുപോകാനും ഉപകരിക്കുന്നതാണ്. ഈ ബണ്ട് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കൃഷിക്കാർ ഫ്രീസറണ്ടറായി പഞ്ചായത്തിനെ ഏൽപിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

ആർത്താറ്റ് പാടത്ത് പൂക്കുറ്റി മരത്തിന്നടുത്ത് ഒരു കുളം കുഴിക്കുകയാണെങ്കിൽ ഈ പ്രദേശത്തേക്ക് കൃഷിയ്ക്കാവശ്യമായ വെള്ളം ലഭിക്കുന്നതാണ്. കുളനിർമ്മാണത്തിനാവശ്യമായ സ്ഥലം "ഫ്രീസറണ്ടറായി" കൃഷിക്കാർ നൽകാൻ സന്നദ്ധവുമാണ്.

പഴംക്കുളം പാടത്തിന്റെ കിഴക്കുഭാഗത്തുള്ള ചെറിയകുളം ആഴംകൂട്ടുകയും വലുതാക്കുകയും ചെയ്താൽ കുറെ കൃഷിനിലങ്ങളിലേക്ക് ജലസേചനം നടത്താൻ സൗകര്യപ്പെടും. ഈ കുളത്തിനാവശ്യമായ സ്ഥലവും ഫ്രീസറണ്ടറായി ലഭിക്കുന്നതാണ്.

ആർത്താറ്റ് പാടത്തുള്ള തോടിന്റെ പല സ്ഥലങ്ങളിലായി കൈയ്യേറ്റം നടന്നിട്ടുണ്ട്. അതുകൊണ്ട് തോടിന്റെ വീതി വല്ലാതെ കുറഞ്ഞിരിക്കുന്നു. ഈ കയ്യേറ്റം ഒഴിപ്പിച്ചുകിട്ടുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 'ചവറോട്ടുകുള'ത്തിൽ വെച്ചിട്ടുള്ള മോട്ടോർ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. അതുടൻ പ്രവർത്തനക്ഷമമാക്കുകയും വേണം.

രണ്ടാം വാർഡിലെ 'കോതക്കുളം' വേനൽകാലത്ത് കരിങ്കല്ല് പൊട്ടിച്ചു താഴത്തിയാൽ സമീപപ്രദേശത്തെ തെങ്ങ്, കവുങ്ങ് മുതലായ വിളകൾക്കു ആവശ്യമായ ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

ആർത്താറ്റ് പാടത്ത് മൂന്നാം വാർഡിൽപെട്ട് തെച്ചിക്കുളം. ഏക്വയർ ചെയ്ത് വികസിപ്പിച്ചെടുക്കുകയും തെക്കോട്ടും കിഴക്കോട്ടും ജനപങ്കാളിത്തത്തോടെ ചെപ്പുകൾ നിർമ്മിക്കുകയും ചെയ്താൽ ആ പ്രദേശത്തെ നെൽകൃഷി വരൾച്ചയാൽ നിന്നു രക്ഷപ്പെടും.

ചെമ്മണൂർ ആർത്താറ്റ് റോഡിന്റെ മുമ്പിലായി, ചെമ്മണ്ണൂർ തോട്ടിൽ ഒരു ചീർപ്പ് പണിചെയ്താൽ കുറെ ഭാഗത്തെ ജലക്ഷാമത്തിന്ന് പരിഹാരമാകും. ആർത്താറ്റ് പാടത്ത് നെല്ലൻ ഉക്കുറുമാസ്റ്ററുടെ നിലത്തിന് സമീപം ചെമ്മണ്ണൂർ തോട്ടിൽ ചീർപ്പുണ്ടാക്കിയാൽ ചുരുക്കം ചില കർഷകർക്ക് അതു പ്രയോജനപ്പെടും.

നാലാം വാർഡിന്റെ തെക്കെ അറ്റത്തായി സ്ഥിതി ചെയ്യുന്ന "നെടിയേടത്ത് കുളം" താഴ്ത്തി ജല ഭ്യത ഉറപ്പുവരുത്തണം.

ഒമ്പതാം വാർഡിലെ 'ചിറവക്കഴ' തോട് ആലത്തൂർപാടം പടിഞ്ഞാറുഭാഗത്തുകൂടി അരൂർ പാടം തൊടുവഴി കമ്പിപാലം തോടിനോട് ബന്ധിച്ചുവെള്ളം ലിഫ്റ്റ് ചെയ്താൽ ചിറ്റഞ്ഞൂർ കരിമ്പനതോടിലും അതു വഴി 'പെരും തോടിലും വെള്ളമെത്തിയ്ക്കാൻ കഴിയും.' ഈ വെള്ളം പെരും തോടിന്റെ തെക്കും വടക്കു ചക്കിത്തറ വരേയും എത്തിക്കാൻ കഴിയും. ഈ പദ്ധതി നടപ്പിലായാൽ ഏകദേശം 10 കി.മീറ്റർ നീളത്തിൽ തോടിന്റെ ഇരവുവശങ്ങളിലുള്ള നെൽകൃഷിക്കും, തെങ്ങും, കവുങ്ങ് മുതലായ കൃഷിക്കും വളരെയേറെ പ്രയോജനം ചെയ്യും. പുഞ്ചപ്പാടമായി ബന്ധിക്കുന്ന പദ്ധതിയായതിനാൽ ജലസേചന വകുപ്പിന്റെ സമഗ്രമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

എട്ടാം വാർഡിൽ 'കരിയത്തടം' കുളം ആഴംകൂട്ടി ജലസേചനത്തിനു സൗകര്യപ്പെടുത്തണം. പെരുംതോടിന് ക്രോസ്ബാറും ചീർപ്പും ഇടകുകയും വേണം. മുതുവമ്മൽ കോൾപടവിലേക്ക് 4 മോട്ടോർ പമ്പ് സെറ്റുകൾ ഉടനെ അനുവദിക്കുകയും 40 ഹെക്ടറിലധികം വിസ്തീർണ്ണമുള്ള കോൾ നിലങ്ങളിൽ കൃഷിയിറക്കാൻ സൗകര്യപ്പെടുത്തുകയും അടിയന്തരാവശ്യമാണ്. ഈ കോൾപടവിലെ തോടുകൾ അന്യോന്യം ബന്ധിക്കുവാനുള്ള പദ്ധതി നടപ്പാക്കി.ഇവിടത്തെ കർഷകരെ രക്ഷിക്കുകയും വേണം.

ചെറുവക്കഴയിൽ കഴിഞ്ഞ അഞ്ചുവർഷത്തിലേറെ കാലമായി, ആലത്തൂർ പാടത്തേക്ക് വെള്ളം പമ്പ് ചെയ്തു സംഭരിക്കുന്നതിനും അത് താഴെ ഭാഗത്തുള്ള പുഞ്ചനിലങ്ങളിലേക്ക് ജല ക്ഷാമമുള്ളപ്പോൾ വെള്ളം തുറന്നുവിടാനും വേണ്ടി നിർമ്മിച്ചിട്ടുള്ളതും പണി പൂർത്തിയാകാതെ കിടക്കുന്നതുമായ "ചിറവക്കഴ ബണ്ട്, വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ, നിലകൊള്ളുന്ന ലെവലിന് അനുസൃതമായി സ്ഥലനിർണ്ണയം ചെയ്തു ബണ്ടു പനുഃസ്ഥാപിച്ച് ചീർപ്പിട്ടു ജല സംഭരണത്തിനു സൗകര്യം ചെയ്താൽ ചീരാമ്പുലി, മുതുവമ്മൽ പടവ് കോൾനിലങ്ങളേയും ജലം സംഭരിച്ചു നിറുത്തി നിലങ്ങളുടെ സമീപപ്രദേശങ്ങളിലുള്ള കര കൃഷികളെ ഉണക്കത്തിൽ നിന്നു രക്ഷിക്കാൻ കഴിയുന്നതാണ്.

ഏഴാം വാർഡിൽ 'കമ്പനിപടി' ക്ക് വടക്കുള്ള സുമാർ പത്തേക്രസ്ഥലം. വെള്ളം വാർന്ന് പോയിരുന്ന തോട് തൂർന്ന് നികന്നതിനാലും ഓവ് അടഞ്ഞതിനാലും വെള്ളംകെട്ടിനിന്നു കൃഷിനാശം സംഭവിക്കുന്നതിന്ന് പരിഹാരമായി, ആ തോടുകൾ നന്നാക്കി, ഓവു തുറന്ന് നീർവാച്ചയ്ക്ക് സൗകര്യപ്പെടുത്തേണ്ടതാണ്.

ഒമ്പതാം വാർഡിൽ ഇന്ദിരാഗാന്ധി റോഡിൽ നിന്ന് ഒഴുകുന്ന വെള്ളം ഒഴുകിയിരുന്ന കലുങ്കും ചെറുവക്കഴ തോടും മണ്ണടിഞ്ഞു തൂർന്നു നീർവാർച്ചക്ക് തരപ്പെടാതെ കിടക്കുകയാണ്. പ്രസ്തുത കലുങ്ക് പുറ്റപോക്കായിരന്നു ചെറുവക്കഴ കൈത്തോടും ആഴം കൂട്ടുകയും കൈയ്യേറിയ പുറമ്പോക്ക് തോടിന്റെ പാർശ്വഭാഗങ്ങൾ വീണ്ടെടുത്ത് തോടിനു വീതി കൂട്ടുകയും വേണം.

അവഗണിക്കപ്പെട്ട തെങ്ങുകൃഷിയെ എങ്ങിനെ ഉദ്ധരിക്കാം.

നെൽവയലുകളിൽ അമ്പതു ശതമാനത്തിലധികം

തെങ്ങും തോപ്പുകളാക്കി മാറ്റിയ പ്രദേശങ്ങളിലെ തെങ്ങുകൾ ശാസ്ത്രീയ പരിചരണവും ജലസേചന സൗകര്യവും ഇല്ലാതെ ഉൽപാദനക്ഷമത തീരെ കുറഞ്ഞു പോയിരിക്കുകയാണ്. പരമ്പരാഗതമായി നിലവിലുള്ള തെങ്ങും തോപ്പുകളുടേയും ഉൽപാദനക്ഷമവേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. അതുകൊണ്ട്, തെങ്ങുകൃഷിക്കാരുടെ കൂട്ടായ സംരംഭങ്ങൾ വഴിയൊരുക്കുകയും വേണ്ടത്ര ബോധവൽക്കരണം നടത്തി ശാസ്ത്രീയ കൃഷിക്ക് പ്രേരിപ്പിക്കുകയും ആവശ്യമുള്ളിടത്ത് കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും (ഡ്രിപ് ഇറിഗേഷൻ) അവർക്ക് ആവശ്യമായ വളം, നടീൽ വസ്തുക്കൾ മുതലായവ ലഭ്യമാക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

തെങ്ങും തോപ്പിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഒരത്യാവശ്യ ഘടകമാണ് ഇടവിളകൾ. പ്രധാനഇടവിളകൾക്കനുയോജ്യമായ, വാഴ, ചേമ്പ്, ചേന, ഫലവൃക്ഷങ്ങൾ, കരയാമ്പൂ, ജാതി, കവുങ്ങ്, മുതലായവയുടെ അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കളും ശാസ്ത്രീയ വിജ്ഞാനവും വളവും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്. മദ്ധ്യപ്രായമുള്ളതും അതിൽ കൂടുതൽ പ്രായമുള്ളതുമായ തെങ്ങുകളിൽ അത്യുൽപാദന ശേഷിയുള്ള കുരുമുളക് വളർത്താൻ കഴിയുമെന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് അഗ്രോക്ലീനിക്കുകൾ സ്ഥാപിക്കുക.

കാർഷികയന്ത്രോപകരണങ്ങൾ കേടുപാടുകൾ തീർക്കുന്നതിനും ന്യായമായ വാടകക്ക് അവ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ആർത്താറ്റ്, അഞ്ഞൂർ പ്രദേശങ്ങൾ കേന്ദ്രമാക്കി രണ്ടു അഗ്രോക്ലീനിക്കുകൾ സ്ഥാപിക്കുന്നത് കർഷകർക്ക് വളരെയേറെ ഗുണം ചെയ്യും കൊയ്ത്തു യന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ എന്നിവ പരിഗണിക്കാവുന്നതാണ്. പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത പർച്ചെയിസിംഗ് കം മാർക്കറ്റിം സെന്ററും എല്ലാ

## ആർത്താറ്റ് പഞ്ചായത്ത് തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത്ത് | ആകെ | റൂട്ട് ഹൽറ്റ് | ലീഫ് റോട്ട് | ബസ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| I | 65 | 2752 | 11392 | 14144 | - | - | 72 | 45 | 58 | 175 |
| II | 58 | 1495 | 10194 | 11689 | - | - | 60 | 47 | 62 | 169 |
| III | 81 | 1387 | 12543 | 13930 | - | - | 40 | 43 | 55 | 138 |
| IV | 67 | 3111 | 11336 | 14447 | - | - | 65 | 52 | 47 | 164 |
| V | 61 | 1723 | 10372 | 12095 | - | - | 58 | 53 | 69 | 180 |
| VI | 64 | 1320 | 9510 | 10830 | - | - | 42 | 59 | 56 | 157 |
| VII | 54 | 1907 | 9762 | 11669 | - | - | 83 | 56 | 45 | 184 |
| VIII | 82 | 5870 | 21272 | 27142 | - | - | 82 | 65 | 42 | 189 |
| IX | 88 | 6898 | 14843 | 21741 | - | - | 69 | 70 | 74 | 213 |
| | **620** | **26463** | **111224** | **137687** | | | **571** | **490** | **508** | **1569** |

വാർഡിലും അതിന്റെ ശാഖകളും സ്ഥാപിച്ചാൽ ഇട ത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ വിമു ക്തമാക്കാം. കർഷകർക്ക് ആവശ്യമായ ജൈവളം രാസ വളം കീടനാശിനീ എന്നിവ ഈ സെന്ററിൽ നിന്ന് വിത രണം നടത്തുകയും കർഷകരുൽപാദിപ്പിക്കുന്ന എല്ലാ ഉൽപന്നങ്ങളും മേൽ പറഞ്ഞ സെന്ററിൽ കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്.

### രോഗങ്ങൾ:

കവുങ്ങിനെ ബാധിക്കുന്ന മഹാളിയെന്ന രോഗം വ്യാപകമാണ്. പ്രതിരോധമായി ബോൾഡൊ മിശ്രിതം തെളിക്കുകയാണ് പതിവ്. അമിതമായ തുരിശിന്റെ വില യും തെളിക്കുന്നതിനുള്ള വർദ്ധിച്ച കൂലിയും കവുങ്ങിൽ കൃഷിക്കാരനെ ഞെരുക്കുന്നു. തുരിശ് ജൂലായി, ആഗ സ്ത് മാസങ്ങളിൽ സഹായനിരക്കിൽ വേണ്ടത്ര അള വിൽ വിതരണം നടത്തുകയാണ് ഇതിന്റെ പരിഹാരം. കുരുമുളക് കൃഷിക്കും ഇത്തരം സഹായങ്ങൾ അടിയ ന്തരാവശ്യമാണ്.

### വായ്പാ സൗകര്യങ്ങൾ

ഇപ്പോൾ പ്രധാനമായും പൊതുമേഖലാ ബാങ്കുക ളാണ് നാമമാത്രസഹായം ചെയ്തു വരുന്നത്. ഈ വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുന്നതിന് കർഷ കർ വേണ്ടത്ര ബോധവാന്മാരല്ല. അതിന് പരിഹാരമാ യി, വാർഡുതലത്തിൽ ബാങ്കുദ്യോഗസ്ഥരേയും കർഷ കരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങളും സെമി നാറുകളും സംഘടിപ്പിക്കുകയും വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്ന കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുകയും വേണം.

ആർത്താറ്റ് അഞ്ഞൂർ സർവ്വീസ് സഹകരണ സംഘത്തെ ഇപ്പോഴത്തെ പ്രതിസന്ധിയിൽ നിന്ന് രക്ഷി ക്കുകയും അതുമുഖേന കർഷകർക്ക് വായ്പ നൽകുന്ന പരിപാടി പുനരുജ്ജീവിപ്പിക്കുകയും ചെയ്യണം

### കാർഷിക വികസന പ്രവർത്തനങ്ങൾ.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ വിജ്ഞാനവ്യാപ നത്തിന് മുൻതൂക്കം കൊടുക്കുന്നരീതിയിൽ മാറ്റിയെടു ക്കുക വാർഡുതലത്തിൽ കർഷകരേയും കാർഷികോ ദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കേമ്പുകൾ സംഘടിപ്പിക്കുക.പ്രധാനവിളകളുടെ "പ്രദർശന ത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിക്കാർക്ക് കൃഷിപരി ഷ്കരണ പ്ലാൻ ഉണ്ടാക്കികൊടുക്കുക മുതലായവയും പ്രാവർത്തികമാക്കണം.

കൃഷിക്കാർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും പഞ്ചായത്ത് തലത്തിൽ നേഴ്സറികൾ ആരംഭിക്കുകയും ചെയ്യണം.

പഞ്ചായത്തിലെ കൃഷിനിലങ്ങളിലേക്ക് ഉപയോ ഗിച്ചിരുന്ന പുറംപോക്കുവഴികൾ, കയ്യേറ്റം ചെയ്യുകയും പലതും സംരക്ഷണമില്ലാതെ ഇടിഞ്ഞും കാടുപിടിച്ചും ഉപയോഗ ശൂന്യമായി കിടക്കുന്നത്കൊണ്ട്, പാടത്തേക്ക് ട്രാക്ടർ 1 പവർ ട്രില്ലർ എന്നിവയോ കറ്റകൊണ്ടുപോ കുന്നതിനും വളം കൊണ്ടുവരുന്നതിനുമുള്ള വണ്ടികളോ കൊണ്ടുവരാനും ഇന്ന് വളരെ പ്രയാസപ്പെടുന്നുണ്ട്. അതു കൊണ്ട് പാടത്തെക്കെത്തുന്ന ഇത്തരം പുറമ്പോക്കുകൾ അറ്റകുറ്റപണികൾ ചെയ്തു ശരിയായ സംരക്ഷണം ചെയ്തു നിലനിറുത്തുകയും അവ പാടത്ത് എത്തുന്ന സ്ഥലത്ത് വണ്ടിയിറക്കാനുള്ള റാമ്പ് (Ramp) കെട്ടി കൊടുക്കുകയും വേണം.

### കർഷകസംരംഭങ്ങൾ

കർഷകരുടെ കാർഷിക വികസന കാര്യങ്ങളിലുള്ള താൽപര്യവും പദ്ധതി അവരവരുടെ കൃഷി സ്ഥലത്ത് നടപ്പാക്കുന്നതിലുള്ള കഠിന പ്രയത്നവും ഉൽപാദന ക്ഷമതവർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന ഘടകമാണ്.

കൂടാതെ ലഭ്യമായ ജലം ഡ്രില്ല്, സ്പ്രിക്ളർ മുത ലായ രീതിയിലൂടെ പ്രയോജനപ്പെടുത്തുക. രാസവള ങ്ങൾ ശരിയായ അളവിലും സമയത്തും ഉപയോഗിക്കു ക. സസ്യ സംരക്ഷണം തക്കസമയത്ത് നടപ്പിലാക്കുക വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക ആസൂ ത്രണത്തോടെ എല്ലാ കൃഷിമുറകളും നടപ്പിലാക്കുക എന്നീ കാര്യങ്ങൾ കൃഷിക്കാരന്റെ ഭാഗത്തുനിന്നും ഉണ്ടാ വേണ്ടതുണ്ട് കൃഷിക്കാരുടെ സംരംഭത്തിലൂടെ എല്ലാ വീട്ടുവളപ്പിലും പച്ചക്കറി കൃഷി നടപ്പിലാക്കാൻ കഴിയു ന്നതാണ്. ഈ പരിപാടി നടപ്പിലാക്കുന്നതിൽ കുടു ബാംഗങ്ങളുടെ കൂട്ടായ സഹകരണവും പ്രയത്നവും അനിവാര്യമാണ്. മറ്റു കൃഷികളെ സംബന്ധിച്ചുള്ള കൃഷി പരിഷ്ക്കരണ പ്ലാനുകളും നടപ്പാക്കുന്ന കാര്യത്തിൽ കുടുബാംഗങ്ങളുടെ കൂട്ടായ സഹകരണം കൂടിയേ തീരു. കുടുബാംഗങ്ങളുടെ ആരോഗ്യപരിപാലത്തിന്റെ കാര്യ ത്തിൽ പച്ചക്കറി അപ്രധാനപങ്കുണ്ട്. ആയതിനാൽ എല്ലാ വീടുകളിലും ലഭ്യമായ സ്ഥലത്ത് പഴവർഗ്ഗ പച്ചക്കറി കൾ കിഴങ്ങുവർഗ്ഗ പച്ചക്കറികൾ ഇലവർഗ്ഗ പച്ചക്കറി കൾ വെള്ളരിവർഗ്ഗ പച്ചക്കറികൾ എന്നിവ കൃഷിചെ യ്യുന്ന പരിപാടി നടപ്പിലാക്കേണ്ടത് കാർഷിക മേഖല യിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നു.

പഞ്ചായത്ത് പ്രദേശത്തെ എല്ലാ കർഷകരും അവ രവുടെ കൈവശഭൂമിയുടെ വ്യാപ്തി കണക്കിലെടുത്ത് ലഭ്യമാക്കാവുന്ന വിഭവങ്ങൾ പ്രയോജനപ്പെടുത്തി ഉൽപാ ദനക്ഷമത പരമാവധി വർദ്ധിപ്പിക്കാൻ പരിശ്രമിക്കേണ്ട തുണ്ട്.

# മൃഗസംരക്ഷണം

കാർഷികപ്രദേശമായ നമ്മുടെ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമാണ് മൃഗസംരക്ഷണം. വളരെയേറെ വികസനസാധ്യതയുള്ള ഒരു മേഖലയാണ് മൃഗസംരക്ഷണമേഖല. പോഷകപ്രധാനമായ പാലിന് മാത്രമല്ല, നിലം ഉഴാനും, വണ്ടിവലിക്കാനും, കൃഷി നന്നാക്കാനും മൃഗങ്ങളെ സംരക്ഷിച്ചുപോന്നിരുന്നു. അന്ന് മൃഗം മനുഷ്യന്റെ സന്തതസഹചാരി കൂടിയായിരുന്നു. യന്ത്രവൽക്കരണത്തിന്റെ ആവിർഭാവത്തോടുകൂടി കാർഷിക ആവശ്യങ്ങൾക്ക് കന്നുകാലികളെ വളർത്തി സംരക്ഷിക്കുകയെന്നത് കാലാന്തരത്തിൽ കുറഞ്ഞുവന്നു. ഇന്ന് മാംസത്തിനും പാലിനും മാത്രമാണ് അവയെ ഉപയോഗിക്കപ്പെടുന്നത്. മൃഗസംരക്ഷണം കൊണ്ട് പോഷക പ്രധാനമായ പാലിന് പുറമെ മുട്ട, മാംസം എന്നിവയുടെ ഉത്പാദനവും വിപണനവും ഈ മേഖലയിലൂടെ സാധ്യമാകുന്നു. ദൈനംദിന ജീവിതത്തിലുപയോഗിക്കുന്ന ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന 'ജെലാറ്റിൻ' മൃഗങ്ങളുടെ കൊളോജിനിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ ഔഷധ വ്യവസായത്തിലും ഒരു മുഖ്യ പങ്ക് മൃഗസംരക്ഷണ മേഖലക്കുണ്ട്. കാർഷികമേഖലയ്ക്ക് ആവശ്യമായ ജൈവവളം, ഊർജ്ജസ്രോതസ്സ് (Bio gas) വ്യവസായികാവശ്യത്തിനുള്ള തുകൽ, എല്ല്, ഓസിൻ, കൊഴുപ്പ്, ഹോർമോണുകൾ, വാക്സിൻ, എൻസൈമുകൾ തുടങ്ങിയവയുടേയും ഉൽഭവം മൃഗങ്ങളിൽ നിന്നും ആണ്. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്രമായ കർഷകരുടെ കയ്യിൽ ആയതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അതിലൂടെ തൊഴിൽ സാധ്യതയും വരുമാന വർദ്ധനവും സാധ്യമാകുന്നു. മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസോത്പാദനം ഉറപ്പുവരുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ആരോഗ്യം പ്രദാനം ചെയ്യുന്നു. പണ്ടുകാലത്ത് ഭാരം വലിയ്ക്കുന്നതിനും കാളതേക്കിനും മറ്റുമായിരുന്നു മൃഗങ്ങളെ ഉപയോഗിച്ചു വന്നിരുന്നത്. അതായത് മൃഗശക്തിയുടെ ഉപയോഗം ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. നിലം ഉഴുന്നതിനും, ഭാരംവലിക്കുന്നതിനും മൃഗങ്ങളെ ആശ്രയിക്കുന്നവർ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട്. ഇപ്പോൾ പ്രധാനമായും പാലുത്പാദനം കേന്ദ്രീകരിച്ചുകൊണ്ടാണ് മൃഗപരിപാലനം. എന്നാൽ മൃഗസംരക്ഷണ മേഖലയുടെ സാധ്യതകളെ മനസ്സിലാക്കി വരുന്നതിനാൽ പാലുത്പാദനം മാത്രമല്ല, വളരെയേറെ ലാഭകരമായതും സമ്പദ്‌വ്യവസ്ഥയെ സുദൃഢമാക്കുന്നതുമായ പല പദ്ധതികളും ഈ മേഖലയിലുണ്ട് എന്ന് ജനങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ ധാരണ ജനങ്ങളിലേക്ക് എത്തിക്കാൻ പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനം കാര്യമായ പങ്കുവഹിക്കേണ്ടതുണ്ട്. രോഗ ബാധിതരായ വിവിധ മൃഗങ്ങളെ ചികിൽസിക്കുകയും ക്രിത്രിമ ബീജസങ്കലനോപാധി വഴി ഉയർന്ന ഉത്പാദനശേഷിയുള്ള മൃഗങ്ങളെ ഉണ്ടാക്കിയെടുക്കുകയും ചെയ്യുവാൻ ഈ മേഖലസഹായിക്കുന്നു. പേവിഷബാധക്കെതിരെയുള്ള ചികിത്സയും വാക്സിനേഷനും വഴി വളരെയധികം സേവനം മൃഗാശുപത്രിയിൽ നിന്ന് ലഭ്യമാകുന്നു.

1996 സെപ്തംബർ 21-ാം തിയ്യതിയാണ് ആർത്താറ്റ് പഞ്ചായത്തിൽ അഞ്ഞൂർകുന്ന് എന്ന സ്ഥലത്ത് മൃഗാശുപത്രിസ്ഥാപിതമായത്. ആശുപത്രിയിലേക്ക് പ്രാഥമിക ആവശ്യങ്ങളായ വെള്ളം, കറന്റ്, എന്നിവയും, ലാബോറട്ടറി, ഓപ്പറേഷൻ തിയ്യറ്റർ, റഫ്രിജറേറ്റർ, സെറ്ററി ലൈസർ, മൈക്രോസ്കോപ്പ്, എന്നിവയും ലഭ്യമാക്കിയാൽ സുഗമമായ പ്രവർത്തനം കാഴ്ചവെക്കാവുന്നതാണ്. ഇന്ന് മൃഗാശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം, താൽക്കാലികമാണ്. അതിൽ മൃഗാശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥമില്ല. അതിനാൽ മൃഗാശുപത്രി പണിയുന്നതിന് വേണ്ടി ശിലാസ്ഥാപനം നടത്തിയിട്ടുള്ള സ്ഥലത്ത് എത്രയും വേഗം എല്ലാ സൗകര്യങ്ങളും ഉള്ള കെട്ടിടം പണിയേണ്ടതാണ്. മൃഗാശുപത്രിയുടേതായ ഒരു വാഹനം ഉണ്ടെങ്കിൽ അടിയന്തരമായ ചികിത്സ ഉറപ്പുവരുത്താവുന്നതാണ്. ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം പഞ്ചായത്തിലെ ചാട്ടുകുളത്തിനടുത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിൽ ഒരു ക്ഷീരോത്പാദനസഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും നാമമാത്രമായ പ്രവർത്തനമേ ഉള്ളൂ. ഈ സംഘത്തിൽ അംഗത്വം എടുത്തിട്ടുള്ളത് ആകെ 136 പേരാണ്. പ്രതിദിനം 39 ലിററർ മാത്രമാണ് അവിടെ അളക്കുന്നത്. ചിറ്റഞ്ഞൂർ പ്രദേശത്ത് മാത്രമാണ് അതിന്റെ പ്രവർത്തനം ഉള്ളൂ. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും ക്ഷീരസഹകരണകസംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. പാൽ ഉൽപാദകരിൽ ഏറിയ പങ്കും പഞ്ചായത്തിലെ ക്ഷീരസഹകരണസംഘത്തിൽ അംഗങ്ങളല്ല. അടുത്ത വീടുകളിലും ഹോട്ടലുകളിലും വിറ്റതിനു ശേഷം ബാക്കി ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുകയാണ് ഭൂരിഭാഗം പേരും ചെയ്യുന്നത്. 65 ശതമാനത്തോളമാണ് ഈ ഇനത്തിൽ ചിലവാക്കുന്നത്. സഹകരണസംഘത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുകയും ജനങ്ങൾക്ക് അതിന്റെ ഗുണവശങ്ങളെക്കുറിച്ച് മനസിലാക്കികൊടുക്കുകയും ചെ

യ്താൽ പഞ്ചായത്തിന്റെ മൊത്തം പാലുൽപാദനം ക്ഷീരസഹകരണ സംഘത്തിലൂടെ വർദ്ധിപ്പിക്കുവാൻ കഴിയും. സഹകരണസംഘത്തിൽ അംഗത്വമുള്ളവരുടെ കന്നുകാലികൾക്കുവേണ്ട കാലിതീറ്റ, അവയുടെ അസുഖങ്ങൾ (അകിടു വീക്കം, വന്ധ്യത) എന്നിവയ്ക്ക് വ്യക്തമായ പ്രാധാന്യം കൊടുക്കുകയും, ആഴ്ച തോറും മൃഗഡോക്ടറുടെ സേവനം സംഘത്തിൽ ലഭ്യമാക്കുകയും ചെയ്താൽ ഒരു ക്ഷീരവിപ്ലവം തന്നെ പഞ്ചായത്തിൽ സൃഷ്ടിക്കാൻ കഴിയും. കന്നുകാലി വളർത്തുന്നതിനുള്ള ഒരു പ്രധാന പ്രശ്നം കന്നുകാലിതീറ്റയുടെ ലഭ്യതയില്ലായ്മയാണ്. എന്നാൽ വളരെയേറെ അഭിവൃദ്ധിക്കു വഴിയുള്ള ഒരു രംഗമാണ് കാലിത്തീറ്റ ഉൽപാദന രംഗം. തീറ്റപുൽവളർത്തൽ വളരെ ചിലവുകുറഞ്ഞതാണ്. തരിശു കിടക്കുന്ന ഭൂമികൾ ഈ പഞ്ചായത്തിലുണ്ട്. ഒഴിഞ്ഞുകിടക്കുന്ന കുന്നിൻ പ്രദേശങ്ങൾ, തെങ്ങിൻ തോപ്പുകൾ, തോടുവക്കുകൾ എന്നിവ ഈ പഞ്ചായത്തിലുണ്ട്. ഉൽപാദിക്കപ്പെടുന്ന വൈക്കോൽ സംസ്ക്കരണം വഴി പോഷകമൂല്യമുള്ള കാലിതീറ്റിയാക്കി മാറ്റാവുന്നതാണ്. കാലിതീറ്റ മിശ്രിതത്തിലേക്ക് അനായാസം ലഭിക്കുന്ന വസ്തുക്കളാണ് പിണ്ണാക്ക്, കപ്പ, പുളിങ്കുരു മുതലായവ. ഇവ മിക്കവാറും എല്ലാ വീടുകളിലും ലഭ്യമാണ്. ക്ഷീരസഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ കാലിത്തീറ്റയുടെ ലഭ്യത ഇല്ല. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ മിശ്രണ യൂണിറ്റുകളും ഉത്പാദന യൂണിറ്റുകളും ഉണ്ടാക്കുവാൻ പഞ്ചാത്തത്തിന് കഴിയും. കൂട്ടായ്മയിലൂടെ കാലിത്തീറ്റ പുൽകൃഷിനടത്തിയാൽ കാലിത്തീറ്റ ക്ഷാമത്തിനും അതൊടൊപ്പം വില നിയന്ത്രിക്കാനും സാധിക്കും. കൂടാതെ ഗുണനിലവാരം ഉറപ്പുവരുത്താനും ഇതുമൂലം സാധിക്കുന്നു. കാലിതീറ്റയൂണിറ്റ് നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പരിശീലനത്തിലൂടേയും ബോധവൽക്കരണത്തിലൂടേയും കൊടുക്കേണ്ടതാണ്.

ജൈവവള നിർമ്മാണത്തിന് മൃഗങ്ങളിൽ നിന്നുള്ള വിസർജ്ജവസ്തുക്കളായ ചണകം, മൂത്രം, ആട്ടിൻ കാഷ്ഠം എന്നിവ അത്യാവശ്യമായ ഒന്നാണ്. കന്നുകാലി വളർത്തൽ പ്രോൽസാഹിപ്പിച്ചാൽ ജൈവവള നിർമ്മാണം അനായാസമാണ്. താരതമേന്യ നല്ല മൂല്യവും ഇതിനുണ്ട്. ചാണകത്തിൽ നിന്ന് ഊർജ്ജം ഉൽപാദിപ്പിക്കാം എന്ന കാര്യത്തെ കുറിച്ച് പലരും ഇന്നും അജ്ഞരാണ്. ബയോഗ്യാസ് പ്ലാൻറിന്റെ പ്രവർത്തനത്തിന് 15 കി. ഗ്രാം ചാണകം ആവശ്യമാണ്. പാചക ആവശ്യത്തിന് ഒരാൾക്ക് 8 ഘന അടി ഗ്യാസ് ആണ് ആവശ്യം. ചുരുക്കി പറഞ്ഞാൽ രണ്ട് പശുക്കളിൽ നിന്നുള്ള ചാണകം ഉപയോഗിച്ച് ഒരു വീടിനുള്ള പാചക ഗ്യാസ് ഉൽപാദിപ്പിക്കാവുന്നതാണ്.

കറവപശുക്കളിലെ വലിയൊരു പ്രശ്നമാണ് വന്ധ്യത. ഇതുമൂലം ഉത്പാദനശേഷിയുള്ള വർഷങ്ങൾ നഷ്ടമാകുന്നു. അതിലൂടെ കർഷകന് തീരാനഷ്ടം സംഭവിക്കുന്നു. അതിനുപരിഹാരമായി മൃഗാശുപത്രികളുടെ സഹായം ഉറപ്പുവരുത്തേണ്ടതാണ്. വന്ധ്യത നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കർഷകരെ ബോധവൽക്കരിക്കുകയും വേണം.

കന്നുകാലികളുടെ വില വളരെ വലുതാണ്. പ്രത്യേകിച്ചും ചെറുകിട കർഷകർക്ക് കന്നുകാലികളുടെ ആകസ്മിക മരണം താങ്ങാവുന്നതല്ല. സമഗ്രമായ ഇൻഷുറൻസ് പദ്ധതിയുടെ അഭാവവും താങ്ങാൻ പറ്റാത്ത പ്രീമിയവും ആണ് ഇതിനുകാരണം. പഞ്ചായത്തിന്റെ സഹായത്തോടെ സമഗ്രകന്നുകാലി ഇൻഷൂറൻസ് പോളിസി ഉറപ്പുവരുത്തിയാൽ കർഷകന് ആശ്വാസമാകും.

കന്നുകാലികർഷകർക്ക് പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. രോഗങ്ങളെ കുറിച്ചും കന്നുകാലി പരിപാലനത്തെകുറിച്ചും വ്യക്തമായ ധാരണയുണ്ടെങ്കിൽ കന്നുകാലി വളർത്തൽ ആദായകരമാക്കാൻ കർഷകന് സാധിക്കും. നല്ല മൃഗസംരക്ഷകന് അംഗീകാരവും അവാർഡുകളും ഏർപ്പേടുത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ, ജില്ലാതലത്തിൽ ഒക്കെതന്നെ അവാർഡ് ഏർപ്പെടുത്തിയാൽ കർഷകന് ഈ രംഗത്ത് സ്ഥിരോൽസാഹം ലഭിക്കുകയും അതിലൂടെ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കാൻ സാധിക്കുകയും ചെയ്യും.

കന്നുകാലികളെ അറവു നടത്തുന്ന സ്ഥലങ്ങൾ പഞ്ചായത്തിൽ നിരവധിയുണ്ടെങ്കിലും ശാസ്ത്രീയമായ അറവുശാല തീരെ ഇല്ല എന്നുതന്നെ പറയാം. ഇപ്പോൾ അറവു നടത്തുന്ന സ്ഥലങ്ങൾ ശോച്യാവസ്ഥയിലാണ്. ശുചിത്വമില്ലായ്മ, അറവു നടത്തിയതിന്റെ അവശിഷ്ടങ്ങൾ സംസ്കാരിക്കാനുതുകുന്ന മാർഗ്ഗങ്ങൾ ഇല്ലായ്മ എന്നിവ ശോച്യാവസ്ഥക്ക് ആക്കം കൂട്ടുന്നു. ശ്രദ്ധ ആകർഷിക്കേണ്ടുന്ന വിഷയമാണ് മാംസോൽപാദനവും വിപണനവും.

മാംസോത്പാദനത്തിനുള്ള മൃഗങ്ങളിൽ ഭൂരിഭാഗവും മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. പഞ്ചായത്തിൽ ഉൽപാദിക്കപ്പെടുന്ന മാംസത്തിന്റെ അളവു തുലോം കുറവാണ്. അതുമൂലം വളരെയധികം ധനനഷ്ടം ഉണ്ടാകുന്നു. മാംസോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഉതകുന്ന പദ്ധതികൾ മൃഗസംരക്ഷണമേഖലയിൽ ഉണ്ട്. ആടുവളർത്തൽ, പന്നിവളർത്തൽ, കാളകുട്ടിപരിപാലനം, മുയൽവളർത്തൽ, തുടങ്ങിയവയിലൂടെ മാംസോത്പാദനവും, ശാസ്ത്രീയമായ അറവുശാലകൾ പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുന്നതിലൂടെ വ്യക്തമായ മാംസപരിശോധനക്കുശേഷം മാംസവിപണനത്തിനും സാധിക്കുന്നു. അറവുശാലയോടനുബന്ധിച്ച് ഉൽപാദനസംസ്കരണശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും എടുത്തു പറയേണ്ടതാണ്. മാംസോത്പാദനം സംസ്കരണം വിപണനം

എന്നിവയിൽ താൽപര്യമുള്ളവർ പഞ്ചായത്തിൽ ധാരാളം ഉണ്ട്. അവർക്ക് വേണ്ട പരിശീലനം നൽകേണ്ടതാണ്.

ആടുവളർത്തലിനെ കുറിച്ചുള്ള വിവരങ്ങളാണെങ്കിൽ കൂടുകൾ ശാസ്ത്രീയമാണോ, തീറ്ററീതി ശാസ്ത്രീയമാണോ, അഴിച്ചുവിട്ടതീറ്റയോ, കൂട്ടിൽ നിർത്തി തീറ്റയോ വിരമരുന്ന് കൊടുക്കുന്ന പതിവും എന്നിവയെ കുറിച്ചും പരിശീലനം നൽകണം. ആട്ടിൻകുഞ്ഞിന്റെ ലഭ്യത, തീറ്റലഭ്യത, സഹകരണ വിപണന ശൃംഖലയുടെ ആവശ്യകത ഇതിനൊക്കെ പുറമെ ശാസ്ത്രീയമായ അറവുശാലയുടെ ആവശ്യകത എന്നിവയ്ക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്.

## ഇറച്ചികോഴി വളർത്തൽ

ശാസ്ത്രീയ കോഴിവളർത്തലിന് മുൻതൂക്കം കൊടുത്താൽ മാത്രമേ വളരെയേറെ ലാഭം ഉണ്ടാക്കുവാൻ ബ്രോയ്ലർ വ്യവസായത്തിലൂടെ സാധിക്കൂ. അതിലൂടെ സ്വയം തൊഴിൽ എന്ന സ്വപ്നവും സാക്ഷാൽകരിക്കപ്പെട്ടു. മുട്ടയുൽപാദത്തിനുള്ള കോഴികളിൽ 20% വും പൂവ്വൻ കോഴികളിൽ ഏകദേശം മുഴുവനും മാംസാവശ്യത്തിനായി ഉപയോഗിക്കപ്പെടുന്നു എന്ന വസ്തുത നിരാകരിക്കാനാവില്ല. അതിനാൽ ഇറച്ചികോഴി വളർത്തൽ എന്ന മൃഗസംരക്ഷണമേഖലയുടെ പദ്ധതി സാമ്പത്തികാഭിവൃദ്ധിക്ക് ഉതകുന്നതാണ്. പഞ്ചായത്തിൽ 3 ഇറച്ചി കോഴിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ടായിരുന്നതിൽ ഇപ്പോൾ ഒരു കേന്ദ്രം മാത്രമാണ് പ്രവർത്തിക്കുന്നത്.

മുട്ടകോഴി ഉത്പാദനരംഗത്തും പുരോഗതിക്കുതകുന്ന പദ്ധതിയുണ്ട്. നമുക്കാവശ്യമുള്ള കോഴിമുട്ടയുടെ 70 ശതമാനം മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. മുട്ടകോഴികളെ ശാസ്ത്രീയമായ രീതിയിൽ പരിപാലിക്കുകയും അവയ്ക്കാവശ്യമായ കുത്തിവെയ്പുകൾ അതാതു സമയങ്ങളിൽ ചെയ്യുകയും ചെയ്താൽ കയറ്റുമതിയ്ക്കുതകുന്ന മുട്ടകൾ ഉണ്ടാക്കാൻ സാധിക്കും. അതുപോലെ തന്നെ വിവധതരം മുട്ടകൾ (താറാവ്, കാട തുടങ്ങിയവ) ഉൽപാദിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം മൃഗസംരക്ഷണ മേഖലയിൽ നിന്നും അതാതു പഞ്ചായത്തിലെ മൃഗാശുപത്രിയിൽ നിന്നും കൊടുക്കേണ്ടതാണ്.

അറവുശാല ഉപോല്പന്നങ്ങൾ പാഴാക്കി കളയാതെ അതിൽനിന്ന് സാമ്പത്തിക ലാഭമുണ്ടാക്കാനുള്ള പദ്ധതികൾക്കും രൂപം നൽകാൻ ഈ മേഖലയിലൂടെ കഴിയും. പ്രധാനപ്പെട്ട ഉപോല്പന്നങ്ങളിൽ ഒന്നാണ് തുകൽ. ഉദാഹരണത്തിന് കാള, പശു, എരുമ എന്നിവയുടെ തൊലിക്ക് 600 രൂപയോളം വിലയുണ്ട്. ആടിൻ തൊലിക്ക് 120 രൂപയും വിലയുണ്ട്. തുകൽ സംസ്കരണത്തിന് വളരെയേറെ സാധ്യതകളുണ്ട്. തുകൽ സംസ്കരണത്തിന് ശാസ്ത്രീയമായ അറവുശാലയുടെ ആവശ്യം എടുത്തുപറയേണ്ടതാണ്. മാംസം ഉപയോഗിച്ച് വിവിധതരം ഭക്ഷ്യയോഗ്യമായ ഉൽപന്നങ്ങൾ ഉണ്ടാക്കാവുന്നതാണ്.

പഞ്ചായത്തിലെ ശ്രദ്ധ പതിപ്പിക്കേണ്ട മറ്റൊരു കാര്യമാണ് പേവിഷബാധനിർമ്മാർജ്ജനം. ഈ നൂറ്റാണ്ടിലെ ഏറ്റവും ഭയാനക അസുഖമാണ് പേവിഷബാധ. പേപ്പട്ടി കടിച്ചുകഴിഞ്ഞാലുള്ള മരണം ഭയാനകമാണ്. അതിനെതിരെ നായകൾക്കും, പട്ടികൾക്കും, കുത്തിവെയ്പ് നടത്തുന്നതുവഴി പേവിഷബാധ നിർമാർജ്ജനം ചെയ്യാം. അലഞ്ഞു തിരിഞ്ഞു നടക്കുന്നനായ്ക്കളെ ഉന്മൂലനാശനം ചെയ്യുകയും വീട്ടിൽ വളർത്തുന്ന എല്ലാ നായ്ക്കളേയും പേവിഷത്തിനെതിരെയുള്ള കുത്തിവെയ്പിന് വിധേയരാക്കുകയും വേണം. അത്തരത്തിലുള്ള നായകൾക്ക് മാത്രമേ പഞ്ചായത്തിൽ നിന്ന് ലൈസൻസ് കൊടുക്കുവാനും പാടുകയുള്ളൂ. കുത്തിവെയ്പ് നടത്തിയ നായകൾക്ക് മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം. നമ്മുടെ പഞ്ചായത്തിൽ ആകെ 115 നായകൾക്കാണ് കുത്തിവെയ്പ് നടത്തിയിട്ടുള്ളത്.

## പഞ്ചായത്തിലെ വളർത്തുമൃഗ സംഖ്യ

(അവലംബം മൃഗസംരക്ഷണവകുപ്പ്)

| | | |
|---|---|---|
| കാള നാടൻ | - | 22 |
| സങ്കരഇനം കാളവംശ വർദ്ധനവിനുള്ളത് | - | 1 |
| നാടൻപശു കറവ ഉള്ളത് | - | 70 |
| നാടൻ പശു കറവ ഇല്ലാത്തത് | - | 35 |
| സങ്കര ഇനം പശു കറവ ഉള്ളത് | - | 400 |
| സങ്കര ഇനം കറവ ഇല്ലാത്തത് | - | 150 |
| എരുമ കറവ ഉള്ളത് | - | 25 |
| എരുമ കറവ ഇല്ലാത്തത് | - | 5 |
| മറ്റുപക്ഷികൾ | - | 200 |
| പോത്ത് | - | 10 |
| ആട് | - | 2450 |
| പൂവ്വൻകോഴി | - | 1108 |
| മുട്ട ഇടുന്നത് | - | 5214 |
| മുട്ട ഇടാത്തത് | - | 4350 |
| ആൺ താറാവ് | - | 40 |
| പെൺ താറാവ് | - | 110 |

# രോഗവിവരങ്ങൾ

(അവലംബം മൃഗസംരക്ഷണ വകുപ്പ് കണക്ക്)

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 320 | 30 | 1100 | --- | 310 | 2450 | 80 | 10 | --- | 100 |
| 2. | ശ്വാസകോശ സംബന്ധം | 170 | 10 | 555 | --- | 110 | 875 | 10 | 2 | --- | 30 |
| 3. | ഉപാപചയ സംബന്ധം | 240 | 15 | 520 | --- | 20 | 170 | 5 | --- | --- | 10 |
| 4. | ത്വക്ക്രോഗങ്ങൾ | 410 | 10 | 250 | --- | 150 | 50 | --- | 2 | --- | 10 |
| 5. | ധാതുലവണങ്ങളുടെ അഭാവം | 320 | 12 | 235 | -- | 122 | 375 | --- | --- | --- | 8 |
| 6. | പരാദരോഗങ്ങൾ | 455 | 18 | 562 | --- | 232 | 634 | 22 | 10 | --- | 45 |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 525 | 30 | 354 | --- | 71 | --- | --- | --- | --- | --- |
| 8. | വന്ധ്യത | 470 | 25 | 284 | --- | 25 | --- | --- | --- | --- | --- |
| 9. | അകിടുവീക്കം | 280 | 12 | 65 | --- | --- | --- | --- | --- | --- | --- |
| 10. | മുടന്തൻ പനി | 185 | 18 | --- | --- | --- | --- | --- | --- | --- | --- |
| 11. | പകർച്ചവ്യാധികൾ | 48 | --- | --- | --- | --- | --- | --- | --- | --- | --- |

# കൃത്രിമബീജസങ്കലന വിവരങ്ങൾ

(അവലംബം മൃഗസംരക്ഷണ വകുപ്പ് കണക്ക്)

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ൽ അധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 546 | 418 | 180 |
| കിടാരി | 219 | 144 | 67 |
| എരുമ | 30 | 17 | 4 |

## മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്ത് ഏകദേശം ഒരു ഇടനാട് ആയതിനാൽ മത്സ്യബന്ധനത്തിനുള്ള സാധ്യതയുണ്ട്. പഞ്ചായത്തിൻെറ വടക്കുഭാഗത്ത് 8, 9 വാർഡുകളിൽ പുഞ്ച കായൽ ഉള്ളഭാഗത്ത് ആധുനിക രീതിയിൽ മത്സ്യ വളർത്തൽ സാദ്ധ്യമാണ്. മുൻകാലങ്ങളിൽ ഉള്ള മത്സ്യങ്ങളെ വർഷാരംഭത്തിന് മുമ്പ് പിടിക്കുകയും ഉടനെ വില്ക്കുകയും ആണ് പതിവ്. മത്സ്യബന്ധനം മാത്രം തൊഴിലാക്കിയ തൊഴിലാളികളും കുറവാണ്.

മത്സ്യകൃഷി പഞ്ചായത്തിന് നല്ലൊരു വരുമാനമാക്കി തീർക്കാവുന്നതാണ്. മേൽ എഴുതിയ കോൾ നിലങ്ങളിൽ നെറ്റുകളടിച്ച് വേർത്തിരിച്ച് പുതിയ ഇനം മത്സ്യങ്ങളായ കറ്റ്ള, രോഹിത, മൃഗല, വിദേശ കാർപ്പുകൾ വെള്ളമീൻ മുതലായവ വളർത്താവുന്നതാണ്. കൂടാതെ കൊഞ്ച്, ആമ, തവള, കാർപ്പ് മുതലായ നാടൻ ജല സമ്പത്തുക്കളെ വളർത്തി വിപണനം നടത്താവുന്നതാണ്.

നമ്മുടെ നാട്ടിൻപുറങ്ങളിലെ പറമ്പുകളിൽ കാണുന്ന കുളങ്ങളിൽ നാടൻ മത്സ്യങ്ങളായ പരാൽ, മുഷി, കാരി, കല്ലുത്തി, പരൽ എന്നി മത്സ്യങ്ങളേയും കക്ക, മുത്ത് എന്നിവയും വലിയ ചിലവുകൂടാതെ വളർത്താവുന്നതാണ്. രോഗനിവാരണവും തീറ്റുൽപാദനവും ഉണ്ടാക്കാവുന്ന മാർഗ്ഗങ്ങൾ ഗ്രാമീണ ജനതയ്ക്ക് പഠിപ്പിച്ചു കെടുക്കേണ്ടിയിരിയ്ക്കുന്നു. മൊത്തത്തിൽ മത്സ്യവിപണനം രോഗപ്രതിരോധം, സാമ്പത്തിക സഹായം എന്നിവയ്ക്കുള്ള വിദഗ്ധ ഉപദേശം എല്ലാം കൂടിയുള്ള ഒരു ആപ്പീസ് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

സാമ്പത്തിക പുരോഗതി ഉണ്ടാക്കുന്ന രണ്ട് മേഖലകളാണ് മത്സ്യവ്യവസായ മേഖലയും മത്സ്യ കാർഷിക മേഖലയും. ആഭ്യന്തരവിപണിയിലും വിദേശ വിപണിയിലും മത്സ്യങ്ങൾ കേടുകൂടാതെ വിറ്റഴിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനം ഇതുമായി ബന്ധപ്പെട്ടവർക്ക് നേടികൊടുക്കേണ്ടിയിരിയ്ക്കുന്നു. മത്സ്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കാനുള്ള സാങ്കേതിക വിജ്ഞാനവും ഉപഭോക്താവിന് ന്യായമായ വിലക്ക് മത്സ്യം ലഭിക്കുന്നതിനും മത്സ്യസംഭരണവും വിപണനവും കൂടുതൽ നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ മത്സ്യബന്ധനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല. വിപണന സൗകര്യങ്ങൾ മത്സ്യഗതാഗതം എന്നിവ നിയന്ത്രിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിലാണെങ്കിൽ മത്സ്യം വളർത്തലോ മത്സ്യബന്ധനമോ വിപണനമോ ഇല്ല. മത്സ്യം വളർത്താൻ പറ്റുന്ന പൊതു കുളങ്ങൾ പഞ്ചായത്തിലുണ്ട്. പൊതുകുളങ്ങളിലും, സ്വകാര്യകുളങ്ങളിലും മത്സ്യം വളർത്തുന്നതിനുള്ള സാധ്യതകൾ ധാരാളം ഉണ്ട്.

## നടപ്പുപദ്ധതികൾ

ശുദ്ധജലമത്സ്യകൃഷി വികസിപ്പിക്കുന്നതിനുവേണ്ടി ഉൾനാടൻ മത്സ്യകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഹെക്ടർ ഒന്നിന് 4000 രൂപ വരെയും കുളങ്ങളുടെ അറ്റകുറ്റപ്പണികൾക്കായും പുതുക്കുന്നതിനായും ഹെക്ടറിന് 6000 രൂപ തോതിൽ ബാങ്ക്വായ്പയും ഇതിൽ 25% സബ്സിഡിയും നൽകി വരുന്നുണ്ട്.

ഏജൻസിയിൽ അംഗങ്ങളായ മത്സ്യകർഷകർക്കും അവർ സ്പോൺസർ ചെയ്യുന്നവർക്ക് മത്സ്യ കൃഷിയിൽ പരിശീലനവും പ്രതിദിനം 25 രൂപ സ്റ്റൈപൻറും നൽകിവരുന്നുണ്ട്. നല്ലയിനം കുഞ്ഞുങ്ങളും ആവശ്യമായ സാങ്കേതിക ഉപദേശവും നൽകിവരുന്നുണ്ട്. ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ സമീപിക്കണം.

കോൾനിലപ്രദേശത്തും അതുപോലുള്ള മറ്റുപ്രദേശങ്ങളിലും ശുദ്ധജല കൊഞ്ച്കൃഷി നടത്തുന്നതിനുള്ള പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മത്സ്യകൃഷിയെ സംബന്ധിച്ച ബോധവത്കരണം നടത്തേണ്ടത് ആവശ്യമാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ മൃഗാശുപത്രി ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും പഞ്ചായത്തിൻെറ അറ്റത്തു കിടക്കുന്ന വാർഡുകളിൽ ലഭ്യമാക്കണം.

ആട്, പശു എന്നിവയെ വളർത്താൻ തയ്യാറുള്ള കുടുബങ്ങൾക്ക് ബാങ്ക്വായ്പ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

ഓരോ വാർഡിലും ഒരു ഇറച്ചിക്കോഴി കേന്ദ്രം തുറക്കണം. കോഴി വളർത്തുവാൻ താൽപര്യമുള്ളവർക്കായി മുന്നോട്ട് വരുന്നവർക്ക് നല്ലയിനം കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

ക്ഷീരസഹകരണ സംഘങ്ങൾ ഇനിയും സ്ഥാപിക്കുകയും അവ മുഖാന്തിരം കന്നുകാലിത്തീറ്റ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കണം.

നിലവിലുള്ള ക്ഷീരസഹകരണസംഘത്തിൻെറ പ്രവർത്തന പരിധികൂട്ടേണ്ടതുണ്ട്. അതിനുവേണ്ടി ക്ഷീരസഹകരണസംഘത്തിൻെറ പ്രവർത്തനം ചിറ്റഞ്ഞൂരിൽ ഒതുക്കാതെ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. അതിനുവേണ്ടി അതിൽ കൂടുതൽ അംഗങ്ങളെ ചേർക്കേണ്ടതാണ്. കന്നുകാലികൾക്ക് തീറ്റക്ക് ആവശ്യമായ തീറ്റപുൽകൃഷി നടത്തുന്നതിന് ധന സഹായവും അതിനു വേണ്ടി ആത്മാർത്ഥമായ ശ്രദ്ധയും ചെലുത്തണം. കാലിത്തീറ്റ വില കുറച്ചുകിട്ടുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. 8-ാം വാർഡിൽ ഉള്ള കോൾ നിലങ്ങളിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ ഇവിടുത്തെ പ്രദേശക്കാർ തയ്യാറായി വന്നിട്ടുണ്ട്.

പഞ്ചായത്തിൻെറ ഏറ്റവും വലിയ കുളമായ ചാട്ടുകുളത്തിന് ഏകദേശം $4^1/_2$ ഏക്കരയോളം വിസ്തീർണ്ണം ഉണ്ട്. ശാസ്ത്രീയമായ മത്സ്യകൃഷിക്ക് ഉപയുക്തമായ ഈ കുളം ഫലപ്രദമായി മത്സ്യകൃഷി നടത്തേണ്ടതാണ്.

# വ്യവസായം

ചരിത്രപശ്ചാത്തലം : - കൃഷി ഒരു തൊഴിൽ എന്നതിലുപരി ജീവിതചര്യതന്നെയായിരുന്നു. ആദ്യകാലങ്ങളിൽ ഈ മേഖലയിൽ മനുഷ്യരുടെ ആവശ്യങ്ങൾ പരിമിതവും ഗ്രാമങ്ങൾ സ്വയം പര്യാപ്തങ്ങളുമായിരുന്നു. ഭക്ഷ്യാവശ്യത്തിനുള്ള എല്ലാവവിളകളും ഗ്രാമത്തിൽ വളർത്തിയെടുത്തിരുന്നു. പാർപ്പിടവും, വസ്ത്രവുമായിരുന്നു ജനങ്ങളുടെ മറ്റാവശ്യങ്ങൾ. വസ്ത്രധാരണം ലളിതവും കാലാവസ്ഥക്കനുസരിച്ചുള്ളതുമായിരുന്നു. ജാതിവ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് തൊഴിലുമായി ബന്ധപ്പെട്ട ജാതികൾ ഉണ്ടായി .വ്യവസായം എന്ന വാക്കിന് ഗ്രാമീണതലത്തിൽ പ്രസക്തി പോലുമില്ലാതിരുന്ന അക്കാലത്ത് ഇരുമ്പുപണി,മരപ്പണി, മൺപ്പാത്ര ഓട്ടുപാത്ര നിർമ്മാണം,കൊട്ട- മുറം പനമ്പ് നെയ്ത്ത്, കൽപണി. മരചക്കുപയോഗിച്ചുള്ള എണ്ണയാട്ട് വസ്ത്രനെയ്ത്ത്, ക്ഷൗരം മുതലായവ തൊഴിലുകൾ നിലവിലുണ്ടായിരുന്നു. കൃഷിക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിച്ചിരുന്നത് ഇരുമ്പ്-മരപ്പണിക്കാരാണ്.

ഇംഗ്ലണ്ടിലെ വ്യവസായിക വിപ്ലവത്തിൻെറ തുടർച്ചയായി ഇന്ത്യയിലും പല മാറ്റങ്ങളും വരികയുണ്ടായി. ഇംഗ്ലണ്ടിലുണ്ടാക്കുന്ന പല വസ്തുക്കൾക്കുമുള്ള വിപണിയാക്കി ഇന്ത്യയെ മാറ്റിയതോടുകൂടി ഗ്രാമീണ മേഖലയിലും പല മാറ്റങ്ങൾ വന്ന് തുടങ്ങി. പട്ടണങ്ങളിൽ വൈദ്യുതിയുടേയും മോട്ടോർ വാഹനങ്ങളുടേയും വരവ് പല മാറ്റങ്ങൾക്കും വഴിയൊരുക്കി. പട്ടണങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ വളർന്നുവന്നതോടുകൂടി ഗ്രാമീണചന്തകളുടെ പ്രസക്തി കുറഞ്ഞുകുറഞ്ഞു വന്നു.മിൽ തുണികളുടെ വരവോടുകൂടി നെയ്ത്തുകേന്ദ്രങ്ങൾ വിഷമത്തിലായി. ചുരുക്കത്തിൽ ഗ്രാമീണരുടെ ആവശ്യങ്ങൾ കൂടിവന്നു. അഥവാ അതിനുള്ള സാഹചര്യങ്ങൾ നിലവിൽവന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വ്യവസായത്തിന് കാര്യമായ ഊന്നൽ കൊടുക്കുക വഴി ആഭ്യന്തരമായി ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ ഗ്രാമങ്ങളിലും സുലഭമായി ലഭിച്ചു തുടങ്ങി. സാർവ്വത്രികമായ വിദ്യാഭ്യാസവും മറ്റും ഉപഭോഗസംസ്ക്കാരത്തെ ഉയർത്തിയെന്നു പറയുതതിൽ തെറ്റില്ല. ജീവിത നിലവാരത്തിൻെറ ഉയർച്ചയും, ഉൽപ്പന്ന നിർമ്മാതാക്കളുടെ മാർക്കിറ്റിംഗ് തന്ത്രങ്ങളും കൂടുതൽ വസ്തുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

## പഞ്ചായത്തിലെ ഇന്നത്തെ വ്യവസായ നില

ഈ പഞ്ചായത്ത് മേഖലയിൽ വൻകിട, ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെ നിലവിൽ ഇല്ല. ചെറുകിട വ്യവസായങ്ങൾതന്നെ പരിമിതമാണ്. ലഭ്യമായ കണക്കനുസരിച്ച് 67 ചെറുകിട യൂണിറ്റുകളാണ് ഉള്ളത്. എല്ലാം സ്വകാര്യമേഖലയിലാണ്. ഇവയിൽ ധാന്യം പൊടിക്കുന്നതും നെല്ല് കുത്തുന്നതുമായ മില്ലുകളും ഉൾപ്പെടുന്നു. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ മൺപാത്ര നിർമ്മാണം, മുള ഉപയോഗിച്ചുള്ളകുട്ട പനമ്പ് മുതലായവയുടെ നിർമ്മാണം, പായ്നെയ്ത്ത്, മുതലായവ ഉൾപ്പെടുന്നു. ഇതെല്ലാം ഇപ്പോൾ പരിമിതമായ തോതിലേ നടക്കുന്നുള്ളൂ. കൈത്തറി യൂണിറ്റുകൾ പഞ്ചായത്തിൽ ദുർല്ലഭമായി അവശേഷിക്കുന്നു.

കൂലിക്ക് നെല്ല് കുത്തിക്കൊടുക്കുകയും ധാന്യങ്ങൾ പൊടിച്ചുകൊടുക്കുകയം ചെയ്യുന്ന ഏതാണ്ട് 15 യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. ചെറിയ എക്സപെല്ലർ ഉപയോഗിച്ച് കൂലിക്ക് കൊപ്രയാട്ടുന്ന മൂന്നു സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഖാദി-ഗ്രാമ വ്യവസായങ്ങളുടെ വിഭാഗത്തിൽപ്പെടുന്ന ഒരു എണ്ണയാട്ടുമിൽ ചെറിയ തോതിൽ പ്രവർത്തിക്കുന്നുണ്ട്. ഖാദിഗ്രാമ-ബോർഡിൻെറ കീഴിലുള്ള മറ്റു യൂണിറ്റുകൾ ഒന്നും നിലവിലില്ല.

ഭക്ഷ്യാധിഷ്ടിത വ്യവസായത്തിൽ പ്രധാനമായും ആറോളം ബേക്കറി ഉൽപന്ന നിർമ്മാതക്കളാണ് ഉള്ളത്. അവർ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ അവർതന്നെ പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും വിറ്റഴിക്കുന്നു. ബ്രഡ്, ബൺ, റസ്ക്ക് ചിലയിനം ബിസ്ക്കറ്റുകൾ, കേക്ക്, എന്നിവ ഇവർ നിർമ്മിക്കുന്നു. ബ്രഡിൽ പേര് പ്രിൻറ് ചെയ്ത് പോളത്തീൻ കവറുകളിലാക്കി മാർക്കറ്റ് ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കൂടാതെ ചക്ക, കായ മുതലായവ വറുത്ത് ചെറുകിട കച്ചവടക്കാർക്ക് സപ്ലൈ ചെയ്യുന്നവരുമുണ്ട്. പപ്പടം നിർമ്മിക്കുന്ന അനേകം യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്. അവർ ഉല്പന്നങ്ങളുടെ ഒരു ഭാഗം ചെറുകിട കച്ചവടക്കാർക്ക് കൈമാറുകയും ചെയ്യുന്നു. കേരളത്തിൽ ബ്രാണ്ട് പേരിൽ പപ്പടം മാർക്കറ്റ് ചെയ്യുന്ന ഒരു ചെറുകിട കമ്പനിക്കുവേണ്ടി പപ്പടം നിർമ്മിച്ചുകൊടുക്കുന്ന ഒരു ചെറു യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിന് തൊട്ടുകിടക്കുന്ന കുന്ദംകുളം മുനിസിപ്പൽ മേഖല അച്ചടിക്കും നോട്ട്ബുക്ക് നിർമ്മാണത്തിനും പേരുകേട്ടസ്ഥലമാണ്. കേരളത്തിൻെറ ശിവകാശി എന്നു വിശേഷിപ്പിക്കാവുന്ന കുന്ദംകുളത്ത് വേരുറപ്പിച്ചിട്ടുള്ള നോട്ട്ബുക്ക് നിർമ്മാണം പഞ്ചായത്തിലേക്കും വ്യാപിച്ചിട്ടുണ്ട്. ഏകദേശം 20 ബൈൻഡിംങ് യൂണിറ്റുകൾ ഇവിടെ ഉണ്ട് എന്നാണറിവ്. വളരെയധികം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണിത്. തൊഴിലാളികൾ വീട്ടിൽ വെച്ച് പുസ്തകം തുന്നി

കെട്ടിക്കൊടുക്കുകയാണ് സാധാരണ രീതി. അതായത് ഔട്ട് വർക്കർ ഉല്പാദന സമ്പ്രദായം തന്നെ. ഈ മേഖലയിൽ സ്ത്രീതൊഴിലാളികളാണ് കൂടുതലും ജോലിചെയ്യുന്നത്.

പഞ്ചായത്തിൽ ഏതാണ്ട് മൂന്ന് പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ ഉണ്ട്. അതിൽ രണ്ടെണ്ണം വൈദ്യുതി ഉപയോഗിച്ച് പ്രവൃത്തിക്കുന്നതാണ്. സിന്തറ്റിക് പേൾ കോട്ടിങ്ങ് ഉള്ള മാലകൾ, മറ്റു ചെറിയ ചെറിയ ഫാൻസി ഘടകങ്ങൾ എന്നിവയാണ് ഇവിടെ നിർമ്മിക്കുന്നത്. കേരളത്തിന് പുറത്ത് വളരെക്കാലം പ്ലാസ്റ്റിക്വ്യവസായ യൂണിറ്റിൽ ജോലി ചെയ്ത് പരിചയ സമ്പന്നനായ ഒരു വ്യക്തിയാണ് ഇതിൻെറ പിന്നിൽ എന്നറിയുന്നു. പൈപ്പ് ബെൻഡുകൾ, ഫൈബർ റീ ഇൻഫോഴ്സ്ഡ് മോൾഡഡ് പ്ലാസ്റ്റിക് ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളാണ് പിന്നീടുള്ളവ.

ഇരുമ്പു ഗേറ്റുകൾ, ഗ്രില്ലുകൾ, ജനലുകൾ മുതലായവ നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഓർഡർ അനുസരിച്ചുള്ള സാധനങ്ങളാണ് ഇവർ നിർമ്മിച്ചുകൊടുക്കുന്നത്. പരമ്പരാഗതമായി ഇരുമ്പു പണിചെയ്യുന്നവർ ഇന്നും ഈ പഞ്ചായത്തിലുണ്ട് എൻജിനീയറിംഗ് മേഖലയിൽ കാര്യമായി ഓട്ടോമോബൈൽ വർക്കുഷോപ്പുകൾ മാത്രമേ ഉള്ളു.

## മര ഈർച്ച മില്ലുകൾ, മരത്തടി വ്യവസായ യൂണിറ്റുകൾ

4 തടി ഈർച്ചമില്ലുകളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നത്. മര ഉരുപ്പിടികൾ ഉപയോഗിച്ച് കട്ടിള, ജനൽ, എന്നിവയുടെ ഫ്രെയിം, അവയുടെ വാതിലുകൾ എന്നിവ നിർമ്മിക്കുന്ന രണ്ട് യന്ത്രവത്കൃത യൂണിറ്റുകൾ ഇവിടെയുണ്ട്. മരഫർണീച്ചർ നിർമ്മാണം കുറവാണ്. പ്രാദേശികമായ നിർമ്മാണാവശ്യങ്ങൾ നിർവ്വഹിക്കുക എന്നതാണ് ഈ യൂണിറ്റുകളുടെ ലക്ഷ്യം. പരമ്പാരഗതമായി മരപ്പണിചെയ്യുന്നവരും ഉയർന്ന കൂലിനിരക്കും, തൊഴിൽ സാധ്യതകളും മൂലം ഈ രംഗത്തേക്ക് ആകർഷിക്കപ്പെട്ട പലരും ഈ മേഖലയിൽ ഉണ്ട്.

പ്ലാസ്റ്റിക് ഒഴികെയുള്ള രാസാധിഷ്ഠിത വ്യവസായങ്ങൾ ഇല്ലെന്നു തന്നെ പറയാം. ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. കക്കയിൽ നിന്നും ചുണ്ണാമ്പ് ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് ഏതാനു വർഷങ്ങൾക്കുമുമ്പ് പ്രവർത്തനം അവസാനിപ്പിച്ചു. വെട്ടുകല്ലിൻേറയും ഇഷ്ടികയുടെ ലഭ്യതകുറവും വിലകൂടുതലും മൂലം രംഗപ്രവേശം ചെയ്ത ഹോളോ കോൺക്രീറ്റ് ഇഷ്ടിക നിർമ്മിക്കുന്ന രണ്ട് യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. കോൺക്രീറ്റ് ഉപയോഗിച്ച് കട്ടിള, ജനല, ഫ്രെയിമുകൾ നിർമ്മിക്കുന്ന മറ്റൊരു യൂണിറ്റും പ്രവർത്തനക്ഷമമാണ്.

ഇലക്ട്രിക്കൽ, ഇലക്ട്രോണിക് മേഖലയിൽ ചെറിയ ഘടകങ്ങളില്ല എന്നുതന്നെ പറയാം. ഒരു ഇലക്ട്രോണിക് മാത്രമാണ് നിലവിൽ വന്നിട്ടുള്ളത്.

കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ എണ്ണം വിരളമാണ്. തെങ്ങിൽ നിന്നും ഉല്പാദിപ്പിക്കുന്ന തേങ്ങ ഉപയോഗിച്ച് കൊപ്രയുണ്ടാക്കി പഞ്ചായത്തിന് പുറത്തുള്ള മില്ലുകൾക്ക് വില്ക്കുന്ന രീതിയാണ് ചെറുകിട സംരംഭകർ ചെയ്യുന്നത്. പഞ്ചായത്തിൽ നിലവിലുള്ള നാലോളം ചെറിയ എക്സ്പെല്ലറുകൾ ( എണ്ണയാട്ടു യന്ത്രങ്ങൾ) കൂലിക്ക് കൊപ്രയാട്ടുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു എന്നു മാത്രം. തെങ്ങോല മെടഞ്ഞ് വില്ക്കുന്ന സ്ത്രീകളുടെ ഒരു സംഘം ഇപ്പോൾ നിലവിലുണ്ട്. തെങ്ങിൻ തടി പ്രധാനമായും പുരപ്പണിക്കാണ് ഉപയോഗിച്ചുവരുന്നത്.

പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കവുങ്ങു കൃഷി വ്യാപകമായി ഉണ്ടെങ്കിലും അടയ്ക്ക സംസ്ക്കരിച്ച് വിപണനംചചെയ്യാനുള്ള ഒരു ശ്രമവും ഉണ്ടായിട്ടില്ല.

പഞ്ചായത്തിലുള്ള മറ്റു കാർഷിക വിഭവങ്ങൾ ഒന്നും തന്നെ മൂലവർദ്ധനവ് വരുത്തി വിപണനം ചെയ്യപ്പെടുന്നില്ല. ചക്ക മാത്രം വളരെ ചെറിയതോതിൽ ചുളയെടുത്ത് വറുത്ത് വില്പന നടത്തുന്നുണ്ട് എന്നുമാത്രം. മാങ്ങ ഇടത്തട്ടുക്കാർ ശേഖരിച്ച് സംസ്ഥാനത്തിന് പുറത്തേക്ക് അയക്കുന്നു. അച്ചാർ നിർമ്മാണം, കറിപൊടികളുടെ നിർമ്മാണം എന്നിവ തീരെയില്ല. എന്നുതന്നെ പറയാം.

വസ്ത്രനിർമ്മാണയൂണിറ്റുകൾ വളരെ ചെറിയ തോതിൽ പ്രവർത്തിക്കുന്നുണ്ട്. പലതും തുടങ്ങി പിന്നീട് ഉപേക്ഷിക്കേണ്ട സ്ഥിവിശേഷം ഉണ്ടായി. പഞ്ചായത്തിൽ മൊത്തം കാര്യമായി ഉപയോഗിക്കപ്പെടാതെ കിടക്കുന്ന തയ്യൽ മെഷിനുകളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്താനാവില്ല.

**Industrywise Classification of SSI units as on 31-3-93**

| Agro based | Forest Based | Animal Husbandary | Textiles | Chemicals | Engineering | Electronics | Minerals | Building Meterials | Others |
|---|---|---|---|---|---|---|---|---|---|
| 2 | 1 | 1 | 1 | ----- | 3 | 1 | 1 | 1 | 20 |

**Details of SSI Units**

| Units run by SC | Run by ST | Run by Women | Run by Others |
|---|---|---|---|
| 1 | ----- | 8 | ---- |

എങ്ങിനെയായാലും ഈ രംഗത്തെ ഇന്നത്തെ സ്ഥിതി ശോഭനമല്ല.

കൊതുകുവലകൾ, കുട്ടികൾക്കുള്ള ചെറിയ കൊതുകുവലകൾ, ചന്ദനത്തിരി എന്നിവയുടെ യൂണിറ്റുകളും, ഒരു ബാങ്കിൾ (വള) കട്ടിങ്ങ് യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ വ്യവസായങ്ങളുടെ എണ്ണം ആശാവഹമായ രീതിയിൽ കൂടുന്നില്ല എന്നു മാത്രമല്ല ഉള്ളവതന്നെ പല പ്രതിസന്ധികളെയും നേരിടുകയാണ്.

വ്യവസായങ്ങൾ തന്നെ വളരെ കുറവായതിനാൽ ആ മേഖലയിലുള്ള തൊഴിലാളികളും കുറവാണ്. ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത് ബുക്ക് ബൈണ്ടിങ്ങ് വ്യവസായത്തിലാണ്. അവരുടെ കൂലി നിരക്ക് വളരെ കുറവാണ്. പുസ്തകം വീട്ടിൽ വച്ച് തന്നെ തുന്നി തയ്യാറാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. ബൈണ്ടിങ്ങ് സ്ഥാപനങ്ങൾക്ക് 1000 രൂപ മുതൽ 1500 രൂപ വരെയും. സ്ത്രീകൾക്ക് 800 രൂപ മുതൽ 1250 രൂപ വരെയും വിദഗ്ദ്ധ തൊഴിലാളികളാണെങ്കിൽ ശമ്പളം. നിത്യ തൊഴിലാളികൾക്ക് ദിവസം 16 മുതൽ 25 രൂപ വരെയാണ് കൂലി. സ്ത്രീകളാണ് ഈ തൊഴിൽ മേഖലയിൽ മുന്നിൽ. കെട്ടിട നിർമ്മാണ - കാർഷിക മേഖലകളിലാണ് മെച്ചപ്പെട്ട കൂലി നിരക്ക് നിലവിലുള്ളത്. കാർഷിക മേഖലയിൽ തൊഴിലാളി ക്ഷാമമുണ്ട്. ബീഡി തെറുക്കുന്ന തൊഴിലിൽ വലിയൊരു വിഭാഗം സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ട്. വട്ടക്കണ്ണി, കുറ്റി, കുളത്ത് മുതലായവയുടെ നിർമ്മാണത്തിലും വളരെ തൊഴിലാളികൾ ഉണ്ട്. ബീഡി തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്.

**Industrial Classification of Main workers - 1991**

| Construction | | | Trade & Commerce | | | TSC | | | Others | | | Non Workers | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| M | F | T | F | T | T | M | F | T | M | F | Tot | M | F | T |
| 175 | 15 | 190 | 735 | 38 | 777 | 390 | 18 | 408 | 474 | 368 | 842 | 4287 | 7470 | 11,757 |

**Beneficiaires under IRDP 93 - 94**

| Other than self employment programme | | | | | Under Self empolyment programme | | | | |
|---|---|---|---|---|---|---|---|---|---|
| SC | ST | Women | Others | Total | SC | ST | Women | Others | Total |
| 19 | ----- | ---- | 21 | 40 | 2 | ---- | 2 | 2 | ----- |

## പ്രശ്നങ്ങൾ, പരിഹാരങ്ങൾ, സാദ്ധ്യതകൾ

## പൊതു പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വ്യവസായ വളർച്ച കുറവാണ് എന്നല്ല, വ്യവസായം തുടങ്ങാൻ തന്നെ കാര്യമായി ആരും മുന്നോട്ടു വരുന്നില്ല എന്നതാണ് പ്രശ്നം. വ്യവസായം തുടങ്ങുന്നതിന് വിഘാതമായ പ്രധാന പ്രശ്നങ്ങൾ ഇവിടെ ഒരു വ്യവസായിക സംസ്കാരം വളർന്നു വന്നിട്ടില്ല എന്നതാണ്.

2. വ്യവസായത്തിൽ മുതൽ മുടക്കാൻ തയ്യാറുള്ള അപൂർവ്വം ചിലർക്ക് പഞ്ചായത്ത് മേഖല സ്വീകാര്യമല്ലാതിരിക്കുക.

3. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ച് ഉയർന്ന പലിശ വാങ്ങുന്നതാണ് അപകടസാദ്ധ്യത കുറവ് എന്ന തോന്നൽ.

4. തൊഴിൽ പ്രശ്നങ്ങളെക്കുറിച്ചുള്ള ഭയം, വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ട ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണമനോഭാവം.

5. ആവശ്യത്തിന് വൈദ്യുതി ലഭ്യമല്ലാതിരിക്കൽ.

6. വേണ്ടത്ര വായ്പ നൽകാൻ ബാങ്കുകൾക്കുള്ള വൈമുഖ്യം

8. റിസ്ക് എടുക്കാനുള്ള വൈമുഖ്യം. സർക്കാർ ജോലിയോടുള്ള ആഭിമുഖ്യം.

9. ഉൽപാദനചിലവ് കൂടുവാൻ ഉള്ള സാഹചര്യം.

10. ആർത്താറ്റിന് തൊട്ടുകിടക്കുന്ന കുന്നംകുളം ഒരു വാണിജ്യ - വ്യവസായ മേഖലയായി വികസിച്ചതു കൊണ്ട് അവിടേക്ക് കൂടുതൽ പേർ ആകർഷിക്കപ്പെടുന്നു.

മേൽപറഞ്ഞ പ്രശ്നങ്ങളെ ഒന്നുകൂടി വിശദമായി പരിശോധിക്കാം. വ്യവസായ സംരഭകന് ആവശ്യമായ ആദ്യ ഘടകം ആത്മ ധൈര്യമാണ്. ഇവിടെ ഒരു വ്യവസായിക സംസ്കാരം ഇല്ലാത്തതുകൊണ്ട് പുതുതായി എന്തെങ്കിലും തുടങ്ങുന്ന വരെ തികച്ചും നിരത്സാഹപ്പെടുത്തുന്നൊരു സാമൂഹ്യ പ്രവണത നിലനിൽക്കുന്നുണ്ട്. വ്യവസായമോ ! അതൊന്നും ഇവിടെ നടപ്പില്ല എന്ന നയം.

വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയ ഏതാണ്ട് 95% പേരും ഉല്പാദന പരമായി വ്യവസായങ്ങളിൽ പണം മുടക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് അജ്ഞരാണ്. അഥവ അത്തരത്തിൽ ശേഷിയുള്ളവർ പഞ്ചായത്തിന് പുറമെയാണ് വ്യവസായ മുതൽ മുടക്ക് നടത്താൻ ഉദ്ദേശിക്കുന്നത്. മെച്ചമായ ഗതാഗത സൗകര്യങ്ങൾ, മാർക്കറ്റിങ്ങിനു ഉള്ള സൗകര്യം അസംസ്കൃത വസ്തുക്കളുടെ ലഭ്യത എന്നീ ഘടങ്ങളായിരിക്കും മുഖ്യ ആകർഷക ഘടകങ്ങൾ.

ബ്ലേഡ് കമ്പനികൾ എന്നറിയപ്പെടുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചു പൊങ്ങുന്ന പ്രദേശമാണ് കുന്ദംകുളം. ആർത്താറ്റ് പഞ്ചായത്ത് പ്രദേശത്തും ഇത്തരം അനേകം സംരംഭങ്ങൾ ഉണ്ട് വലിയ വിഭാഗം യുവജനങ്ങൾ ഇത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ബ്ലേഡ് സംസ്കാരം വ്യവസായിക സംസ്കാരത്തിന് തടയിടുന്നു. കൂടുതൽ പേരും നഷ്ട സാദ്ധ്യത കുറഞ്ഞീ രംഗത്തേക്ക് ആകർഷിക്കപ്പെടുന്നു.

മുതൽ മുടക്കുന്നവന് ഇഷ്ടമുള്ള തൊഴിലാളികളെ ഏതു തൊഴിലിനും ഏർപ്പെടുത്തുവാനുള്ള അവകാശം ഉണ്ട്. ഇതിന് വിഘാതമായി നിൽക്കുന്ന ചില ഘടകങ്ങൾ ഇല്ലാതില്ല.

വൈദ്യുതിയുടെ ലഭ്യത വ്യവസായവൽക്കരണത്തിന് തടസ്സമായിക്കൊണ്ടിരിക്കുകയാണ്. ഓരോ വ്യവസായത്തിനാവശ്യമായ നിശ്ചിത യൂണിറ്റ് വൈദ്യുതി ബോർഡിന് നൽകാൻ കഴിയുന്നില്ല. ഉള്ള വൈദ്യുതി വേണ്ടത്ര വോൾട്ടതയിലുമല്ല. തുടർച്ചയായി വൈദ്യുതി ആവശ്യമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വൈദ്യുതി ലഭ്യത തടസ്സമാണ്. ഇത് കേരളത്തിൻെറ മുഴുവൻ പ്രശ്നമായതുകൊണ്ട് ഇതിനെക്കുറിച്ച് കൂടുതൽ വിശദീകരണം ഇവിടെ ചേർക്കുന്നില്ല.

ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് സർക്കാർ പലവിധത്തിലുള്ള സഹായങ്ങളും ചെയ്തുവരുന്നുണ്ട്. വ്യവസായ വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രധാനയൊരു ഘടകം സാമ്പത്തിക പരാധീനതകളാണ്. വ്യവസായം തുടങ്ങാൻ താല്പര്യവും കഴിവുള്ളവർക്ക് വേണ്ടത്ര മുതൽ മുടക്കാനുള്ള ശേഷി ഉണ്ടാവണമെന്നില്ല. സംസ്ഥാനത്തെ നിക്ഷേപ വായ്പാ അനുപാദം 40 ശതമാനത്തിൽ താഴെയാണെന്നാണ് കണക്ക്. പഞ്ചായത്തിൻെറ കാര്യം മാത്രമെടുക്കകയാണെങ്കിൽ ഇത് 4% എങ്കിലും ഉണ്ടാകുമോ എന്ന് സംശയമാണ്. ഇതിനെക്കുറിച്ചം വ്യക്തമായയൊരു പഠനം നടത്തേടതുണ്ട്. വ്യവസായത്തിന് ആവശ്യമായ തുകക്കാവശ്യമായ സമയത്ത് ലഭ്യമാവുക എന്നതാണ് പ്രധാനം. പ്രവർത്തനമൂലധനത്തിൻെറ അപര്യാപ്തതയാണ് ഏറ്റഴും വലിയ മറ്റൊരു പ്രശ്നം.

ഉൽപാദനച്ചിലവ് നമ്മുടെ നാട്ടിൽ പൊതുവെ കൂടുതലാണ്. ഗതാഗതം, കൂലിനിരക്കിലുള്ള വർദ്ധന എന്നിവ ഉൽപാദന ചിലവ് കൂട്ടും എന്ന ധാരണയും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങോളോട് മത്സരിക്കാനാവില്ല എന്ന ചിന്താഗതിയും നിലവിലുണ്ട്.

പഞ്ചായത്തിന് തൊട്ടുകിടക്കുന്ന കുന്ദംകുളം ഒരു വ്യവസായ-വാണിജ്യ മേഖലയാണ്. അതുകൊണ്ട്അവിടേക്കാണ് കൂടുതൽ പേർ ആകർഷിക്കപ്പെടുന്നത്. ഈ പഞ്ചായത്തിൽ വസിക്കുന്ന പലർക്കും കുന്ദംകുളം മേഖലയിൽ വാണിജ്യ താല്പര്യങ്ങൾ ഉണ്ട്.

## ഓരോ മേഖലയിലേയും പ്രത്യേക പ്രശ്നങ്ങൾ; പരിഹാരങ്ങൾ.

മൺപാത്ര നിർമ്മാണം പഞ്ചായത്തിൽ ഇപ്പോഴും പരമ്പരാഗതമായി ഒരു ചെറിയ വിഭാഗ് ആളുകൾ ചെയ്തുവരുന്നുണ്ട്. മൺപാത്രങ്ങൾക്ക് ഇന്ന് ആവശ്യക്കാർ കുറവാണ്. നല്ലകളിമണ്ണും കിട്ടാനില്ല. ചൂണ്ടൽ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ ഉണ്ടാക്കുന്ന മൺച്ചട്ടികൾ ഇവർ വാങ്ങി ചെറിയ തോതിൽ വില്പന നടത്തിവരുകയാണിപ്പോൾ ചെയ്യുന്നത്.

കളിമണ്ണിൻെറ ലഭ്യത ഈ പഞ്ചായത്തിൽ വളരെ കുറവാണെങ്കിലും അടുത്തുള്ള ചില പ്രദേശങ്ങളിൽ ഇത് ലഭ്യമായൽ ഈ കുടിൽ വ്യവസായത്തെ പുനരുദ്ധരിക്കാൻ സാധിക്കും. സാധാരണ കളിമൺ ചെടിച്ചട്ടികൾക്കു പകരം ചട്ടികളുടെ പുറം ഭാഗം മോടിപിടിപ്പിച്ച് ചിത്രപ്പണികൾ ചെയ്ത് ചട്ടികൾ നിർമ്മിക്കാനും മറ്റും ടെറാക്കോട്ട ശില്പങ്ങൾ നിർമ്മിക്കാനുമുള്ള പരിശീലനം ഇവർക്കു നൽകണം. മേൽപറഞ്ഞ ഉൽപന്നങ്ങൾക്ക് സമ്പന്നരുടെ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഇടം കണ്ടെത്താനാകും. ഇവരുടെ ഒരു സഹകരണ സംഘം രൂപികരിച്ചാൽ ഇക്കാര്യം എളുപ്പമാകും. തിരഞ്ഞെടുത്ത

ഒന്നോ രണ്ടോ പേരെ ഉന്നത പരിശീലനത്തിന് അയക്കുകയും ചെയ്യാം. 'പ്രകൃതിയിലേക്ക് മടങ്ങുക' എന്ന ആശയം ഒരു വിഭാഗം ആളുകളിൽ രൂഢ മൂലമായാൽ കളിമൺ പാത്രങ്ങളും വീടുകളിൽ സ്ഥാനം പിടിക്കും. പക്ഷെ കെട്ടിലം മട്ടിലും മാറ്റം വരണമെന്നു മാത്രം. ഇന്നു മത്സ്യക്കറി പാചകം ചെയ്യാൻ വലിയ ഒരു വിഭാഗം ആളുകളും മൺചട്ടികളെത്തന്നെയാണ് ആശ്രയിക്കുന്നത്. ജില്ലാ ആസ്ഥാനത്തെ ഒരു പ്രമുഖ ഹോട്ടലിൽ മത്സ്യക്കറി മൺചട്ടിയിൽ പാചകം ചെയ്ത് ചിരട്ടകയ്യിൽ കൊണ്ട് വിളമ്പുന്ന രീതി നേരിൽകാണാനിട വന്നിട്ടുണ്ട്. മൺപാത്രങ്ങൾ സ്റ്റാറ്റസിന് മോശമല്ല എന്ന ധാരണ വളർത്തണം. കളിമൺ ഉല്പന്ന വിപണനത്തിന് ഒരു ജില്ലാതല അപ്പെക്സ് സംഘം അഭികാമ്യമാണ്.

മുളഉപയോഗിച്ചുള്ള കുട്ട, പനമ്പ്, വട്ടി മുതലായവയുടെ നിർമ്മാണം മൃതാവസ്ഥയിലാണ്. മുള ലഭ്യത കുറഞ്ഞു എന്നു മാത്രമല്ല, ഉല്പന്നങ്ങൾക്ക് മാർക്കറ്റുമില്ല മറ്റു വസ്തുക്കൾ അവയുടെ സ്ഥാനം പിടിച്ചുകഴിഞ്ഞു. മുള കനം കുറഞ്ഞ പാളികളായി പൊളിച്ചെടുത്ത് നൂൽ ഉപയോഗിച്ച് പ്രത്യേക രീതിയിൽ യോജിപ്പിച്ച് ചുമരിൽ തൂക്കിയിടാവുന്ന കലണ്ടർ രൂപത്തിലാക്കുക. അതിൽ കൈ കൊണ്ടോ സ്ക്രീൻ ചെയ്തോ ചിത്രങ്ങൾ സംയോജിപ്പിക്കുക. ഒരു കരകൗശല വസ്തു എന്ന നിലയിൽ അതിന് വിപണികണ്ടെത്താനാവും. മരത്തിൻെറ ചെറിയ പാളികൾ ഉപയോഗിച്ച് നിർമ്മിച്ച ഒരു വിദേശ കമ്പനിയുടെ കലണ്ടറിൻെറ മാതൃക ലഭ്യമായിട്ടുണ്ട്. ചിലയിനം രാസ വസ്തുക്കൾ ചേർത്താലേ മുളപാളികൾ ദീർഘകാലം ഈടു നിൽക്കുകയുള്ളൂ.

പഞ്ചായത്തിലെ ഇന്നത്തെ ആവശ്യങ്ങൾ നേരിടുന്നതിന് വേണ്ടി സ്ഥാപിച്ച നെല്ലുകുത്തു മില്ലുകളും, ധാന്യങ്ങൾ, മറ്റുല്പന്നങ്ങൾ എന്നിവ പൊടിക്കാനുമുള്ള മില്ലുകളും ഏതാണ്ട് 15 ഓളം ഉണ്ട്.

നെല്ല് ഉല്പാദിപ്പിക്കുന്നവർ തന്നെ നെല്ല് വിറ്റ് അരി വാങ്ങിക്കുന്ന പ്രവണതയാണ്. വലിയ നെല്ലുകുത്തു മില്ലുകൾക്ക് ഈ മേഖലയിൽ സാദ്ധ്യതയില്ല. അരി വ്യാപാര നാമങ്ങളിൽ വിപണനം ചെയ്യുന്ന രീതി ഇപ്പോൾ കേരളത്തിൽ വ്യാപകമായിട്ടുണ്ട്. ഗോതമ്പ്, മല്ലി, മുളക്, മഞ്ഞൾ മുതലായവയുടെ പൊടികളും മാർക്കറ്റിൽ പാക്ക് ചെയ്ത് ലഭ്യമാവുന്നുണ്ട്. ഈ വക വസ്തുക്കൾ ചെറിയതോതിലെങ്കിലും പൊടിച്ച് പാക്ക് ചെയ്ത് മാർക്കറ്റിലെത്തിക്കാൻ ചെറിയയിടി-പൊടി മില്ലുകാർ ശ്രദ്ധിക്കേണ്ടതാണ്. വീട്ടാവശ്യത്തിനു അരി പൊടിക്കാൻ ഏതാണ്ടെല്ലാവരും ഇടി-പൊടി മില്ലുകളെയെയാണ് ആശ്രയിക്കുന്നത് എന്നതുകൊണ്ട് അവയുടെ പ്രവർത്തനത്തിൽ വലിയ പ്രശ്നങ്ങളില്ല.

പ്രാദേശികാവശ്യങ്ങൾ നേരിടുന്നതിനായി സ്ഥാപിച്ച മൂന്നോളം ചെറിയ എക്സ്പെല്ലറുകൾ കാര്യമായ പ്രശ്നങ്ങൾ ഒന്നും നേരിടുന്നില്ല എന്നു വേണം കരുതാൻ.

ഭക്ഷ്യാതിഷ്ഠിത വ്യവസായത്തിൽ പഞ്ചായത്തിൽ ഇപ്പോൾ പ്രബല സ്ഥാനത്ത് നിൽക്കുന്നത് ബേക്കറികളാണ്. പ്രാദേശികാവശ്യങ്ങൾക്കനുസൃതമായ തോതിലേ ഇവരുടെ ഉല്പാദനമുള്ളൂ. ബാങ്കുകൾ ഇവർക്കാവശ്യമായ പ്രവർത്തനമൂലധനം നൽകുകയും, ഉൽപന്നങ്ങൾ വളരെ ശുചിയായി നിർമ്മിക്കുകയും, പാക്ക് ചെയ്യുകയും ചെയ്താൽ ഇന്നത്തെ നിലയിൽ നിന്നും കൂടുതൽ മെച്ചമായ രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനാവും. ഉൽപന്ന വൈവിദ്ധ്യത്തെക്കുറിച്ചും മറ്റു മാർക്കറ്റിങ് സാദ്ധ്യതകളെക്കുറിച്ചും കൂടുതൽ പഠനം ആവശ്യമാണ്. പ്രത്യേകിച്ച് ബേക്കറി ഉൽപന്നങ്ങൾ പഞ്ചായത്ത് മേഖലയിലുള്ളവർ എങ്ങിനെ, എവിടെ നിന്ന്, എന്തുകൊണ്ട് എത്രത്തോളം വാങ്ങുന്നു എന്നത്. കല്ല്യാണം, മറ്റു തരത്തിലുള്ള ചടങ്ങുകൾ എന്നിവയ്ക്ക് നേരിട്ട് നല്ല മേന്മയുള്ള ഏതെല്ലാം ബേക്കറി വസ്തുക്കൾ എത്തിച്ചു കൊടുക്കാനാവും എന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്. ന്യായവിലയും ഉനത ഗുണമേന്മയും അടിസ്ഥാന ഗുണങ്ങളായിരിക്കണം. അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിലയിൽ വരുന്ന വ്യതിയാനങ്ങൾ എന്നിവയും കണക്കിലെടുക്കേണ്ട വസ്തുക്കൾ ആണ്.

പപ്പട നിർമ്മാണം വ്യാപകമായി കുടിൽ വ്യവസായമായി നടത്തപ്പെടുന്നുണ്ട്. അസംസ്കൃത വസ്തുക്കൾ കൂടുതലായി സ്റ്റോക്ക് ചെയ്യുവാനുള്ള സാമ്പത്തിക ശേഷി ഇവർക്കില്ല. ഉയർന്ന മാർക്കറ്റ് വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ഇവർ നിർബന്ധിതരാണ്. ഗുണ മേന്മ നിലനിർത്തികൊണ്ട് വൃത്തിയായ സാഹചര്യങ്ങളിൽ പപ്പടം ഉണക്കിയെടുക്കേണ്ടതിൻെറ പ്രാധാന്യവും അതുമൂലം വിപണിയിൽ അത് കൂടുതൽ സ്വീകാര്യവുമായി മാറും എന്ന കാര്യവും ഇവരെ ധരിപ്പിക്കേണ്ടതാണ്. പപ്പടം ഉണക്കാനുള്ള പൊടികടക്കാത്ത സോളാർ ഉണക്കുപകരണം വേഗത്തിലും വൃത്തിയായും പപ്പടം ഉണക്കാം. ചെറിയതോതിൽ പ്രവർത്തനമൂലധനം ബാങ്കുകളിൽ നിന്ന് ഈ മേഖലയ്ക്ക് ലഭ്യമാക്കണം.

ഈ പഞ്ചായത്തിൻെറ കുന്നംകുളം മുനിസിപ്പൽ മേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശത്ത് വളരെയധികം പേർ തൊഴിലെടുക്കുന്ന മേഖലയാണ് ബുക്ക് ബൈണ്ടിംഗ്. കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നു എന്നതുകൊണ്ടുതന്നെ ഈ മേഖല പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

ബുക്ക് ബൈണ്ടിംഗ് മേഖലയെ മൊത്തം മൂന്നായി തിരിക്കാം. ഒന്ന് സ്വന്തം നിലയിൽ നോട്ടുപുസ്കമുണ്ടാക്കി വിപണനം ചെയ്യുന്ന ഒരു ചെറിയ വിഭാഗം. രണ്ടാമത് വൻകിടക്കാർക്ക് നിസ്സാരകൂലിയ്ക്ക് പുസ്തകം നിർമ്മിച്ചുകൊടുക്കുന്ന വിഭാഗം. ഇവരാണ് ഈ മേഖലയിൽ ഭൂരി

പക്ഷവും. മേൽപറഞ്ഞ രണ്ടു തരക്കാരും നല്കുന്ന വരച്ചു എണ്ണികെട്ടുകളാക്കികൊടുക്കുന്ന പേപ്പർ ഷീറ്റുകൾ വീട്ടിൽവെച്ച് തുന്നികൊടുക്കുന്ന മൂന്നാമത്തെ വിഭാഗം. ഇതിൽ കരാറുവ്യവസ്ഥയിൽ തുന്നി ചട്ടയോട്ടിച്ചുകൊടുക്കുന്ന വിഭാഗവും ഉൾപ്പെടുന്നു. മൂന്നാമത്തെ വിഭാഗത്തിൽ അധികവും ഒഴിവുസമയം ഉപയോഗപ്പെടുത്തുന്ന സ്ത്രീതൊഴിലാളികളാണ്.

ഇതിൽ ഒന്നും രണ്ടും വിഭാഗങ്ങളുടെ പ്രധാനമായ പ്രശ്നം സാമ്പത്തിക പരാധീനതതന്നെ. ഒന്നാം വിഭാഗം ഉണ്ടാക്കുന്ന പുസ്തകങ്ങൾ രണ്ടും മൂന്നും മാസത്തേക്ക് കടം കൊടുക്കേണ്ടിവരുന്നു. അതുതന്നേയും അല്പാല്പമായേ തിരിച്ചുകിട്ടുകയുള്ളൂ. സീസൻ മൂർദ്ധന്യത്തിലെത്തുന്നതുവരെ ഈ പ്രവണത തുടരുന്നു. ബേങ്കുകളിൽ നിന്നു കിട്ടുന്ന സഹായം ഒരിക്കലും മതിയാവുകയില്ല. വലിയ ബുക്ക ബൈണ്ടിംഗ് മുതലാളികൾ ദീർഘക്കാലത്തേക്ക് പുസ്തക വിലകൂട്ടി കടം കൊടുക്കുന്നത് വാങ്ങാനാണ് കച്ചവടക്കാർക്ക് താല്പര്യം. അതുകൊണ്ടു സാമ്പത്തികശേഷി കുറഞ്ഞ ബൈണ്ടിംഗുകാർ കഷ്ടപ്പെടുന്നു. പഴയകാലങ്ങളിൽ സാധനസാമഗ്രികളുടെ വിലകണക്കാക്കി നിശ്ചയിച്ച നിലയ്ക്കുള്ള പ്രവർത്തന മൂലധനമാണ് ബേങ്കുകളിൽ നിന്നും ലഭിച്ചിട്ടുള്ളത്. സാധനസാമഗ്രികളുടെ വിലയും തൊഴിലാളികളുടെ കൂലിയും വർദ്ധിച്ച നിലയ്ക്ക് ചെറുകിടക്കാർക്ക് നിലനില്പ് ക്ലേശകരമാണ് . ഇത് കണ്ട് ഈ രണ്ടു വിഭാഗക്കാർക്കും സാമ്പത്തിക സൗകര്യം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാനമായി ചെയ്യേണ്ടത്.

രണ്ടാം വിഭാഗത്തിൽപെട്ടവർക്കാകട്ടെ വൻകിടക്കാർ നിശ്ചയിക്കുന്ന ചുരുങ്ങിയ കൂലിക്ക് പുസ്തകം നിർമ്മിച്ചു കൊടുക്കേണ്ടിവരുന്നതുകൊണ്ട് അവരുടെയും ഉന്നതി സാധ്യമല്ല. ഈ വിഭാഗക്കാരെ യോജിപ്പിച്ച ഒരു സഹകരണയൂണിറ്റുണ്ടാക്കി, ആവശ്യമായ സാമ്പത്തിക സഹായം നല്കുകയാണെങ്കിൽ ഇവരുടേയും നില ഉയർത്താൻ കഴിയും.

മൂന്നാമത്തെ വിഭാഗക്കാർക്ക് സീസൺ കാലത്ത് മത്രമേ, വിലപേശി മര്യാദകൂലിവാങ്ങാൻ കഴിയുന്നുള്ളൂ. ഓഫ് സീസൺ കാലത്ത് പണിക്കൂലി കുറവാണ്. ബൈണ്ടിംഗ് സ്ഥാപനങ്ങളുടെ പരാധീനത മാറുമ്പോൾ മാത്രമേ ഇവരുടേയും നിലമെച്ചപ്പെടുകയുള്ളൂ.

ബൈണ്ടിംഗ് സ്ഥാപനങ്ങളുടെ മറ്റൊരു പ്രധാന പ്രശ്നം ആവശ്യത്തിന് വൈദുതി കിട്ടുന്നില്ലായെന്നതും കിട്ടുന്നത് തന്നെ ആവശ്യത്തിനു യന്ത്രങ്ങൾ നടത്താൻ പറ്റാത്ത വിധം വോൾട്ടേജ് കമ്മിയുള്ളതാണ് എന്നുള്ളതുമാണ്.

ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുകയും വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിലേക്ക് വോൾട്ടേജ് കൂടുതലുള്ള സ്ഥലത്ത് നിന്നു കണക്ഷൻ കൊടുക്കുകയും ചെയ്തും കുറയൊക്കെ പ്രയാസങ്ങൾ ലഘൂകരിക്കാൻ കഴിയും. അതുപോലെ ഡിപ്പാർട്ട്മെൻറ് ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി അനുവാദത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികൾ വേഗം നടപ്പിലാക്കുകയും വേണം. കാലാകാലങ്ങളായി ശ്രദ്ധിക്കാതെ തഴഞ്ഞു കിടക്കുന്ന ലെയിൻ കമ്പികൾ വലിച്ചുകെട്ടുകയും ലൈനിനോട് തൊട്ടുകിടക്കുന്ന കൊമ്പു ചില്ലകൾ വെട്ടി മാറ്റുകയും അടിയന്തരമായി ചെയ്യേണ്ടതാണ്.

S.S.I രജിസ്ട്രേഷനുള്ള ബൈണ്ടിംഗ് സ്ഥാപനങ്ങൾക്ക് നിരക്കുകുറഞ്ഞ L T IV താരീഫ് മാത്രം പിരിച്ചാൽ മതിയെന്ന് ഗവ: കാർഡുണ്ട്. എന്നിട്ടും നിരക്കുകൂട്ടിയ LTVIIA താരീഫാണ് ബൈണ്ടിംഗ് സ്ഥാപനങ്ങൾക്ക് ചുമത്തുന്നത്. താരീഫ് മാറ്റികിട്ടുന്നതിനള്ള അപേക്ഷയുമായി ചെല്ലുമ്പോൾ ചിലയിടങ്ങളിലൊക്കെ മുൻകൂട്ടിപറഞ്ഞു കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥന്മാരുമുണ്ട്. അതുകൊണ്ട് പ്രസ്തുത നിയമം വ്യവസായികളുടെ അപേക്ഷ കൂടാതെ തന്നെ നടപ്പിലാക്കാനും എല്ലാ ബൈണ്ടിംഗ് വ്യവസായത്തിൽ നിന്നും L T IV താരീഫ് മാത്രനേ പിരിക്കാവൂ എന്ന് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നല്കാനും ബന്ധപ്പെട്ട ഡിപ്പാർട്ട്മെണ്ട് കർശന നിർദ്ദേശം നൽകേണ്ടതാണ്.

വോൾട്ടേജ് കുറവും ആവശ്യത്തിന് വൈദ്യുതി കിട്ടായ്കയും മൂലം വല്ലവരും ഒരു ജനറേറ്റർ വാങ്ങി ഉപയോഗിച്ചാൽ അതിൽ നിന്നും എടുക്കുന്ന കറൻറിനും ഒരു നിശ്ചിത ശതമാനം ചാർജ്ജ് വൈദ്യുതി ബോർഡിലേക്ക് അടക്കണമെന്ന നിയമവും ചെറുകിട ബൈണ്ടിംഗ് വ്യവസായികളെ നടുവൊടിക്കുന്നതാണ്. അതും ഉടനെ പിൻവലിച്ച് ബൈണ്ടിംഗ് വ്യവസായികളെ രക്ഷിക്കേണ്ടതാണ്.

മറ്റു കടലാസ് അധിഷ്ഠിത വ്യവസായങ്ങൾക്കും പഞ്ചായത്തിൽ സാദ്ധ്യതതില്ലാതില്ല. കൈകടലാസ് (**Hand made paper** ) നിർമ്മാണത്തിന് സാദ്ധ്യതയുണ്ട്. പേപ്പർ ഫയലുകൾ, പേപ്പർ ബോർഡുകൾ കൊണ്ടുള്ള പാക്കിങ്ങ് സാമഗ്രികൾ എന്നിവയ്ക്കും മാർക്കറ്റുണ്ട്. പേപ്പർ പൾപ്പ്, പശയും മറ്റും ഉപയോഗിച്ച് ചിലതരം ശില്പങ്ങൾ ഉണ്ടാക്കാൻ സാധിക്കും. പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ടുള്ള ശില്പങ്ങൾക്കും സാദ്ധ്യതകൾ ഉണ്ട്. ഇത്തരത്തിലുള്ള ശില്പങ്ങൾക്ക് പഞ്ചായത്തിനടുത്തുള്ള ഗുരുവായൂർ പ്രദേശത്ത് വിപണിയുണ്ട്.

പഞ്ചായത്തിൽ അറിയപ്പെടുന്ന 3 പ്ലാസ്റ്റിക് യൂണിറ്റുകളിൽ രണ്ടെണ്ണമാണ് വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നത്. **Master plastic Industries.** വൈദ്യുതി ലഭ്യത തന്നെ ഏറ്റവും വലിയ പ്രശ്നം. ഒരു യൂണിറ്റിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻെറ സഹായമുണ്ട്. ഇടത്തട്ടകാരുടെ

സഹായം വിപണനത്തിന് ആവശ്യമുള്ള ഉല്പന്നങ്ങളാണ് നിർമ്മിക്കക്കുനന്ത്. ശക്തമായ മത്സരവും മാറി വരുന്ന അഭിരുചികളും പുതിയ ഫേൻസി മോഡലുകൾ ഇറക്കാൻ നിർബന്ധിതമാക്കുന്നു.

മറ്റൊരു പ്ലാസ്റ്റിക് യൂണിറ്റായ ശ്രീലക്ഷ്മി പ്ലാസ്റ്റിക് Fibre reanforced പ്ലാസ്റ്റിക് ഉല്പന്നങ്ങളാണ് നിർമ്മിക്കുന്നത്.

പ്ലാസ്റ്റിക് ബെൻഡുകൾ നിർമ്മിക്കുന്ന പ്രവർത്തനം വിപുലീകരിക്കാനുള്ള ഉദ്ദേശമുണ്ട്. പ്രവർത്തനമൂലധനം എല്ലാ യൂണിറ്റുകൾക്കും ഒരു പ്രശ്നമാണ്.

എൻജിനീയറിങ്ങ് മേഘലകളിലെ രണ്ടു യൂണിറ്റുകൾ ഗേറ്റുകൾ, ഗ്രില്ലുകൾ, ഇരുമ്പു ജനലുകൾ മുതലായവ നിർമ്മിക്കുന്നു. വൈദ്യുതി ലഭ്യത തന്നെയാണ് പ്രധാന പ്രശ്നം. നിലവിലുള്ള സാഹചര്യങ്ങളിൽ ആവശ്യത്തിന് ഓർഡറുകൾ ഈ യൂണിറ്റുകൾക്കുണ്ട്. ഭാവിയിൽ കാര്യമായ പ്രശ്നങ്ങൾ നേരിടാവുന്ന മേഖലയല്ലിത്.

നാലോളം തടി ഈർച്ച മില്ലുകൾ പഞ്ചായത്ത് മേഖലയിലുണ്ട്. തടിയുടെ ലഭ്യതകുറഞ്ഞു വരുന്നു. വില കൂടി വരുന്നു. മരമുപയോഗിച്ചുള്ള ഗൃഹ നിർമ്മാണ വസ്തുക്കളായ കട്ടിള, വാതിൽ, ജനൽ എന്നിവ നിർമ്മിക്കുന്ന രണ്ട് യന്ത്രവത്കൃത യൂണിറ്റുകളാണ് നിലവിലുള്ളത്. ഫർണീച്ചർ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടില്ല. വൈദ്യുതി തന്നെയാണ് പ്രവർത്തനത്തിന് വിഘാതമായ ഘടകം. മറ്റു കാര്യമായ പ്രശ്നങ്ങൾ ഈ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്നില്ല.

രാസധിഷ്ഠിത വ്യവസായം എന്നൊന്ന് പഞ്ചായത്തിലില്ല. മെഴുകുതിരി നിർമ്മിക്കുന്നന്നൊരു വനിതാ യൂണിറ്റിന് ആവശ്യത്തിന് മെഴുക് ലഭിക്കുന്നില്ല.

കോൺക്രീറ്റ് പൊള്ള ഇഷ്ടിക നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകൾക്കും ആവശ്യത്തത്തിന് പ്രവർത്തന മൂലധനമില്ല. മെറ്റൽ, മണൽ, സിമൻറ് എന്നിവയ്ക്ക് വില കൂടിക്കൊണ്ടിരിക്കുകയാണ്. ചെറിയ ശേഷിയുള്ള മെഷീൻ ഉപയോഗിച്ചാണ് ഒരു യൂണിറ്റിൽ ഇൽപാദനം. കോൺക്രീറ്റ് കട്ടിള, ജനൽ മുതലായവ നിർമ്മിക്കുന്നവർക്കും പ്രവർത്തന മൂലധനം തന്നെ പ്രധാന തടസ്സം. കോൺക്രീറ്റ് കൊണ്ടുള്ള ഗാർഡൻ ഫർണീച്ചറുകൾക്കും ശില്പങ്ങൾക്കും വിപണനത്തിന് സാദ്ധ്യതകൾ ഉണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ഇലക്ട്രോണിക് യൂണിറ്റിന് മാർക്കറ്റ് ഉണ്ടെങ്കിലും പ്രവർത്തന മൂലധനം വികസനത്തിന് തടസസ്സമായിരിക്കയാണ്.

## വ്യവസായിക വികസനം പുതിയ സാദ്ധ്യതകൾ

വിപണയിലെ സാദ്ധ്യതകളെക്കുറിച്ച് മനസ്സിലാക്കി പുതിയ പുതിയ ഉൽപന്നങ്ങൾക്ക് ഇനിയും ധാരാളം സാദ്ധ്യതകൾ ഉണ്ട്. പഞ്ചായത്തിലുള്ള സാദ്ധ്യതകളെത്തന്നെ മുഴുവൻ ഉപയോഗപ്പെടുത്തിയിട്ടില്ല. കാർഷികാധിഷ്ഠിത വ്യവസായത്തിന് സാദ്ധ്യതകൾ ഏറെയയുണ്ട്. ഓരോന്നിനേയും കുറിച്ച് സൂചന നൽകുക എന്നതിലുപരി പ്രോജക്ട് പ്രോഫൈലുകൾ നൽകുന്നത് ആസ്ഥാനത്താണ്.

തെങ്ങിനെ അടിസ്ഥാനമാക്കിത്തന്നെ പല ഉല്പന്നങ്ങളും നിർമ്മിക്കാവുന്നതാണ്. തെങ്ങിൻെറ കട ഭാഗം ശില്പങ്ങൾ ഉണ്ടാക്കാൻ അനുയോജ്യമാണ്. തെങ്ങിൻ തടികൊണ്ട് ഉറപ്പേറിയ ഫർണീച്ചറുകളും ചുമരലങ്കാര പാനലുകളും ഇഷ്ടികകളും ശില്പങ്ങളും നിർമ്മിക്കാം. ഇന്ധനമായി ഉപയോഗിക്കുന്ന ചകിരിയിൽ നിന്ന് ചുരുങ്ങിയ സമയംകൊണ്ടുണ്ട് ചീയ്ക്കാതെത്തന്നെ നാരെടുക്കുവാനുള്ള സാങ്കേതിക വിദ്യയുണ്ട്. റബ്ബർ ചേർത്ത് കുഷ്യനുകളും മറ്റും നിർമ്മിക്കാവുന്നതാണ്. കനം കുറഞ്ഞ സീലിങ്ങ് ടൈലുകൾ ഉണ്ടാക്കാനും ചകിരിനാര് ഉപയോഗിക്കാം. ചകിരിച്ചോറ് നല്ലൊരു സോയിൽ ബൈണ്ടറായി ഉപയോഗിക്കാം. പ്രത്യേക ബാക്ടീരിയയെ ഉപയോഗിച്ച് നല്ല ജൈവവളമാക്കി മാറ്റാമെന്നും കണ്ടിട്ടുണ്ട്. മണ്ണില്ലാതെ ചെടികൾ വളർത്താൻ ഇത്തരം ചകിരിച്ചോറുകൊണ്ടു കഴിയും. ഇത്തരം ഒരുല്പന്നത്തിന് വിദേശ രാജ്യങ്ങളിൽ വരെ മാർക്കറ്റ് ഉണ്ട്. ചകിരിച്ചോറിന് ഭാരത്തിൻെറ 500% വരെ ജലം വലിച്ചെടുക്കുവാനുള്ള ശേഷിയുണ്ട്. ചിരട്ടക്കരിക്കും, ആക്ടിവേറ്റഡ് (ഉത്തേജിത) കരിയ്ക്കും സാദ്ധ്യതകൾ വിപുലമാണ്. ഉത്തേജിത കരിയ്ക്ക് വ്യവസായിക പ്രാധാന്യമുണ്ട്. ചിരട്ടിയൽ നിന്നും ലഭിക്കുന്ന എണ്ണയും പ്രത്യേക ഔഷധഗുണമുണ്ട്. ചിരട്ടിയിൽ നിന്ന് കോട്ടിനുള്ള ബട്ടനുകൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്ന യൂണിററ് കേരളത്തിന് പുറത്തുണ്ട്. ചിരട്ട പൊടിക്കുമുണ്ട് അനേകം ഉപയോഗങ്ങൾ. കൗതുകവസ്തുക്കൾ, സ്പൂണുകൾ, ഐസ് ക്രീം കപ്പുകൾ മുതലായവ ചിരട്ടകൊണ്ട് നിർമ്മിക്കാം. ബാർസിലോ ഒളിമ്പിക്സിനോടനുബന്ധിച്ച് ഐസ് ക്രീം കപ്പിനായി കേരളത്തിൽ നിന്നാണ് പ്രത്യേക വിലപ്പത്തിലുള്ള ചിരട്ടകൾ കയറ്റി അയച്ചത്.

ഇന്നുള്ള സാധാരണ രീതിയിലുള്ള കൊപ്ര ഉണക്ക രീതിയിൽ നിന്ന് വ്യത്യസ്ഥമായി സോളാർ ഉണക്കു യന്ത്രങ്ങളോ, ചിരട്ടയുപയോഗിച്ചുള്ള ഉണക്കൽ രീതി അവലംബിക്കേണ്ടതാണ്. കൃഷിഭവൻ വഴി ഇത് ലഭിക്കും. പൂപ്പൽ തീരെയില്ലാതെ കൊപ്ര ഉണക്കിയെടുത്താൽ അതിന് കൂടുതൽ മൂല്യം ഉണ്ടെന്നത് തർക്കമറ്റ കാര്യമാണം. വെളിച്ചെണ്ണ പ്ലാസ്റ്റിക് ഉറകളിലും, കാനുക

ളിലും ബ്രാണ്ട് പേരുകളിൽവിപണനം ചെയ്യുന്ന കാലഘട്ട മാണിത്. പഞ്ചായത്ത് തലത്തിൽ തന്നെ പൂപ്പൽ കൂടാതെ ഉണക്കിയെടുത്ത കൊപ്രകൊണ്ട് വെളിച്ചണ്ണയുണ്ടാക്കി കുപ്പിയിലടച്ച് ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടു ക്കാനുള്ള പ്രായോഗിക വശത്തെക്കുറിച്ച് എക്സ്പെല്ലർ യൂണിറ്റുകാരെങ്കിലും ഉണർന്നു ചിന്തിക്കേണ്ടിയിരി ക്കുന്നു. മാർക്കറ്റിൽ ശക്തമായ മത്സരം ഉണ്ടെങ്കിലും വെളിച്ചെണ്ണ അധിഷ്ഠിതമായ ഹെയർ ടോണിക്സസാദ്ധ്യ തയില്ലാതില്ല. വെളിച്ചെണ്ണയുപയോഗിച്ച് മേന്മയേറിയ കുളിസോപ്പ് നിർമ്മിക്കാനാകും. തൃശീർ ജില്ലയിലെ അന്ന മട പഞ്ചഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ജോസഫ് കണ്ണ മ്പിള്ളി സോപ്പ് വിജയകരമായി നിർമ്മിച്ച് വിതരണം ചെ യ്യുന്ന വ്യക്തിയാണ്. ഖാദിവില്ലേജ് ഇൻഡസ്ട്രീസിൻെറ സഹായം ഈ കാര്യത്തിൽ ലഭിക്കും.

കരിക്കിൻ വെള്ളം അഥവാ ഇളനീർ വെള്ളം ഒരു ഉത്ത മ പാനീയമാണ്. കൃത്രിമ പാനിയങ്ങൾക്ക് പകരം കിരി ക്കിൻ വെള്ളം ഉപയോഗിക്കുന്ന ശീലം വളർത്തിയെടു ക്കണം. ഇളനീർ വെള്ളത്തിൽ ജീവകങ്ങളും ധാതുലവ ണങ്ങളും ധാരാളമുണ്ട്. കുപ്പിയിലടച്ച മിനറൽ വെള്ളത്തി ന് 12 രൂപയോളം വിലയുള്ള സാഹചര്യത്തിൽ ഇളനീർ വെള്ളം കുപ്പിയിലടച്ച് രോഗികൾക്കുള്ള പ്രത്യേക പാനീ യമാക്കി വിപണനം ചെയ്യാവുന്നതാണ്. കരിക്കിൻ വെള്ള ത്തേക്കാൾ വ്യവസായികമായി ഉപയോഗപ്പെടുത്താൻ കഴിയന്നത് തേങ്ങ വെള്ളമാണ്. ഇത് ഒരു ശീതളപാനീയ മാക്കി മാറ്റാനുള്ള സാങ്കേതിക വിദ്യ റീജിനൽ റിസർച്ച് ലബോറട്ടറിയിൽ നിന്നും ലഭ്യമാണ്. 45 ശതമാനത്തോളം മാത്സ്യമടങ്ങിയ യീസ്റ്റ്, നാറ്റാ ഡി കൊക്കോ,വിനാഗിരി, നാളികേര ലമനേഡ് എന്നിവയും തേങ്ങാ വെള്ളത്തിൽ നി ന്നും ഉല്പാദിപ്പിക്കാം.

നാളികേരകാമ്പിൽ നിന്നും നാളികേര ക്രീം, ക്രീം പൗഡർ തൂൾ തേങ്ങ (Dececated coconut) മുതലായ ഉല്പന്ന ങ്ങൾ നിർമ്മിക്കാം. തൂൾ തേങ്ങാ നിർമ്മാണം പ്രധാന മായും കർണ്ണാടകത്തിലാണ്. മധുരപലഹാര നിർമ്മാണത്തി ൽ തൂൾതേങ്ങയ്ക്ക് ധാരാളം ഉപയോഗങ്ങൾ ഉണ്ട്. തേങ്ങാ യുല്പാദനം ഇല്ലാത്ത സംസ്ഥാനങ്ങളിൽ ഇതിൻെറ വിപണന സാദ്ധ്യതകൾ ശോഭനമാണ്.

കേര വ്യവസായവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ CFTRI നാളികേര വികസന ബോർഡ് എന്നിവ യുമായി ബന്ധപ്പെട്ടാൽ ലഭിക്കും.

കവുങ്ങ് കൃഷിചെയ്യുന്ന വലിയൊരു മേഖല പഞ്ചാ യത്തിലുണ്ടങ്കിലും കാര്യമായ സാങ്കേതിക വിദ്യാ ആവശ്യ മില്ലാത്ത അടയ്ക്കാ സംസ്കരണത്തിന് ആരും മുന്നോട്ടു വന്നിട്ടില്ല എന്നത് ഖേദകരമാണ്. പാക്ക്, പാൻമസാല മുതലായവയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താം. കേരളത്തിലെയും മറ്റും അടയ്ക്കയുപയോഗിച്ച് സംസ്ഥാന ത്തിന് പുറത്ത് നിർമ്മിക്കുന്ന പല അടയ്ക്കാ ഉല്പന്നങ്ങൾ ക്കും കേരളം വലിയ വിപണിയാണ്. അടയ്ക്കയുടെ തോ ടിൽ നിന്നും പ്രകൃതിദത്തമായ ചായം നിർമ്മിക്കാനാ വുമോ എന്നു പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കശുമാവ് കൃഷിയുണ്ട്. കശുമാങ്ങ ശരിയായ രിതിയൽ ഉപയോഗപ്പെ ടുത്തുന്നില്ല. ജ്യൂസ്, ജാം, സിറപ്പ് കാൻഡി മുതലായവ യുടെ നിർമ്മാണം ചെറുകിട തോതിൽ നിർമ്മിക്കാൻ പ്രയാസമില്ല. സീസണിൽ പാഴായിപോകുന്ന ചക്കപ്പഴം ശരിയായി ഉപയോഗിക്കാനുള്ള താല്പര്യമുണ്ടെങ്കിൽ ചക്ക ഹൽവ, ചിപ്പ്സ് മുതലായവുണ്ടാക്കിയെടുക്കു വാൻ ബുദ്ധിമുട്ടില്ല. ചക്ക സംഭരണമാണ് പ്രധാന പ്രശ്നം എന്ന കാര്യം വിസ്മരിക്കുന്നില്ല. ഉല്പന്നങ്ങൾക്ക് വിപ ണിയില്ല എന്ന പ്രശ്നമില്ല. സംസ്ക്കരണ വിദ്യയെക്കുറിച്ച് ചെറിയ അറിവ് അത്യാവശ്യമാണ്.

വേണ്ടത്ര തോതിൽ പഞ്ചായത്തിൽ ലഭ്യമല്ലാത്ത ഒന്നാ ണ് നേന്ത്രപ്പഴം അഥവാ ഏത്തക്കായ. എങ്കിലും പച്ചക്കാ യയിൽ നിന്ന് പൊടി തയ്യാറാക്കി കുട്ടികൾക്കുള്ള ഒരു കട്ടി യാഹാരം തയ്യാറാക്കാൻ കഴിയും. വളരെ ചിലവുകുറഞ്ഞ തും എന്നാൽ പോഷകപ്രദവുമായയൊരു മൾട്ടിപർപ്പസ് ഫുഡ് തയ്യാറാക്കാനുള്ള സാങ്കേതിക വിദ്യ കേന്ദ്ര ഭക്ഷ്യ ഗ വേഷണ കേന്ദ്രം (മൈസൂർ) വികസിപ്പിച്ചെടുത്തിട്ടുണ്ട്. മാർക്കറ്റിൽ ഇന്നു ലഭിക്കാത്ത വിലയേറിയ പാലുല്പന്ന ങ്ങളേക്കാളുംഇത് മേന്യേറിയതാണ് എന്ന വസ്തുത പലരും മനസ്സിലാക്കുന്നില്ല. യുടെ മറ്റു പല ഭക്ഷ്യവിഭവങ്ങ ൾ നിർമ്മിക്കാനുള്ള ചിലവു കുറഞ്ഞ സാങ്കേതിക വിദ്യ കളെക്കുറിച്ച് വ്യവസായ സംരംഭകർ ബോധവാന്മാരാകേ ണ്ടതാണ്. മാർക്കറ്റിലെ മസാലപ്പൊടികളുടെ സാദ്ധ്യതയും വേണ്ട രീതിയിൽ ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. ഇപ്പോൾ പ്ര വർത്തിക്കുന്ന പൊടിമില്ലുകൾക്ക് ഇക്കാര്യത്തിൽ എന്തെ ങ്കിലും ചെയ്യാൻ കഴിയും.

എൻജീനിയറിങ്ങ് വ്യവസായ മേഖലയിൽ ഇനിയും സാദ്ധ്യതകൾ നിലവിലുണ്ട്. ഗാൽവനൈസ് ചെയ്ത ഇരു മ്പു ജനൽ ഫ്രെയിമുകൾക്ക് ആവശ്യം കൂടി വരുന്നുണ്ട്. സ്റ്റീൽ ഫർണീച്ചർ, അലുമിനിയും ഫാബ്രിക്കേഷൻ എന്നീ മേഖലകളിലെയും സാദ്ധ്യതകൾ ചൂഷണം ചെയ്യേണ്ടതാണ്.

താരതമ്യേന കൂടുതൽ മുതൽമുടക്ക് ആവശ്യമുള്ള മേഖലയാണ് പ്ലാസ്റ്റിക് വ്യവസായ രംഗം. ഇത് വളരെ വിപുലമായതും പുതിയ പല സാദ്ധ്യതകളും ഉരുതിരി ഞ്ഞുവരുന്ന മേഖലയുമാണിത്. പഞ്ചായത്തിന് അനുയോ ജ്യവും പരിസ്ഥിതിക്ക് യോജിച്ചതുമായ പദ്ധതികൾ ഏതെ ല്ലാമാണെന്ന് കണ്ടെത്താൻ വിദഗ്ദരുമായി ബന്ധപ്പെ ടേണ്ടിയിരിക്കന്നു. ഉപയോഗിച്ച് വലിച്ചെറിയുന്ന പല പ്ലാസ്റ്റിക് പാഴ്വസ്തുക്കളെയും സംസ്കരിച്ച് ഉപയോഗി ക്കാനുള്ള യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

ഭവന നിർമ്മാണവസ്തുക്കളുടെ നിർമ്മാണം വേണ്ടത്ര തോതിൽ ഉപയോഗപ്പെടുത്തുന്നില്ല. ചിലവുകുറഞ്ഞ രീതിയിൽ മണ്ണുപയോഗിച്ച് പ്രത്യേക തരം ഇഷ്ടിക നിർമ്മിക്കാവുന്നതാണ്. 95% മണ്ണും 5% സിമെൻറുമാണ് ചേരുവ. ചെറിയ യന്ത്രത്തിൻെറ സഹായത്തോടെ ഇതു ചെയ്യാം. കെട്ടിട നിർമ്മാണ സ്ഥലത്ത് മണ്ണ് ലഭ്യമാണെങ്കിൽ ഇത്തരം ഇഷ്ടികകൾ ലാഭകരമാണ്. Stabilized mud block എന്നറിയപ്പെടുന്ന ഇഷ്ടികയ്ക്ക് ഉറപ്പുകുറവില്ല. **Trysam** പദ്ധതിയിൽ ഈ ഇഷ്ടിക നിർമ്മാണം ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ ഉള്ളതായി അറിവുണ്ട്.

മരമുപയോഗിച്ചുള്ള ഫർണീച്ചർ നിർമ്മാണം പഞ്ചായത്തിൽ സംഘടിതമായ രീതിയിൽ ഇല്ല. ഇന്നും വളരെയേറെ സാദ്ധ്യതകൾ ഉള്ള മേഖലയാണിത്.

വനിതാ വ്യവസായ സംരംഭകർ കൂടുതലായി നടത്തുന്ന യൂണിറ്റുകളിൽ വസ്ത്രനിർമ്മാണത്തിന് പ്രധാന പങ്കുണ്ട്. ഈ പഞ്ചായത്തിലെന്നല്ല സംസ്ഥാനടിസ്ഥാനത്തിലും ഇത്തരത്തിലുള്ള ഭൂരിപക്ഷയൂണിറ്റുകളുടെ സ്ഥിതി പരുങ്ങലിലാണ് എന്നാണ് അറിവ്. മുൻ പാളിച്ചകളിൽ നിന്ന് പാഠം ഉൾകൊണ്ടുകൊണ്ട് ഈ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കേണ്ടതാണ്. നാട്ടിൽ വളരെയധികം തുന്നൽ മെഷീനുകൾ കൂടിയുണ്ടെങ്കിൽ വസ്ത്ര നിർമ്മാണത്തിനാവശ്യമായ യന്ത്ര സംവിധാനമായി ഉന്നത ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളും ഗുണമേന്മ കർശനമായി പാലിച്ചുകൊണ്ടുള്ള സ്റ്റിച്ചിങ്ങും വിപണിയടടെ ആവശ്യങ്ങളെക്കുറിച്ച് അറിയാനുള്ള സംവിധാനവും ഈ വ്യവസായത്തിൻെറ നിലനിൽപിന് ആവശ്യമാണ്. മാർക്കറ്റിങ്ങ് ഏറ്റവും ബുദ്ധിമുട്ടേറിയ പ്രക്രിയയാണ്. സംസ്ഥാന തലത്തിൽ ഒരു അപ്പെക്സ് സ്ഥാപനം ഉണ്ടെങ്കിൽ പൊതു ബ്രാൻറ് പേരിൽ പല യൂണിറ്റുകളുടെ ഉൽപന്നം വിറ്റഴിക്കാം. നേരിട്ട് വിൽക്കാൻ ത്രാണിയുള്ള യൂണിറ്റുകൾക്ക് ഇൽപാദനത്തിന്റെ ഒരു ഭാഗം സ്വയം വിപണിയിലെത്തിക്കുകയുമാകാം.

ഔഷധ സസ്യങ്ങളുടെ കൃഷി ഗവൺമെൻറ് പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. ആയുർവ്വേദ ഔഷധ നിർമ്മാണ രംഗത്ത് വൻമത്സരം ഉണ്ടെങ്കിലും ഈ രംഗത്ത് ഇനിയും സാദ്ധ്യതകൾ ഉണ്ട്. ഔഷധ സുഗന്ധ സസ്യങ്ങളിൽ നിന്ന് പല ഘടകങ്ങളും വേർത്തിരിച്ചെടുക്കുന്ന യൂണിറ്റുകൾക്ക് ഇപ്പോൾ പ്രസക്തിയുണ്ട്. കൂടാതെ പ്രകൃതിദത്തമായ ചേരുവകൾ ഉപയോഗിച്ചുള്ള സൗന്ദര്യവർദ്ധകവസ്തുക്കൾക്കും ആവശ്യം വർദ്ധിച്ചുവരികയാണ്. സസ്യജന്യമായ കീടനാശിനികൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു. കൃത്രിമമായി നിർമ്മിക്കുന്ന കീടനാശിനികൾ എന്ന കൊടും വിഷങ്ങൾ മാനവ സമൂഹത്തിനും ഭാവിതലമുറയ്ക്കും മറ്റു ജീവജാലങ്ങൾക്കും വരുത്തിവെക്കുന്ന വിനയെക്കുറിച്ച് വികസിത രാജ്യങ്ങൾ ബോധവാന്മാരാണ്. ഈ സാഹചര്യത്തിൽ സസ്യജന്യമായ കീട നാശിനികളുടെ സാദ്ധ്യത വളരെ വിപുലമാണ്.

രാസവളങ്ങളുടെ ഉപയോഗം മണ്ണിൻെറ ഫലഭൂയിഷ്ഠതയെക്കുറിച്ച് മണ്ണിനെ വന്ധ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വസ്തുത കൂടുതൽ ആളുകൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നുണ്ട് ഈ സാദ്ധ്യത കണക്കിലെടുത്തു കൊണ്ട് പല സ്വകാര്യ ജൈവവളനിർമ്മാണകമ്പനികളും കേരളത്തിൽ മുളച്ചുപൊങ്ങിയിട്ടുണ്ട്. വളനിർമ്മാണത്തിന് ആവശ്യമായ പല വസ്തുക്കളും പഞ്ചായത്തിൽ ലഭ്യമല്ലെങ്കിലും ഈ രംഗത്ത് താല്പര്യമുള്ള സംരഭകൾക്ക് അത്തരിത്തിലൊരു യൂണിറ്റ് ഇവിടെ സ്ഥാപിക്കാൻ കഴിയും.ചില വസ്തുക്കൾ ഉപയോഗിച്ച് Bio-gas ഉണ്ടാക്കി അതിൽനിന്നും ബാക്കി വരുന്ന വസ്തുക്കൾ മണ്ണിരയുപയോഗിച്ച് നല്ല കമ്പോസ്റ്റാക്കിമാറ്റാം. അല്പം ജീവാണു വളവും കൂടെ ചേർക്കുകയാണേങ്കിൽ നല്ല ജൈവളമായി. ചില വസ്തുക്കൾ എന്ന് മുൻ സൂചിപ്പിച്ചത് മനുഷ്യമലം വരെയാകാം.

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, റബ്ബർ അധിഷ്ഠിത വ്യവസായങ്ങളിലും ചെറിയ സാദ്ധ്യതകൾ ഉണ്ട്. ലെതർ ഉല്പന്നങ്ങൾ, നൈലോൺ സ്കൂൾ ബാഗുകൾ, കുടകൾ, റെക്സിൻ ബാഗുകൾ, റെയിൻകോട്ടുകൾ, പ്ലാസ്റ്റിക് ഫയലുകൾ, ബുക്ക് കവറുകൾ, ചെരിപ്പുകൾ എന്നീ മേഖലയിലും സാദ്ധ്യതയുണ്ട്. സ്പോർട്ട്സ് ഉപകരണങ്ങളുടെ മേഖലയിൽ സാദ്ധ്യത വളരെ പരിമിതം.

ചുണ്ണാമ്പു നിർമ്മാണത്തിനാവശ്യമായ കക്ക ഈ പഞ്ചായത്തിൽ ലഭ്യമല്ലെങ്കിലും അയൽ പഞ്ചായത്തുകളിൽ ലഭ്യമാണ്. സാധാരണ കുമ്മായം ഉണ്ടാക്കുന്നതിനു പകരം കൂടുതൽ മൂല്യമുള്ള പ്രസിപിറ്റേറ്റഡ് കാൽസിയം കാർബണേറ്റ് ഉണ്ടാക്കാനുള്ള സാദ്ധ്യതയാണ് ആരായേണ്ടത്. മറ്റുരാസവസ്തുക്കളെ ആധാരമാക്കിയുള്ള യൂണിറ്റുകളുടെ സാദ്ധ്യത വിരളമാണ്.

ചെറിയതോതിൽ കാലിത്തീറ്റ നിർമ്മാണത്തിനുള്ള സാദ്ധ്യതകൾ ആരായുന്നതിൽ തെറ്റില്ല.

മുൻ പ്രസ്ഥാവിച്ച പ്രോജക്ടുകളിൽ ഏതാനും ആയിരങ്ങൾതുടങ്ങി അനേക ലക്ഷങ്ങൾവരെ മുതൽ മുടക്കുള്ളവയാണ്. ഇതു കൂടാതെ വ്യവസായിക പ്രധാന്യമുള്ള പല പ്രോജക്ടുകളും കണ്ടെത്താൻ വ്യവസായിക തല്പരർക്ക് കഴിയും.

## പഞ്ചായത്തടിസ്ഥാനത്തിൽ വ്യവസായ വൽക്കരണത്തിൻെറ പ്രായോഗിക വശങ്ങൾ

വ്യവസായികവൽക്കതരണത്തിൻെറ മുന്നോടിയായി ഈ രംഗത്ത് താല്പര്യമുള്ള പൊതു ജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, (വൈദ്യുതി, വ്യവസായം, ഗ്രാമ

വികസനം) എന്നിവരടങ്ങുന്നന്നൊരു വികസന സമിതി രൂപീകരിക്കുക.

വികസിത സമിതിയുടെ ലക്ഷ്യങ്ങൾ തഴെപ്പറയുന്ന വയായിരിക്കും.

1. വ്യവസായിക തല്പരർക്കുവേണ്ടി സെമിനാറുകൾ നടത്തി വിവദ സാദ്ധ്യതകളെക്കുറിച്ച് അവർക്ക്അറിവ് നൽകുക.

2. വ്യവസായ സംബന്ധമായ വിവരങ്ങളും സാങ്കേതിക വിദ്യയുടെ ലഭ്യതയെക്കുറി ച്ചും വേണ്ട വിവരങ്ങൾ നൽകുക.

3. അസംസ്കൃത വസ്തുക്കൾ, വിപണി, സാങ്കേതിക സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ണികൾ രൂപപെടുത്തുക.

4. വ്യവസായിക സംരകരും ബാങ്കുകളും തമ്മിലുള്ള ബന്ധത്തിൽ വ്യവസായിക വികസന സമിതിയ്ക്ക് കാര്യമായ പങ്കു വഹിക്കാൻ കഴിയും. ജീവനക്ഷമമായ പ്രോജക്ടുകൾ പരിഗണനയ്ക്ക് വരാത്തത് കൊണ്ടണ്ടാണ് ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം കുറയാൻ കാരണമെന്ന് ബാങ്കിങ്ങ് വൃത്തങ്ങൾ അവകാശപ്പെടുന്നു. ഇതിൽ വാസ്ഥവമില്ലാതില്ല. പഞ്ചായത്തിൽ നിന്ന് ബാങ്കിൻെറ പരിഗണനയ്ക്ക് വരുന്ന പ്രോജക്ടുകൾ ജീവനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ട ചുമതല കൂടി വികസന സമിതിക്കുണ്ട്. ഈ മേഖലയിൽ ബാങ്കുകൾ വായ്പ നൽകിയ യൂണിറ്റുകളുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചും ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങളെയും കുറിച്ചും ഒരു അവലോകനം നടത്തേണ്ടതാണ്.

5. വനിതാ, പട്ടികജാതി വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പ്രത്യേകം കണക്കിലെടുക്കുക, കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുക എല്ലാ വനിതാ വ്യവസായ യൂണിറ്റുകൾക്കും സബ്സിഡി അനുവദിക്കാനുള്ള മാനദണ്ഡം 31-12-93 ന് മുൻപുണ്ടായിരുന്ന അവസ്ഥയിലേക്ക് മാറ്റുവാൻ സമർദ്ദം ചെലുത്തുക.

6. മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

7. പഞ്ചായത്ത് തലത്തിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കക്കാനുള്ള നടപടി എടുക്കുക. മറ്റു പഞ്ചായത്തുകളിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളും ഇതിൽ വിൽപനക്കക്കായി ഉൾപ്പെടുത്താവുന്നതാണ്.

സമാപനം - ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും കേരളം പശ്ചാത്യ രാജ്യങ്ങൾക്ക് സമമായ സ്ഥിതിയിലേക്ക് എത്തിച്ചേർന്നു എന്നൊരു അവസ്ഥ വന്നു ചേർന്നിട്ടുണ്ട് എന്ന് പറയപ്പെടുന്നു. കൃഷി, വ്യവസായം എന്നീ മേഖലകളിലെ വളർച്ച പിന്നോക്കം പോകുകയും സേവന മേഖല മാത്രം വളർച്ച പ്രാപിക്കുകയും ചെയ്തു. കേരള മോഡൽ എന്നിറിയപ്പെടുന്ന രീതി യഥാർത്ഥ പുരോഗതിയെയല്ലെ സൂചിപ്പിക്കുന്നത് എന്ന വസ്തുത വ്യക്തമാണ്. ഈ സാഹചര്യത്തിൽ വ്യവസായിക വികസനം ലക്ഷ്യം വെച്ച് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും കഠിനദ്ധ്വാനത്തിൻെറ പാതയിലേക്ക് ഇറങ്ങിത്തിരിക്കുകയും ചെയ്താൽ വരും വർഷങ്ങളിൽ നമ്മുടെ പഞ്ചായത്ത് മേഖലയിൽ വ്യക്തമായ മാറ്റം ഉണ്ടാകും എന്ന കാര്യത്തിൽ തർക്കമില്ല.

********

# വിദ്യാഭ്യാസം

ആദ്യകാല ജന്മി - നാടു വാഴിത്ത സമ്പ്രദായത്തിൽ വിദ്യാഭ്യാസം ഗുരുകുല രീതിയൽ ആയിരുന്നു. ഉന്നത കുടുംബങ്ങളിൽ വിദ്യ അഭ്യസിപ്പിക്കുന്നതിന് ഗുരുക്കന്മാരെ വീടുകളിൽ താമസിപ്പിച്ചിരുന്നു. സാധാരണക്കാരായ സവർണ്ണക്കിടിയൽ ഗുരുവിൻെറ ഗൃഹത്തിൽ ചെന്നാണ് വിദ്യാഭ്യാസം നടത്തിയിരുന്നത്. അടിസ്ഥാനമായി പഠിപ്പിച്ചിരുന്നത് സാഹിത്യം, അടിസ്ഥാനഗണിതം എന്നിവയാണ്. വൈദ്യം, അസ്ട്രോളജി എന്നിവയും അഭിരുചിക്കനുസരിച്ച് പഠിപ്പിക്കുവാൻ നാട്ടാചര്യന്മാർ വേണ്ടത്ര ഉണ്ടായിരുന്നു.

ഈ നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽ തന്നെ ആധുനിക വിദ്യാഭ്യാസത്തിനുള്ള കാൽവെപ്പ് ഈ പഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പു തന്നെ ആരത്താറ്റ് പഞ്ചായത്ത് വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ താരതമേന്യ മെച്ചപ്പെട്ട നിലവാരം പുലർത്തിയിരുന്നു. ജാതി മതഭേദമേന്യ സാമൂഹ്യപരിഷ്ക്കർത്താക്കളും, മിഷണറിമാരും, സ്വകാര്യ സംരഭകരും വിദ്യാഭ്യാസ വ്യാപന പ്രവർത്തനങ്ങളിൽ തൽപ്പരരായിരന്നു. 1916 കാലഘട്ടത്തിൽ തന്നെ ആർത്താറ്റ്, വടുതല എന്നീ പ്രദേശങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ നിലവിലുണ്ടായിരുന്നു. ആർത്താറ്റ് കൃസ്ത്യൻ പള്ളിയോടനുബന്ധിച്ച് മിഷണറിമാർ ആരംഭിച്ച സെൻറ് തോമസ് പ്രൈമറി സ്കൂൾ ഈ കാലത്തുതന്നെ നിലവിൽ വന്നിട്ടുണ്ട്. വടുതല ഭാഗത്ത് മുസ്ലീം സമുദായത്തിൽപെട്ട കൂളിയാട്ടയിൽ കുടുംബക്കാരുടെ വകയായി ഒരു പ്രൈമറി വിദ്യാലയം 1916 - ൽ ആരംഭിച്ചു. വടുതലയിൽ ഉള്ളിശ്ശേരി എന്ന സ്ഥലത്ത് പരേതനായ കൂളിയാട്ടയിൽ ഖാൻ ബഹാദൂർ മുഹമ്മദ് സാഹിബിൻെറ പിതാവായ ജനാബ് കമ്മുകുട്ടി സാഹിബിൻെറ വസതിയിലെ കളപ്പുരയിലാണ് വിദ്യാലയത്തിൻെറ ആരംഭം. ആദ്യഘട്ടത്തിൽ 1 ഉം 2ഉം ക്ലാസ്സുകൾ ആരംഭിച്ചു. അന്നത്തെ അദ്ധ്യാപകർ സർവ്വശ്രീ പൂളന്തറക്കൽ മുഹമ്മദ്, പോൾ, കാക്കുണ്ണി എന്നിവരായിരുന്നു. 1-ാം ക്ലാസ്സിൽ 25 വിദ്യാർത്ഥികൾ വീതമുള്ള രണ്ട് ക്ലാസുകളും രണ്ടാം ക്ലാസിൽ 12 വിദ്യാർത്ഥി ഉള്ള ഒരു ക്ലാസുമാണ് നിലവിലുണ്ടായിരുന്നത്. അന്നും 5 വയസ്സ് തികഞ്ഞ കുട്ടികളെതന്നെയാണ് സ്കൂളിൽ പ്രവേശിപ്പിച്ചിരുന്നത്. 4-ാം ക്ലാസ് വിജയിച്ച കുട്ടികൾ അക്കാലത്തും ഈ പഞ്ചായത്ത് പ്രദേശത്തിന് പുറത്തുള്ള വിദ്യാലങ്ങളിലേക്ക് പോയിരുന്നു. അക്കാലത്ത് ആധുനിക വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്ന മുസ്ലീങ്ങൾക്കും മറ്റു പിന്നോക്ക ജാതിക്കാർക്കും ഈ വിദ്യാലയം വലിയ അനുഗ്രഹമായി .

1920 ലാണ് വടുതല സർക്കാർ പ്രൈമറി സ്കൂൾ ഇന്നു കാണുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത്. അന്നത്തെ കൊച്ചി ദിവാനായിരുന്ന ശ്രീമാൻ ഷൺമുഖം ഷെട്ടിയുടെ സാന്നിദ്ധ്യത്തിൽ വലിയ ആഘോഷത്തോടെയാണ് ചടങ്ങ് നടത്തപ്പെട്ടത്. ആ ചടങ്ങിൽ വെച്ച് അന്നുവരെ സ്വകാര്യ വ്യക്തിയുടെ കീഴിലായിരുന്ന സ്കൂൾ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയായിരുന്നു. അങ്ങനെയാണ് വടുതല സർക്കാർ പ്രൈമറി സ്കൂൾ എന്ന പേര് നിലവിൽ വന്നത്. അന്ന് 1 മുതൽ 4 വരെ ക്ലാസ്സുകളിലായി അദ്ധ്യയനം നടന്നിരുന്നു. പിന്നീട് 1968 ൽ ഇത് ഒരു അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകൾ താഴെ പറയുന്നവയാണ്.

1. അപ്പുണ്ണി മെമ്മോറിയൽ ഹൈസ്കൂൾ, ചെമ്മണ്ണൂർ.
2. വടുതല സർക്കാർ അപ്പർ പ്രൈമറി സ്കൂൾ.
3. എസ്. എം.യു.പി സ്കൂൾ, ഇരിങ്ങപ്പുറം
4. സി. എം. എസ്.എൽ.പി. സ്കൂൾ, കാണിയാമ്പാൽ
5. സെൻറ് ‍ തോമസ് എൽ.പി.സ്കൂൾ, ആർത്താറ്റ്
6. ഇമ്മാനുവൽ എൽ.പി.സ്കൂൾ, ആലത്തൂർ
7. ജെ.യം.എസ്.എൽ.പി.സ്കൂൾ, അഞ്ഞൂർ

ഇവകളിൽ മൊത്തം 1423 ആൺകുട്ടികളും 1218 പെൺകുട്ടികളും പഠിക്കുന്നുണ്ട്. അങ്ങളെ മൊത്തം പഞ്ചായത്തിലെ സ്കൂളുകളിൽ 2641 കുട്ടികൾ പഠിച്ചു വരുന്നുണ്ട്. മേൽപ്പറഞ്ഞ വിദ്യാലയങ്ങൾ പഞ്ചായത്തിൻെറ സാമൂഹിക - സാംസ്കാരിക വളർച്ചക്ക് വഴിയൊരുക്കുന്നു. കഴിഞ്ഞ പത്തുവർഷമായി പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ എണ്ണത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല.

കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ പൊതുവെ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഈ പൊതുസ്വഭാവത്തിന് വിപരീതമായി വടുതല സർക്കാർ അപ്പർപ്രൈമറി സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതായാണ് കാണുന്നത്. ജെ.യം.എസ്. എൽ.പി. സ്കൂൾ അഞ്ഞൂർ എന്ന വിദ്യാലയം വിദ്യാർത്ഥികളുടെ കുറവ് മൂലം സർക്കാരിൻെറ സാമ്പത്തീകനഷ്ടമുണ്ടാക്കുന്ന സ്കൂളുകളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. വടുതല സർക്കാർ യു.പി സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു

വരുന്നതിന് മുഖ്യമായി രണ്ടു കാരണങ്ങളാണ് കാണുന്നത് 1. ഈ പ്രദേശത്ത് ജനനനിരക്കിൽ എടുത്തു പറയത്തക്ക വ്യത്യാസം വന്നിട്ടില്ല. (2) സ്കൂളിലെ ഭൗതിക സാഹചര്യങ്ങളും അദ്ധ്യയന നിലവാരവും മെച്ചപ്പെട്ടതാണ്. സർക്കാരിൻെറ സാമ്പത്തീകമായി നഷ്ടമാകുന്ന സ്കൂളുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള ജെ.യം. എസ്.എൽ.പി. സ്കൂൾ അഞ്ഞൂർ എന്ന സ്ഥാപനത്തിൻെറ അധോഗതിക്ക് പല കാരണങ്ങളുമുണ്ട്. അദ്ധ്യയനനിലവാരം മോശമാണെന്ന ജനങ്ങളുടെ ധാരണയും ഉണ്ട്. കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ വളരെ ദയനീയമാണ്. ഈ സ്കൂളിൻെറ പരിധിയിൽ വരുന്ന ജനങ്ങളുടെ സാമ്പത്തിക നിലവാരത്തിൽ വന്ന ഉയർച്ചമൂലം ഇംഗ്ലീഷ് മീഡിയം ഭ്രമവും അവർ തങ്ങളുടെ കുട്ടികളെ ദൂരസ്ഥങ്ങളിലുള്ള മെച്ചപ്പെട്ട സൗകര്യങ്ങളുള്ള സ്കൂളുകളിലേക്ക് പറഞ്ഞയക്കുന്നതും ഈ സ്കൂളിൻെറ ശോച്യാവസ്ഥക്ക് കാരണമായിട്ടുണ്ട്.

കഴിഞ്ഞ പത്തുവർഷമായി അദ്ധ്യാപന രംഗത്തു കാണുന്ന ഒരു പ്രത്യേകത ഈ തൊഴിലിൽ സ്ത്രീകളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവാണ്. പുരുഷ അദ്ധ്യാപകരുടെ എണ്ണത്തിലെ കുറവ്ഇസ്ത്രീകളുടെ പൊതുവായ അച്ചടക്കത്തിനും പാഠാനനുബന്ധ പ്രവർത്തനങ്ങൾക്കും കോട്ടം വരുത്തിവെച്ചിട്ടുണ്ട്.

അദ്ധ്യാപക-രക്ഷാകർത്തൃ സമിതികൾ ഔപചാരികമായി എല്ലാ സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വടുതല സർക്കാർ ഗവ. യു.പി, സ്കൂളിലെ പ്രവർത്തനങ്ങൾ പ്രേത്യകം ശ്ലാഘനീയമാണ്. സ്കൂളിലെ കിണർ, വാട്ടർ ടാങ്ക്, പൈപ്പ് ലൈയൻ എന്നിവ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ സംഭാവനയാണ്. പുറമെ കുട്ടികളുടെ മൂത്രപ്പുര, സ്കൂളിൻെറ മതിൽക്കെട്ട്, സ്കൂൾ വൈദ്യുതികരണം, മെയിൻറനൻസ് എന്നിവയും ഈ സമിതിയുടെ പ്രവർത്തനഫലമായി ഉണ്ടായിട്ടുള്ളവയാണ്. രക്ഷാകർത്താക്കളുടെ യോഗങ്ങളിൽ മോശമില്ലാത്ത ഹാജർ നില ഉണ്ടാകാറുണ്ട്. സ്കൂളിൻെറ പൊതുവായ ഉന്നമനത്തിന് നാട്ടുകാർ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു എന്ന മേൽപറഞ്ഞ മാതൃകാപരമായ നിർമ്മാണ പ്രവർത്തനങ്ങൾ തെളിവാണ്. പുരാതനമായ ആർത്താറ്റ് സെൻറ് ൽ തോമസ് യു.പി.സ്കൂളിലേയും അദ്ധ്യാപക രക്ഷാകർത്തൃ സമിതി സജ്ജീവമാണ്. പഞ്ചായത്തിലെ മറ്റു സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനം ഉണ്ട്. എന്നാൽ ഈ വിധ പ്രവർത്തനങ്ങൾക്ക് ഒരു അപവാദമാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂളായ അപ്പുണ്ണി മെമ്മോറിയൽ ഹൈസ്കൂൾ - ചെമ്മണൂർ, ഇവിടെ അദ്ധ്യാപക രക്ഷാകർത്തൃസമിതിയും, സ്കൂൾ മാനേജ്മെൻറും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് സമിതിയുടെ പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയായി വർത്തിക്കുന്നത് എന്നാണ് അറിവ്.

പഞ്ചഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് സബ്ജില്ല - ജില്ല - കലാ - കായികമത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കാറുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ വിജയം 40% ത്തിന് മുകളിലാണ്.

ആർത്താറ്റ് കൃസ്ത്യൻ പള്ളിയുടെ ആഭിമുഖ്യത്തിൽ സെൻറ് ൽ മേരീസ് ഇൻഡസ്ട്രീയൽ ഇൻസ്റ്റിട്ട്യൂട്ട് എന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഇലക്ട്രിക്കൽ, പ്ലമ്പിംഗ് എന്നീ ട്രേഡുകളിൽ പരിശീലനം നടത്തുന്നുണ്ട്.

ഒരു സ്വകാര്യ വ്യക്തി നടത്തുന്ന ബാലവാടി ഉൾപ്പടെ 8 ബാലവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. അംഗൻവാടികൾ ഒന്നുംതന്നെ നിലവിൽ ഇല്ല. സർക്കാരിൽ നിന്ന് ആ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് അർഹിക്കുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായി ലഭിക്കുന്നില്ല. 3 വയസ്സ് തികയുന്ന കുട്ടികളെ പ്രീ-പ്രൈമറി വിദ്യാലയങ്ങളിൽ ചേർക്കാനുള്ള ആവേശം മിക്ക രക്ഷിതാക്കളിലും കണ്ടുവരുന്നു. ഈ മേഖലയിൽ അനുഭവപ്പെടുന്ന പരിമിതമായ സൗകര്യങ്ങൾ മൂലം പഞ്ചായത്തിന് പുറത്തുള്ള വിദ്യാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ രക്ഷിതാക്കൾ നിർബന്ധിതരാകുന്നു.

സംസ്ഥാന സാക്ഷരതാ പ്രവർത്തനങ്ങൾ സജ്ജീവമായിരുന്നു. പഞ്ചായത്തിലെ 91% ജനങ്ങളും സാക്ഷരരാണ്.

ഈ ഗ്രാമപഞ്ചായത്തിൽ വായാനശാലയും 7-ാം വാർഡിൽ പഞ്ചായത്തിൻെറ സാംസ്കാരിക നിലയവും ഉണ്ട്. പഞ്ചായത്തിൽ മൊത്തം 8 ആർട്ട്സ് - സ്പോർട്ട്സ് ക്ലബ്ബുകളാണ് ഉള്ളത്.

## പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ.

1. പഞ്ചായത്തിലെ ഹൈസ്കൂൾ ഒഴികെ മറ്റുള്ളവയുടെ സ്ഥലസൗകര്യം $16^1/_2$ മുതൽ 75 സെൻറ് വരെയാണ്.ഇതിൽ വടുതല സർക്കാർ യു.പി.സ്കൂളിൻെറ വിസ്യതി 58 സെൻെറ് മാത്രമാകുന്നു. മറ്റു സൗകര്യങ്ങൾ എല്ലാം അനുകൂലമായിരുന്നിട്ടും സ്ഥലപരിമിതി ഒന്നുകൊണ്ടുമാത്രം ഈ സ്ഥാപനത്തിന് ഒരു ഹൈസ്കൂളായി വികസിക്കുവാൻ സാധിക്കക്കുന്നില്ല. പഞ്ചായത്തിലെ 5 സ്കൂളുകൾക്കെങ്കിലും ഭാഗീകമായി മാത്രമേ മതിൽക്കെട്ടോ, കമ്പിവേലിയോ കാണുന്നുള്ളൂ. പഞ്ചായത്തിലെ സ്കൂളുകളിൽ ഹൈസ്കൂളിനു മാത്രമേ കളിസ്ഥലമുള്ളൂ. ഇ.എസ്.എൽ.പി സ്കൂൾ ആലത്തൂരിന് പേരിന് ഒരു മൂത്രപ്പുര പോലുമില്ല. മറ്റു സ്കൂളുകളിൽ ആവശ്യാനുസൃതം മൂത്രപ്പുരകൾ ഇല്ല. ഉള്ളവ തന്നെ അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് നിലനിൽക്കുന്നത്. അപ്പുണ്ണി മെമ്മോറിയൽ സ്കൂൾ ചെമ്മണൂർ, എസ്.എം.യു.പി. സ്കൂൾ ഇരിങ്ങപ്പുറം എന്നിവ ഒഴിച്ച്

ബാക്കി പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഇല്ല. നാല് സ്കൂളുകളിൽ വേണ്ടത്ര ഫർണിച്ചർ സൗകര്യമില്ല. നാല് സ്കൂളുകളിൽ സ്റ്റാഫ് മുറികൾ ഇല്ല. മറ്റു സ്കൂളുകളിലും പാചക മുറികൾ ഇല്ല. മൂന്ന് സ്കൂളുകൾ വൈദ്യുതീകരിച്ചിട്ടില്ല. എല്ലാ സ്കൂളുകളിലും കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മൂന്ന് സ്കൂളുകളിൽ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമായിട്ടാണ് കിടക്കുന്നത്.

വൻതോതിലുള്ള മോഡറേഷൻ വിദ്യാഭ്യാസ നിലവാര തകർച്ചക്ക് കാരണമാകുന്നു. പരീക്ഷയിൽ ജയിക്കാൻ വേണ്ടിമാത്രം പഠിപ്പിക്കുക, പഠിക്കുക എന്ന തെറ്റായ മനോഭാവം അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും വേരൂന്നിയതുകൊണ്ട് ട്യൂട്ടോറിയൽ സമ്പ്രദായവും ഗൈഡ് പുസ്തക സംസ്കാരവും ശക്തിപ്പെട്ടു. സെൻസസ്, ഇലക്ഷൻ ഡ്യൂട്ടി തുടങ്ങിയ പാഠ്യേതരപ്രവർത്തനങ്ങൾക്ക് അദ്ധ്യാപകരെ ചുമതലപെടുത്തുന്നതുകൊണ്ട് അയാൾക്ക് തന്റെ പ്രാഥമിക ചുമതലയായ അദ്ധ്യാപനത്തിന് ആവശ്യമായത്ര സമയം കണ്ടെത്താനുവുന്നില്ല. സർക്കാർ വിദ്യാലയങ്ങളിൽ നിലനിലവിലുള്ള തസ്തികകളിൽ യഥാസമയം നിയമനം നടത്താത്തതുമൂലം അദ്ധ്യയന നിലവാരം കുറയുന്നുണ്ട്. അദ്ധ്യാപകർ പരിശീലനത്തിലെ ഗുണ നിലവാരനില്ലായ്മ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. നിലവിലുള്ള അദ്ധ്യാപക രക്ഷാകർത്തൃസമിതികളുടെ സാമ്പത്തീക സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലുപരിയായി അക്കാദമിക ഉന്നമനങ്ങളുടെ കാര്യങ്ങളിൽ ഇവരുടെ അഭിപ്രായങ്ങൾക്ക് പരിഗണന നൽകാറില്ല. ഉദാഹരണമായി ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകളിൽ യഥാസമയം നിയമനം നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ ഇവർക്ക് യാതൊരു പങ്കാളിത്തവുമില്ല.

## സാദ്ധ്യതകൾ : -

അദ്ധ്യാപക പരിശീലനം വേനലവധികാലങ്ങളിൽ ആക്കിമാറ്റിയാൽ സ്കൂളുകളുടെ പ്രവൃത്തി ദിവസങ്ങളിൽ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുകയില്ല.

പഞ്ചായത്തിൽ അംഗൻവാടികൾ ഒന്നും തന്നെ നിലവിലില്ല. ഓരോ വാർഡിലും ഒന്നെന്ന തോതിലെങ്കിലും അംഗൻവാടികൾ അത്യാവശ്യമാണ്.

വടുതല സർക്കാർ യു.പി,സ്കൂൾ ഒരു പ്ലസ് ടു നിലവാരത്തിലുള്ള ഹയർ സെക്കണ്ടറി സ്കൂളാക്കി മാറ്റുന്നതിനുള്ള ഏക തടസ്സം സ്ഥലപരിമിതിയാണ്. എന്നാൽ അതിനാവശ്യമായ സ്ഥലം ഇന്ന് സ്കൂളിന്റെ പരിസരത്ത് ലഭിക്കവവാൻ സാദ്ധ്യതയുണ്ട്. സ്കൂളിന്റെ ഇന്നത്തെ നിലവാരവും, പഴക്കവും, അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ ആത്മാർത്ഥസഹകരണവും കണക്കിലെടുത്ത്, ലഭ്യമാവാൻ സാദ്ധ്യതയുള്ള സ്ഥലം ഏറ്റവും വേഗം പ്രയോജനപ്പെടുത്തി, ഈ സ്കൂളിനെ ഒരു ഹയർ സെക്കണ്ടറി സ്കൂളാക്കുന്നതിന് മുന്തിയ പരിഗണന നൽകണം.

നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളെ സംബന്ധിച്ച് രക്ഷിതാക്കൾ വേണ്ടത്ര ബോധവാൻമാരല്ലാത്തതുകൊണ്ട് അർഹിക്കുന്ന പല വിദ്യാർത്ഥികൾക്കും ഇത് നഷ്ടപ്പെടുന്നു. ഇതൊഴിവാക്കുവാൻ പഞ്ചായത്ത്-സ്കൂൾതല വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ചതുവഴി രക്ഷാകർത്താക്കളെ ബോധവൽക്കരിക്കണം.

ആത്തത്താറ്റ് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലേക്ക് ഒരു വിഹക വീക്ഷമം നടത്തുമ്പോൾ കാണുന്നത് വളരെ ശോചനീയമായ സ്ഥിതിയാണ്. ഒരു ഹൈസ്കൂളും, രണ്ട് യു.പി. സ്കൂളുകളും, നാല് എൽ.പി. സ്കൂളുകളും മത്രമെ ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ കാണുന്നുള്ളൂ. അംഗൻ വാടി മുതൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വരെ ഈ ഗ്രാമ പഞ്ചായത്തിൽ ഇല്ല. ഈ സ്ഥിതി വിശേഷത്തിന് സത്വരമായ മാറ്റം അനിവാര്യമാണ്.

# അനുബന്ധം - 9
## ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്
## 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 168 | 153 | 321 | 14 | 11 | 25 | --- | --- | --- | --- | --- | --- | --- | --- | --- | 2 | 4 | 6 | 6 |
| II | 179 | 165 | 344 | 17 | 26 | 43 | 3 | 4 | 7 | 17 | 4 | 21 | --- | --- | --- | 5 | 0 | 5 | 5 |
| III | 193 | 173 | 366 | 17 | 16 | 33 | 3 | 2 | 5 | 14 | 7 | 21 | ---- | 1 | ---- | ---- | ---- | ---- | 5 |
| IV | 182 | 173 | 355 | 22 | 15 | 37 | 4 | 3 | 7 | 14 | 9 | 23 | ---- | 1 | 1 | 1 | 1 | 2 | 3 |
| V | 133 | 87 | 220 | 11 | 8 | 19 | --- | 1 | 1 | 11 | 2 | 13 | 1 | 0 | 1 | --- | ---- | --- | 1 |
| VI | 134 | 109 | 243 | 18 | 8 | 26 | 1 | 4 | 5 | 14 | 4 | 18 | --- | 1 | 1 | 4 | --- | 4 | 5 |
| VII | 144 | 124 | 268 | 13 | 13 | 26 | 2 | 4 | 6 | 27 | 20 | 47 | --- | ---- | --- | 1 | ---- | 1 | 1 |
| VIII | 90 | 54 | 144 | 12 | 6 | 18 | 2 | 2 | 4 | 8 | 3 | 11 | 2 | 2 | 4 | 3 | 4 | 7 | 11 |
| IX | 63 | 42 | 105 | 16 | 7 | 23 | 1 | 2 | 3 | 3 | 3 | 6 | 0 | 3 | 3 | 2 | 9 | 11 | 14 |
| X | 65 | 51 | 116 | 1 | 9 | 20 | --- | --- | --- | --- | --- | --- | --- | --- | --- | --- | --- | --- | --- |
| ആകെ | 1351 | 1131 | 2482 | 151 | 129 | 270 | 16 | 22 | 38 | 108 | 52 | 160 | 3 | 7 | 10 | 18 | 18 | 36 | 51 |

# ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്
## 9.2 സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | ഹൈസ്ക്കൂൾ യു.പി. എൽ.പി. പ്രീ പ്രൈമറി | സ്കൂളിൻെറ ഉടമസ്ഥ | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസ്സിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | മറ്റുള്ളവർക്ക് ഉപയോഗിക്കാവുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | ചുറ്റുമതിൽ, അറ്റകുറ്റ പണികൾ ഫർണ്ണീച്ചർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | അംഗീകാരമില്ലാത്തത് | ആണ് | പെണ്ണ് | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| എ.എം.എച്ച്.എസ് ചെമ്മണ്ണൂർ | ഹൈസ്ക്കൂൾ | --- | ✓ | --- | --- | 218 | 147 | 365 | 22 | 22 | --- | 2 | 4 ഏക്ര | 50 സെൻറ് | 2ഏക്ര | കമ്പി വേലി ഫർണ്ണീച്ചർ ആവശ്യത്തിനുണ്ട് |
| ഗവ: യു.പി.എസ് വടുതല | യു.പി | ✓ | --- | --- | --- | 322 | 284 | 606 | 16 | 15 | --- | --- | 58 സെൻറ് | ഇല്ല | ---- | ചുറ്റുമതിൽ ഉണ്ട് |
| എസ്.എം.യു.പി. ഇരിങ്ങപ്പുറം | യു.പി | --- | ✓ | --- | --- | 540 | 468 | 1008 | 32 | 32 | --- | --- | 1ഏക്ര | 40 സെൻറ് | ---- | കമ്പി വേലി ഫർണ്ണീച്ചർ ആവശ്യത്തിനുണ്ട് |
| സി.എം.എസ്. എൽ.പി കാണിയാമ്പാൽ | യു.പി | --- | ✓ | --- | --- | 95 | 89 | 174 | 6 | 6 | --- | --- | 0.75 ഏക്ര | 20 സെൻറ് | ---- | മുന്നിൽ മാത്രം മതിലുണ്ട് |
| സെൻറ് തോമസ് എൽ.പി. ആർത്താറ്റ് | എൽ.പി | --- | ✓ | --- | --- | 136 | 119 | 255 | 9 | 9 | --- | --- | 60 സെൻറ് | 15 സെൻറ് | ---- | കമ്പി വേലി ഉണ്ട് 10 ബഞ്ച് 4 ഡസ്ക്ക് |
| ഇ.എസ്.എൽ.പി. ആലത്തൂർ | എൽ.പി | --- | ✓ | --- | --- | 71 | 67 | 138 | 4 | 4 | --- | --- | 24 സെൻറ് | 10 സെൻറ് | ---- | അറ്റകുറ്റപ്പണികൾ |
| ജെ.എം.എൽ.പി. അഞ്ഞൂർ | എൽ.പി | --- | ✓ | --- | --- | 41 | 44 | 365 | 4 | 4 | --- | --- | 16 $^1/_2$ സെൻറ് | ---- | ---- | അറ്റകുറ്റപ്പണി ഉണ്ട് |

# ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്
## 9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | നിർമ്മാണത്തിന് ഭൂമി ഉണ്ടോ ഇല്ലയോ | മൂത്രപ്പുര എണ്ണം | ഓരോ സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസ് - എണ്ണം | കുടിവെള്ള സംവിധാനം | പാചകമുറി | വൈദ്യുതി | സ്റ്റാഫ്റൂം | ഫർണിച്ചറുകൾ മതിയാകുമോ | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| എ.എം.എച്ച്.എസ് ചെമ്മണ്ണൂർ | 10 | 2 | --- | --- | 16 | --- | --- | ഇല്ല | ഉണ്ട് | 2 | 20 | 2 | 4 | 1 | ഉണ്ട് കിണർ | ഇല്ല | --- | 3 | മതിയാകും | --- | --- | --- | --- | --- |
| ഗവ: യു.പി.എസ് വടുതല | 16 | 4 | 1 | --- | 15 | 3 | 2 | 8 | ഉണ്ട് | 3 | 4 | --- | 1 | 2 | കിണർ പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 26 | 30 | 12 | 10 | 6 |
| എസ്.എം.യു.പി. ഇരിങ്ങപ്പുറം | 27 | 7 | 2 | --- | ഹാൾ | ഹാൾ | --- | ഇല്ല | --- | 3 | 27 | --- | 1 | --- | കിണർ പൈപ്പ് | ഉണ്ട് | ഉണ്ട് | മതിയാകും | --- | --- | --- | --- | --- | --- |
| സി.എം.എസ്. എൽ.പി കാണിയാമ്പാൽ | 5 | 2 | --- | --- | 10 | --- | --- | --- | --- | 1 | 4 | --- | 2 | ഇല്ല | കിണർ പമ്പ് | ഉണ്ട് | ഉണ്ട് | --- | ഇല്ല | 10 | 15 | 2 | 2 | --- |
| സെൻറ് തോമസ് എൽ.പി. ആർത്താറ്റ് | 8 | 3 | --- | --- | 12 | --- | --- | --- | --- | 2 | 20 | --- | 1 | --- | കിണർ പൈപ്പ് | ഉണ്ട് | ഉണ്ട് | --- | ഇല്ല | 14 | 14 | 4 | 4 | 1 |
| ഇ.എസ്.എൽ.പി. ആലത്തൂർ | 4 | 3 | 1 | --- | 6 | 3* | --- | --- | ഉണ്ട് | ഇല്ല | --- | 3 | --- | 1 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 8 | 15 | --- | 4 | 1 |
| ജെ.എം.എൽ.പി. അഞ്ഞൂർ | 4 | 3 | --- | --- | 8 | --- | --- | --- | --- | 2 | --- | 2 | --- | --- | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | --- | --- | 2 | 2 | 2 |

# ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്
## 9.4 അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലബോറട്ടറി /സയൻസ് കോർണർ ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ ഉണ്ട്/ഇല്ല | ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96-ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധി കളിലൂടെ നഷ്ടമായ ദിവസം | മാതൃസംഗമം/സജീവം സജീവമല്ല | ക്ലസ്റ്ററും പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്-റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/ വി.സി.പി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കംപ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| എ.എം.എച്ച്.എസ് ചെമ്മണ്ണൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 12 | 12 | 193 | 8 | 3 | സജീവം | ഇല്ല |
| ഗവ: യു.പി.എസ് വടുതല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 4 | 14 | 195 | 1 | 4 | സജീവം | ഉണ്ട് |
| എസ്.എം.യു.പി. ഇരിങ്ങപ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30 | 322 | 193 | --- | ---- | സജീവം | ഇല്ല |
| സി.എം.എസ്. എൽ.പി കാണിയാമ്പാൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | 193 | --- | --- | സജീവം | ഇല്ല |
| സെൻറ് തോമസ് എൽ.പി. ആർത്താറ്റ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 5 | 193 | --- | --- | സജീവം | ഇല്ല |
| ഇ.എസ്.എൽ.പി. ആലത്തൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 193 | --- | 4 | സജീവം | ഉണ്ട് |
| ജെ.എം.എൽ.പി. അഞ്ഞൂർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 9 | 193 | --- | 4 | സജീവം | ഉണ്ട് |

## ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്
## 9.5 അക്കാദമിക് നിലവാരം

| ക്ലാസ്സ് | കുട്ടികളുടെ പൊതുനിലവാരം | | | | | | S.S.L.C വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | 30% ത്തിൽ താഴെ കുട്ടികൾ | 30 - 40 മാർക്ക് നേടുന്നവർ | 40 - 50% നേടുന്നവർ | 50 - 60% നേടുന്നവർ | 60% കൂടുതൽ നേടുന്നവർ | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 325 | 78 | 61 | 66 | 42 | 94 | | | | | |
| 4 | 339 | 80 | 65 | 60 | 32 | 109 | | | | | |
| 5 | 220 | 58 | 39 | 28 | 40 | 55 | | | | | |
| 6 | 238 | 82 | 54 | 38 | 23 | 35 | | | | | |
| 7 | 267 | 88 | 56 | 51 | 25 | 52 | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| 10 | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

## ആർത്താറ്റ് ഗ്രാമ പഞ്ചായത്ത്

## 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ്. എ | | | വരവ്. ബി | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ/ഫർണിച്ചർ അറ്റകുറ്റ പണിക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാവിനോദങ്ങൾ | ലൈബ്രറി | ഉച്ചക്കഞ്ഞി | മറ്റിനങ്ങൾ | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ ഫണ്ട് | മറ്റു മാർഗ്ഗത്തിലുള്ള വരവ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| എ.എം.എച്ച്.എസ് ചെമ്മണ്ണൂർ | 2000/- | 1800/- | 1000/- | 800/- | 1000/- | 1300/- | --- | 500/- | 1280/- | --- | 1280/- | 6000/- | 1300/- | 2500/- | --- | 11080/- |
| ഗവ: യു.പി.എസ് വടുതല | ഇല്ല | 5450 | 600 | 800 | 3500 | 1000 | 10200 | 1400 | ഇല്ല | ഇല്ല | --- | 1373 | 130 | 400 | ഇല്ല | 1903 |
| എസ്.എം.യു.പി. ഇരിങ്ങപ്പുറം | 5000 | 2000 | 500 | --- | --- | --- | 10000 | 1500 | 2500 | 1940 | 4440 | 1540 | 850 | 2000 | --- | 8830 |
| സി.എം.എസ്. എൽ.പി കാണിയാമ്പാൽ | 8000 | 800 | 100 | 250 | 2500 | --- | 5000 | 500 | 1363 | 1286 | 2649 | --- | 250 | 1500 | 1000 | 53399 |
| സെൻറ് തോമസ് എൽ.പപി. ആർത്താറ്റ് | 4500 | 2500 | --- | 250 | 250 | --- | 5000 | --- | 4500 | 1800 | 4020 | --- | --- | --- | --- | 4020 |
| ഇ.എസ്.എൽ.പി. ആലത്തൂർ | 8000 | 8000 | --- | 300 | 250 | --- | 5000 | 500 | 8000 | 8000 | 8000 | --- | --- | --- | --- | 1600 |
| ജെ.എം.എൽ.പി. അഞ്ഞൂർ | ഇല്ല | ഇല്ല | --- | 100 | 250 | --- | 1000 | 300 | ഇല്ല | ഇല്ല | ഇല്ല | --- | --- | --- | --- | --- |

# കുടിവെള്ളം

ആരോഗ്യകരമായ ജീവിതത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കുടിവെള്ള പ്രശ്നം.

ആർത്താറ്റ് പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിലെ 40% പേരും സ്വന്തമായി കിണറുകളില്ലാത്തവരാണ്. പത്തുശതമാനം ജനങ്ങൾ അയൽക്കാരുടെ കിണറുകളെ ആശ്രയിക്കേണ്ടിവരുന്നു. 30% ജനങ്ങളും പൊതു ടാപ്പുകളെ ഉപയോഗപ്പെടുത്തുന്നു. വേനൽകാലത്ത് 60 % ജനങ്ങൾക്കും ടാപ്പുകൾതന്നെയാണാശ്രയം.

പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. അഞ്ഞൂർക്കുന്ന്, ആക്കലക്കുന്ന്, മരോട്ടിക്കുന്ന് ആർത്താറ്റ്കുന്ന്, ചെമ്മണ്ണൂർ കുന്ന് എന്നീ പ്രദേശങ്ങളിലാണ് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്.

പഞ്ചായത്തിലെ ശുദ്ധജലവിതരണം നടത്തുന്നത് പ്രധാനമായും രണ്ടു കുഴൽകിണറുകളെ ആശ്രയിച്ചാണ്. 79പൊതു ടാപ്പുകളാണു പഞ്ചായത്തിൽ ആകെയുള്ളത്. ഈ ടാപ്പുകൾ തന്നെ ഭാഗികമായേ പ്രവർത്തിക്കാറുള്ളൂ. വേനൽകാലങ്ങളിൽ കറന്റ് കട്ടും വോൾട്ടേജ് ക്ഷാമവും കാരണം കുഴൽകിണറിൽ നിന്ന് ലഭ്യമായ വെള്ളംപോലും പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയാറില്ല. ചീരക്കുളം ബോർവെല്ലിന്ന് വളവുള്ളതിനാൽ മോട്ടോർ താഴ്ത്തി വെയ്ക്കാൻ കഴിയുന്നില്ല. തന്മൂലം കിട്ടാവുന്ന ജലം മുഴുവനും ഉപയോഗിക്കുവാനും കഴിയുന്നില്ല. ഓരോ ടാപ്പിൽ നിന്നും ശരാശരി 30 കുടുംബങ്ങൾ കുടിവെള്ളമെടുക്കുന്നുണ്ട്.

### ശുദ്ധജല സ്രോതസ്സുകൾ
### പട്ടിക 1

| പൊതുകിണറുകൾ | സ്വകാര്യ കിണറുകൾ | കുഴൽ കിണറുകൾ |
|---|---|---|
| 28 | 1316 | 2 |

ഇവിടെയുള്ള കിണറുകളിൽ മൊത്തം 806 കിണറുകളിലും വേനൽകാലത്ത് 4 മാസത്തിലേറെകാലം വെള്ളം വറ്റിപോകുന്നു.

പട്ടിക 2
KWA പദ്ധതികൾ

| ചീരംകുളം | അരൂപാടം | മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
|---|---|---|---|
| | | 79 | 24 |

പട്ടിക -3

## കുടിവെള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
| --- | --- | --- |
| 1+2 | ആർത്താറ്റ്കുന്ന്<br>ചെമ്മണ്ണൂർ കുന്ന് മേഖലകൾ<br>ചെമ്മണ്ണൂർ ബസാർ ആനായ്ക്കൽ | ചെമ്മണ്ണൂർകുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുക. പമ്പു ഹൗസും പൈപ്പ് ലൈനും സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക. ഒന്നാം വാർഡിൽ ശവക്കോട്ട യുടെ സമീപത്തുള്ള കിണറുകൾ മാലിന്യങ്ങൾ നീക്കി വൃത്തിയാക്കി വെള്ളം എടുക്കാൻ സൗകര്യപ്പെടുത്തുക. |
| 3+4 | മുക്കൂട്ടു ബസാറിന് തെക്കുഭാഗത്തുള്ള പ്രദേശം | ആർത്താറ്റ് കുന്നിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിലേക്ക് ചീരംകുളം അമ്പലത്തിന് സമീപമുള്ള ബോർവെല്ലിൽ നിന്നും വെള്ളം പമ്പുചെയ്തുകയറ്റി പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രശ്ന പ്രദേശങ്ങളിലേക്ക് വെള്ളമെത്തി ക്കാവുന്നതാണ്. ഈ കിണറിന്റെ വളവുതീർത്തു മോട്ടോർ വെള്ളം താഴുന്നതിനനുസരിച്ച് താഴ്ത്തിയി ടാൻ സൗകര്യപ്പെടുത്തുക. |
| 5 | മരോട്ടികുന്ന്, കമ്പിപാലം, തെക്കേപുറം, ചിറ്റഞ്ഞൂർ, ഭാഗങ്ങൾ. | അരൂപാടത്തുള്ള ബോർവെല്ലിങ്ങ് പമ്പ് ഹൗസും വാട്ടർ ടാങ്കും സ്ഥാപിച്ചു പ്രശ്നപ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളക്ഷാമത്തിന് ശമന മുണ്ടാക്കാം. |
| 6. | അഞ്ഞൂർകുന്ന് | സ്വകാര്യവ്യക്തികളുടെ കൈവശമുള്ള വറ്റാത്ത കരിങ്കൽ കൊറികൾ സംരക്ഷിച്ചു ജലവിതരണത്തിനു പയോഗപ്പെടുത്താം. അഞ്ഞൂർ കുന്നിലുള്ള 3 പഞ്ചാ യത്ത് കിണറുകളും അവയുടെ അടിയിലുള്ള പാറ കൾ പൊട്ടിച്ച് ആഴം കൂട്ടി ജലലഭ്യത ഉറപ്പുവരുത്തു ക. അരൂപ്പാടം ബോർവെല്ലിന് പമ്പ് ഹൗസു ടാങ്കും ഉണ്ടാക്കി, അഞ്ഞൂർ കുന്നിലേക്ക് പൈപ്പ് ലൈൻ നീട്ട ണം. 9-ാം വാർഡിലെ ആലത്തൂർ ലക്ഷം നീട്ടണം 9-ാം വാർഡിലെ ആലത്തൂർ ലക്ഷം വീട് കൊളനിയിൽ നില വിലുള്ള കുളത്തിൽ ഒരു ഓപ്പൻ വെൽ നിർമ്മിച്ച് ജലവിതരണം ഏർപ്പെടുത്തുക. കലയംകുളം, കരിയൻത ടംകുളം, എന്നിവ അറ്റകുറ്റപണികൾ ചെയ്യുക. ചെറു വള്ളിപ്പുഴ ഭാഗത്തുള്ള 2 സെന്റ് പൊതു സ്ഥലത്ത് പൊതുകിണർ കുഴിക്കുക. |
| 7+8+9 | ആക്കലക്കുന്ന് പ്രദേശം, വട്ടംപാടം. | |

ആർത്താറ്റ് പഞ്ചായത്തിൽ ആകെയുള്ള 3291 വീടുകളുള്ളതിൽ 60% സ്വന്തമായി കിണറുകളുള്ള വരാണെങ്കിലും വേനൽകാലത്ത് ഇവരിൽ ഒരു വിഭാഗം ടാപ്പുകളെ ആശ്രയിക്കേണ്ടിവരുന്നുണ്ട്. ഈ പഞ്ചായത്തിൽ 28 പൊതുകിണറുകളുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും വേനൽകാലത്ത് ഉപയോഗശൂന്യമാണ്. ഈ പ്രദേശങ്ങളിൽ ഫെബ്രുവരി തൊട്ടുതന്നെ പലസ്ഥലങ്ങളിലും കുടിവെള്ളക്ഷാമം തുടങ്ങുകയായി.

## പ്രശ്നങ്ങൾ

ആർത്താറ്റ് പഞ്ചായത്തിൽ പല സ്ഥലങ്ങളിൽകുടിവെള്ള ക്ഷാമം അതീവ ഗരുതരമാണ്. അഞ്ഞൂർകുന്ന്, ആക്കലകുന്ന്, മരോട്ടിക്കുന്ന്, ആർത്താറ്റ്കുന്ന്, ചെമ്മണ്ണൂർകുന്ന് എന്നീപ്രദേശങ്ങളാണ് ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളം കിട്ടാൻ വളരെയെറേ പാടുപെടേണ്ടതായിവരുന്നു. ഈ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ ഭാഗികമാണ്.

ഒന്നാം വാർഡിൽ ശവക്കോട്ടയുടെ സമീപത്തുള്ള കിണറുകളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് മൂലം വെള്ളം ഉപയോഗശൂന്യമാണ്.

എട്ടാം വാർഡിൽ ഉള്ളിശ്ശേരി, വടുതല, മുതുവമ്മൽ, വട്ടംപാടം എന്നീ പ്രദേശങ്ങളിൽ ഉപ്പുവെള്ളത്തിന്റെ ശല്യമുണ്ട്. ഈ പഞ്ചായത്തിലെ പൊതുകിണറുകൾ ഭാഗികമായി മാത്രമേ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. വേനൽകാലത്ത് 4 മാസത്തിലേറെ വെള്ളം ലഭിക്കാറില്ല.

പൊതുടാപ്പുകൾ പഞ്ചായത്തിൽ ആവശ്യമുള്ള എല്ലാ സ്ഥലത്തേക്കും ഇപ്പോഴും എത്തിയിട്ടില്ല 5-ാം വാർഡിലെ മരട്ടികുന്നിലേക്ക് പൈപ്പ് ലൈൻ ഇനിയും നീട്ടേണ്ടതായിട്ടാണിരിക്കുന്നത്. എട്ട്, ഒമ്പതു വാർഡുകളിൽ ഇതുവരെ പൈപ്പ് ലൈൻ എത്തിയിട്ടില്ല. ഉള്ള ടാപ്പുകളിൽ വളരെകുറവ് സ്ഥലങ്ങളിൽ മാത്രമേ, ശരിയായി വെള്ളം കിട്ടാറുള്ളൂ. ഭൂരിഭാഗം സ്ഥലങ്ങളിലും ക്രമമായി വെള്ളം ലഭിക്കാറില്ല. അഞ്ചാംവാർഡിലെ കമ്പിപ്പാലം, തെക്കേപ്പുറം ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇവിടേക്കും പൈപ്പ് ലൈൻ നീട്ടിയിട്ടില്ല. പൊതുകിണർ ആഴംകൂട്ടി ശുദ്ധീകരിക്കാത്ത് മൂലം വെള്ളം കിട്ടാറില്ല.

## നിർദ്ദേശങ്ങൾ-സാധ്യതകൾ

ജലസംഭരണികൾ ഉയർന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുക. ഒന്നും, രണ്ട് വാർഡുകളിലേക്ക് ശുദ്ധജലം കിട്ടാൻ ചെമ്മണ്ണൂർ കുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഏറെക്കുറെ സാധിക്കുന്നതാണ്.

മൂന്നു, നാലുവാർഡുകളിലേക്ക് ഇപ്പോൾ ആർത്താറ്റ് കുന്നിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ നിന്നും ജലവിതരണം നടത്താം. ഈ ടാങ്കുകളിലേക്കു ചീരംകുളം അമ്പലത്തിന് സമീപമുള്ള ബോർവെല്ലിൽ നിന്നും വെള്ളം പമ്പുചെയ്തുകയറ്റാവുന്നതാണ്. ആറ്, ഏഴു, എട്ട് വാർഡുകളിലേക്ക് അഞ്ഞൂർ കുന്നിൻ മുകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്ക് വലുതാക്കി വൃത്തിയാക്കിയാൽ അരുവിപാടത്തുള്ള ബോർവെല്ലിൽ നിന്നും പൈപ്പ് കണക്ഷൻ കൊടുത്ത് വെള്ളം കയറ്റിയാൽ ആ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിനും ഏറെക്കുറെ പരിഹാരമാകും. അഞ്ചാംവാർഡിലെ മരോട്ടികുന്നിലെമിച്ചഭൂമിയാൽ താമസിക്കുന്നവർക്ക്, അവിടെയുള്ള രണ്ടുവഴികളിലേക്ക് പൈപ്പ് കണക്ഷൻ നീട്ടി, ഓരോ വഴിയിലും ഈ രണ്ടു ടാപ്പ് വീതം കൊടുത്താൽ ജലക്ഷാമത്തിന്റെ രൂക്ഷതയ്ക്ക് കുറവ് വരും.

നിലവാരം കുറഞ്ഞ പി.വി.സി. പൈപ്പുകൾ ഉപയോഗിച്ചത് കാരണം ഇടക്കിടെ പൈപ്പുകൾ പൊട്ടി ഉള്ള വെള്ളവും നഷ്ടപെടാറുണ്ട്. അത്തരം പൈപ്പുകൾ മാറ്റി, ഗുണമേന്മയുള്ള പി.വി.സി. പൈപ്പുകളോ ജി.ഐ. പൈപ്പുകളൊ സ്ഥാപിക്കേണ്ടതാണ്. ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് ഇതു കൂടിയേ തീരൂ.

ചീരംകുളം അമ്പലത്തിന് സമീപമുള്ള ബോർവെല്ലിന്റെ വളവ് തീർക്കുക.

പഞ്ചായത്തിലെ ഏറ്റവും വലിയകുളമായ ചാട്ടുളത്തിൽ ഒരു കിണർ കുഴിച്ച് വെള്ളം ശുദ്ധീകരിച്ച് പമ്പ് ചെയ്താൽ കുടിവെള്ളക്ഷാമം ലഘൂകരിക്കുന്നതിന് സഹായകമാവും.

വാർഡ് 1

ചെമ്മണൂർകുന്ന്, ചെമ്മണൂർ ബസാർ എന്നീ ഭാഗങ്ങളിലേക്ക് 500 മീറ്റർ പൈപ്പ് ലൈനും ടാപ്പുകളും ആവശ്യമാണ്.

II. കോഴിപറമ്പിൽ നിലവിലുള്ള ടാപ്പ് 50 മീറ്റർ തെക്കോട്ട് മാറ്റി സ്ഥാപിക്കുക.

II & III മുക്കൂട്ട ബസാറിലുള്ള വലിയ പഞ്ചായത്ത് കിണർ ആഴം കൂട്ടി വൃത്തിയാക്കിയാൽ അവിടെ തിങ്ങിപ്പാർക്കുന്ന ജനങ്ങളെ കുടിവെള്ളം ക്ഷാമത്തിൽ നിന്ന് ഒരു പരിധിവരെ, രക്ഷിക്കാൻ കഴിയും.

IV. മുൻസി ബസാറിലുള്ള പഞ്ചായത്ത് കിണർ നന്നാക്കുന്നതും പരിഗണനീയമാണ്.

V. അരൂർ പാടത്തുള്ള കുഴൽ കിണറിൽ നിന്നു പൈപ്പ് ലൈൻ നീട്ടി മരട്ടിക്കുന്നിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കണം.

VIII. കലയംകുളം, കരിയൻതടംകുളം എന്നിവ അറ്റകുറ്റ പണികൾചെയ്ത് സംരക്ഷിക്കുകയും ചെറുവല്ലിപുഴ ഭാഗത്തുള്ള രണ്ടുസെന്റ് പൊതുസ്ഥലത്ത് കിണർ കുഴിക്കുകയും ചെയ്താൽ ആ ഭാഗത്തെ ജലക്ഷാമം തീർക്കാനുള്ള വഴിയൊരുങ്ങും.

IX. മുപ്പതുസെന്റിൽകുറവ് ഭൂമിമാത്രമുള്ളവർക്ക്, വരുമാനപരിധി നിശ്ചയിച്ച് കുടിവെള്ളത്തിന് സ്വന്തമായി കിണർ കുഴിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ധനസഹായം ചെയ്യുക.

തെക്കെപ്പുറം, ഒറ്റാല് ഭാഗത്തേക്ക് പൈപ്പ് നീട്ടി, ടാപ്പുകൾ സ്ഥാപിച്ച ആ ഭാഗത്തേക്കും കുടിവെള്ളമെത്തിക്കുക.

XI. അഞ്ഞൂർകുന്നിൽ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള വറ്റാത്ത കരിങ്കൽ കോറികൾ സംരക്ഷിച്ച് ശുദ്ധ ജല വിതരണത്തിന് ഏർപ്പാടുചെയ്യണം.

അഞ്ഞൂർകുന്നിലുള്ള 3 പഞ്ചായത്തുകിണറുകളും അവയുടെ അടിയിലുള്ള പാറകൾ പൊട്ടിച്ച് ആഴം കൂടുകയാണെങ്കിൽ മാർച്ച് മാസത്തോടുകൂടി വെള്ളം വറ്റിപോകുന്നതിന് നിവാരണമാകും.

മൊത്തത്തിൽ, പഞ്ചായത്ത് പ്രദേശത്തെ, ചെമ്മണ്ണൂർ, ആനായ്ക്കൽ-ആർത്താറ്റ്, ചിറ്റഞ്ഞൂർ - അഞ്ഞൂർ, ചെറുവത്താണി മുതുവമ്മൽ എന്നീ 4 മേഖലകളായി കണക്കാക്കാം. അവയിൽ ആനയ്ക്കലും ചിറ്റഞ്ഞൂരും ഇപ്പോൾ ഓരോ പമ്പ് സെറ്റുണ്ട്. ആനായ്ക്കൽ ബോർവെല്ലിന് മാത്രമാണ് ടാങ്കുള്ളത്. ചിറ്റഞ്ഞൂർ ബോർവെല്ലിൽ നിന്ന് നേരിട്ട് പൈപ്പ് ലൈനിലേക്ക് പമ്പുചെയ്യുകയാണ് , ചിറ്റഞ്ഞൂർ പമ്പ് ഹൗസിനു ടാങ്ക് കെട്ടി, ചിറ്റഞ്ഞൂർ, തെക്കേപ്പുറം, അഞ്ഞൂർക്കുന്ന് പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കാൻ കഴിയും. ചെമ്മനൂർ പ്രദേശത്ത് ബോർവെൽ നിർമ്മിച്ച് പമ്പ് ഹൗസും ടാങ്കും ഉണ്ടാക്കി 1,2,3 വാർഡുകളിലേക്ക് വെള്ളമെത്തിക്കാൻ കഴിയും. സുലഭമായ ജല ലഭ്യതയുള്ള പ്രദേശമാണിതെന്നാണ് ഗ്രാമസഭാ റിപ്പോർട്ട്.

ചെറുവത്താണി, മാളൂർകടവ് പ്രദേശത്ത് ബോർവെല്ലുണ്ടാക്കി പമ്പ് ഹൗസും ടാങ്കും നിർവ്വഹിച്ച് ചെറുവത്താണി, ആക്കലകുന്ന്, വട്ടംപാടം, മുതുവമ്മൽ എന്നീ പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കാൻ കഴിയും.

ഈ നാലു പദ്ധതികളും പൂർത്തീകരിച്ചാൽ പഞ്ചായത്തിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കാനും ആവശ്യമാത് വർക്ക് വീട്ടുകണക്ഷൻ കൊടുക്കാനും സാധിക്കും.

കുന്നുകളുടെ മുകളിൽ കുഴികളും തോടുകളും നിർമ്മിച്ചാൽ ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിക്കും.

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം വളരെ ഗൗരവമായ പ്രശ്നമായതുകൊണ്ട് മേലുദ്ധരിച്ച സാധ്യതകളെ പദ്ധതികളാക്കി പ്രാവർത്തികമാക്കുന്നതിൽ തീരെ അലംഭാവമുണ്ടാക്കുകയില്ലെന്ന് ആശിക്കട്ടെ.

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനങ്ങളാണ് ഒരു രാജ്യത്തിന്റെ ഏറ്റവും സമ്പത്ത്. പൗരാണിക കാലം മുതൽ കൃഷിയായിരുന്നുവല്ലോ നമ്മുടെ മുഖ്യതൊഴിൽ മേഖല. അക്കാലത്ത് ജനങ്ങളുടെ ആരോഗ്യനില പൊതുവേ, തൃപ്തികരമായിരുന്നു. എങ്കിലും അക്കാലത്ത് കോളറ, വസൂരി, പ്ലേഗ്, മുതലായ സാംക്രമിക രോഗങ്ങളുടെ കടന്നാക്രമണം ഏറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നമായിരുന്നു. ആധുനിക വൈദ്യശാസ്ത്രം എന്ന് വേണ്ടത്ര വികസിച്ചിട്ടുമുണ്ടായിരുന്നില്ല. ഉള്ള സൗകര്യങ്ങളാവട്ടെ, ഗ്രാമീണജനതയ്ക്ക് അപൂർവ്വമാത്രയെ ലഭ്യമായിരുന്നുള്ളു. അക്കാലത്ത് നാടൻ വൈദ്യന്മാരും മന്ത്രവാദികളുമായിരുന്നു ജനങ്ങൾക്ക് ആശ്രയം അന്നു ആയുർവ്വേദ ചികിത്സാ സമ്പ്രദായവും പ്രമുഖരായ ആയുർവേദ വൈദ്യൻമാരും ഉണ്ടായിരുന്നു. അപൂർവ്വം ചില കുടുംബങ്ങൾക്ക് ചില പ്രത്യേക മേഖലയിലുള്ള ചികിത്സാരീതികളും ഒറ്റമൂലി പ്രയോഗങ്ങളും വശമായിരുന്നു. അന്ന് ശിശുമരണ നിരക്ക് താരതമ്യേന കൂടുതലായിരുന്നു. സാംക്രമിക രോഗങ്ങളുടെ കാലാകാലങ്ങളിലുള്ള ആക്രമണം ജനസംഖ്യ വർദ്ധന ഭീഷണിയായി തുടർന്നു. അക്കാലത്ത് ഇന്നത്തെ പോലെ കക്കൂസുകളുമുണ്ടായിരുന്നില്ല.

ആധുനിക ചികിത്സാ സമ്പ്രദായത്തിന്റെ ഭാഗമായി പ്രതിരോധകുത്തിവെപ്പുകളും മറ്റും ഏറെകുറെ വ്യാപകമായതോടുകൂടി സാംക്രമിക രോഗങ്ങളുടെ കണക്ക് ക്ഷയിക്കുകയും ചിലതരം രോഗങ്ങൾ തീരെ അപ്രത്യക്ഷമായികൊണ്ടിരിക്കുകയും ചെയ്യുന്നു. സമീകൃതാഹാരത്തിന്റെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് ആസ്തമ, ബി.പി. പ്രമേഹം, വാദസംബന്ധമായ രോഗങ്ങൾ, വൃക്കരോഗങ്ങൾ, ഹൃദയാഘാതങ്ങൾ, ഗർഭാശയ രോഗങ്ങൾ എന്നിവക്ക് അടിമപ്പെട്ടു നിത്യരോഗികളായും എന്നും ആശുപത്രിയും ഡോക്ടർമാരും ശരണമായി, ജീവിതം തള്ളി നീക്കുന്നവരുടെ അംഗസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

മരണനിരക്കും ശിശുമരണനിരക്കും മുൻകാലങ്ങളെ അപേക്ഷിച്ചു കുറഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ ശരാശരി ജനനനിരക്ക് കേരളത്തിലേതിനാക്കാൻ കൂടുതലല്ല.

പഞ്ചായത്തിൽ മൊത്തം 3291 വീടുകളുള്ളതിൽ ആയിരത്തിൽ പരം വീടുകൾക്ക് കക്കൂസില്ല. കക്കൂസും കുളിമുറിയുമുള്ള വീടിന്റെ പരിസരത്തിലും മലിനജലം കെട്ടി നിൽക്കുന്നതിനാൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാവുന്നു. നീർകെട്ടുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കക്കൂസ് മാതൃകകളില്ല. സ്കൂളുകളുടെ നിലവിലുള്ള ആരോഗ്യ പരിപാലനവും വേണ്ടത്ര കാര്യക്ഷമമായി നടക്കുന്നില്ല. വെള്ളം കെട്ടി നിൽക്കുന്ന കോൾ നിലങ്ങളുടെ കരകളിൽ കൊതുകുശല്യം കൂടുതലായുണ്ട്. മലിനജനങ്ങൾ കെട്ടിക്കിടക്കുന്ന കോളനി പ്രദേശങ്ങളിലും മറ്റു സ്ഥലങ്ങളിലും കൊതുകുകളെ നശീകരിക്കാൻ ആസൂത്രിത സംരംഭം വേണ്ടതുണ്ട്.

അനധികൃതമായി പൊതു നിരത്തിന്റെ പരിസരത്തിൽവെച്ച് അറവുനടത്തുന്നതും, അടുത്ത് അവയെ കെട്ടിത്തൂക്കി വില്പന നടത്തുന്നതും സർവ്വസാധാരണമാണ്. ഇത് നിരോധിച്ച് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തി ഭക്ഷ്യയോഗ്യമായ മത്സ്യവും മാംസവും വിൽപന നടത്തുന്നതിനു നല്ല സംവിധാനമുണ്ടാക്കണം ഭക്ഷണശാലകളിലും ചായക്കടകളിലും ഭക്ഷ്യസാധനങ്ങൾ തുറന്ന് വെച്ച് വിൽക്കുന്നതും പഴകിയ സാധനങ്ങൾ വിൽപന നടത്തുന്നതും നിയന്ത്രിക്കുകയും വേണം.

ഈ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ല. ആയുർവേദ ഡിസ്പെൻസറികളും ഇല്ല. മൂന്നു മാതൃശിശുസംരക്ഷണകേന്ദ്രങ്ങളെ ഉള്ളൂ. ഒന്നാം വാർഡിൽ ചെമ്മണ്ണൂരും ഒമ്പതാം വാർഡിൽ ചിറ്റഞ്ഞൂരും ഏഴാം വാർഡിൽ വടുതലയിലുമാണ് ഈ കേന്ദ്രങ്ങളുടെ സംസ്ഥാനം. രണ്ടാം വാർഡായ ചാട്ടുകുളത്തിന് സമീപം ഒരു ഹോമിയോ ഡിസ്പെൻസറി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 4-ാം വാർഡിൽ കുറുക്കൻ പാറയ്ക്ക് സമീപം ഒരു സ്വകാര്യഹോമിയോ ഡിസ്പെൻസറിയുമുണ്ട്. കൂടാതെ ആയുർവേദ ചികിത്സക്ക് പഞ്ചായത്തിൽ മൂന്നിടത്ത് സ്വകാര്യ വൈദ്യന്മാരുടെ സേവനം പരിമിതമായ തോതിൽ ലഭ്യമത്രെ.

ട്രോപ്പിക്കൽ ഹെൽത്ത് സെന്റർ എന്ന പേരിൽ ഒരു ധർമ്മസ്ഥാപനം 4-ാം വാർഡിൽ ആർത്താറ്റ് കേന്ദ്രമാക്കി പ്രശ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

അംഗവൈകല്യമുള്ളവരുടെ ഉപയോഗത്തിന്നായി കൃത്രിമ അവയവങ്ങൾ സൗജന്യമായി നിൽക്കുന്നത് അവരുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്.

ഇപ്പോൾ പഞ്ചായത്തിൽ ഉള്ള മൂന്നു സബ്സെന്റ റുകൾക്ക് പുറമെ, മറ്റു ആറു വാർഡുകളിലും ഓരോ ഹെൽത്ത് സബ്സെന്ററുകൾ സ്ഥാപിക്കണം. ചെമ്മ ണ്ണൂർ മാത്രമാണ് സബ്സെന്ററിന് കെട്ടിടമുള്ളത്. മറ്റുള്ള സബ്സെന്ററുകളിൽ, നേഴ്സുകൾക്ക് താമസിക്കുവാ നുംകൂടി സൗകര്യപ്പെടുമാറ് കെട്ടിടങ്ങൾ നിർമ്മിക്കുക യും വേണം. പ്രൈമറി ഹെൽത്ത് സെന്ററിലുള്ള ആരോഗ്യ പ്രവർത്തകൾ മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ വീടുകളും സന്ദർശിക്കുവാൻ സംവിധാനമുണ്ടാക്കണം.

പകർച്ചവ്യാധികൾ തടയുന്നതിന് യഥാസമയം പ്രതിരോധകുത്തിവെപ്പ് നടത്താനും സംവിധാനമുണ്ടാ യിരിക്കണം.

പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു ആലോപതി ഡിസ്പെൻസറിയും ഒരു ആയുർവേദ ഡിസ്പെൻസറിയും സ്ഥാപിക്കണം.

കക്കൂസില്ലാത്ത എല്ലാ വീടുകളിലും അഞ്ചു കൊല്ലംകൊണ്ട് പൂർത്തീകരിക്കുന്ന രീതിയിൽ ഘട്ടം ഘട്ട മായി കക്കൂസ് നിർമ്മാണം ആരംഭിക്കേണ്ടിയിരിക്കുന്നു.

താഴ്ന്ന വരുമാനക്കാരായ വീട്ടമ്മമാരുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി പുകയില്ലാത്ത അടുപ്പ് നിർമ്മിച്ചുകൊടുക്കുന്നതിന് പദ്ധതി നടപ്പാക്കുക.

ആൾമറയില്ലാത്ത കിണറുകളിൽ മഴ വെള്ളം ഒലി ച്ചിറങ്ങി മലിനമാകാതിരിയ്ക്കാൻ അത്തരത്തിലുള്ള എല്ലാ കിണറുകൾക്കും ആൾമറ കെട്ടുന്നതിന്ന് ധനസഹായം കൊടുക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകുക.

മദ്യപാനവും പുകവലിയും മയക്കുമരുന്നുപയോഗ വുമാണ് ഒരു വലിയ വിഭാഗം ജനങ്ങളുടെ ആരോഗ്യം കാർന്നുതിന്നുന്ന ദുശ്ശീലങ്ങൾ പരിപൂർണ്ണ മദ്യനിരോധ വും വ്യാപകമായ ബോധവൽക്കരണവും ഇക്കാര്യത്തിൽ അത്യാവശ്യമാണ്.

പോഷകാഹാരക്കുറവുകൊണ്ടുള്ള രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വിവിധയിനം ഇലക്കറികളുടേയും പച്ചക്കറികളുടേയും ഉപഭോഗം വർദ്ധിപ്പിക്കേണ്ടത് ഏറ്റ വും പ്രധാനമാണ്. ആയതിന്ന് പരിഹാരമായി എല്ലാവീ ടുകളിലും പച്ചക്കറിതോട്ടങ്ങൾ ലഭ്യമായ പുരയിടങ്ങളി ലും ടെറസ്സുകളുടെ മുകളിൽ പച്ചക്കറി കൃഷിചെയ്യുന്ന തിന് ഒരു ബൃഹത്തായ പദ്ധതി തയ്യാറാക്കി നടപ്പിലാ ക്കുന്നതിൽ വേണ്ട ബോധവൽക്കരണവും നടീൽ വസ്തു ക്കളുടെ ലഭ്യതയും ആവശ്യമായ സാമ്പത്തിക സഹായ വും ഉറപ്പാക്കികൊണ്ട് പദ്ധതിതെയ്യാറാക്കിനടപ്പാക്കണം.

ആരോഗ്യപരിപാലന കാര്യത്തിൽ ഗ്രാമവാസികൾ ഒട്ടും ബോധവാന്മാരല്ലാത്തതിനാൽ ഈ വിഷയത്തിൽ കേസുകൾ സംഘടിപ്പിച്ച ആരോഗ്യബോധവൽക്കണം ക്ലാസ്സുകൾ ഏറ്റവും മുൻഗണന നൽകേണ്ട വിഷയമാ ണെന്നുള്ള വസ്തുത, കണക്കിലെടുത്ത് ആവശ്യമായ പദ്ധതികൾക്ക് രൂപംകൊടുക്കാൻ ഒട്ടും വൈകിക്കൂടാ.

# ഗതാഗതം

**സ്ഥിതിവിവരങ്ങളും, അതാത് മേഖലയെ സംബന്ധിച്ചുള്ള പൊതു അവസ്ഥാ വിവരണവും.**

പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. 1994-ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 124 km റോഡ് ഉണ്ട്. ഇവയിൽ 24km , P.W.D ടാർചെയ്തിട്ടുള്ളതാണ്. 21km പഞ്ചായത്ത് മുഖാന്തിരം ടാർ ചെയ്തതാണ്. 2km മെറ്റൽ ചെയ്തതാണ്. ബാക്കി റോഡുകൾ മൺറോഡുകളാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 12km പുതിയ റോഡ് വെട്ടിയിട്ടുണ്ട്. പഞ്ചാത്തിന്റെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി 95-96-ൽ 5 ലക്ഷം ചിലവഴിച്ചിട്ടുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പൊതുവെ റോഡുകളുടെ സ്ഥിതി മോശമാണ്. ഓവ് ചാലുകൾ ഇല്ല, നടപ്പാതകൾ ഇല്ല, കലുങ്കുകൾ ഇല്ല, സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് അറ്റകുറ്റപണികൾ ചെയ്യാൻ പറ്റുന്നില്ല.

പഞ്ചായത്തിൽ മെച്ചപ്പെട്ട ബസ് ഗതാഗതം ഇല്ല. കുറുക്കൻപാറയിൽ നിന്ന് ആരംഭിച്ച് പഞ്ചായത്ത് ഓഫീസിന്റെ മുന്നിൽ കൂടി പോകുന്ന റോഡ് ഗുരുവായൂർക്ക് ബന്ധപ്പെടാൻ സൗകര്യം ഉള്ളതാണ്. എന്നാൽ പൂക്കോട്ട് പഞ്ചായത്തിന്റെ അതിർത്തിയിലുള്ള നിലവിലുള്ള പിള്ളക്കാട് പാലം വീതി ഇല്ലാത്തതിനാൽ ബസ് സർവ്വീസ് നടത്താൻ സാധിക്കുന്നില്ല. N.H. റോഡുകളോ, സ്റ്റേറ്റ് ഹൈവേകളോ ഇല്ല. 95-96-ൽ J.R.Y സ്കീമിൽ 4-ാം വാർഡിൽപ്പെട്ട കവലക്കാട് അമ്പലം റോഡ് 1200 മീറ്റർ ദൂരം ഇപ്പോൾ ടാർ വർക്ക് പണി നടത്തുന്നതാണ്. അൺടൈഡ് സ്കീമിൽ മാർത്തോമപള്ളി റോഡും, ആശാരിപ്പടി, ഇരിങ്ങപ്പുറം റോഡിന്റെ ചെമ്മണ്ണൂർ പോസ്റ്റോഫീസ് വരെയുള്ള ഭാഗവും ടാർവർക്ക് പണി നടന്നുകൊണ്ടിരിക്കുന്നു. ശേഷമുള്ള റോഡ് ഉദ്ദേശം 0.5 km പുതുതായി നിർമിക്കുകയും ചെയ്താൽ പൂക്കോട് പഞ്ചായത്തിൽപ്പെട്ട ഇരിങ്ങപ്പുറം 8 മീറ്റർ വീതിയുള്ള റോഡുമായി ബന്ധപ്പെടുത്തി ഗതാഗതയോഗ്യമാക്കി തീർക്കാവുന്നതാണ്.

മാർത്തോമ പള്ളി റോഡ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതാണ്. ടി റോഡിന്റെ ബാക്കിഭാഗം ഉദ്ദേശം $1^1/_2$km പണികൾ നടത്താനുള്ളതിൽ 1km പാടം വഴി പോർക്കളേങ്ങാടുമായി ബന്ധപ്പെടുത്താവുന്നതുമാണ്. മാത്രമല്ല ഇതിന് ആവശ്യം വരുന്ന സ്ഥലം പണം കൂടാതെ കൊടുക്കുവാൻ കൃഷിക്കാർ തയ്യാറാണ്. മാത്രവുമല്ല പാടം വഴിപോകുന്ന റോഡ് ഒരു ബണ്ട് റോഡായി നില്ക്കുന്നതിനാൽ പാടത്തുള്ള തോടിന് ഒരു പാലവും ചീപ്പും പണിതാൽ കൃഷിക്കാർക്ക് ആവശ്യത്തിനുള്ള വെള്ളം സുലഭമായി തടഞ്ഞ് നിർത്താവുന്നതാണ്. അൺടൈഡ് ഫണ്ടിൽ പഞ്ചായത്ത് ഓഫീസ് റോഡിന്റെ ഉദ്ദേശം 250 m നീളം ടാർ വർക്ക് പണിനടന്നുകൊണ്ടിരിക്കുന്നു. ചെറുവത്താനി ശ്മശാനം റോഡ് V.T.C ഫണ്ടിൽ ഉദ്ദേശം 500 m നീളം ടാർ വർക്ക് നടന്നുകൊണ്ടിരിക്കുന്നു.

## പ്രശ്നങ്ങളുടെ പട്ടിക

### Ward I

1. ചൊവ്വല്ലൂർപടി - ചാട്ടുകുളം റോഡിൽ നിന്ന് തുടങ്ങുന്ന A.K.G റോഡ് ചെമ്മണ്ണൂർ അങ്ങാടി- കോട്ടപ്പടി റോഡിനോട് ബന്ധിപ്പിയ്ക്കൽ - നീളം 1500 മീറ്റർ
2. കാണിപ്പയ്യൂർ - ഇരിങ്ങപ്രം റോഡിൽ ട്രാൻസ്ഫോർമർ സ്റ്റോപ്പിനും-S.M.C. സ്റ്റോപ്പിനും മദ്ധ്യത്തിൽ നിന്ന് തുടങ്ങി കിഴക്കോട്ട് കണ്ടാണശ്ശേരി പഞ്ചായത്തിലെ ഹരിജൻ കോളനിയിൽ ചെന്ന് ചേരുന്ന റോഡിന്റെ പുനരുദ്ധാരണം - നീളം - 1കി.മീ.
3. S.M.C. ബസ്സ്റ്റോപ്പിൽ നിന്ന് തുടങ്ങി പാവുട്ട പാടത്ത് അവസാനിയ്ക്കുന്ന റോഡ്, പാടത്തിന് അക്കരെയുള്ള പഴംകുളം വരെ നീട്ടി വെളുത്തോടത്ത് റോഡുമായി ബന്ധിപ്പിക്കുക. നീളം - 500 മീറ്റർ.
4. S.M.U.P സ്ക്കൂൾ മുതൽ പടിഞ്ഞാട്ട് ചെമ്മണൂർ തോടിന്റെ ചീർപ്പ് വരെയുള്ള പുറംമ്പോക്ക് ഭൂമി റോഡാക്കി മാറ്റുക. നീളം 500 മീ.
5. ചൊവ്വല്ലൂർപടി - ചാട്ടുകുളം റോഡിൽ ട്രാൻസ്ഫോർമറിന്റെ സമീപത്തുനിന്ന് കിഴക്കോട്ട് ഇപ്പോൾ നിലവിലുള്ള വഴി വീതികൂട്ടി - കാണിപ്പയ്യൂർ - ഇരിങ്ങപ്രം റോഡുമായി ബന്ധിപ്പിയ്ക്കുക.

### Ward II

1. ചീരംകുളം കോഴിപറമ്പ് റോഡ് - കൊടുംകുളം റോഡുമായി ബന്ധിപ്പിയ്ക്കുക. ഇതിനുവേണ്ട സ്ഥലം പണം കൊടുക്കാതെ കിട്ടുന്നതാണ്.
2. മണിയന്ത്രറോഡ് നന്നാക്കി അതിൽനിന്ന് എടുക്കുന്ന മണ്ണ് ഉപയോഗപ്പെടുത്തി കോഴിപ്പറമ്പ് കൊടുംകുളം റോഡ് ഉയർത്തൽ - നീളം 400 മീ.
3. ചെമ്മണ്ണൂർകുന്ന് പാനപറമ്പ് റോഡിൽനിന്ന് തുടങ്ങി പഞ്ചായത്ത് കുളമായ കോതകുളംവരെയുള്ള റോഡ് നന്നാക്കൽ - നീളം 300 മീ.
4. ചെമ്മണ്ണൂർ അങ്ങാടി മുതൽ കോതകുളം വരെ വയലിൽ കൂടെ റോഡ് ഉണ്ടാക്കൽ.
5. ആർത്താറ്റ് പള്ളി - കണ്ടപ്പൻ ബസാർ റോഡ് അറ്റകുറ്റപണി നടത്തൽ.

2. അഞ്ഞൂര് - വടുതല റോഡ് - 1 കി.മീ. ടി റോഡ് 8-ാം വാർഡിൽ ചെറുവത്താനി പോസ്റ്റാഫീസ് മുതൽ ഉള്ളിശ്ശേരി മുസ്ലീംപള്ളി റോഡുമായി ബന്ധിപ്പിയ്ക്കുന്ന റോഡാണ്. ആയത് 600 മീറ്റർ ടാർ ചെയ്യാനുള്ളത് ടാർ വർക്ക് ചെയ്ത് ഗതാഗതയോഗ്യമാക്കുക.

3. തോപ്പിൽ റോഡ് - 600 മീ. നീളം നെൽവയൽ ആയതിനാൽ രണ്ട് സൈഡും കെട്ടി മണ്ണിട്ട് ഉയർത്തി ഗതാഗതയോഗ്യമാക്കുക.

## Ward VIII

1. 7 ഉം, 8ഉം വാർഡിൽ കൂടി കടന്നു പോകുന്ന മുസ്ലീം പള്ളി, പോസ്റ്റോഫീസ് റോഡ് ഉദ്ദേശം 1-5 കി.മീ. നീളം, ടി റോഡ് ഉദ്ദേശം 1 കി.മീ. ടാറിട്ടതാണ്. ശേഷം 500 മീ ടാറിട്ട് ചക്കിതറ റോഡിനോട് ബന്ധിപ്പിക്കുക.

2. വടുതല ചക്കിതറ റോഡിൽ നിന്ന് കരിയംതടം വഴി ഉദ്ദേശം 1 കിലോമീററർ നീളം ഉള്ള ദുബായ് റോഡിനോട് ടാർവർക്ക് ചെയ്ത് റോഡിനോട് ബന്ധിപ്പിക്കുക.

3. ചുങ്കം ബസ്സ്റ്റോപ്പ് മുതൽ പഞ്ചായത്ത് അതിർത്തി പ്രദേശമായ കരിയംതടം വരെയുള്ള റോഡ് ടാർ ചെയ്യുക. നീളം 11/2 കിലോമീറ്റർ.

4. വട്ടംപാടം സെൻെററിൽ നിന്ന് 7-ാം വാർഡിൽ അവസാനിക്കുന്ന ഏരുക്കുളം റോഡ് ടാർ ചെയ്യുക നീളം 2 കി.മീ.

5. നിലവിലുള്ള മുതുവമ്മൽ വാഴക്കായ് റോഡ് ചെറുവള്ളിപുഴ കൊട്ടിലിങ്കൽ റോഡ് എന്നിവ ടാർ വർക്ക് നടത്തുക.

## Ward IX

1. കാട്ടിലെകുളം റോഡിൽ നിന്ന് അഞ്ചങ്ങാടിയിലക്ക് ഉദ്ദേശം 2 കി.മീ. വരുന്ന പുതിയ റോഡ് 2 വെട്ടി വൈദ്യുതിയും, വെള്ളവും സൗകര്യമാക്കുക.

2. ചെറുവത്താനി തേവർ ക്ഷേത്രത്തിൻെറ വടക്ക്ഭാഗത്തുകൂടി മനയ്ക്കൽ താഴത്തേയ്ക്കുള്ള പുതിയ റോഡ് നിർമ്മിക്കുക. നീളം - 750 മീറ്റർ.

3. വടുതല സെൻററിൽ നിന്ന് വടക്ക് ഭാഗത്തേക്ക് പാതാരം റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡിൻെറ നിർമ്മാണം. നീളം - 500 മീറ്റർ.

## Ward III

1. കണ്ടപ്പൻ ബസാറിൽ നിന്ന് നിന്ന് ആർത്താറ്റ് പാടത്തേയ്ക്കുള്ള (തെക്കെപാടം) റോഡ് ഗതാഗതയോഗ്യമാക്കുക - 500 മീറ്റർ നീളം.

2. ചക്കിങ്കൽ റോഡ്

3. കുരിശുപള്ളിറോഡ്

4. പാറപ്പുറം റോഡ്

5. തെക്കൻ ചിറ്റഞ്ഞൂരിലെ പാലപ്പെട്ടി റോഡ്.

6. ആലിങ്കൽ റോഡ് എന്നിവ ഗതാഗത സൗകര്യമാക്കിതീർക്കുക.

## Ward IV

1. ചിറ്റഞ്ഞൂർ റോഡിൽ നിന്ന് കുറുക്കൻ പാറ- പിള്ളെക്കാട് റോഡുമായി ബന്ധിപ്പിയ്ക്കുന്ന കാപ്പിരിക്കുന്ന് റോഡ് ടാർ പണിനടത്തി ഗതാഗതയോഗ്യമാക്കുക.

## Ward V

1. മിച്ചഭൂമി കോളനിയിലേയ്ക്കുള്ള റോഡുകൾ റെവന്യൂബോർഡിൽ നിന്ന് പഞ്ചായത്തിന് വിട്ടുകൊടുത്ത റോഡ് ഗതാഗതസൗകര്യമാക്കുക.

2. കുറുക്കൻപാറ - പിള്ളേക്കാട് റോഡ് കാനകൾ വെട്ടി, റോഡ് സംരക്ഷിയ്ക്കുക. നീളം : 4.25 കി.മീ.

3. കമ്പിപ്പാല - കുറുക്കൻപാറ റോഡ് ടാർ ചെയ്യൽ - നീളം 750 മീ.

## Ward VI

1. കുറുക്കൻപാറ - പിള്ളേക്കാട് റോഡിന് ഇരുഭാഗവും കാനകൾ നിർമ്മിയ്ക്കുക. പിള്ളേക്കാട് ഭാഗത്ത് നിലവിലുള്ള കലിങ്ക് വീതികൂട്ടിയാൽ ബസ് സർവ്വീസ് ഉപയോഗപ്രദമാകും. കൂടാതെ റോഡിൻെറ രണ്ട് വശങ്ങളിലുള്ള രണ്ട് കിണറുകളുടെ സൈഡ് കെട്ടി സ്ലേബ് ഇടേണ്ടതാണ്.

2. കമ്പനിപടി - അഞ്ഞൂർകുന്ന് റോഡ് അറ്റകുറ്റ പണി നടത്തുക.

## Ward VII

1. ആക്കലകുന്ന് റോഡ് - 700 മീറ്റർ. ടി റോഡ് ഉയരമുള്ള സ്ഥലങ്ങൾ താഴ്ത്തി വീതികൂട്ടി- ടാർ ചെയ്യുക.

✿✿✿✿✿✿✿✿✿

# ഊർജ്ജം

പരമ്പരാഗതമല്ലാത്ത ഊർജസ്ത്രോതസ്സുകൾ വികസിപ്പിക്കുന്നതിന് ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഏജൻസികളുടെ പുകയില്ലാത്ത വിറക് അടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പുകൾ, സൌരോർജജം കൊണ്ടും കാറ്റുകൊണ്ടും പ്രവർത്തിക്കുന്ന വിവിധ ഉപകരണങ്ങൾ തുടങ്ങിയവ ഊർജിതമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി ബ്ലോക്ക് കേന്ദ്രമായി തിരഞ്ഞെടുക്കണം. കൂടാതെ ജനപങ്കാളിത്വത്തോടെ ഒരു പഞ്ചായത്ത് പരിധിക്കുള്ളിൽ പൂർണ്ണമായും ഗുണം ലഭിക്കത്തക്കവിധത്തിൽ സൌരോർജ്ജാസൂത്രണപദ്ധതി നടപ്പിലാക്കാൻ ആലോചിക്കേണ്ടതുണ്ട്.

ഇവിടെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വിറക്, തെങ്ങുൽപന്നങ്ങൾ, ചപ്പ്ചവറ് എന്നിവയാണ് വ്യാപകമായി ഉപയോഗിച്ചു വരുന്ന ഊർജ്ജ സ്ത്രോതസ്സുകൾ. കാർഷികമേഖലയിൽ കന്നുകാലികളും മനുഷ്യാധ്വാനവും പ്രധാന പങ്കുവഹിക്കുന്നു. വിറ ക്, തെങ്ങുത്പന്നങ്ങൾ, കാർഷികാവശിഷ്ടങ്ങൾ, ചപ്പ്ചവറ് എന്നിവയെ നാം പൊതുവിൽ ജൈവദ്രവ്യങ്ങൾ എന്നു പറയുന്നു. ഗാർഹികം, കാർഷികം, വാ ണിജ്യം, വ്യവസായം എന്നിങ്ങനെ 4 മേഖലയായി നാട്ടിലെ ഇന്ധന ഉപയോഗത്തെ തരംതിരിക്കാം.

ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിനുള്ള ഊർജസ്ത്രോതസ്സ് മുഖ്യമായും വൈദ്യുതി തന്നെയാണ്. 10% ത്തിൽ കുറവ് വീടുകളിൽ മണ്ണെണ്ണ മാത്രം ഉപയോഗിക്കുന്നു. പാചകവാതകം പഞ്ചായത്ത് നിവാസികൾക്ക് നിഷിദ്ധമാണ്. പാചകാവശ്യത്തിന് ഏകദേശം 10% കുടുംബങ്ങൾ മണ്ണെണ്ണ ഉപയോഗിച്ചുവരുന്നു. വൈദ്യുതി ഉപയോഗത്തെ സംബന്ധിച്ച് വൈദ്യുതി സെക്ഷൻ ഓഫീസിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധചേർക്കുന്നുണ്ട്. വോൾട്ടത കുറവുള്ളതുകൊണ്ട് വൈദ്യുതി വിളക്കുകൾക്ക് പകരം മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുന്നത് ഇവിടത്തെ ഒരു സ്ഥിരം പ്രതിഭാസമാണ്. ബയോഗ്യാസ് അടുപ്പുകളും, ഘർഷണരഹിത ഫുട് വാൽവുകൾ, സോളാർ വിളക്കുകൾ, കോമ്പാക്ട് ഫ്ളൂറസെൻറ് ലാമ്പുകൾ, ട്യൂബ് ലൈറ്റിൻെറ ഇലക്ട്രോണിക് ചോക്കുകൾ എന്നീ മെച്ചപ്പെട്ട ഉപകരണങ്ങൾ അനർട്ട്, ഖാദിബോർഡ് എന്നീ സ്ഥാപനങ്ങൾ വഴി പ്രോൽസാഹിപ്പിക്കണം.

വോൾട്ടേജ് കുറവ് മൂലം ഗാർഹികമായും വ്യവസായികമായും പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഒരു വിഭാഗം ആളുകൾ സ്റ്റെ ബിലൈസറുകൾ മുതലായവ ഉപയോഗിച്ച് അവരുടെ കാര്യങ്ങൾ ഭംഗിയായി നടത്തുമ്പോൾ അതിൻെറ ദൂഷ്യഫലങ്ങൾ വലിയയോരു ശതമാനം ജനങ്ങൾ അനുഭവിക്കുന്നുണ്ട്.

1. ദക്ഷത കൂടതുലുള്ള വിറക് അടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടി.
2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങി ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
3. സാമൂഹ്യ വനവത്കരണം നടപ്പിലാക്കണം.
4. വൈദ്യുതിലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റുന്നതിനുള്ള സന്നദ്ധപ്രവർത്തനം.
5. ഊർജലാഭമുള്ള വൈദ്യുതി ദീപങ്ങൾ പ്രചരിപ്പിക്കുക.
6. കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
7. മേൽപറഞ്ഞ പ്രവർത്തനങ്ങളൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര ഊർജ്ജാസൂത്രണ പരിപാടി നടപ്പിലാക്കണം.

ജനപങ്കാളിത്തത്തോടെ ഒരു പഞ്ചായത്ത് പരിധിക്കുള്ളിൽ പൂർണ്ണമായും ഗുണം ലഭിക്കത്തക്കവിധത്തിൽ സൗരോർജാസൂത്രണപരിപാടി നടപ്പിലാക്കാൻ ആലോചിക്കേണ്ടതുണ്ട്. ഇത് നടപ്പിലാക്കുന്നതിൻെറ ഭാഗമായി ഒരു ഊർജസർവ്വെകാമ്പെയിൻ നിലവിൽ വരണം. ഇതിൽ പുകയേൽക്കാത്ത അടുപ്പുകളുടെ പ്രചരണം, ഊർജസംരക്ഷണത്തിനുള്ള പാരമ്പര്യേതര ഉപാധികളുടെ പ്രചാരണം, ഇതിനുപുറമെ പഞ്ചായത്തിലെ മുഴുവൻ വൈദ്യുതിലൈനുകളുടേയും മേപ്പ് തയ്യാറാക്കൽ, വൈദ്യുതി വിതരണശൃംഖലയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറാക്കൽ, വ്യവസായിക ഊർജ്ജ ഉപയോഗത്തിൻെറ വിശദാംശങ്ങൾ പഠിക്കുക എന്നിവയും ഇതിൻെറ ഭാഗമായി ഉൾപ്പെടുത്തേടതാണ്.

5000 വീടുള്ള ഒരു പഞ്ചായത്തിൽ വർഷത്തിൽ ഒരു കോടി രൂപയുടെ വിറക് ഉപയോഗിക്കേണ്ടിവരുന്നുണ്ട്. ഇത് ഒരു പരിധിവരെ സാമ്പത്തികവും അതിലുപരി പരിസ്ഥിതി പ്രശ്നം കൂടി ആയികാണേണ്ടതാണ്.

ഒരു പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ ഇന്ധനച്ചിലവിൻെറ ഇനത്തിൽ മാത്രം 60 മുതൽ 65 ലക്ഷം രൂപ ഓരോവർഷത്തിലും ലാഭിക്കാൻ കഴിയും. കൂടാതെ മാരകമായ അസുഖങ്ങളിൽനിന്ന് രക്ഷപ്പെടാനും കൂടിസാധിക്കുന്നു.

******

# പാർപ്പിടം

ആർത്താറ്റ് പഞ്ചായത്തിലെ പാർപ്പിട സ്ഥിതിയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ 31.9% കോൺക്രീറ്റ് വീടുകളും 42.53 ശതമാനം ഓടിട്ട വീടുകളും 9.7 ശതമാനം രണ്ട് നിലയുള്ള വാർപ്പ് വീടുകളും, 15.9 ശതമാനം ഓലവീടുകളും ആകുന്നു. ഏകദേശം 90 ശതമാനം വീടുകളുടേയും ചുമർ വെട്ടുകല്ലോ, ഇഷ്ടികയോ കൊണ്ട് നിർമ്മിച്ചവയാണ്. വീടുകളുടെ തറകൾ പരമ്പരാഗതമായ രീതിയിൽ ചാണകം മെഴുകുന്നവർ ഉണ്ടെങ്കിലും കൂടുതൽ വീടുകളും സിമൻറ് ഉപയോഗിച്ച് തറ മിനിസപ്പെടുത്തിയിട്ടുള്ളതുമാണ്. ഓല വീടുകളും ഒറ്റ ഇറക്കായി പണിതിട്ടുള്ള വീടുകളും ആയ 200 ചതുരശ്ര അടിക്ക് താഴെയുള്ള വീടുകളിൽ 10 ശതമാനത്തോളം വീടുകളുടെയും തറയും, ചുമരുകളും, ബലപ്പെടുത്തേണ്ടതായിട്ടുള്ളതാണ്. ഗൾഫ് പണം പഞ്ചായത്തിലെ കെട്ടിട നിർമ്മാണ മേഘലയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

വീടു നിർമ്മാണത്തിനുവേണ്ടി ജനങ്ങൾ വായ്പക്കായി ആശ്രയിക്കുന്നത് ജില്ലാ സഹകരണ ബാങ്കുകൾ, ഭവന നിർമ്മാണ ബോർഡ്, താലൂക്ക് ഹൗസിങ്ങ് സഹകരണസംഘം എന്നിവയേയും, സാമ്പത്തികശേഷികുറഞ്ഞിട്ടുള്ളവർ ഗ്രാമ പഞ്ചായത്തുകളേയും, ബ്ലോക്ക് പഞ്ചായത്തുകളേയും ആണ് ആശ്രയിക്കുന്നത്. ഇതിൽ ജില്ലാ സഹകരണ ബാങ്ക് ഇപ്പോൾ ഭവനവായ്പ ഒന്നും തന്നെ കൊടുക്കുന്നില്ല. ഭവന നിർമ്മാണ ബോർഡ് നാമമാത്രമായിട്ടാണ് വായ്പ നല്കുന്നത്. വായ്പക്ക് അപേക്ഷിച്ചാൽ തന്നെ അത് അനുവദിച്ച് കൊടുക്കുന്നതിന് വളരെ അധികം കാലതാമസം വരുന്നുണ്ട് എന്നാണ് അനുഭവസ്ഥർ പറയുന്നത്. താലൂക്ക് സഹകരണ സംഘത്തിൽനിന്ന് പഞ്ചായത്തിൽ ആകെ 22 പേർക്കാണ് വായ്പ ലഭിച്ചിട്ടുള്ളത്. അവിടെ വായ്പക്ക് അപേക്ഷിച്ചാലും വളരെ അധികം കാലതാമസം വരുന്നുണ്ട്.

സർക്കാർ സഹായത്തോടെ ഈ പഞ്ചായത്തിൽ നിന്നും അനുവദിച്ച വീടുകളിൽ 10 വീടുകൾകൂടി ഇനി പൂർത്തികരിക്കാനുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 42 വീടുകൾ പണിതു കൊടുക്കുവാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൻെറ സഹായത്തോടുകൂടി 96 വീടുകൾകൂടി പണിതുകൊടുത്തിട്ടുണ്ട് എങ്കിലും ഇനിയും പഞ്ചായത്തിൽ 285 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്തവരുണ്ട്. അതുപോലെ തന്നെ ഇപ്പോൾ വീടില്ലാത്തവരിൽ ഭൂരിഭാഗം പേരും ഓലകൊണ്ട് മറച്ചിട്ടുള്ള ഷെഡിലാണ് താമസിച്ചുവരുന്നത്. ഇപ്പോൾ കുടുംബമായി താമസിച്ചുവരുന്നവരും. എന്നാൽ സ്വന്തമായി വീട് വെയ്ക്കാൻ സ്ഥലമില്ലാത്തതുമായ കുടുംബങ്ങൾ പഞ്ചായത്തിൽ 300 ൽ കൂടുതൽ ഉണ്ട്. അതുകൊണ്ട്ഈ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫലപ്രദമായ ഒരു ജനകീയ പരിപാടിക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

ഭവന നിർമ്മാണ ബോർഡിൽ നിന്നും താഴ്ന്ന വ
മാനക്കാർക്കായി നടപ്പാക്കി വരുന്ന രാജീവ് ദശല
പാർപ്പിട പദ്ധതി അനുസരിച്ച് ഇപ്പോൾ കൊടുക്കു
വായ്പാപരിധി വർദ്ധിപ്പിക്കുകയും ആവശ്യക്കാര
കൂടുതൽ പേർക്ക് വായ്പ നല്കുന്നതിനാവശ്യമായ പ
പാടികൾ എടുക്കേണ്ടതതും അത്യാവശ്യമാണ്. അ
പോലെതന്നെ മറ്റ് ബാങ്കുകളിൽ നിന്നും വീട് നിർമ്മ
ണത്തിന് ആവശ്യമായ വായ്പകൾ അനുവദിക്കേണ്ടതു
ആകുന്നു. അതുപോലെതന്നെ ഇന്ന് തരിശായി കി
ക്കുന്ന കൃഷിക്ക് ഉപയോഗ്യമല്ലാത്ത സ്ഥലങ്ങൾ സർക്കാ
ഏറ്റെടുത്തുകൊണ്ട് ദരിദ്രരേഖക്ക് താഴെയുള്ളവരി
വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് പതിച്ചു
കൊടുക്കാനുള്ള നടപടികൾ ചെയ്യേണ്ടതാണ്. അതുപോലെ
ഭൂപ്രകൃതിയെ മാറ്റി മറിക്കാതെ പ്രാദേശിക വിഭവങ്ങൾ
ഉപയോഗപ്പെടുത്തികൊണ്ട് ചിലവ് കുറഞ്ഞ രീതിയി
ലുള്ള വീടുകൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേ
ണ്ടതാണ്. ചിലവ് കുറഞ്ഞ രീതിയിലുള്ള വീടുകൾ
നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം ഗ്രാമീണ
തലത്തിൽ കൊടുക്കുന്നതിന് പഞ്ചായത്തുമുഖേന നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ്, എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തികൊണ്ട് നടത്തേണ്ടതാണ്.

പഞ്ചായത്ത് സർക്കാരിൻെറ സഹായത്തോടുകൂടി 4-ാം വാർഡിൽ ആർത്താറ്റ് പ്രദേശത്ത് ഭൂമി വില കൊടുത്ത് വാങ്ങിച്ചുകൊണ്ട് സ്വന്തമായി വീടുപണിയാൻ സ്ഥമില്ലാത്ത ഭൂരഹിത കർഷകതൊഴിലാളികൾക്കും പുറമ്പോക്കിൽ താമസിച്ചുവരുന്നവരുമായ കുടുംബങ്ങൾക്ക് വീടു പണിയുന്നതിനുവേണ്ടി 27 കുടുംബങ്ങൾക്ക് സ്ഥലം പതിച്ചു നല്കിയിട്ടുണ്ട്. അതിൽ 3പേർ വട്ടംപാടം പ്രദേശത്ത് റോഡ് പുറമ്പോക്കിൽ താമസിച്ചുവരുന്നവരാണ്. 27കുടുംബങ്ങൾക്ക് വീട് പണിയുന്നതിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തിൻെറ സഹായത്തോടുകൂടി **J.R.Y, I.A.Y** പദ്ധതി പ്രകാരം വീട് പണിതു കൊടുക്കുന്നതിനു നടപടികൾ തുടങ്ങി വെച്ചിട്ടുണ്ട്.

തമിഴ് നാട്ടിൽനിന്നും മറ്റ് സംസസ്ഥാനങ്ങളിൽ നിന്നും കൂലിവവേലക്കായി നിരവധി കുടുബങ്ങൾ നമ്മുടെ പഞ്ചായത്തിൽവന്ന് താമസമാക്കിയിട്ടുണ്ട്. അവർ താമസിക്കുന്നത് കടതിണ്ണകളിലും, വിവിധ പറമ്പുകളിലും , റോഡ് സൈഡുകളിലും താല്കാലിക ഷെഡുകൾ കെട്ടിയാണ് താമസിക്കുന്നത്. ഇവരിൽ നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ചിലർ വാടകക്ക് വീട് എടുത്ത് താമസിച്ചുവരുന്നതായും കാണുന്നുണ്ട്.

പഞ്ചായത്തിലെ ലക്ഷം വീട്, മിച്ച ഭൂമി തുടങ്ങിയ ദുർബല വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന കോളനികളിൽ ചിലർ ഓലകൊണ്ട് മറച്ചിട്ടുള്ള ഷെഡിലും, ചുമരുകളുള്ള വീടുകളാണെങ്കിൽ വേണ്ടത്ര ഉറപ്പില്ലാത്തതും, മിക്കവാറും നിലം ചാണകം തേച്ചിട്ടുള്ളതു

മാകുന്നു. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കക്കൂസുമില്ല. അതുപോലെതന്നെ കോളനികളിലെ ഭൂരിഭാഗം വീടുകളും വൈദ്യുതി എത്താത്തവയുമാണ്. ഈ കോളനികളിലേക്ക് വേണ്ടത്ര യാത്രാ സൗകര്യവും ഇല്ലാത്തവയുമാണ്. ഇവിടങ്ങളിലെ ഏറ്റവും പ്രധാനമായ പ്രശ്നം ശുദ്ധജലം ലഭിക്കാനുള്ള സൗകര്യ കുറവാണ്.

പഞ്ചായത്തിൽ നാമമാത്രമായിട്ടാണ് വാസ്തു ,ശില്പ. മാതൃകയിലുള്ളതും, ശാസ്ത്രീയമായ രീതിയിൽ വീടുകൾ പണിതിട്ടുള്ളതുമായ വീടുകൾ കാണുന്നുള്ളൂ.

പഞ്ചായത്തിൽ ഇപ്പോൾ അടുത്ത കാലത്തായി സ്ഥാപിച്ചിട്ടുള്ളതും ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നതുമായ വീടുകൾ ഭൂരിഭാഗവും കോൺക്രീറ്റ് വീടുകളാണ്. വളരെ ചെറിയൊരു ശതമാനമാത്രമാണ് ഓടിട്ട വീടുകൾ പണിയുന്നത്. സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നവർ ഓലവീടുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽനിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം കൊടുത്ത് പണിയുന്ന വീടുകൾ മാത്രമാണ് മേൽക്കൂര ഓട് മേഞ്ഞ് പണിയുന്നത്. അല്ലാത്തവർ വളരെ നാമമാത്രമായിട്ടാണ് ഓട് വീടുകൾ പണിയുന്നത്. ഒരു കോൺക്രീറ്റ് ഭ്രമം തന്നെയാണ് ഇന്ന് കണ്ടുവരുന്നത്. ഓടിനും മരത്തിനും വില കണക്കാക്കുമ്പോൾ ഏതാണ്ട് കോൺക്രീറ്റ്കൊണ്ട് പണിയുന്നത്ര ചിലവ് വരുന്നുണ്ട് എന്നാണ് പറയപ്പെടുന്നത്.

ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകളിൽ ഭൂരിഭാഗവും താമസിക്കാൻ ഒരു വീട് എന്നതിൽ ഉപരി ആഢംബര പൂർണ്ണമായ വീടുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. വീടിന്റെ നിലവും ചുമരുകളും എന്തിനേറെ മതിലുകൾകൂടി മാർബിൾകൊണ്ട് പണിതിട്ടുള്ള വീടുകൾ പഞ്ചായത്തിൽ കാണാവുന്നതാണ്. ദുർവ്യയം ഒഴിവാക്കിക്കൊണ്ടുള്ള ചിലവ് കുറഞ്ഞ രീതിയിലുള്ള വീടുകളുടെ നിർമ്മാണശൈലിയെ സംബന്ധിച്ച് പഞ്ചായത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. അതിവിദഗ്ദരായ തൊഴിലാളികളുടെ അഭാവം പഞ്ചായത്തിലുണ്ട്. ഇപ്പോൾ വീട് നിർമ്മാണരംഗത്ത് ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ചിലവ് കുറഞ്ഞ രീതിയിലുള്ള വീട് നിർമ്മാണ രീതിയെക്കുറിച്ച് പരിശീലനം കൊടുത്താൽ വീട് പണിയിക്കുന്ന സാധാരണക്കാർക്ക് അത് വലിയൊരു അനുഗ്രഹമായി തീരും.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ ഇപ്പോൾ പഞ്ചായത്തിൽ ലഭിക്കപ്പെടുന്നില്ല. മറ്റു പ്രദേശങ്ങളിൽ നിന്നാണ് പഞ്ചായത്തിലേക്ക് സാമഗ്രികൾ കൊണ്ടുവരുന്നത്.ചില പ്രദേശങ്ങളിൽ നാമമാത്രമായി കല്ല് വെട്ടി എടുക്കുന്നുണ്ട്. കല്ല് വെട്ടി എടുക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. ഹോളോബ്രിക്സ് ഉണ്ടാക്കുന്ന രണ്ട് സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. നാമമാത്രമായ നിർമ്മാണം മാത്രമേ ഇവിടെ നടക്കുന്നുള്ളൂ. സാമ്പത്തിക ബുദ്ധിമുട്ടാണ് കൂടുതൽ ഉൽപാദിപ്പിക്കുന്നതിന് ഇവർക്ക് തടസ്സമായി നില്ക്കുന്നത്.

പഞ്ചായത്ത് പ്രദേശം മുഴുവനും ചെമ്മണ്ണ് ആണ്. ഇത് ധാരാളം പശയുള്ളതുമാണ്. ഈ മണ്ണ് കുഴച്ച്കല്ലിന്റെ വലിപ്പത്തിലുള്ള ഇഷ്ടികകളാക്കി വീട് പണിയുന്നവർ ഉണ്ട്. ഇത്തരത്തിലുള്ള ഇഷ്ടികകൾ വേവിച്ച് ശാസ്ത്രീയമായ രീതിയിൽ കൂടുതൽ ഉറപ്പുള്ളതാക്കി ചെയ്യുന്നതിനാവശ്യമായ പരിശീലനം കൊടുത്താൽ ഇന്ന് താങ്ങാനാവാത്ത കല്ലിൻേറയും, കമ്പി, ഇഷ്ടികയും വലിയ വില കൊടുത്ത് വാങ്ങാതെ സാധാരണക്കാർക്ക് വീട് പണിയുന്നതിന് സാധിക്കും.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലാത്ത അവസ്ഥയുണ്ട്. കരിങ്കല്ലുകൊണ്ട് പണിയുന്ന പുരുഷ തൊഴിലാളികൾക്ക് 150 രൂപയും മറ്റു നിർമ്മാണതൊഴിലാളികൾക്ക് 135 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 75 രൂപയും ഇപ്പോൾ കൂലി നിലവിലുണ്ട്. 1990 കാലഘട്ടങ്ങളിൽ നിർമ്മാണ തൊവിലാളികളുടെ കൂലി പുരുഷന് 80 രൂപയിൽ താഴെയും സ്ത്രീ തൊഴിലാളികൾക്ക് 35 രൂപയിൽ താഴെയും ആയിരുന്നു. നിർമ്മാണ തതൊഴിലാളികളിൽ തന്നെ വേണ്ടത്ര വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിലെ വീട് പണികളിൽ കേൺട്രാക്ട് സമ്പ്രദായം നാമമാത്രമായിട്ടേ കാണുന്നുള്ളൂ. ഭൂരിഭാഗം പേരും നേരിട്ട് തൊഴിലാളികളെകൊണ്ട് പണിയിക്കുന്ന രീതിയാണ് കണ്ടുവരുന്നത്.

## സാധ്യതകൾ

1. പഞ്ചായത്തിൽ വീട് പണിയുന്നവർക്കാവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഭവന ബോർഡിന്റെ സഹായത്തോടുകൂടി ആരംഭിക്കാവുന്നതാണ്.

2. കെട്ടിട നിർമ്മാണ സാമഗ്രികൾ വിലക്കുറച്ച് ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്നും വെട്ടി എടുക്കാവുന്ന വെട്ട് കല്ലുകൾ മെഷിൻ ഉപയോഗിച്ചു വെട്ടി എടുക്കുകയും ഇഷ്ടികകളങ്ങൾ നിർമ്മിക്കുകയും, അതിനാവശ്യമായ കളിമണ്ണ് മറ്റ് പ്രദേശങ്ങളിൽ നിന്ന് ലഭിക്കാൻ സൗകര്യം ഉണ്ടാക്കുകയും പഞ്ചായത്തിൽ സാധാരണക്കാർ വീട് പണിയുന്നതിന് ഉപയോഗിക്കുന്ന നാടൻ ഇഷ്ടിക കൂടുതൽ ഉറപ്പുള്ളതാക്കിതീർക്കുന്നതിന് വേണ്ട സാങ്കേതിക വിദ്യ ലഭ്യമാക്കണം. പഞ്ചായത്തിൽ ഹോളോ ബ്രിക്കുകളും, കോൺക്രീറ്റ്, കട്ടിള, ജനറൽ എന്നിവ നിർമ്മിക്കുന്നവർക്കും ബാങ്ക് വായ്പാ ആവശ്യത്തിന് ലഭ്യമാക്കണം.

3. ചിലവ് കുറഞ്ഞ രീതിയിലുള്ള വീട് നിർമ്മാണത്തിന് കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ''നിർമ്മിതി കേന്ദ്രം'' ''കോസ്റ്റ്ഫോർഡ് '' എന്നിവയുടെ സഹായത്തോടുകൂടി ആവശ്യമായ പരിശീലനം കൊടുത്താൽ കെട്ടിട നിർമ്മാണ ചിലവ് നിയന്ത്രിക്കാൻ സാധിക്കും.

4. ചിലവ് കുറഞ്ഞ ഭവന നിർമ്മാണ രീതികൾ വളരെ ഫലവത്താണെന്നും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

5. പഞ്ചായത്തിൽ നിന്ന് വീടില്ലാത്ത ദുർബല വിഭാഗക്കാർക്ക് വീട് നിർമ്മിച്ചു നല്കുന്നതിന് മുൻഗണന കൊടുക്കുകയും അതിനുവേണ്ടി കൂടുതൽ സംഖ്യ മാറ്റിവെക്കേണ്ടതുമാണ്. അപ്രകാരം നിർമ്മിച്ചുകൊടുക്കുന്ന വീടുകൾ ചിലവുകുറഞ്ഞ വീടുകൾ ഉണ്ടാക്കി കൊടുക്കുന്ന ഏജൻസികളെകൊണ്ട് പണിയിപ്പിച്ച് കൊടുത്താൽ പഞ്ചായത്തിൽ നിന്നും വീട് അനുവദിച്ചു കൊടുക്കുന്നവർക്ക് വളരെ അധികം സഹായകരമാകും. കാരണം ഇന്ന് അവർക്ക് വീട് പണിയുന്നതിന് സഹായമായി കൊടുക്കുന്ന സാഖ്യകൊണ്ട് വർദ്ധിച്ചനിർമ്മാണ സാധനസാമഗ്രികളുടെ വിലയും വർദ്ധിച്ച കൂലി ചിലവും കൂടി ഇവർക്ക് വീട് പണിയുന്നതിന് സാധിക്കുന്നില്ല. അതുകൊണ്ട് തന്നെ വീട് പണിത് അവസാനിപ്പിക്കുന്നില്ല. ഇതിനു പരിഹാരമായി ഇത്തരം വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോർഡ്, എന്നിവരെ ഏൽപ്പിച്ചുകൊടുക്കേണ്ടതാണ്.

6. അഞ്ച് ലക്ഷത്തിൽ കൂടുതൽ നിർമ്മാണചിലവ് വരുന്ന വീടുകൾക്ക് നിലവിലുള്ള നികുതിക്കുപുറമേ ആഢംബര നികുതികൂടി ചുമത്തണം. ഇതിൽ വീടിൻെറ ഫർണീച്ചർ, ഫർണീഷിങ്ങ് മുതലായവകൂടി കണക്കിലെടുക്കണം.

7. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഉണ്ടാക്കിയാൽ അതിൽനിനും ആവശ്യക്കാർക്ക് വീട് റിപ്പയർ ചെയ്യുന്നതിനുള്ള സഹായം വിതരണം ചെയ്യാനും സാധിക്കും അതിൻെറ പ്രായോഗിക വശത്തെ കുറിച്ച്കൂടുതൽ പഠിക്കേണ്ടിയിരിക്കുന്നു.

8. കേരള സർക്കാരിൻെറ ''മൈത്രി' തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളും കേന്ദ്രസർക്കാരിൻെറ വിവധ ഭവനനിർമ്മാണ പദ്ധതികളും മാതൃകാപരമായി നടപ്പിലാക്കേണ്ടതാണ്.

9. ഭൂപ്രകൃതിയെ മാറ്റി മറിക്കാതെ പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി ചെലവ് കുറഞ്ഞ രീതിയിലുള്ള വീടുകൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.

10.കെട്ടിട നിർമ്മാണ രീതികൾ പരിശീലിപ്പിക്കുന്നതുവഴി ഗ്രാമീണ യുവതി യുവാക്കാൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കടെത്താൻ സാധിക്കും.

11. ഇന്ന് നിലവിലുള്ള മതിൽ കെട്ടുന്ന സമ്പ്രധായത്തിനു പകരം ജൈവ വേലികൾ ഉണ്ടാക്കിയാൽ വെള്ളം ഒഴുകി പോകുന്നത് തടയാനും ആ വെള്ളം ഭൂമിക്കിടയിലേക്ക് താഴ്ന്ന് പോകുന്നതിനും അതുവഴി ശുദ്ധ ജലക്ഷാമത്തിന് പരിഹാരം കാണാനും കഴിയും. ദുർല്ലഭമായികൊണ്ടിരിക്കുന്ന കരിങ്കല്ല്,വെട്ടുക്കല്ല്, ഇഷ്ടിക, എന്നിവയുടെ ഉപയോഗം കുറക്കാവുന്നതാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക (സിമൻറ്,കമ്പി, മുതലായവ)

12. സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നല്കുക.

13. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തുസലത്തിൽ സൂക്ഷിക്കുക.

14. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

(a) I.A.Y, M.W.S, J.R.Y, R.L.E.G.P എന്നിവ 15800 രൂപയിൽ നിന്ന് 30000 രൂപയായി ഉയർത്തുക

(b) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 50000 രൂപയായി ഉയർത്തുക.

(c) പ്രൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15000 രൂപയിൻ നിന്ന് 25000 രൂപയായി ഉയർത്തുക.

15. വിവിധ വകുപ്പുകൾ വഴി വിതരണം ചെയ്യുന്ന ഭവന നിർമ്മാണ സഹായങ്ങളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നല്കുക.

നമ്മുടെ മുഖ്യലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിക്കാം. ഒരുമിക്കൂ.

*********

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴിനടപ്പാക്കപ്പെടുന്നവയാണവ.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനും ആയി പട്ടികജാതി വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ചെറിയതോതിൽ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാവുന്നത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കണകുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണതൊഴിലാളികൾ ബീഡി തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും കർഷകതൊഴിലാളികൾ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടുള്ളത്.

കെട്ടിട നിർമ്മാണ തൊഴിലാളികളും ബിഡിതൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ഒന്നും തന്നെ പഞ്ചായത്തിലുള്ളവർക്ക് ലഭിക്കുന്നില്ല.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരമായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കാറില്ല. പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും വനിതാകോർപ്പറേഷനെക്കുറിച്ച് അറിയില്ലെന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് അറിയാൻ കഴിയുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് നാമമാത്രമായി പ്രവർത്തിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്താഫീസിനു കീഴിലുള്ള ആർത്താറ്റ്, അഞ്ഞൂര് വില്ലേജ് ഗ്രാമസേവിക ആപ്പീസുകളിലൂടെയാണ്. അതുപോലെ നാമമാത്രമായി താലൂക്ക് ആപ്പീസുകൾ വഴിയും ജില്ലാലേബർ ആപ്പീസുകൾ വഴിയും കൊടുക്കുന്ന പെൻഷനുകളുമാണ്.

1991ലെ സെൻസസ് അനുസരിച്ച് 3291 കുടുംബങ്ങളിലായ 17099 അംഗങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ ഈ സംഖ്യ. ഇതിൽ 8058 പുരുഷന്മാരും, 9041 സ്ത്രീകളും ഉണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ പുരുഷന്മാർ 93.47 ശതമാനവും സ്ത്രീകൾ 87.67 ശതമാനവും ആണ് അതുപോലെ തന്നെ തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകളേക്കാൾ വളരെ മുൻപന്തിയിൽ നിൽക്കുന്നത് പുരുഷന്മാരാണ്. സ്ത്രീകളാണ് തൊഴിൽ ഇല്ലാത്തവരിൽ കൂടുതലായി കണ്ടുവരുന്നത്. അതുകൊണ്ട് തന്നെ പഞ്ചായത്തിൽ തൊഴിൽ രംഗത്തേക്ക് കൂടുതൽ സ്ത്രീകളെകൊണ്ടു വരേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ IRDP സർവ്വെപ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1994 ആണ്. ഇതിൽ പട്ടിക ജാതിക്കാരുടെ കുടുംബങ്ങളുടെ എണ്ണം 348 ആണ്. ഇനിയും ഒട്ടനവധികുടുംബങ്ങൾ IRDP സർവ്വെലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുപോലെ ഇപ്പോൾ അർഹതയില്ലാത്ത നിരവധി കുടുംബങ്ങൾ സർവ്വെലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായും കാണുന്നുണ്ട്. IRDP പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുള്ള കുടുംബങ്ങൾ മുഴുവനായും സഹായം ലഭിച്ചതുകൊണ്ട് ദാരിദ്രരേഖയ്ക്കു മുകളിലായി എത്തിയവരായി കാണാനാവില്ല. പഞ്ചായത്തിൽ ആകെ നാളിതുവരെയും 633 പേർക്കാണ് IRDP

പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുള്ളത്. ഇതിൽ 205 പട്ടിക ജാതി കുടുംബങ്ങൾക്കും സഹായം ലഭിച്ചിട്ടുണ്ട്. സഹായം ലഭിച്ചതിന്റെ ഫലമായി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ പഞ്ചായത്തിൽ ആകെ 254 ആണ്. 1361 കുടുംബങ്ങൾക്ക് ഇനിയും പഞ്ചായത്തിൽ IRDP പദ്ധതിപ്രകാരം സഹായം ലഭിക്കേണ്ടവരായിട്ടുണ്ട്. സഹായം ലഭിച്ചവരിൽ തന്നെ ഇനിയും സഹായം കൊടുത്തുകൊണ്ട് ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തേണ്ടവർ 379 പേർ ഉണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് IRDP പദ്ധതിപ്രകാരം സഹായം

## IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ Sc/St കുടുംബങ്ങളുടെ എണ്ണം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ Sc/St കുടുംബങ്ങളുടെ എണ്ണം | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 234 | 25 | 82 | 19 | 34 | 200 |
| II | 266 | 45 | 97 | 36 | 42 | 224 |
| III | 177 | 48 | 65 | 29 | 13 | 164 |
| IV | 212 | 46 | 76 | 28 | 25 | 187 |
| V | 173 | 26 | 56 | 17 | 25 | 117 |
| VI | 204 | 18 | 57 | 8 | 25 | 127 |
| VII | 242 | 50 | 70 | 26 | 38 | 172 |
| VIII | 254 | 63 | 94 | 38 | 36 | 160 |
| IX | 232 | 27 | 36 | 14 | 16 | 196 |
| ആകെ | **1994** | **348** | **633** | **205** | **254** | **1547** |

ലഭിച്ചവരിൽ ഭൂരിഭാഗവും തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിക്കു ഉപയോഗിക്കാതെ മറ്റുപല രൂപത്തിലും ദുരുപയോഗം ചെയ്തുവരുന്നതായി കാണാം. അതുകൊണ്ട് തന്നെ സഹായം ലഭിച്ചവർക്ക് ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുന്നില്ല.

പ്രതിവർഷം 30ൽ താഴെ കുടുംബങ്ങൾക്കുമാത്രമാണ് നമ്മുടെ പഞ്ചായത്തിൽ IRDP പദ്ധതി പ്രകാരം സഹായം നൽകുന്നതിനുവേണ്ടി സാധിക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം

പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 11500 രൂപയെന്നത് 20000 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടതാണ്.

ബാങ്കുകൾ ഈ പദ്ധതി പ്രകാരം വായ്പ കൊടുക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലയ്ക്ക് കൂടുതൽ ഫണ്ട് അനുവദിച്ച്കൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ല സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെ കൊണ്ടും മറ്റു ബാങ്കുകളെകൊണ്ടും ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഇപ്പോൾ 5 വർഷം കൂടുമ്പോഴാണ് IRDP സർവ്വേ എടുക്കുന്നത്. അതിനുപകരം ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വേ നടത്തണം.

**D.W.C.R.A. സഹായലഭ്യത**

സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A.

ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ആകെ ഒരു യൂണിറ്റിനു മാത്രമാണ് സഹായം ലഭിച്ചിട്ടുള്ളത്. ആടുവളർത്തുന്നതിനും ഓലമെടച്ചിൽ യൂണിറ്റും കൂടിയാണ് ഇവർ തുടങ്ങിയിട്ടുള്ളത്. ഇതിൽ 10 അംഗങ്ങളാണ് ഉള്ളത്. ഇതിന്റെ പ്രവർത്തനം ആശാവഹമായ രീതിയിലല്ല നടക്കുന്നത്. താൽപര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും ആവശ്യമായ സഹായം നൽകാനും അതാത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കണം.

ബാഗ് നിർമ്മാണം, പ്ലാസ്റ്റർ ഓഫ് പാരീസ്കൊണ്ട് ഉള്ള പ്രതിമാ നിർമ്മാണം, റെഡിമെയിഡ് വസ്ത്ര നിർമ്മാണം, വിവിധതരം അച്ചാറുകൾ ഉണ്ടാക്കൽ, കറിപൗഡർ, കോഴിവളർത്തൽ തുടങ്ങിയ തൊഴിൽ മേഖലകൾ തുടങ്ങാൻ സ്ത്രീകൾ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. ഇത്തരം പദ്ധതികൾക്ക് കൂടുതൽ പ്രചാരണം കൊടുത്താൽ പഞ്ചായത്തിലുള്ള സ്ത്രീ തൊഴിൽ രഹിതരുടെ എണ്ണത്തിൽ വളരെ അധികം കുറവു വരുത്താൻ സാധിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നതിന് ബാങ്കുകളും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാകണം.

**ട്രൈസം**

18 മുതൽ 35 വരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം പദ്ധതി പ്രകാരം പഞ്ചായത്തിൽ 5 പേരാണ് തൊഴിൽ പരിശീലനം നേടിയിട്ടുള്ളത്. പരിശീലനം ലഭിച്ചിട്ടുള്ളവരിൽ ആരുംതന്നെ ഈ പരിശീലനം ഉപയോഗപ്പെടുത്തികൊണ്ട് സ്വയം തൊഴിൽ കണ്ടെത്തിയിട്ടില്ല. ഇവരെല്ലാംതന്നെ ഇപ്പോൾ ഇതര തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതു വഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം പേർക്കു മാത്രമെ ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കഴിയുന്നുള്ളു എന്നതും ഈ പദ്ധതിയുടെ പോരായ്മയാണ്. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും, ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റയ്പന്റ് തുക കൂടുകയും വേണം. പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ കണ്ടെത്താൻ പരമാവധി വായ്പ ലഭ്യമാക്കാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.

**ടൂൾകിറ്റ്**

ഗ്രാമീണ കൈ തൊഴിലുകൾക്ക് ഭവന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

ഈ പദ്ധതി പ്രകാരം അഞ്ചൂർ, ആർത്താറ്റ് വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ വഴി 93-94 മുതൽ 94-95 വരെ മൊത്തം 60000 രൂപ വിതരണം ചെയ്തിട്ടുണ്ട്. അഞ്ചൂർ V.E.O. വഴി 34000 രൂപയും ആർത്താറ്റ് V.E.O. വഴി 26000 രൂപയുമാണ് വിതരണം ചെയ്തത്.

| | അഞ്ചൂർ വില്ലേജിൽ കൊടുത്തത് | |
|---|---|---|
| കൊല്ലം | എണ്ണം | തുക |
| 1993-94 | 4 | 8000.00 |
| 1994-95 | 4 | 18000:00 |
| ആകെ | 8 | 26000.00 |
| കൊല്ലം | ആർത്താറ്റ് വില്ലേജിൽ കൊടുത്തത് | |
| 1993-94 | 6 | 12000.00 |
| 1994-95 | 5 | 22000.00 |
| ആകെ | 11 | 34000.00 |
| **ആകെ പഞ്ചായത്തിൽ** | **19** | **60000.00** |

.ആവശ്യക്കാരായ മുഴുവൻ പേർക്കും കിട്ടുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്. 1995-96 വർഷത്തിൽ ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. ഗുണഭോക്താക്കൾക്ക് സാധനങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്.

## C.R.S.P.

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P.

ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലായി 36 പേർക്കായി 72000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

| ആർത്താറ്റ് വില്ലേജിൽ കൊടുത്തത് | | |
|---|---|---|
| കൊല്ലം | എണ്ണം | തുക |
| 1993-94 | 9 | 18000.00 |
| 1994-95 | 1C.D | 2000.00 |
| 1995-96 | 7 | 14000.00 |
| **ആകെ** | **17** | **34000.00** |

| അഞ്ഞൂർ വില്ലേജിൽ കൊടുത്തത് | | |
|---|---|---|
| കൊല്ലം | എണ്ണം | തുക |
| 1993-94 | 4 | 8000.00 |
| 1994-95 | 8 | 16000.00 |
| 1995-96 | 7 | 14000.00 |
| **ആകെ** | **19** | **38000.00** |
| **ആകെ പഞ്ചായത്തിൽ** | **36** | **72000.00** |

### പെൻഷനുകൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂവകുപ്പ് നാമമാത്രമായി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായവുമാണ് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറെ പേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമ പദ്ധതികളെ കുറിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നുണ്ട്.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നംതന്നെയായി അവശേഷിക്കുകയാണ്. ഈ പദ്ധതികളുടെ എല്ലാം ചുമതല ഗ്രാമ പഞ്ചായത്തുകൾക്ക് എത്രയും വേഗം കൈമാറേണ്ടതും, ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

### വിധവാപെൻഷൻ

വാർഷിക കുടുംബവരുമാനം 5000രൂപയിൽ താഴെയുള്ളവരും. പ്രായ പൂർത്തിയായ ആൺകുട്ടികൾ ഇല്ലാത്തവർക്കും ആണ് പെൻഷൻ ലഭിക്കുക പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കുകയില്ല. ഇപ്പോൾ ഈ പെൻഷൻ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് ഗ്രാമ പഞ്ചായത്തുകൾ മുഖേനയാണ്. പുതിയ പെൻഷന് അർഹതയുള്ളവരുടെ അപേക്ഷകൾ വാങ്ങിക്കുന്നതിനു വേണ്ടി ഇപ്പോൾ പഞ്ചായത്തിന് അംഗീകാരം ലഭിച്ചിട്ടില്ല. ഇതിൽ മാറ്റം വരുത്തിക്കൊണ്ട് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ നടപടി സ്വീകരിക്കുകയും അപേക്ഷകൾ വാങ്ങിക്കാനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതുമാണ്. വരുമാനപരിധി 5000 എന്നുള്ളത് ഉയർത്തേണ്ടതും പ്രായപൂർത്തിയായ ആൺകുട്ടികൾ ഉള്ളവരിൽതന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പെൻഷൻ കൊടുക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ആകെ 34 പേർക്കാണ് പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള നിരവധിപേർക്ക് പെൻഷൻ ലഭിക്കേണ്ടതായിട്ടുണ്ട്.

### വികലാംഗ പെൻഷൻ

പഞ്ചായത്തിൽ ആകെ 22 പേർക്കാണ് വികലാംഗ പെൻഷൻ ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്നത്. അർഹതയുള്ള നിരവധി പേർക്ക് ഇപ്പോൾ ഈ പെൻഷൻ ലഭിക്കുന്നില്ല. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കൊടുക്കുവാനുള്ള അധികാരം ഇന്ന് ജില്ലാ മെഡിക്കൽ സൂപ്രണ്ടിനാണ്. അതുകൊണ്ടുതന്നെ വികലാംഗരെ തൃശ്ശൂരിലേക്ക് കൊണ്ടുപോകുന്നതിനായി വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. സർട്ടിഫിക്കറ്റ് കൊടുക്കുവാനുള്ള അധികാരം അതാതു പഞ്ചായത്തിലെ പൊതുജനാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർക്ക് കൊടുക്കേണ്ടതും പെൻഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും വിതരണവും അതാത് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതുമാണ്.

## കർഷകതൊഴിലാളി പെൻഷൻ

നമ്മുടെ പഞ്ചായത്തിൽ 57 പേർക്കാണ് കർഷക തൊഴിലാളി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള നിരവധിപേർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല. നിരവധി പേർ ഇപ്പോഴും പെൻഷൻ അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരായിട്ടുണ്ട്. നിലവിലുള്ള കുടുംബവരുമാനപരിധി ഉയർത്തുകയും, അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരവും വിതരണം ചെയ്യുന്നതിനുള്ള ഫണ്ടു ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

## അഗതി പെൻഷൻ

അഗതി പെൻഷൻ പഞ്ചായത്തിൽ ആകെ 6പേർക്കാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള പലർക്കും ഇപ്പോൾ പെൻഷൻ, ക്ഷയരോഗി പെൻഷൻ, കുഷ്ഠരോഗി പെൻഷൻ, കാൻസർ രോഗി പെൻഷൻ, തുടങ്ങിയ പെൻഷനുകൾ ഒന്നുംതന്നെ ഇന്ന് പഞ്ചായത്തിൽ ലഭിക്കുന്നില്ല. അവശകലാകാരന്മാർക്കുള്ള പെൻഷനും, ക്ഷയരോഗിപെൻഷനും, കാൻസർരോഗി പെൻഷനും, അർഹരായിട്ടുള്ളവർ പഞ്ചായത്തിൽ ഉണ്ട്. ക്ഷയരോഗി പെൻഷൻ, കാൻസർ രോഗി പെൻഷൻ എന്നിവർക്ക് പെൻഷന് അപേക്ഷിക്കുന്നതിനു വേണ്ടിയുള്ള രോഗം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം പൊതുജനാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർക്ക് കൊടുക്കേണ്ടതാണ്.

അവശതയനുഭവിക്കുന്നതിനുള്ള ഇത്തരം പെൻഷന് അർഹതയുള്ളവർക്ക് എത്രയും വേഗം സഹായം ലഭിക്കുന്നതിനുവേണ്ടി ഈ പെൻഷനുകൾക്കെല്ലാം പഞ്ചായത്തുതലത്തിൽ അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് സഹായധനം വിതരണം ചെയ്യുന്നതിനുള്ള അധികാരം അതാതു ഗ്രാമപഞ്ചായത്തുകൾക്കു നൽകേണ്ടതാണ്.

## വാർദ്ധക്യകാല പെൻഷൻ

പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് 33 പേർക്കാണ്. പ്രതിമാസം 100 രൂപ എന്ന നിരക്കിലാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്തുവഴിയാണം ഇപ്പോൾ പെൻഷൻ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. വാർദ്ധക്യ കാല പെൻഷന്റെ അപേക്ഷകൾ ഇപ്പോൾ ഗ്രാമപഞ്ചായത്തു വഴിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 111 പേർ പുതിയതായി പെൻഷനുവേണ്ടി അപേക്ഷ നൽകിയിവരായിട്ടുണ്ട്. പെൻഷൻ ലഭിക്കാനുള്ള അർഹത കുടുംബ വരുമാനം 5000 രൂപയിൽ താഴെയുള്ളവർക്ക് എന്നതിൽ നിന്നും വരുമാനപരിധി ഉയർത്തേണ്ടതാണ്.

## തൊഴിലില്ലായ്മാ വേതനം

പഞ്ചായത്തിൽ ആകെ 22 പേർക്കാണ് തൊഴിലില്ലായ്മ വേതനം ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള നിരവധി പേർ സഹായത്തിനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവരായിട്ടുണ്ട്.

ഇന്ന് തൊഴിലില്ലായ്മാ വേതനം കൊടുക്കാൻ ഉപയോഗിക്കുന്ന സംഖ്യ പ്രത്യുൽപാദന മേഖലകളിലേക്ക് തിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായി സർക്കാർ ചിന്തിക്കേണ്ടതുണ്ട്.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ ഒന്നുംതന്നെ ഇല്ല. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയെന്നതാണ് ഐ.സി.ഡി.എസ്സിന്റെ ലക്ഷ്യമെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഒരു അംഗൺവാടി പോലും നമുക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ട് ചുരുങ്ങിയത് ഒരു വാർഡിൽ ഒരു അംഗൻവാടിയെങ്കിലും ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുണ്ട്.

## ക്ഷേമനിധികൾ

കർഷകതൊഴിലാളി ക്ഷേമനിധി:- നമ്മുടെ പഞ്ചായത്തിൽ 1233 പേർ കർഷകതൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്. 18 വയസ്സുമുതൽ 57 വയസ്സിനു താഴെയുള്ളവരെയാണ് കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നത്. ഈ പദ്ധതി പ്രകാരം 60 വയസ്സ് തികഞ്ഞ കർഷക തൊഴിലാളിക്ക് ലഭിക്കേണ്ടതായിട്ടുള്ള സംഖ്യ ക്ഷേമനിധി ബോർഡിൽ അപേക്ഷ നൽകിയിട്ടും നാളിതുവരേയും ഇവർക്ക് ലഭിച്ചിട്ടില്ല.

കർഷക തൊഴിലാളി ക്ഷേമനിധിയിൽ പഞ്ചായത്തിൽ അർഹതയില്ലാത്ത നിരവധി പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പരമാവധി അർഹതയുള്ളവരെ ചേർത്ത്. ഈ പദ്ധതിയുടെ നിലവിലുള്ള പോരായ്മകൾ എത്രയും പെട്ടെന്ന് നികത്തി ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ നടത്തേണ്ടതുണ

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ വളരെഅധികം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നവരുണ്ടെങ്കിലും അവർ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല. ഭൂരി ഭാഗം തൊഴിലാളികളും ഈ ക്ഷേമനിധിയെക്കുറിച്ച് ബോധവാന്മാരല്ല. പഞ്ചായത്തിലുള്ള കെട്ടിട നിർമ്മാണ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനം പഞ്ചായത്തുതലത്തിൽ നടത്തേണ്ടതായിട്ടുണ്ട്.

## കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോ ഗ്രാഫർമാർ എന്നീ വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ നാമമാത്രമായിട്ടാണ് അംഗങ്ങളായിട്ടുള്ളത്. തയ്യൽ തൊഴിലാളികൾ നാമമാത്രമായി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ബഹുഭൂരിഭാഗം തൊഴിലാളികൾ ഇത്തരം ക്ഷേമനിധിയെക്കുറിച്ച് ബോധവാന്മാരല്ല. കൈത്തൊഴിലാളികൾ ചെമ്മണൂർ ആനായ്ക്കൽ പ്രദേശത്ത് ഏകദേശം 25 തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളത്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്തു തലത്തിൽ ഒരു കമ്മറ്റി രൂപീകരിക്കണം. ഓരോ ഗ്രാമസഭയിലും അതിനുകീഴെ 100 വീടുകൾ ഉൾക്കൊള്ളുന്ന അയൽകൂട്ടകമ്മറ്റികൾ എന്നിവ സീജവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാവൂ.

## പൊതുവിതരണം

പഞ്ചായത്തിലാകെ 9 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് 3396 കാർഡുടമകൾ ഉണ്ട്. ഇതിൽ ചില റേഷൻ ഷാപ്പുകളിൽ അയൽ പഞ്ചായത്തുകളിലെ കുടുംബങ്ങളും അതുപോലെ നമ്മുടെ പഞ്ചായത്തിലെ ആനായ്ക്കൽ പ്രദേശത്തുള്ള കുടുംബങ്ങളുടെ റേഷൻ കുന്ദംകുളം മുനിസിപ്പാലിറ്റിയിലും കാണിപ്പയ്യൂരിലുള്ള റേഷൻഷാപ്പുകളിലും ഉണ്ട്. ആ റേഷൻ ഷാപ്പിൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ റേഷൻ ഗുണഭോക്താക്കളുടെ കണക്കുകൾ ലഭ്യമായിട്ടില്ല നമ്മുടെ പഞ്ചായത്തിലെ തന്നെ ARD 18-ാം നമ്പർ റേഷൻകടയുടെ കണക്കുകൾ ലഭിച്ചിട്ടില്ല. അതിലുള്ള റേഷൻ കാർഡുടമകളുടെ എണ്ണം മേൽ പറഞ്ഞ കണക്കിൽ ചേർത്തിട്ടില്ല. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയാണ് പൊതുവിതരണകേന്ദ്രം. പൊതുവിതരണകേന്ദ്രത്തിൽ നിന്നും (റേഷൻഷോപ്പ്) ഗുണഭോക്താക്കൾക്ക് സാധനങ്ങൾ ശരിയായ അളവിൽ ലഭിക്കുന്നില്ല എന്നും എല്ലാ തരത്തിലുള്ള അരിക്കും ഒരേവില തന്നെ ഈടാക്കുന്നു എന്നും പരാതികൾ പറയുന്നുണ്ട്. റേഷൻ ഷാപ്പിൽ ഉണ്ടായിരുന്ന പരാതി പുസ്തകത്തിനുപകരം ഇപ്പോൾ പരാതിപ്പെട്ടിയാണ് വെച്ചിട്ടുള്ളത്. ഈ പരാതിപ്പെട്ടിയെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് അറിവില്ലാത്ത അവസ്ഥയാണ്. പരാതിപ്പെട്ടിയിൽ പരാതി നിക്ഷേപിച്ചാൽ ആ പരാതിയിൽ എന്ത് നടപടി എടുത്തു എന്ന് അറിയാൻ പരാതിക്കാരന് സംവിധാനമില്ല. അതുകൊണ്ട് പരാതിപ്പെട്ടിക്ക് പകരം പരാതി പുസ്തകം തന്നെ പുനഃസ്ഥാപിക്കേണ്ടതും ആ പുസ്തകത്തിൽ തന്നെ പരാതിയെ സംബന്ധിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്ത് നടപടി എടുത്തു എന്നും രേഖപ്പെടുത്തേണ്ടതാണ്.

റേഷൻഷാപ്പ് പൊതുവിതരണകേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. നിലവിലുള്ള പൊതുവിതരണകേന്ദ്രത്തെ 1966 ലെ റേഷനിംങ്ങ് ആക്ട് പ്രകാരമുള്ള "റേഷൻഷാപ്പ്" എന്നാക്കി തന്നെ മാറ്റണം. പഞ്ചായത്തിലെ റേഷൻ ഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്താൽ ഈ മേഖലയിലെ ആവലാതികൾക്ക് പരിഹാരം കാണാൻ സാധിക്കും.

റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം. ഓരോ വാർഡുകളിലും ഓരോ റേഷൻ ഷാപ്പ് തുടങ്ങാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോർ ഇല്ല. പഞ്ചായത്തിൽ ചുരുങ്ങിയത് ഒരു മാവേലിസ്റ്റോർ എങ്കിലും തുടങ്ങാനുള്ള നടപടികൾ എടുക്കുകയും സഹകരണ സംഘങ്ങൾ വഴി കുറഞ്ഞ വിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം. സഹകരണ സംഘങ്ങളിലൂടെ ഓണം, വിഷു, റംസാൻ തുടങ്ങിയ വിശേഷ സമയങ്ങളിൽ ചന്തകളും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# സംസ്ക്കാരം

എന്താണ് സംസ്ക്കാരം എന്ന് ചുരുങ്ങിയ വാക്കുകളിൽ നിർവ്വചിക്കുക സാദ്ധ്യമല്ല. ആദിമ കാല ശിലായുഗ മനുഷ്യൻ ഇന്ന് കാണുന്ന അവസ്ഥയിലേക്ക് എത്തുന്നതിന് പല സുപ്രധാന മായ നാഴികക്കല്ലുകളും പിന്നിട്ടു കഴിഞ്ഞു. മനുഷ്യൻ അന്നും ഇന്നും ഒരു സമൂഹ ജീവിയാണ്. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ഒരു നില നിൽപ്പ് അവനില്ല. മനുഷ്യൻെറ കൂട്ടായ്മയാണ് മാനവ പുരോഗതിയുടെ കാതൽ. ആചാരങ്ങൾ, വിശ്വാസങ്ങൾ, ചടങ്ങുകൾ, കുടുംബബന്ധങ്ങൾ എന്നിവ സംസ്ക്കാവരുമായിബന്ധപ്പെട്ടിരിക്കുന്നു വെന്ന് പൊതുവെ പറയാം, ആദ്യകാല മാനവ സമൂഹങ്ങളിൽ നിന്നും ഇന്നത്തെ മാനവസമൂഹം സാംസ്ക്കാരികമായി ഉന്നതി നേടി എന്നാണ് പൊതുവെയുള്ള ധാരണ. നാം ജീവിക്കുന്ന ലോകത്തെക്കുറിച്ചും പ്രപഞ്ചത്തെയും കുറിച്ച് പല അറിവുകളും മനുഷ്യൻ നേടി. ശാസ്ത്രം വളരെയേറെ പുരോഗമിച്ചു. പക്ഷേ മനുഷ്യൻെറ ശത്രു മനുഷ്യൻതന്നെയായി ഇന്നു നിലനിൽക്കുന്നു. പഴയ കാലത്ത് ഗോത്രങ്ങൾ തമ്മിലുള്ള കലഹങ്ങളും യുദ്ധങ്ങളും സാധാരണമായിരുന്നു വെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. നിലവിലുള്ള പല രാഷ്ട്രങ്ങളുടെയും അതിർത്തികൾ നിർണ്ണയിച്ചതും ചിലതെല്ലാം പിന്നീട് പുനർനിർണ്ണയിക്കുകയും ചെയ്തത് ഗോത്രവർഗ്ഗ സംഘട്ടനമാണല്ലോ. പഴയ അപരിഷ്കൃതതായുധങ്ങളിൽ നിന്നും പുതിയ പരിഷ്കൃതായുധങ്ങളിലേയ്ക്ക് ഉള്ള മാറ്റം ഉണ്ടായി എന്നു മാത്രം. കൂടുതൽ പരിഷ്കൃതമെന്നാൽ ചുരുങ്ങിയ സമയംകൊണ്ട് കൂടുതൽ ജീവനാശവും വസ്തു നാശവും വരുത്താനുള്ള കഴിവ് എന്നർത്ഥം. മേൽപറഞ്ഞ വിഷയത്തിൽനിന്നും ഒരു ചോദ്യം വേർത്തിരിയുന്നു. ആധുനിക മാനവ സമുദായം സാംസ്കാരികമായ ഔന്നത്യം നേടിയോ ? പ്രസ്തുത വിഷയം ഇവിടെ പ്രസക്തമല്ലാത്തതിനാൽ അടുത്ത പ്രസക്ത ഭാഗത്തേക്ക് കടക്കാം.

ആർത്താറ്റ് പഞ്ചായത്തിൻെറ സാംസ്ക്കാരിക പൈതൃകത്തെക്കുറിച്ച് ആമുഖത്തിൽ വിവരിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ ഹിന്ദു, കൃസ്ത്യൻ, മുസ്ലീം മത വിഭാഗങ്ങളിൽ പെട്ടവരാണ്. ഈ വിഭാഗങ്ങളിൽപ്പെട്ടവരുടെയെല്ലാം ആരാധനാലയങ്ങൾ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. രണ്ടാം വാർഡിൽ ചാട്ടുകുളത്തിന് കിഴക്കു ഭാഗത്തുള്ള ശിവക്ഷേത്രവും അഞ്ചാ വാർഡിലെ ശിവ-സുബ്രഹ്മുണ്യക്ഷേത്രങ്ങളും കൊച്ചിൻ ദേവസ്വം ബോർഡിൻെറ കീഴിലാണ്. രണ്ടും പഴക്കമേറിയതാണ്. ആലത്തൂർ അയ്യപ്പക്ഷേത്രത്തിൻെറ മുൻവശത്തുള്ള ശിലാഫലകത്തിലെ ലിപികൾ ഏതെന്ന് ഇനിയും മനസ്സിലായിട്ടില്ല. പഴക്കംകൊണ്ട് പെരുമയുള്ള ആർത്താറ്റ് സെൻറ് മേരീസ് ഓർത്തഡോക്സ് 1700 നു മുൻപ് സ്ഥാപിച്ചതാണ്. 9-ാം വാർഡിലെ തേവർ ക്ഷേത്രത്തിൻെറ ഇന്നു കാണുന്ന നിർമ്മിതി ഏകദേശം 150 വർഷങ്ങൾക്ക് മുൻപ് നടത്തിയതാണ്. അതിനു മുൻപും അവിടെ ക്ഷേത്രമുണ്ടായിരുന്നു. അതിൻെറ പഴക്കം നിർണ്ണയിക്കാനായിട്ടില്ല. 6-ാം വാർഡിലെ അടുത്തിയിടെ പുതുക്കിപ്പണിത പാർക്കാടി ഭഗവതി ക്ഷേത്രത്തിനും ഏകദേശം 600 വർഷത്തെ പഴക്കമുണ്ട്. ഇവിടത്തെ വാർഷിക ഉത്സവം പ്രസിദ്ധമാണ്. പഴക്കമുള്ള മറ്റൊരു ക്ഷേത്രമായ ചീരംകുളം ഭഗവതീക്ഷേത്രത്തിലെയും ഉത്സവം പേരുകേട്ടതാണ്. ആർത്താറ്റ്, കുന്നംകുളം-ഗുരുവായൂർ ഹോഡിൽ സ്ഥിതി ചെയ്യുന്ന സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വർഷം തോറും സെപ്തംബർ 8ന് നടത്തിവരുന്ന പെരുന്നാളിൻെറ ഒരു സവിശേഷത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പള്ളിയുടെ പിൻവശത്ത് അധഃകൃതരുടെ (പറയ) ഒരു അമ്പലം ഉണ്ട്. പെരുന്നാൾ സമാപിക്കുന്നതോടെ ഒരു ആനയെ അമ്പലത്തിൽ നിന്നും വാദ്യഘോഷങ്ങളോടെ എഴുന്നെള്ളിച്ച് പള്ളിയിലേക്ക് കൊണ്ടുവരാറുണ്ട്. ആനയെഴുന്നള്ളിപ്പിനോടൊപ്പം തന്നെ കരിങ്കാളി, മൂക്ക് ചാത്തൻ എന്നിവയും ഉണ്ടാകും. എഴുന്നെള്ളത്ത് പള്ളിയിൽ എത്തി പെരുന്നാൾ അവസാനിപ്പിച്ചതിനു ശേഷം മാത്രമേ അന്നദാനം ആരംഭിക്കാറുള്ളൂ. ഈ ചടങ്ങുകൾ എന്നു തുടങ്ങി എന്നതിനെക്കുറിച്ചോ അതിൻെറ പിന്നിലുള്ള ഐതീഹത്തെക്കുറിച്ചോ വലിയ ജ്ഞാനമില്ല. മൂന്നു മുസ്ലീം പള്ളികളാണ് പഞ്ചായത്തിലുള്ളത്. പള്ളി, അമ്പലങ്ങൾ, എന്നിവയിലെ പെരുന്നാൾക്കും, ഉത്സവങ്ങൾക്കും മുസ്ലീം പള്ളികളിലെ ആണ്ടു നേർച്ചക്കും മറ്റും എല്ലാ ജാതിമതസ്ഥരും പങ്കെടുത്ത് വരാറുണ്ട്.

ഹിന്ദുമതത്തിൽ ജാതി വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. കൃസ്ത്യാനികളും പല സഭകളിലുമുള്ളവർ ഈ പ്രദേശത്തുണ്ട്. സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവസ്ഥയനുസരിച്ച് ജാതികൾക്കുള്ളിൽ തന്നെ ചേരിതിരിവുകളുണ്ട്. പഴയ കൊച്ചി രാജ്യത്തിൽപെട്ടതും ബ്രിട്ടീഷ് മലബാറുമായി അതിർത്തിയുള്ളതുമായ പ്രദേശമായിരുന്നു ഈ പഞ്ചായത്ത്. ബ്രിട്ടീഷ് ഗവൺമെൻറിൻെറ അപ്രീതിക്ക് പാത്രമായ പലരും ഈ പ്രദേശങ്ങളിൽ ഒളിഞ്ഞ് താമസിച്ച് പൊതു പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. സ്വതന്ത്ര്യ സമരകാലഘട്ടത്തിൽ പൊതു പ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ച പലരും ജാതിമത താൽപര്യങ്ങൾക്കതീതരായിരുന്നു. പലരും പുരോഗമന ചിന്താഗതിക്കാരായിരുന്നു.

ഈ പഞ്ചായത്തിലെ അഞ്ഞൂർ പ്രദേശത്ത് കണ്ടം പുള്ളി വീട്ടിൽ ശ്രീ. ബാലൻ എന്ന മാന്യദേഹം ഭാരതത്തിലെ ആധുനിക സർക്കസ്സ്കലയുടെ ഉപജ്ഞാതാവാണ്. മനുഷ്യരേയും, മൃഗങ്ങളേയും പരിശീലിപ്പിച്ചെടുത്ത് ഒരു കുടുംബമെന്നപോലെ ഒരു കൂടാരത്തിൻ കീഴിൽ അഭ്യാസങ്ങൾ പ്രദർശിപ്പിച്ചു ഇന്ത്യയിലെ നഗരങ്ങൾ തോറും ചുറ്റി സഞ്ചരിക്കുന്ന ഇന്നത്തെ രീതി ആദ്യമായി ആവിഷ്ക്കരിച്ചത് ഇദ്ദേഹമാണ്. സർക്കസ്സ് കലയെ കുറിച്ചു നിരവധി ലേഖനങ്ങളും സർക്കസ്സ് എന്ന പേരിൽ

ഈ കലയെകുറിച്ചു ആധികാരിക ഗ്രന്ഥവും ഇദ്ദേഹത്തിൻേറതായിട്ടുണ്ട്. ഇദ്ദേഹത്തിൻെറ കാലശേഷം ഈ പ്രസ്ഥാനം പല കമ്പനികളായി പിരിഞ്ഞു പോകുയാണുണ്ടായത്. ഇന്നാ ആരൂപത്തിൽ തന്നെയാണ് സർക്കസ്സ് കല അരങ്ങേറുന്നത്.

മുൻകാലത്ത് പല അമേച്വർ നാടകസംഘങ്ങളും ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നു. അതുപോലെ നാടൻ കലകളുമായി ബന്ധമുള്ള പലരും ഇന്നുമുണ്ട്.

പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങൾ ക്ലബുകൾ,വായനശാലകൾ മുതലായവയാണ് പേരിന് പല കലാ-സാംസ്കാരിക ക്ലബുകളുണ്ടെങ്കിലും കാര്യമായ പ്രവർത്തനമൊന്നും ഈ മേഖലയിൽ നടക്കുന്നില്ല. മുൻ കാലങ്ങളിൽ കായിക മത്സരങ്ങളും കലാസാഹിത്യ മത്സരങ്ങളും പല ക്ലബുകളും സംഘടിപ്പിച്ചിരന്നു. ഇന്ന് ഓണത്തോട് അനുബന്ധിച്ച് പൂക്കളമത്സരമോ മറ്റോ ചിലതൊക്കെ നടത്താറുണ്ട്. പ്രഭാത വായനശാല ആദ്യകാലങ്ങളിൽ ഒരുകയ്യെഴുത്തു മാസിക നടത്തിയിരുന്നു. ഇന്ന് ആ സ്ഥാപനം നിലനിൽക്കുന്നില്ല.

രണ്ടു ഗ്രന്ഥശാലകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഒന്ന്പഞ്ചായത്തിൻെറ തന്നെഗ്രന്ഥശാല സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. മറ്റൊന്ന് ചെമ്മണ്ണൂരിൽ പ്രവർത്തിക്കുന്ന മഹാത്മ ലൈബ്രറിയാണ്. ഇത് കേരള ഗ്രന്ഥശാല സംഘത്തിൽ രജിസ്ററർ ചെയ്യപ്പെട്ടതാണ്.

| പേര് | പുസ്തകങ്ങളുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|
| മഹാത്മ ലൈബ്രറി | 1500 | Not available |
| പഞ്ചായത്ത് ലൈബ്രറി | 2200 | 1991 |

പഞ്ചായത്തിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം ആശാവാഹമായി പുരോഗമിക്കുന്നില്ല. ചെറുപ്പക്കാർ, സ്ത്രീകൾ ഇക്കാര്യത്തിൽ പിന്നിലാണ്. പുസ്തകങ്ങളിൽ പ്രമുഖ സ്ഥാനം നോവലുകൾക്കു തന്നെ. പുസ്തകങ്ങൾ വായിക്കുന്ന കാര്യത്തിൽ സ്ത്രീകൾ വളരെ പിന്നിലാണ്. കൂടുതൽ പ്രചാരമുള്ള വാരികകൾ ഏറ്റവും കൂടുതൽ വായിക്കുന്നത് ഇവർതന്നെ. തുടർക്കഥകളോടാണ് ഏറ്റവും താൽപര്യം. ലഭ്യമായ ഒരു കണക്കനുസരിച്ച് പഞ്ചായത്തിൽ കൂടുതൽ പ്രചാരമുള്ള പത്രം മാതൃഭൂമിയാണ്. അടുത്ത സ്ഥാനം മലയാളമനോരമക്കാണ്. വാരികകളിൽ മലയാള മനോരമ, മംഗളം എന്നിവക്ക് കാര്യമായ പ്രചാരമുണ്ട്. വനിതകൾക്ക് വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങളും ധാരാളം വിറ്റഴിയുന്നുണ്ട്. കുട്ടികൾക്ക് വേണ്ടിയുള്ള പ്രസിദ്ധീകരമങ്ങൾ വായിക്കുന്നതിൽ വലിയൊരു വിഭാഗം മുതിർന്നവരുമുണ്ടെന്ന് ഒരു സാമ്പിൾ പഠനം വ്യക്തമാക്കി.

പഞ്ചായത്തിലെ ഏതാണ്ട് 25 ശതമാനം വീടുകളിൽ ടെലിവിഷൻ ഉണ്ട് . ഏതാണ്ട് അമ്പതിനുമീതെ കണക്ഷനുള്ള രണ്ട് കേബിൾ നെറ്റ്‌വർക്കുണ്ട്. ഒരു സിനിമാശാല കുറച്ചുക്കാലം മാത്രം പ്രവർത്തിച്ചു. ഇപ്പോൾ പ്രവർത്തനം ഇല്ല.

ക്ലബുകളുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങൾ ഒന്നുംതന്നെ നിലവിലില്ല. പഞ്ചായത്തിന് സ്വന്തമായി പൊതു കളിസ്ഥലങ്ങളില്ല. എന്നു മാത്രമല്ല മറ്റു സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളോ പുറമ്പോക്കുകളോ ഒന്നും തന്നെ കളിക്ക് ഉപയുക്തമുള്ളവയായിട്ടില്ല. ആദ്യകാലങ്ങളിൽ കൊയ്ത്തു കഴിഞ്ഞ പാടങ്ങൾ പന്തുകളിക്ക് യോജിച്ചതായിരുന്നു. നെൽപാടങ്ങൾ ചുരുങ്ങി വന്നതോടുകൂടി ഫുട്ബോൾ കളി ഇല്ലാതായി എന്നുതന്നെ പറയാം. പഞ്ചായത്ത് കലാകായികമേളതന്നെ കുന്ദംകുളം ബോയ്സ് ഹൈസ്ക്കൂൾ മൈതാനത്താണ് നടത്തിയത്. പല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കളിസ്ഥലം തീരെയില്ല എന്നുതന്നെ പറയാം. പതിവായി നടക്കുന്ന സ്പോർട്ട്സ് മത്സരങ്ങൾ പഞ്ചായത്ത് അതിർത്തിയിലില്ല. കാരാട്ടേ പഠനത്തിൽ ഒരു ഭ്രമം യുവാക്കൾക്കിടയിൽ ഒരു പത്തു വർഷം മുമ്പ് നിലവിലുണ്ടായിരുന്നു. ഇന്ന് അത് വളരെ കുറഞ്ഞു എന്നുതന്നെ പറയാം. എങ്കിലും കരാട്ടേ പരിശീലനം ചെറിയതോതിലുണ്ടെന്ന് തന്നെ പറയാം. രണ്ട് കളരി സംഘങ്ങളും പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും പഠിക്കുന്നവരുടെ സംഖ്യ വളരെ കുറവാണ്. നിലവിലുണ്ടായിരുന്ന ഒരു ജിംനേഷ്യത്തിൻെറ പ്രവർത്തനം നിലച്ചമട്ടാണ്. ക്രിക്കറ്റ് കളി മാത്രമാണ് ഇപ്പോൾ പ്രചാരത്തിലുള്ള വിനോദം എന്നു പറയുന്നതിൽ തെറ്റില്ല. ടി.വി യുടെ പ്രചാരമാണ് ഈ വിനോദത്തെ വളർത്തിയത്. ഈ പ്രദേശത്തെ സ്ക്കൂളുകളുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങളുടെ മേൽ പൂർണ്ണമായി വിലയിരുത്താൻ ആയിട്ടില്ല. വ്യായമത്തിനുവേണ്ടി സമയം നീക്കി വെക്കുന്നവർ ഇന്ന് വളരെ കുറവാണ്. വ്യായമത്തിനുവേണ്ടി സൈക്കിൾ ഉപയോഗിക്കുന്ന മദ്ധ്യവയസ്സുക്കഴിഞ്ഞ ചിലരെയെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ തലമുറയിലുള്ള വളരെയധികം ചെറുപ്പക്കാർക്ക് നീന്തൽപോലും വശമില്ല. വ്യായമത്തിനുവേണ്ടി പുലർക്കാലത്ത് ഓടാൻ ഇറങ്ങുന്നവരെ കാണ്മാനേയില്ല. ചുരുക്കിപ്പറഞ്ഞാൽ കായികസംസ്കാരം വളരെ അധോഗതിയിലാണ്.

## സാംസ്ക്കാരിക മേഖലയിലെ പ്രശ്നങ്ങൾ.

ഇന്ന് നിലവിലുള്ള ഗ്രന്ഥശാലകൾപോലും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. അതായത് വായനശീലം തീരെ ചുരുക്കമെന്ന് വ്യക്തം. പഞ്ചായത്ത് ലൈബ്രറിയും സാംസ്ക്കാരിക നിലയവും പഞ്ചായത്തിൻെറ ഒരറ്റത്താണ് സ്ഥിതിചെയ്യുന്നത്. സ്വകാര്യ വ്യക്തി (വെട്ടിയാട്ടിൽ ഭാർഗ്ഗവി കൃഷ്ണൻ ) സംഭാവന ചെയ്ത സ്ഥലത്ത് ഇത് പണികഴിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിൻെറ തെക്കൻ വാർഡുകളിലുള്ളവർക്ക് ഈ സ്ഥാപനത്തെക്കുറിച്ച് അറിവ് പോലുമില്ല.

വായനാശീലത്തിൽ വിലയ മാറ്റങ്ങളാണ് ഏതാനും വർഷങ്ങളായി വന്നുകൊണ്ടിരിക്കുന്നത്. ജീവിത തിരക്കിനിടയിൽ പലരും മാറ്റി വെക്കുന്ന ഒന്ന് വായനയാണ്. വായനയെന്നാൽ പത്ര ആനുകാലികങ്ങളിൽ ഒതുങ്ങുന്നു. ദിനപത്രത്തിൽ തന്നെ സാമൂഹ്യ സാമ്പത്തിക അന്തർദേശീയ പ്രധാന്യമുള്ള വിഷയങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ വായിക്കുന്നവർ വിരളം. രാഷ്ട്രീയ വിഷയങ്ങളിലും ഒരു വിഭാഗത്തിന് താല്പര്യമുണ്ട്. നല്ലൊരു രാഷ്ട്രീയ സംസ്കാരം ഇവിടെ നിലനിൽക്കുന്നില്ല എന്നു തന്നെയാണ് സ്വതന്ത്രചിന്തകരായ എല്ലാവരുടേയും അഭിപ്രായം. രാഷ്ട്രീയ രംഗത്തെ മൂല്യത്തകർച്ചയെക്കുറിച്ച് വളരെയേ റെ ബോധം ജനങ്ങളിൽ വളർന്നിട്ടുണ്ട്. മുൻപറഞ്ഞ വിഷയങ്ങളിൽ നിന്ന് വ്യത്യസ്ഥമായി പത്രങ്ങളിലെ സെൻസേഷണൽ വാർത്തകൾ വായിക്കുന്നതിന് മുൻതൂക്കം നൽകുന്ന ഒരു വിഭാഗം ആളുകളുണ്ട്. ഈ വിഭാഗത്തിൽ വീട്ടമ്മമാരും ധാരാളമുണ്ട്. ആനുകാലികങ്ങളിലെ തുടർനോവലുകൾ വായിക്കുന്നവരിൽ വലിയൊരു വിഭാഗം സ്ത്രീകൾ തന്നെയാണ്. തുടർനോവലുകൾ സ്വകാര്യ സംഭാഷണങ്ങളിൽ ചർച്ചാവിഷയം തന്നെയാകാറുണ്ട്. ഇലക്ട്രോണിക് മാദ്ധ്യമമായ ടി.വിയുടെ വരവ് വായനയെ കാര്യമായി ബാധിച്ചു എന്ന കാര്യത്തിൽ സംശയമില്ല. വായന മാറ്റിവെക്കാം പക്ഷെ ടി.വി. പരിപാടികൾ മാറ്റി വെക്കാനാവില്ലല്ലോ. ഉപഗ്രഹ ചാനലുകൾ പഞ്ചായത്തിൽ സ്വാധീനം ചെലുത്തിത്തുടങ്ങുന്നതേയുള്ളൂ. സാറ്റലൈറ്റ് റിസീവറുകളുടെയും മറ്റും വിലകുറഞ്ഞു വരുന്നതോടെ കൂടുതൽ ഡിഷ് ആൻറിനകൾ വീടുകളിൽ സ്ഥാനം പിടിക്കും. ദൂരദർശൻ ചാനലിലെ മാതൃഭാഷാ പരിപാടികൾ അധികവും വളരെ വിരസമായിക്കൊണ്ടിരിക്കുന്നതിനാൽ ഉപഗ്രഹ ചാനലുകൾക്ക് സാദ്ധ്യത കൂടുന്നു. പക്ഷെ നല്ലത് ഉൾക്കൊള്ളാനും ചീത്ത നിരസ്ക്കിക്കാനുമുള്ള വിവേകം ജനങ്ങൾ ഉൾക്കൊള്ളണം. എന്നുമാത്രം ദൂരദർശൻെറ ദേശീയ ചാനലിലെ (ചാനൽ 1) പല പരിപാടികളും മെച്ചപ്പെട്ടതാണ്. U.G.C പ്രോഗ്രാമുകൾ, ലീവിങ്ങ് ഓൺ ദ എഡ്ജ്, ടേണിങ്ങ് പോയിൻറ് എന്നിവ ഉദാഹരണങ്ങൾ. പക്ഷേ ചെറിയ ഒരു വിഭാഗം ജനങ്ങൾക്കു മാത്രമേ ഇത് ഉൾക്കൊള്ളാനാകൂ എന്നൊരു പോരായ്മയുണ്ട്. പഞ്ചായത്തിലുള്ള മൊത്തം വി.സീ ആറുകളുടെ എണ്ണം കണക്കാക്കാനായിട്ടില്ല. ടി.വിയുള്ളവിൽ ഏതാണ്ട് അഞ്ചിലൊന്നു പേർക്ക് വി.സി.ആർ ഉണ്ടാവാം. എന്നാണ് ഒരു നിഗമനം. സിനിമ കാണാൻ വേണ്ടി മാത്രമേ 99% ശതമാനം പേരും വി.സി.ആർ പ്രയോജനപ്പെടുന്നത്. വീഡിയോ കാസറ്റ് ലൈബ്രറികൾ പഞ്ചായത്തിന് പുറത്തുണ്ട്. കാസറ്റുകൾ വീട്ടിൽ എത്തിച്ചുകൊടുക്കുന്ന രീതിയും കാസറ്റ് ലൈബ്രറികൾക്കുണ്ട്.

സിനിമ ഇന്ന് ഒരു വ്യവസായമാണ്.അതിൻെറ ബഡ്ജറ്റ് ലക്ഷങ്ങളിൽ നിന്ന് കോടിയിലേക്ക് കടന്നിരിക്കുന്നു. മുതൽ മുടക്കുന്ന വൻ ന്യായമായും ലാഭം പ്രതീക്ഷിക്കുന്നു. സമൂഹത്തെ നന്നാക്കാനുള്ള പ്രതിബന്ധതയൊന്നും നിർമ്മാതവിൻെറ ലക്ഷ്യമല്ല. അതുകൊണ്ട് തന്നെ ജനത്തിൻെറ മൃദുല വികാരങ്ങളെ തട്ടിയുണർത്തി ബോക്സാഫീസ് വിജയം നേടിയെടുക്കുവാൻ പല തന്ത്രങ്ങളും പ്രയോഗിക്കുന്നു. അതുകൊണ്ട് ലൈംഗികത സിനിമയിൽ കുത്തി നിറയ്ക്കപ്പെടുന്നു. അനധികൃതമായി നീലചിത്രങ്ങൾ തിരുകി സിനിമകൾക്കിടയിൽ പ്രദർശിപ്പിക്കുന്നതും അപൂർവ്വമല്ല. പക്ഷെ അടുത്ത കാലത്ത് അതിന് മാറ്റം വന്നിട്ടുണ്ട്. ഈ മേഖലയിലുള്ളവർ കുന്ദംകുളം, ഗുരുവായൂർ ഭാഗങ്ങളിലെ സിനിമാതിയ്യറ്ററുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. തിയ്യേറ്ററുകളിലെത്തുന്നവരിൽ 70 ശതമാനത്തോളം യുവജനങ്ങൾതന്നെ. ലൈംഗിക സിനിമകൾക്ക് ഇരച്ചുക്കയറുന്നവരിൽ 15 വയസ്സിനു താഴെയുള്ള ആൺകുട്ടികളുടെ സംഖ്യ വളരെ കൂടുതലാണ്. ലൈംഗികാവശ്യം മനുഷ്യൻെറ ദ്വിതിയാവശ്യമാണ്. പക്ഷെ അതിനെ ഒരു കച്ചവടച്ചരക്കാക്കുന്നത് അപകടം തന്നെ. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈംഗിക പഠനം നടത്തേണ്ടതിൻെറ വശങ്ങളെക്കുറിച്ച് എന്തെങ്കിലും പറയാറായിട്ടില്ല. സംസ്ഥാനതലത്തിൽ അതിൻെറ ചർച്ച എവിടെയുമെത്തിയിട്ടില്ലല്ലോ.

അസന്മാർഗ്ഗിക പ്രശ്നങ്ങൾ എന്നാൽ എന്തെന്ന ചോദ്യത്തിന് പരിപൂർണ്ണമായ ഉത്തരം ചുരുങ്ങിയ വാക്കുകളിൽ നൽകുക സാദ്ധ്യമല്ല. സന്മാർഗ്ഗമല്ലാത്തതെന്തും അസന്മാർഗ്ഗികം തന്നെ. ഈ കാഴ്ചപ്പാടിലൂടെ നോക്കിയാൽ കൊള്ള, മോഷണം, പിടിച്ചുപറി, കള്ളവാറ്റ്, വ്യഭിചാരം എന്നിവയാണ്. അസന്മാർഗിക പ്രവർത്തനങ്ങൾ എന്നുപറഞ്ഞാൽ തെറ്റാണ്. ഭരണരംഗത്തെ ഉദ്യോഗസ്ഥതലത്തിലെയും അഴിമതികളും, വ്യാജ കറൻസി നിർമ്മാണവും, വൻ നികുതി വെട്ടിപ്പുകളും അസാന്മാർഗ്ഗിക പ്രവർത്തികൾ തന്നെ രണ്ടാമത് പറഞ്ഞ തരത്തിലുള്ള പ്രവർത്തനങ്ങളാണ് കൂടുതൽ ഭീകരം. അത് രാഷ്ട്രത്തിൻേറയും ജനങ്ങളുടേയും പുരോഗതിയെ തടസ്സപ്പെടുത്തുന്നു. പ്രാദേശിക തലത്തിൽ മുൻപറഞ്ഞ ആദ്യവിഭാഗങ്ങളിൽ കള്ളവാറ്റ് ചെറിയതോതിൽ ഉണ്ടാവാനുള്ള സാദ്ധ്യതയില്ലാതില്ല. കഞ്ചാവ് മുതലായവയുടെ ഉപയോഗവും വില്പനയും വളരെ ചെറിയ തോതിൽ ഒരു സാമൂഹ്യ ആരോഗ്യ പ്രശ്നമാണെന്ന് പറയാതെ വയ്യ. അദ്ധ്വാനിക്കാതെത്തന്നെ സുഖജീവിതം നയിക്കാനുള്ള ത്വര ഒരു വിഭാഗം ജനങ്ങളെ അസന്മാർഗ്ഗിക പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരുക്കുന്നു.

വിവാഹാദി ചടങ്ങുകൾ ആർഭാടം കാണിക്കാനും പൊങ്ങച്ചത്തിനുള്ള വേദിയായി മാറിയിരിക്കുന്നു. വധുവിൻെറ ആഭരണത്തിൻെറ ആധിക്യം, സൽക്കാരത്തിൻെറ വിപുലത, അലങ്കാര ചിലവുകൾ എന്നിവ കണക്കിലെടുത്താൽ അനേക ലക്ഷങ്ങൾ (ഒരു പക്ഷെ കോടിയിലെത്തുമോ) ത്തന്നെ ചിലവഴിക്കുന്നൊരു മാമങ്കമായി വിവാഹം മാറുന്നു. സ്വാർണ്ണാഭരണ നിർമ്മാതാക്കളുടെ ബോധപൂർവ്വമായ പരസ്യതന്ത്രങ്ങൾ സ്വർണ്ണാഭരണ ഉപഭോഗം വർദ്ധിപ്പിക്കാനുതകുന്ന ഒരു ഘടകമാണ്.

മേൽപറഞ്ഞ ആഡംബരങ്ങളുടെ മുന്നിൽ പകച്ചു നിൽക്കാനേ സാധാരണക്കാരനു കഴിയുന്നുള്ളൂ സാധാരണക്കാരനും കഴിവിന്നതീതമായി ആർഭാടം കാണിച്ച് കടം വരുത്തി വെക്കുന്നു. മാതൃകാപരമായി വിവാഹ ചടങ്ങുകൾ സംഘടിപ്പിക്കാൻ പുരോഗമന ചിന്താഗതിക്കാർ മനസ്സുവെക്കേണ്ടതാണ്.

പഞ്ചായത്തിലെ കായിക വിനോദസൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. പഞ്ചായത്തിന് സ്വന്തമായി സ്റ്റേഡിയം പോയിട്ട് ഏതെങ്കിലും തരത്തിലുള്ള കളി സ്ഥലം പോലുമില്ല. പഞ്ചായത്തിനുപോലും സ്വന്തമായി ഒരു കെട്ടിടം ഉണ്ടായത് തന്നെ അടുത്ത കാലത്താണ്. അതുതന്നെ ഒരു സ്വകാര്യവ്യക്തി സ്ഥലം സംഭാവന ചെയ്തുകൊണ്ടുമാത്രം.

മുൻപ് നിലവിലുണ്ടായിരുന്ന പല കലാസമിതികളും പ്രവർത്തനം മന്ദീഭവിക്കുവാനോ തീരെ ഇല്ലാതാകുവാനോ പല കാരണങ്ങളുമുണ്ട്. തല്പരരായപലരും മറ്റെന്തെങ്കിലും തൊഴിലുതേടി പോയതു മൂലം ക്ലബ് പ്രവർത്തനങ്ങൾ നിലച്ചിട്ടുണ്ട്. വേണ്ടത്ര രീതിയിൽ ലക്ഷ്യം വെച്ചിട്ടല്ല പലതും തുടങ്ങുന്നത്. ലക്ഷ്യത്തെയും പ്രവർത്തനത്തെക്കുറിച്ചും കാര്യമായി വിലയിരുത്താതെയാണ് പല സമിതികളും നിലവിൽ വരുന്നത്. അതുകൊണ്ട് തന്നെ അഭിപ്രായവ്യത്യാസങ്ങളും വ്യക്തിതാല്പര്യങ്ങളും സമിതികളെ തളർത്തുന്നു.

കാലത്തിൻെറ കുത്തിയൊഴുക്കിൽ തനതു കലകൾക്കു നാശം സംഭവിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. കാലഘട്ടങ്ങൾ മാറുന്നതിനനുസരിച്ച് പല രീതികളും അപ്രത്യക്ഷമാകുകയും ചിലത് പുതിയതായി ഉദയം ചെയ്യും. ജനങ്ങളുടെ മാറിവരുന്ന താല്പര്യങ്ങൾ പല കലാരൂപങ്ങളുടേയും നാശത്തിന് കാരണമായി. കലകൊണ്ട് ജീവിക്കാൻ പറ്റാതായ അവസ്ഥ പലരേയും ഈ രംഗത്തു നിന്ന് പിന്തിരിപ്പിച്ചു.

സ്ത്രീകളോടുള്ള സാംസ്ക്കാരിക സമീപനത്തിൽ അധഃപതനം വളരെ ചെറിയ തോതിൽ ഇല്ലാതില്ല. ചില വിഭാഗം സ്ത്രീകൾ വളരെയേറെ പീഢനം സഹിക്കുന്നതായി സാമൂഹ്യമായ ഒരു അവലോകനത്തിൽ കാണുന്നു. വനിതകളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ പ്രത്യേക പ്രതിപാദ്യ വിഷയമല്ലാത്തതിനാൽ ഒഴിവാക്കുന്നു.

## പഞ്ചായത്തിലെ സാംസ്ക്കാരിക നവീകരണത്തിനുള്ള സാദ്ധ്യതകൾ.

പഞ്ചായത്തിലെ സാംസ്ക്കാരികോന്നമനത്തിന് പല നിർദ്ദേശങ്ങളും മുന്നോട്ട് വെയ്ക്കപ്പെട്ടിട്ടുണ്ട്. നാടൻ കലകൾ പരിപോഷിപ്പിക്കണം, പുതുതായി പഞ്ചായത്തിൻെറ തെക്കുഭാഗത്ത് ഒരു സാംസ്ക്കാരിക നിലയവും ലൈബ്രറിയും സ്ഥാപിക്കണം. വിവിധ തരത്തിലുള്ള കായികവിനോദങ്ങൾക്കുള്ള സാധ്യതകൾ വിപുലമാക്കണം. എന്നു തുടങ്ങി അനേകം നിർദ്ദേശങ്ങളുണ്ട്.

1. പഞ്ചായത്തിലെ കലാ സാംസ്ക്കാരിക കായിക പ്രവർത്തനത്തിന് മാർഗ്ഗരേഖ തയ്യാറാക്കാനും മുൻഗണന മേഖലകൾ വേർതിരിച്ചറിയുവാനും സമയബന്ധിതമായി നടപ്പിലാക്കുവാനും ഒരു സമിതിയുടെ രൂപീകരണം പ്രധാനപ്പെട്ടതാണ്. ഇതിൽ തല്പരരായ പഞ്ചായത്ത് ജന പ്രതിനിധികൾക്കുപറമേ ഈ മേഖലയിൽ താൽപര്യമുള്ളവരും ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുവാനും കഴിവുള്ളവർകൂടി ഉൾപ്പെടണം. ഈ സമിതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്ന മേഖലകളിലായിരിക്കും.

1. ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജനങ്ങളുടെ വായനശീലം വളർത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുക. വിദ്യാർത്ഥികളേയും മറ്റു യുവജനങ്ങളേയും പ്രധാനമായും ലക്ഷ്യം വെച്ചുകൊണ്ടായിരിക്കണം പദ്ധതികൾ.

2. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ, സിനിമ എന്നിവയുടെ സ്വാധീനം എത്രയെന്ന് വിലയിരുത്തുകയും ഈ മേഖലയുമായി താദാത്മ്യം പ്രാപിച്ചുക്കൊണ്ട് ഈ മാദ്ധ്യമങ്ങളെ ജനോപകരമായി എങ്ങിനെ മാറ്റാമെന്ന് ആരായുക. വീഡിയോ ക്ലബ്, ഫിലിം സൊസൈറ്റി എന്നിവ സ്ഥാപിക്കാനുള്ള സാദ്ധ്യതകളും ആരായാവുന്നതാണ്. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം നിർണ്ണായകമാണ്. കാണുന്നത് യഥാർത്ഥ്യമായി ഉൾക്കൊള്ളുന്ന പ്രായമാണത്. ഇത് ഒരു പഞ്ചായത്ത് തല പ്രശ്നം മാത്രമല്ല.

3. വ്യക്തമായ ലക്ഷ്യബോധമുള്ള കലാസമിതികൾ പ്രോത്സാഹിപ്പിക്കുക, കലാമത്സരങ്ങളുടെ സാദ്ധ്യതകൾ യാഥാർത്ഥ്യമാക്കുക, ഈ മേഖലയിലുള്ള സ്ക്കൂളുകളിലെ വിദ്യാർത്ഥികളെ മാത്രമല്ല മേഖലയിൽ നിന്ന് മറ്റ് പ്രദേശങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും മുൻകണ്ട് വേണം ഈ കാര്യങ്ങൾ ആസൂത്രണം ചെയ്യാൻ. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താനായി പഞ്ചായത്ത്തലത്തിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുക, മാസികയോ ദ്വൈമാസികയോ ആവാം. പഞ്ചായത്ത് വാർത്തകൾ എന്നോ മറ്റോ പേര് നൽകാം. ഇന്നത്തെ പഞ്ചായത്ത് രാജ് സംവിധാനത്തിൽ പല വികസന പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തിൽ എന്തു നടക്കുന്നു എന്നും ഓരോരുത്തരുടെ പങ്കെന്ത് എന്നീ വിഷയങ്ങളെക്കുറിച്ചും ഇതിൽ മേഖലകളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കാവുന്നതാണ്.

5. മത സൗഹാർദ്ദം വളർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുക.

6. കായിക വിനോദങ്ങൾ സ്പോർട്സ് എന്നിവ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ വികസിപ്പിക്കുക. പഞ്ചായത്തിന് അനുയോജ്യമായ മേഖലകൾ ഏതെല്ലാമെന്ന് വിലയിരുത്തണം. സ്ക്കൂളുകളുടെ ഇന്നത്തെ സ്പോർട്ട്സ് നിലവാരം തിട്ടപ്പെടുത്തണം. മറ്റു മേഖലകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ സ്കൂളിൽ

ലഭ്യമായ സ്പോർട്സ് സൗകര്യങ്ങളും കണക്കിലെടുക്കണം. നീന്തൽ സൈക്കിളിംഗ്, അത്‌ലറ്റിക്സിലെ ചിലയിനങ്ങൾ, ഷട്ടിൽ ബാഡ്മിൻറൺ, വോളിബോൾ, വഞ്ചിതുഴയൽ തുടങ്ങിയ മേഖലകളിൽ സാദ്ധ്യതകളുണ്ട്. ചതുരംഗത്തിന് പ്രത്യേക പ്രാധാന്യം കൊടുക്കേണ്ടതാണ്. 10 വയസ്സിനു താഴെയുള്ളവർക്കുവേണ്ടി ഒരു ചെസ്സ് ടൂർണമെൻറും, മുതിർന്നവർക്കുവേണ്ടി മറ്റൊരു ടൂർണ്ണമെൻറും സംഘടിപ്പിക്കേണ്ടതാണ്. വിവിധ സ്പോട്സ് പരിപാടികളുടെ ഉന്നമനത്തിനായി സ്പോട്സ് കൗൺസിലുമായി ബന്ധപ്പെട്ട് പരിശീലകരുടെ സേവനം ലഭ്യമാക്കാൻ ശ്രമിക്കണം'ചെറുപ്പത്തിലേ പിടികൂടുക എന്നതാണ് സ്പോട്സ് വികസനത്തിൻെറ അടിസ്ഥാനം. മുൻകാലത്ത് പല അമേച്ചർ നാടകസംഘങ്ങളും ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നു.

അതുമായി ബന്ധപ്പെട്ട പലരും ഇന്നുമുണ്ട്. അവരുടെ[illegible]
ല്ലാം സഹകരണം തേടിക്കൊണ്ട് നാടകകലക്ക് പുത്ത[illegible]
ണർവ്വ് വരുത്തുക. അതുപോലെ നാടൻ കലകളുമാ[illegible]
ബന്ധമുള്ള അനേകം പേരുണ്ട്. ഇതിൽ പ്രമുഖൻ [illegible]
വയസ്സുകഴിഞ്ഞ ശ്രീ. കാട്ടിശ്ശേരി അപ്പുകുട്ടൻ എന്ന[illegible]
ളാണ്. പ്രായം അവഗണിച്ചുക്കൊണ്ട് ഇന്നും വള[illegible]
ദൂരം കാൽനടയായി സഞ്ചരിക്കുന്ന അദ്ദേഹത്തിൻ[illegible]
അറിവുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ചില സഹ[illegible]
ദയരുടെ പ്രയത്നഫലമായി അദ്ദേഹം ഇരുപത്തൊന്ന[illegible]
വയസ്സിൽ രചിച്ച 'ഓണവാണിഭം' എന്ന കാവ്യം പു[illegible]
പ്രകാശനം ചെയ്യുകയുണ്ടായി. അതുപോലെതന്നെ
നാടൻപാട്ടുകളുടെ സ്രോതസ്സുകൾ കണ്ടെത്തി ക്രോഡ[illegible]
കരിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.

❃❃❃❃❃❃❃❃❃

# വനിത

ഈ പഞ്ചായത്തിൽ സെൻസസ് പ്രകാരം മുൻതൂക്കം സ്ത്രീകൾക്കാണെങ്കിലും അവർ എല്ലാ മേഖലകളിലും പിന്നിലാണ്. വനിതകളെ സമൂഹം നിസ്സാരമായി കാണുന്നത് അവരുടെ തന്നെ തെറ്റാണെന്ന ധാരണ ശരിയല്ല. സാധാരണക്കാരായ ജനവിഭാഗങ്ങൾ നിവസിക്കുന്ന പഞ്ചായത്തിൽ സ്ത്രീകൾക്ക് അവരുടെ വഴിയിലൂടെ മുന്നോട്ടുപോകുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ലോകത്തിലുള്ള മുഴുവൻ തൊഴിലിൻെറ മൂന്നിൽ രണ്ടുഭാഗവും ചെയ്തുതീർത്തു. വേതനത്തിൻെറ ഇരുപതിൽ ഒരു ഭാഗം മാത്രം കൈപ്പറ്റി നിസ്സാഹായവസ്ഥയിൽ എത്തിനില്ക്കുന്ന ആഗോള വനിത - ഇവിടെ നിന്നാവട്ടെ വനിതാ ക്ഷേമത്തിൻെറ തുടക്കം.

വിദ്യാഭ്യാസത്തിൽ സ്ത്രീകളാണ് പുരുഷന്മാരേക്കാൾ മുന്നിട്ടുനില്ക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികൾക്കാണ്. പ്രീഡിഗ്രിവരെ, ഇത് പ്രകടമാണ്. സാങ്കേതിക വിദ്യാഭ്യാസത്തിൽ പഞ്ചായത്തിലെ ആൺകുട്ടികൾക്കാണ് മുൻതൂക്കം. നിലവിലുള്ള സമ്പ്രദായമനുസരിച്ച് വളരെ നേരത്തെ വിവാഹം കഴിച്ചു രണ്ടുമൂന്നു പ്രസവിച്ചു കുടുംബനാഥയാവാൻ സ്ത്രീ യോഗ്യയായി തീർന്നു എന്നാണ് എല്ലാവിഭാഗങ്ങളിലും പെട്ടവർ ധരിച്ചുവശായിട്ടുള്ളത്. ഒരു പരിധി വരെ സ്ത്രീകളും അതു തന്നെ നിശ്ശബ്ദമായി ആഗ്രഹിക്കുന്നില്ലേ? അതിന് സ്ത്രീകളെ കുറ്റക്കാരിയാക്കിക്കൂട. കണ്ടും കേട്ടുമുള്ള നാട്ടറിവ് അതാണ്. ഉന്നത വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ പരമാവധി 2 ശതമാനം മാത്രമാണ് ഈ ചുറ്റുപാടിൽ നിന്നും കുതറിച്ചാടി നില്ക്കുന്നത്. ജീവിതത്തേയും സമൂഹത്തേയുംക്കുറിച്ച് തികച്ചും വ്യക്തമായ തിരിച്ചറിവ് ഇവർക്കുണ്ടെങ്കിലും ആ നിലപാടിലേക്ക് മറ്റുള്ളവരെക്കൂടി ഉൾക്കൊള്ളിക്കുവാൻ അവർക്ക് കഴിയുന്നില്ല. പഞ്ചായത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിന് മൊത്തത്തിൽ എല്ലാ മേഖലയിൽ നിന്നും പ്രോത്സാഹനം ലഭിക്കുന്നുണ്ട്. ആരോഗ്യപരമായ നിലവാരത്തിൽ സ്ത്രീകളും പുരുഷന്മാരും തുല്യരാണ്.

എല്ലാസ്ത്രീകളും തൊഴിലെടുക്കുന്നവരാണ്. വീട്ടുജോലിതൊട്ടു ഉയർന്ന ഗവൺമേണ്ടു ജോലിവരെ അവർ എടുക്കുന്നുണ്ട്. ഗൃഹഭരണം വിശ്രമമില്ലാത്ത ജോലിയാണ്. പുലർച്ചെ എഴുന്നേൽക്കുന്ന സ്ത്രീക്ക് രാത്രി 10 മണിവരേയും വിവിധതരം പണിയുണ്ടാവും. അതിന് ശേഷം മാത്രം വിശ്രമവും. ഇന്നുള്ള വിവിധതരം പ്രൈവറ്റ് കമ്പനികളിൽ തുച്ഛമായ വേതനത്തിൽ പെൺകുട്ടികൾ ജോലിചെയ്യുന്നു. അടുത്തുള്ള കുന്നംകുളം പട്ടണം കേന്ദ്രീകരിച്ച് സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ, ബൈണ്ടിംഗുകൾ, പ്രസ്സുകൾ, തുണികടകൾ, ലേഡീസ് സ്റ്റേഷനറികൾ, ബ്യൂട്ടിപാർലറുകൾ, മുതലായവയിൽ വളരെയധികം പെൺകുട്ടികൾ ഈ പഞ്ചായത്തിൽ നിന്ന് തുച്ഛമായ വേതനത്തിന് പണിയെടുക്കുന്നുണ്ട്. തരക്കേടില്ലാത്ത വേതനം ലഭിക്കുന്ന മേഖല ബീഡിയാണ്. കാർഷികവൃത്തിക്കും കെട്ടിടപണിക്കും സ്ത്രീകൾക്ക് മികച്ചവേതനം ലഭിക്കുന്നുണ്ട്. വലിയ വീടുകളിൽ അടിച്ചുവാരൽ, അലക്കൽ മുതലായവ പാർടൈം ജോലികൾ നിർവ്വഹിക്കുന്ന സ്ത്രീകൾ പരിമിതമായുണ്ട്. കൂട്ടുകുടുംബവ്യവസ്ഥ ഈ പഞ്ചായത്തിൽ മെല്ലെമെല്ലെ കുടുംബത്തിന് വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ധനിക കുടുംബങ്ങളിൽ അലസമായി സമയംതള്ളി നീക്കുന്ന വനിതകളുമുണ്ട്. അതേസമയം സാധാരണ കൂലിപണിക്കാരുടെ വീട്ടിലെ സ്ത്രീകൾ കാലത്തെ തിരക്കുപിടിച്ച ജോലിക്കഴിഞ്ഞാൽ, ഇന്ധനത്തിന് ചപ്പുചവറുകളും മറ്റും ശേഖരിക്കാനുള്ള ശ്രമത്തിനായി പുറത്തിറങ്ങുകയായി. ഇന്ന് വെളിപറമ്പില്ല എന്നതുകൊണ്ട് ഈ തത്രപാട് ഏറെക്കുറെ കുറഞ്ഞിട്ടുണ്ടെങ്കിലും, വഴിയരികിലുള്ള മരങ്ങളുടെ ചുവട്ടിലും മറ്റുമുള്ള ചപ്പുചവറുകളെ തേടി പോകുന്ന പതിവ് അപൂർവ്വമായി നിലനില്ക്കുന്നുണ്ട്.

ഒട്ടനവധി സാമ്പത്തിക ഭദ്രതയില്ലാത്ത കുടുംബങ്ങളിലെ ഗൃഹഭരണം സ്ത്രീകളുടെ നേതൃത്വത്തിലുണ്ട്. ഈ ഗണത്തിൽ വിധവകളും ഭർതൃമതികളുമുൾക്കൊള്ളുന്നു. കുടുംബംശ്രദ്ധിക്കാതെ കുടിച്ചും ചീട്ടുകളിച്ചും മയക്കമരുന്നിനടിമകളായും അലസജീവിതം കഴിക്കുന്ന കുടുംബനാഥന്മാർ ആത്മധൈര്യം കൈവിടാതെ, വീട്ടുകാര്യങ്ങൾ സ്വയം ഏറ്റെടുത്തു നടത്തി പോരുന്ന ഉത്തമ വനിതകളും കുറെയെക്കെ ഉണ്ട്. അവരോടുള്ള പ്രതിബദ്ധത സാമൂഹ്യ പ്രവർത്തകരോ സന്നദ്ധസംഘടനകളോ വേണ്ടത്ര പുലർത്തിപോരുന്നില്ലായെന്നത് വേദനയോടെ ഉണർത്തട്ടെ. ഒട്ടനവധിപേരെ സംബന്ധിച്ചേടത്തോളവും പെൻഷൻ ഇന്നും ഒരു കിട്ടാകനിയാണ്. വിവിധതരം പെൻഷൻ കിട്ടുന്നവർ നാമമാത്രമാണ്. കർഷകത്തൊഴിലാളി, വിധവ, അവശനാഥ എന്നീ വിഭാഗത്തിൽ പെൻഷന് അർഹതയുള്ളവർ വളരെയുണ്ടെങ്കിലും അവരിൽ വളരെ ചെറിയയൊരു വിഭാഗത്തിന് മാത്രമേ, ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ.

പേരിനൊരു പെണ്ണുവേണ്ട എന്നതുകൊണ്ടാണ് സംഘടനകളിൽ സ്ത്രീക്ക് പ്രാതിനിധ്യം കിട്ടുന്നത്. വനിതകളെ ബോധവൽക്കരിച്ചു സമൂഹത്തിൻെറ ധാരയിലേക്ക് കൊണ്ടുവരാനുള്ള ഉദ്ധാരണശ്രമങ്ങളിലും ആരും താത്പര്യം കാണിക്കുന്നില്ല. മദ്ധ്യ, ധനികകുടുംബങ്ങളിലേ അലസമായിരിക്കുന്ന വനിതകളെ സാമൂഹ്യമുഖ്യധാരയിലേക്ക് കൊണ്ടുവരിക എളുപ്പമാണ്. അതിനുള്ള ശ്രമങ്ങൾ സാമൂഹ്യപ്രവർത്തകരും വിദ്യാസമ്പന്നരായ വനിതകളും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. കർഷകത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് പണിയും പരിവ

ട്ടവുമായി അധികം ഒഴിവു സമയം കിട്ടിയെന്ന് വരില്ല എങ്കിലും സംഘടനകളിലെ വനിതാ പ്രാതിനിത്യം അധികവും അവരിൽ നിന്നാണ് എന്നത് ശ്രദ്ധേയമാണ്.

സ്ത്രീപീഡനം ഇന്നും അവിരാമം തുടരുന്നുണ്ട്. സാധാരണക്കാരുടെ കുടുംബിനികളാണ് ഭർത്താക്കന്മാരുടെ മർദ്ദനത്തിന് അധികവും ഇരയാവുന്നത്. മദ്യപാനവും മറ്റു ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവുമാണ് പുരുഷന്മാരെ ഈ ക്രൂരകൃത്യത്തിന് പ്രേരിപ്പിക്കുന്നത്. സ്ത്രീധനത്തിൻെറ പേരിലും അപൂർവ്വമായി സ്ത്രീ പീഢനം ഇപ്പോഴും തുടരുന്നുണ്ട്. ലൈംഗിക പീഢനം റിപ്പോർട്ടുചെയ്തുകാണുന്നില്ല. സ്ത്രീകളെ വിലയിടിച്ചുകാണുക, വ്യക്തിത്വത്തെ ഇടിച്ചുതാഴ്ത്തി സംസാരിക്കുക എന്നിവ അപൂർവ്വമായി ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. അതിന് സ്ത്രീസഹജമായ പരദൂഷണസ്വഭാവം പ്രധാന പങ്കുവഹിക്കുന്നുണ്ടത്രെ.

സ്ത്രീകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു സ്ഥലത്തുമാത്രമേ, ഒരു നേഴ്സറി നടത്തിപ്പോരുന്നുള്ളൂ. അതും സ്വകാര്യമേഖലയിൽ. ആവശ്യമായ പ്രോത്സാഹനവും സഹായാനുകൂല്യങ്ങളും ലഭിക്കുകയാണെങ്കിൽ ഈ രംഗത്ത് ശോഭിയ്ക്കാൻ കഴിവുള്ള പല തരുണീമണികളേയും കണ്ടെത്താൻ കഴിയും.

കുടിവെള്ളത്തിൻെറ കാര്യത്തിൽ വളരെയേറെ കഷ്ടതകളനുഭവിക്കുന്ന ഒരുവലിയ വിഭാഗം സ്ത്രീകൾ നമ്മുടെ ഇടയിലുണ്ട്. അക്കാര്യത്തിൽ സഹായിക്കാന സഹകരിക്കാനുമുള്ള ധാർമ്മികബോധം ഭർത്താക്കളി പലരും കാണിക്കുന്നില്ല. ഗ്രാമസഭകളിൽ ഏറ്റവും അധ കം സ്ത്രീകളിൽ നിന്ന് ഉയർന്നു വന്ന പ്രധാന പ്രശ്ന കുടിനീരിൻേറതാണ്.

സ്ത്രീകളുടെ കൊച്ചുകൊച്ചുസംഘങ്ങളെ സംഘ ടിപ്പിച്ചു അടുക്കളത്തോട്ട നിർമ്മാണം, കോഴിവള ത്തൽ, ടൈലറിംഗ് മുതലായ ചെറുകിട ഏർപ്പാടുക സംഘടിപ്പിച്ചാൽ ഒരു പരിധിവരെ അവരുടെ സാമ്പത്തി പരാധീനതകൾക്ക് പരിമിതിയുണ്ടാവും. കറവപ്പശുക ളേയും, ആടുകളേയും വളർത്താനും സന്നദ്ധമായ വീ ്മമാരുണ്ട്. ബൈണ്ടിംഗിനോടും സ്ത്രീകളിൽ താത് ര്യമുള്ളവരുണ്ട്. അംഗനവാടികൾ, നേഴ്സറി സ്ക്കൂള കൾ, വൃദ്ധസദനങ്ങൾ എന്നിവ തുടങ്ങിയാൽ സ്ത്രീകൾക അതിൽ മുഖ്യ പങ്കുവഹിക്കാൻ സാധിക്കും. അവരി സാമൂഹ്യ അവബോധവും വളർത്തിയെടുക്കേണ്ടതുണ്ട ചെറുസംഘങ്ങളാക്കി തിരിച്ച മേലുദ്ധരിച്ച പരിപ ടികൾ സഹകരണാടിസ്ഥാനത്തിൽ ഏർപ്പെടുത്തികൊ ടുക്കുന്നതും സഹായകമായിരിക്കും. അവരിൽ സമ്പാദ ശീലം വളർത്തുവാനും മേലുദ്ധരിച്ച പരിപാടികൾ പ്രയോ ജനപ്പെടുത്താവുന്നതുമാണ്. സ്ത്രീകളുടെ പ്രവർത്തന മേഖല വിപുലീകരിക്കുവാനും അവരെ സ്വന്ത കാലിൽ നില്ക്കുവാൻ സഹായിക്കുവാനും ഉതുകുന്ന പദ്ധ തികൾക്ക് മുൻതൂക്കം കൊടുത്തുവേണം അടുത്ത പഞ്ച വൽസരപദ്ധതികൾക്ക് രൂപം നൽകാൻ.

✿✿✿✿✿✿✿✿✿

# സഹകരണം

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ വറുതിയും വസ്ത്രക്ഷാമവുമാണ് ഈ പഞ്ചായത്തിൽ ആദ്യത്തെ സഹകരണസംരംഭത്തിന് നാന്ദികുറിച്ചത്. വസ്ത്രക്ഷാമം കൊണ്ടു പൊറുതിമുട്ടിയ ജനങ്ങൾ ഒത്തുകൂടി, ചെറുവത്താനിയിൽ ആദ്യമായി ഒരു കൈത്തറി നെയ്ത്തു സഹകരണസംഘത്തിന് രൂപം നല്കി. അതു പിന്നീട്, ചിറ്റഞ്ഞൂർ, ചെമ്മണൂർ എന്നീ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. അന്നത്തെ ദേശീയ നേതാക്കളാണ് ഈ ഉദ്യമത്തിന് നേതൃത്വം നല്കിയത്.

സമീപവാണിജ്യ കേന്ദ്രമായ കുന്നംകുളത്താണ് അതിന്റെ വില്പന കേന്ദ്രം തുടങ്ങിയത്. സെയിൽസ് ഡെപ്പോ ആവശ്യമായ നൂലും മറ്റും സംഘടിപ്പിക്കുകയും അത് സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു പോരുകയും ചെയ്തു. സംഘങ്ങൾ ഉല്പാദിപ്പിച്ച തുണിത്തരങ്ങൾ പ്രസ്തുത സെയിൽസ് ഡെപ്പോ മുഖേന വില്പന നടത്തിപോന്നു. 1970-ൽ ഈ സഹകരണ സംഘം പ്രവർത്തന രഹിതമായി.

മദ്യനിരോധനം നിലവിലുള്ള കാലത്ത് ഈ പഞ്ചായത്തിലെ ആനായ്ക്കൽ എന്ന പ്രദേശത്ത് ഒരു പനചക്കര നിർമ്മാണസംഘം പ്രവർത്തിച്ചിരുന്നു. ചെത്തുകാരിൽ നിന്ന് ഷെയർ പിരിച്ചെടുത്ത് മധുരമുള്ള പനംകള്ളു കൊണ്ട് ചക്കരയുണ്ടാക്കി വില്പന നടത്തുകയായിരുന്നു സംഘത്തിന്റെ പ്രവർത്തനം. ഈ മേഖലയിലെ മദ്യനിരോധനം പിൻവലിച്ചതോടുകൂടി സൊസൈറ്റിയുടെ പ്രവർത്തനം അവസാനിപ്പിയ്ക്കാൻ നിർബന്ധിതരായി.

1957 -ൽ കുന്നംകുളം ആസ്ഥാനമായി ആരംഭിച്ച ടൈപ്പ് ഫൌണ്ടറി (ഇൻഡസ്ട്രീയൽ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് - നമ്പർ -1) പഞ്ചായത്തിലെ ചിറ്റഞ്ഞൂർ, ആലത്തൂർ മുതലായ പ്രദേശങ്ങളിൽ നിന്ന് ധാരാളം ഓഹരി ഉടമകളെ ഉൾപ്പെടുത്തുകയും ഭരണ സമിതിയിൽ ഈ പ്രദേശത്തുക്കാർക്ക് പ്രാതിനിധ്യം നല്കുകയും ചെയ്തിരുന്നു. സ്വകാര്യ മേഖലയുടെ മുന്നേറ്റത്തിൽനിലനിൽപ് നഷ്ടപ്പെട്ട സംഘം, 1990 ന് ശേഷം പ്രവർത്തനം മന്ദീഭവിക്കുകയും ഇപ്പോൾ പ്രസ്തുത സ്ഥാപനം ലിക്വിഡേഷൻ അഭിമുഖീകരിക്കുകയുമാണ്.

വായ്പാ സഹകരണ സംഘത്തിന്റെ തുടക്കം ഈ പഞ്ചായത്തിൽ 1959 ൽ ആണ്. അന്ന് ചെറുവത്താനിയിൽ വായ്പാ സഹകരണസംഘം ചെറിയതോതിലുള്ള പ്രവർത്തനങ്ങൾ നടത്തിപ്പോന്നു. ആർത്താറ്റും ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ മറ്റൊരു സംഘവും രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. പിന്നീട് രണ്ടു സംഘങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ ഓരോ സംഘവും പ്രത്യേകം പ്രത്യേകം ഭരണസമിതിയും പൊതുയോഗവും വിളിച്ചു ചേർത്ത് പ്രസ്തുത രണ്ടു സംഘങ്ങളും ഒന്നായി സംയോജിപ്പിക്കുന്നതിന് തീരുമാനിക്കുകയും 1967 ജൂൺ 7-ാംനു R-106 ആയി പഞ്ചായത്ത് പ്രദേശം മുഴുവനും പ്രവർത്തന വ്യാപ്തിയുള്ള ആർത്താറ്റ് - അഞ്ഞൂർ സർവ്വീസ് സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് സംഘത്തിന്റെ ഉദ്ദേശങ്ങളിൽ പ്രധാനമായ കാർഷികവായ്പ, വിത്ത്-വളം-കീടനാശിനി വിതരണം മുതലായവ സംഘാംഗങ്ങൾക്ക് നല്കിപോന്നു. 1992 ന്ശേഷം സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ഇപ്പോൾ നാമമാത്രമായി തുടരുകയും ചെയ്യുന്നു.

ചിറ്റഞ്ഞൂർ ക്ഷീരോൽപാദക സഹകരണസംഘം നമ്പ്ര് 125, 1957 ന് ശേഷം ആരംഭിക്കുകയും 1991- ൽ പ്രവർത്തനക്ഷമമാവുകയും ചെയ്തു. അതിലിപ്പോൾ 137 അംഗങ്ങളുണ്ട്. ശരാശരി അമ്പതുലിറ്റർ പാൽ നിത്യേന വാങ്ങി പഞ്ചായത്ത് പ്രദേശത്ത് വില്പന നടത്തുന്നു. അതിന്റെ ഇപ്പോഴത്തെ പ്രവർത്തനം കാര്യക്ഷമമാണെങ്കിലും ഈ സംഘത്തിന് വളരെ ഏറെ വികസനസാധ്യതയുണ്ട്.

ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങളാണ് ഈ പഞ്ചായത്തിലെ മറ്റൊരു സഹകരണ മേഖല. പുത്തൻ പടവ് (ചെറുകഴതാഴം, കോൾ പടവ് ) മുതുവമ്മൽ കോൾ പടവ്

**R - 106. ആർത്താറ്റ് - അഞ്ഞൂർ സർവ്വീസ് സഹകരണസംഘം.**

| സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം. | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭം നഷ്ടം |
|---|---|---|---|---|---|
| 7 - 6 - 1969 | 2699 | 1 | 1,64,340 രൂപ | 5.5 ലക്ഷം | നഷ്ടം |

ഗ്രൂപ്പ് ഫാമിംഗ് സംഘം, പാവുട്ടപ്പാടം ഗ്രൂപ്പ് ഫാമിംഗ് സംഘം, ആർത്താറ്റ് പാടം ഗ്രൂപ്പ് ഫാമിംഗ് സംഘം, ചീരാം പുലി കോൾപടവ് സംഘം ഇവയെല്ലാം നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണസഫലസിദ്ധികൈവരണമെങ്കിൽ, അവയ്ക്ക് ആവശ്യമായ പമ്പുസെറ്റുകളും ആധുനിക കാർഷികോപകരണങ്ങളും നല്ലയിനം വിളകളും വളവും കീടനാശിനികളും ക്രമമായി ലഭ്യമാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. കൈത്തറി സഹകരണസംഘം, ചക്കര നിർമ്മാണ സഹകരണസംഘങ്ങൾ, ടൈപ്പ് ഫൗണ്ടറി വർക്കേഴ്സ് സഹകരണസംഘം എന്നിവയെല്ലാം പുനരുദ്ധാരണത്തിന് കഴിയാത്തവണ്ണം നിർജ്ജീവമായിരിക്കുന്നു.

2. ആനായ്ക്കൽ സ്ഥിതിചെയ്യുന്ന 'ആനയ്ക്കൽ - ചൊവ്വന്നൂർ' വിവിധോദ്ദേശ സഹകരണസംഘം ഇപ്പോഴും പ്രവർത്തനക്ഷമമാണ്. സർക്കാരിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിയ്ക്കുന്നമുറയ്ക്ക് സംഘത്തിൻെറ പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിയുന്നതാണ്.

3. <u>സർവ്വീസ് സഹകരണസംഘം</u> :- എല്ലാ വാർഡു കമ്മിറ്റികളിൽ നിന്നും വളരെ രൂക്ഷമായ വിമർശനങ്ങൾക്ക് വിധേയമായ സംഘമാണിത്. മേനേജ്മെണ്ടിൻെറ ആത്മാർത്ഥതതയില്ലാത്ത പ്രവർത്തനങ്ങളും, സ്വജന പക്ഷപാതവും വകമാറിയുള്ള ചിലവുകളുമാണ് ഈ സംഘത്തിൻെറ ഇപ്പോഴത്തെ ദുരഃവസ്ഥയ്ക്ക് കാരണം.

ഈ പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ അഭിവൃദ്ധിയ്ക്ക് കാര്യമായ സംഭാവന ചെയ്യാൻ സാധ്യമായ വിധത്തിൽ ഈ സഹകരണ സ്ഥാപനത്തെ വളർത്തിയെടുക്കുകയെന്നത് ഈ പ്രദേശത്തെ വളരെ പ്രധാനമായ ഒരാവശ്യമാണ്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. അപര്യാപ്തമായ ധനസ്ഥിതിയാണ് സംഘത്തിൻെറ പ്രധാന പ്രശ്നങ്ങളിൽ ഒന്ന്. സംഘത്തിൻെറ ഇപ്പോഴത്തെ സ്ഥിതിഗതികൾ പിരഗണിച്ച്, താങ്ങാൻ കഴിയാതുള്ള സംഘത്തിൻെറ കാര്യത്തിൽ സാധ്യമാകുന്ന ഏതെങ്കിലും ആനുകൂല്യങ്ങളോ ഇളവുകളോ സർക്കാരിൽ നിന്നും അനുവദിക്കേണ്ടതാണ്.

2. സംഘത്തിന് ഫണ്ട് സ്വരൂപിക്കുന്നതിന് ഈ പഞ്ചായത്തിൽ നിനും 18 ലക്ഷം രൂപ നിക്ഷേപമായി പിരിച്ചെടുക്കണം. ആയതിൻെറ ജനാധിപത്യനടത്തിപ്പിന് വാർഡ് അടിസ്ഥാനത്തിൽ, കക്ഷിരാഷ്ട്രീയഭേദമെന്യെ ജനകീയ കമ്മറ്റികൾ രൂപികരിക്കുകയും ഓരോ വാർഡിൽനിന്നും രണ്ടുലക്ഷം രൂപവീതമെങ്കിലും നിക്ഷേപമുണ്ടാക്കുവാനും ഈ പഞ്ചായത്തിലെ ഓരോ വീട്ടിൽനിന്നും ചുരുങ്ങിയത് 100 രൂപ വീതമെങ്കിലും പിരിച്ചെടുക്കുവാനും സാമൂഹ്യപ്രതിബന്ധതയുള്ള പൊതുപ്രവർത്തകരും പഞ്ചായത്ത് ഭരണസമിതിയും കൂടി സംയുക്തമായി പരിപാടിയിട്ട് പ്രവർത്തിക്കുവാനും തയ്യാറാകണം.

3. മേൽപറഞ്ഞ നിക്ഷേപം, പഞ്ചായത്തിലെ ജനങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ നിവൃത്തിച്ചുകൊടുക്കാനുള്ള സംഘത്തിൻെറ ശ്രമങ്ങൾക്ക് തൂക്കം കൂട്ടും.

4. മുൻകാലങ്ങളിൽ മേനേജ്മെണ്ടിൻെറ ഭാഗത്ത് നിന്നുണ്ടായ പാളിച്ചകളും,പിഴവുകളും തിരുത്തി, ജനകീയാവശ്യങ്ങളും നാടിൻെറ ക്ഷേമവും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുകയാണെങ്കിൽ, തീർച്ചയായും നഷ്ടപ്പെട്ട ജനവിശ്വാസം വീണ്ടെടുക്കുവാനും നാടിനെ ഐശ്വര്യത്തിലേക്ക് നയിക്കാനും കഴിയും. ജനങ്ങളുടെ വിവിധാവശ്യങ്ങൾക്ക് വേണ്ട സ്കീമുകൾ ആവിഷ്കരിച്ച് നടപ്പാക്കുവാനും കഴിയണം.

നാണ്യവിളകളായ അടക്ക, നാളികേരം, കുരുമുളക്, കശുവണ്ടി തുടങ്ങിയ ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്താനുള്ള ഏർപ്പാടുകളും സഹകരണ സംഘതലത്തിൽ സംഘടിപ്പിക്കേണ്ടതുണ്ട്.

ഗോബർഗ്യാസ് പ്ലാൻറ്, അനർട്ടിൻെറ ദക്ഷിത കൂടിയ ഊർജ്ജോപകരണങ്ങൾ, പുകയില്ലാത്ത അടുപ്പ് മുതലായവ പ്രചരിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനുമുള്ള നേതൃത്വം നല്കുവാനും സഹകരണ സംഘങ്ങൾ തയ്യാറാവണം.

സാധാരണ ജനങ്ങൾ അത്യാവശ്യമായ കാര്യങ്ങൾ വേണ്ടവണ്ണം കണ്ടെത്താൻ ഇപ്പോൾ കഴുത്തറപ്പൻ പലിശ ഈടാക്കുന്ന തമിഴരേയും, അമ്പലം-പള്ളി സമുദായങ്ങളെയുമാണ് ആശ്രയിക്കേണ്ടിവരുന്നത്. സാമാന്യ ജനങ്ങളും പ്രത്യേകിച്ച് തൊഴിലാളി സമൂഹവും എന്നും തീരാത്ത കടങ്ങളുമായി ഇവരുടെ നീരാളിപിടുത്തത്തിൽ അമരുകയാണ്. തൊഴിലാളികളുടെ അദ്ധ്വാനഫലം ഇങ്ങനെ ചൂഷണം ചെയ്യപ്പെടുന്നത് കൊണ്ട് അവരിന്നും മേൽഗതിയില്ലാതെ തകർന്നടിയുകയാണ്. സഹകരണസംഘങ്ങൾ കാര്യക്ഷമമായി, സാമൂഹ്യപ്രതിബദ്ധതയോടുകൂടി പ്രവർത്തിച്ചാലെ, ഈ സാമൂഹ്യദുരന്തത്തിൽ നിന്ന് ജനങ്ങൾക്ക് രക്ഷപ്പെടാനാവുകയുള്ളൂ.

4. <u>ക്ഷീരോല്പാദക സഹകരണസംഘം</u> : - ഈ സ്ഥാപനത്തിൽ ഇപ്പോൾ അംഗസംഖ്യ വളരെകുറവാണ്. കൂടു

തൽ അംഗങ്ങളെ ചേർത്തു പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്. മിതമായ വിലയ്ക്ക് കാലിത്തീറ്റയും കന്നുകുട്ടികൾക്ക് ആവശ്യമായ മരുന്നുകളും ചെയ്തുകൊണ്ട് ഈ സംഘത്തെ കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും. വാർഡുതോറും സംഭരണകേന്ദ്രങ്ങൾ തുറക്കുകയും സംഭരിക്കുന്ന പാലിന് വിപണന സാധ്യത കണ്ടെത്തുകയും വേണം.

5. ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങൾ :- ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും അവയ്ക്ക് ആവശ്യമായ സ്പെയറുകൾ, ടില്ലറുകൾ, നടീൽ യന്ത്രങ്ങൾ, കൊയ്ത്തുയന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ മുതലായവ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. അതാതിടത്ത് ആവശ്യമായ ജലസേചന പദ്ധതികൾ നടപ്പാക്കുകയും കർഷകർക്ക് അത്യുൽപാദനശേഷിയുള്ള വിത്ത്, വളം, കീടനാശിനികൾ എന്നിവ സമയാസമയങ്ങളിൽ ലഭ്യമാക്കുകയും വേണം.

6. കേരസംരക്ഷണസമിതികൾ :- ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഉല്പാദനവർദ്ധനയ്ക്ക് ആവശ്യമായ സഹായസംരക്ഷണപദ്ധതികൾ ഗവൺമെൻറുതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുകയും വേണം.

7. ഇവിടുത്തെ ഏറ്റവും പ്രധാനമായ ഒരു വ്യവസായമാണ് ബുക്ക് ബൈണ്ടിംഗ്. ഇവിടെയുള്ള സ്ഥാപനങ്ങളിൽ മഹാഭൂരിപക്ഷവും വൻകിടക്കാർക്ക് കൂലിപ്പണി ചെയ്തുകൊടുക്കുന്നവരാണ്. പേപ്പറും ചട്ടയും കൊടുത്ത് വളരെ നിസ്സാരമായ കൂലിയ്ക്ക് പുസ്തക പണി ചെയ്തു കൊടുക്കാൻ ഈ ചെറുകിടക്കാർ നിർബന്ധിതരാവുന്നത് അവർക്ക് സ്വന്തമായി പേപ്പറും മറ്റും വാങ്ങി പുസ്തകം നിർമ്മിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതു കൊണ്ടാകണം. ഇവരേയും മറ്റും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വേണ്ട സാമ്പത്തിക സ്രോതസ്സുകൾ തുറന്നുകിട്ടുകയാണെങ്കിൽ, വലിയ ചൂഷണത്തിൽ നിന്നു ഇവർ രക്ഷപ്പെടുകയും സ്വതന്ത്ര്യമായി ജീവിതമാർഗ്ഗം നേടുന്നതിന് പ്രാപ്തരാവുകയും ചെയ്യുന്നതാണ്.

8. മാർക്കറ്റിംഗ് - ഉപഭോക്ത സഹകരണസംഘങ്ങൾ :- സ്വകാര്യവ്യക്തികളുടെ ചോരയൂറ്റൽ പരിപാടിയ്ക്ക് വിരാമമിടാൻ കഴിയുമാറ്, ഈ പഞ്ചായത്തിൽ ഉപഭോക്ത സഹകരണസംഘങ്ങളും മാർക്കറ്റിംഗ് സഹകരണസംഘങ്ങളും രൂപികരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തതിർത്തിയിൽ വനിതാ മൾട്ടിപർച്ചേയ്സ് സഹകരണസംഘം രൂപീകരിക്കുകയാണെങ്കിൽ വിദ്യാഭ്യാസ യോഗ്യതയുള്ള വനിതകൾക്കു തൊഴിൽ അവസരങ്ങൾ നൽകുവാൻ കഴിയും.

പട്ടികജാതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മറ്റും ആവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു ഹരിജൻ സർവ്വീസ് സഹകരണസംഘം രൂപികരിക്കേണ്ടതാണ്.

********

# പട്ടികജാതി

## ചരിത്രം

ആദിദ്രാവിഡ ഗോത്രങ്ങളുടെ പരമ്പരകളിൽ ഉൾപ്പെടുത്താവുന്ന പല പട്ടിക ജാതികളിൽപ്പെട്ടവരും ആർത്താറ്റ് ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ട്. പറയർ, പുലയർ, കണക്കർ, വേട്ടുവർ, മണ്ണാൻ, പാണൻ, ചെറുമർ എന്നീ ജാതിപ്പേരുകളിൽ അറിയപ്പെടുന്നവരാണ് ഈ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതലായി ഉള്ളത്. നായാടികൾ എന്ന ഒരു വർഗ്ഗവും നിലവിലുണ്ട്. ഉച്ചനീചത്വങ്ങൾക്ക് ഏറ്റവുമധികം വിധേയരാവുന്നത് ഈ വർഗ്ഗമാണ്. ഈ പ്രദേശത്ത് സമൂഹത്തിന്റെ പിന്നണിയിലായിരുന്നത് ഇക്കൂട്ടരാണ്. ഭാരത സ്വാതന്ത്ര്യത്തിന് മുമ്പ് ഈ ജാതിക്കാർ അടിമ വ്യവസ്ഥിതിയിൽ പെട്ടിരുന്നതായി കാണാം. ഭൂവുടമകളുടെ നിർബ്ബന്ധതൊഴിലാളികളായിരുന്നു ഇവർ. മേൽപ്പറഞ്ഞ ജാതിക്കാർ തമ്മിൽ തമ്മിലും ആചാരാധിഷ്ഠിതമായ ഉച്ചനീചത്വങ്ങൾ ഉണ്ടായിരുന്നു. പരമ്പരാഗത തൊഴിൽ വിഭജനത്തിനനുസരിച്ചായിരുന്നു ഇവർക്കിടയിലെ വേർതിരിവുകൾ. പുലയർ, ചെറുമർ കണക്കർ എന്നിവരാണ് പ്രധാനമായും കൃഷിത്തൊഴിലിൽ ഏർപ്പെട്ടിരുന്നത്. മുള ഉപയോഗിച്ചുള്ള സാധന-സാമഗ്രികളുടെ കൈത്തൊഴിലുകളിലാണ് പറയർ ഏർപ്പെട്ടിരുന്നത്. തൊഴിൽ എന്ന നിലയിൽ തുകൽത്തൊഴിലാളികളായിരുന്നു കൊല്ലപണിക്കാർ. മണ്ണാൻ അലക്കുതൊഴിലാണ് നടത്തിവന്നിരുന്നത്. പുറമെ സമൂഹത്തിലെ വൈദ്യന്റെ സ്ഥാനവും ഇവർക്കുണ്ടായിരുന്നു. ജന്മി - കുടിയാൻ വ്യവസ്ഥിതി നിലവിലിരുന്ന കാലഘട്ടത്തിൽ ഇവരിൽ ഓരോ വിഭാഗത്തിനും സമൂഹത്തിൽ പ്രത്യേകം ചുമതലകളും അവകാശങ്ങളും നിലവിലുണ്ടായിരുന്നു. ഓരോ കാലഘട്ടങ്ങളിലായി മാറി വന്ന സാമൂഹ്യ വ്യവസ്ഥിതികളിൽ സമൂഹത്തിന്റെ മുൻപന്തികളിലേക്ക് വളരെ സാവധാനത്തിലാണ് ഇവർ നീങ്ങുന്നത്. കാലങ്ങളായി ഇവരിൽ വേരൂന്നിയ അടിമത്ത മനോഭാവവും, താന്താങ്ങളുടെ ആചാരക്രമങ്ങളിലെ കടുത്ത വിശ്വാസവും, അന്ധവിശ്വാസവും, ആധുനിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും ഉച്ചനീചത്വങ്ങൾക്കെതിരായ ആഹ്വാനങ്ങൾ ഉൾക്കൊള്ളുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ഇവരുടെ ശേഷിയെ നശിപ്പിച്ചുകൊണ്ടിരുന്നു. അയിത്തോച്ചാടനം, ഗുരുവായൂർ ക്ഷേത്ര പ്രവേശന സമരം എന്നിവയിൽ സജീവമായി പങ്കുകൊണ്ട അപൂർവ്വം ചിലരെങ്കിലും ഇന്നാട്ടിൽ ഇവർക്കിടയിൽ ഉണ്ടായി.

ആര്യക്ഷേത്രാചാരങ്ങളിൽ നിന്ന് വിഭിന്നമായിരുന്നു ഇവരുടെ ഈശ്വരസങ്കൽപവും ആരാധനാരീതികളും. ക്ഷേത്ര പ്രവേശന വിളംബരത്തിന് മുമ്പ് ക്ഷേത്രങ്ങളിൽ നിന്ന് നിശ്ചിത ദൂരത്തുമാത്രം നിന്ന് ആരാധന അനുവദിക്കപ്പെട്ടിരുന്ന ഇക്കൂട്ടർ അവരുടേതായ രീതിയിൽ ആരാധന നടത്തിവന്നു. ഈ ആരാധനകൾക്കായി ഇക്കൂട്ടർ തങ്ങളുടെതായ അനുഷ്ഠാന കലാരൂപങ്ങളും ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവർക്കിടയിൽ തന്നെ ഈ അനുഷ്ഠാനകലകളോട് ആഭിമുഖ്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇവ അന്യം നിൽക്കാതെ നോക്കേണ്ടത് സമൂഹത്തിന്റെ മൊത്തം ധർമ്മമാണ്.

ഈ കൂട്ടർക്കിടയിൽ ഏറ്റവും പുറകിലായിട്ടുള്ളത്. 'നായടി'കൾ എന്ന വർഗ്ഗമാണെന്ന് മുൻപ് പറഞ്ഞുവല്ലോ. ചരിത്രപരമായി പരിശോധിച്ചാൽ ഇക്കൂട്ടരാണ് ഏറെ പഴയ തദ്ദേശീയർ. അസ്പൃശ്യത ഏറ്റവും കൂടുതൽ ഇവർക്കാണ് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. കാടുകൾ നഷ്ടപ്പെട്ടതോടെ ആമ, ചെറിയ പക്ഷികൾ എന്നിത്യാദി ചെറുജീവികളെ നായാടിപ്പിടിച്ച് ചുട്ടുതിന്നുന്ന രീതി ഇവർക്കിന്നുമുണ്ട്. വിശേഷാവസരങ്ങളിൽ വീടുപടിക്കൽഞ്ഞ് "വിളിച്ചു കരഞ്ഞ്" ഭക്ഷണവും വസ്ത്രവും ആവശ്യപ്പെടുന്നതും ഇവരുടെ രീതികളായി ഇന്നും പഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുണ്ട്. ഗോത്രത്തലവൻ എന്ന രീതി ഇവർക്കിടയിൽ നില നിൽക്കുന്നുണ്ട്. ഇവർക്കറിയുന്ന ഒരേ ഒരു കൈത്തൊഴിൽ കന്നുകാലികളുടെ വട്ടക്കയർ, ഉറി എന്നിവ പനനാരുപയോഗിച്ച് നിർമ്മിക്കലാണ്. പഞ്ചായത്തിൽ ഇക്കൂട്ടർക്കായി ഒരു പുര സൗജന്യമായി നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും

ഇവർ അതുപയോഗിക്കാതെ തെങ്ങിൻ ചുവടുകളിലാണ് അന്തിയുറങ്ങുന്നത്. സാമൂഹ്യ ജീവിതത്തിന്റെ പൊതു ധാരയിലേക്ക് ഇറങ്ങിവരുന്നതിന് ഏറ്റവും മടികാണി ക്കുന്നത് ഇക്കൂട്ടരാണ്.

പഞ്ചായത്തിലെ പട്ടിക ജാതിക്കാരെക്കുറിച്ച് പറ യുമ്പോൾ, സർക്കാർ ആ ഗണത്തിൽ ഉൾക്കൊള്ളിച്ചി ട്ടില്ലാത്ത കുശവന്മാർ (കുംഭാരന്മാർ) എന്ന വർഗ്ഗത്തെ ക്കുറിച്ച് അറിയില്ല എന്നു നടിക്കാനാവില്ല. കർണ്ണാടക ത്തോടെ സാമ്യമുള്ള മാതൃഭാഷ ഉപയോഗിക്കുന്നത് കൊണ്ടാവണം ഇക്കൂട്ടരെ പട്ടിക ജാതിയിൽ ഉൾപ്പെടു ത്തിക്കാണുന്നില്ല. അംഗസംഖ്യയിൽ കുറവുള്ള ഇവർ സാമൂഹിക-സാമ്പത്തിക നിലവാരത്തിൽ പട്ടികജാതിക്കാ രിൽ നിന്ന് ഒട്ടും മേലെ അല്ല. ഒരു ന്യൂനപക്ഷം മാത്ര മായ ഇക്കൂട്ടർക്ക് പട്ടിക ജാതിക്കാർക്കുള്ള സഹായ-സഹകരണങ്ങൾ നൽകേണ്ടത് മാനുഷീകം മാത്രമാണ്. ആർത്താറ്റ് പഞ്ചായത്തിൽ പട്ടിക വർഗ്ഗത്തിൽപെട്ട സമു ദായങ്ങൾ ഇല്ല. പട്ടിക ജാതിയിൽപ്പെട്ട വേട്ടുവ പുലയ കണക്ക, പാണർ പെരുമണ്ണാൻ, നായാടി, പുള്ളുവർ എന്നീ സമുദായങ്ങളിൽപ്പെട്ടവരാണ് ഉള്ളത്. പഞ്ചായ ത്തിലെ മൊത്തം ജനസംഖ്യ 17,009 ആകുന്നു. അതിൽ പട്ടിക ജാതിയിൽപ്പെട്ടവർ 1,874 ഉം അതിൽ തന്നെ പുരുഷന്മാർ 914 സ്ത്രീകൾ 960 ആകുന്നു. പഞ്ചായ ത്തിൽ സർക്കാർ അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ കോള നികൾ ഒന്നും തന്നെയില്ല. ഒരു സങ്കേതത്തിൽ പത്തോ അതിലധികമോ പട്ടിക ജാതികുടുംബങ്ങൾ ഒന്നിച്ച് ഒരു കൂട്ടമായി താമസിക്കുന്ന അധിവാസകേന്ദ്രത്തെ പട്ടിക ജാതികോളനി എന്നു പറയുന്നു. സർക്കാരിലേക്ക് അംഗീ കാരത്തിനായി സമർപ്പിച്ച ഇത്തരത്തിലുള്ള കോളനി കൾ താഴെ പറയുന്നവയാണ്.

1-ാം വാർഡിൽ ചെമ്മണൂർ ഹരിജൻ കോളനി, II-ാം വാർഡിൽ ആർത്താറ്റ് ഹരിജൻ കോളനി III-ാം വാർഡിൽ പുളിക്കപ്പറമ്പ് ഹരിജൻ കോളനി V-ാം വാർഡിൽ മരോട്ടിക്കുന്ന് ഹരിജൻ കോളനി VII-ാം വാർഡിൽ പട്ടാണിച്ചിറ ഹരിജൻ കോളനി, വടുതല നായാടിത്തറ ഹരിജൻ കോളനി, VIII-ാം വാർഡിൽ ഉള്ളി ശേരി ഹരിജൻ കോളനി, IX-ാം വാർഡിൽ തെക്കേ പ്പുറം അഞ്ചങ്ങാടി ഹരിജൻ കോളനി II-ാം വാർഡിൽ കൂരിപ്പറമ്പ് ഹരിജൻ കോളനി എന്നീ പേരുകളിലറിയ പ്പെടുന്ന മൊത്തം 9 ഹരിജൻ കോളനികളാണ് സർക്കാർ അംഗീകരിക്കേണ്ടതായിട്ടുള്ളത്.

ഈ കോളനികൾ ഒക്കെത്തന്നെ 10ൽ കൂടുതൽ ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങളാണ്. ഇവയൊന്നും തന്നെ സർക്കാർ ഹരിജൻ കോളനിക ളായി അംഗീകരിക്കാത്തത്കൊണ്ട് ഹരിജൻ കോളനി കൾക്ക് ഇന്ന് നിലവിലുള്ള യാതൊരു സർക്കാർ സഹാ യവും ഇവിടെയുള്ള ഹരിജനങ്ങൾക്ക് ലഭിക്കുന്നില്ല. മേൽ പ്രസ്താവിച്ച 9 കോളനികളിലും ശുദ്ധ ജലം വേണ്ടത്ര ലഭിക്കുന്നതിനുള്ളതായ സൗകര്യങ്ങൾ ഇല്ല. ഈ കോളനികളിൽ ഇതുവരേയും വൈദ്യുതി എത്തി ക്കാൻ ഇതുവരേയും സാധിച്ചിട്ടില്ല. കോളനികളിലെ പല കുടുംബങ്ങൾക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റു ന്നതിനുള്ള കക്കൂസ് പോലും ഇല്ലാത്ത അവസ്തയാ ണ്. അത് കൊണ്ടുതന്നെ പകർച്ചവ്യാധികൾ പടർന്നു പിടിക്കാൻ എളുപ്പമാണുതാനും. ഇതിനെല്ലാം സത്വരന ടപടി സ്വീകരിക്കേണ്ടതാണ്.

തെക്കേപ്പുറം അഞ്ചങ്ങാടി കോളനിയിലേക്ക് യാത്രാസൗകര്യം തീരെയില്ലാത്ത പ്രദേശമാണ്. 20ൽ ഏറെ കുടുംബങ്ങൾ ഈ കോളനിയിൽ ഒറ്റപ്പെട്ടാണ് ഇപ്പോഴും താമസിച്ചുവരുന്നത്. കോളനികളിലെ പല കുടുംബങ്ങളും ഓലകൊണ്ട് മേൽകൂരയും ചെറ്റയും മറ ച്ചിട്ടുള്ള ഷെഡ്ഡുകളിലാണ് താമസിച്ചുവരുന്നത്. ഇതി നെല്ലാം ഒരവസാനം കാണേണ്ട കാലം അതിക്രമിച്ചിരി ക്കുന്നു. വീട് നിർമ്മിക്കുന്നതിന് നാമമാത്രമായ സഹാ യമേ ഇവർക്ക് ലഭിക്കുന്നുള്ളു. പട്ടിക ജാതിസമുദായ ങ്ങളിൽപെട്ട ഒട്ടനവധി കുടുംബങ്ങൾക്ക് ഇനിയും സ്വന്ത മായി താമസിക്കാൻ പോലും ഭൂമി ഇല്ലാത്തവരാണ്. അങ്ങിനെയുള്ള കുടുംബങ്ങൾക്ക് താമസസൗകര്യത്തിന് ഇപ്പോൾ കൃഷികളൊന്നും ചെയ്യാതെ തരിശിട്ടിരിക്കുന്ന തായ സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്ത് ഈ വിഭാഗ ത്തിൽപ്പെട്ടവർക്ക് വീട് വെച്ച് താമസിക്കുന്നതിന് പതി ച്ചുനൽകേണ്ടതാണ്.

പഞ്ചായത്തിലെ പട്ടിക ജാതിജനസംഖ്യ വാർഡ്

തിരിച്ച് താഴെകൊടുത്തിരിക്കുന്നു.

| പഞ്ചായത്തിലെ പട്ടിക ജാതിജനസംഖ്യ 1991 ലെ സെൻസസ് അവലംഭം | | | |
|---|---|---|---|
| വാർഡ് നമ്പ്ര് | ആൺ | പെൺ | ആകെ |
| I | 64 | 57 | 121 |
| II | 127 | 146 | 273 |
| III | 118 | 134 | 252 |
| IV | 138 | 143 | 281 |
| V | 101 | 116 | 217 |
| VI | 16 | 26 | 42 |
| VII | 113 | 123 | 236 |
| VIII | 104 | 103 | 207 |
| IX | 133 | 112 | 245 |

പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ വിദ്യാഭ്യാത നില വാരത്തെക്കുറിച്ച് പറയുകയാണെങ്കിൽ സ്ത്രീകളെക്കാൾ സാക്ഷരത കൂടുതലുള്ളത് പുരുഷന്മാർക്കാണ്. പക്ഷെ വൃദ്ധജനങ്ങളിൽ ബഹുഭൂരിപക്ഷവും അക്ഷരജ്ഞാനമി ല്ലാത്തവരാണ്. അവരെ ഇപ്പോഴും അടക്കിവാഴുന്നത് പാരമ്പര്യമാമൂലുകൾതന്നെയാണ്. അവരുടെ കുട്ടികൾ വിദ്യാഭ്യാസപരമായി താരതമ്യേന താഴ്ന്ന നിലവാരം പുലർത്തുന്നു. പലരും ഹയർസെക്കന്ററിയോടുകൂടി വിദ്യാഭ്യാസമേഖലയോട് വിട പറയുന്നതായി കണ്ടുവരുന്നു. പലരും അവർക്ക് ലഭിച്ചുവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളെ ശരിയാ വിധത്തിൽ ഉപയോഗപ്പെടുത്താറില്ല. വളരെ ചെറിയ വിഭാഗം മാത്രമാണ് കലാലയ ജീവിതത്തിൽ പ്രവേശിച്ചുകാണുന്നത്. അഭ്യസ്തവിദ്യരായിട്ടും അവർക്ക് അർഹതപ്പെട്ട തൊഴിൽ ലഭിക്കാത്ത അവസ്ഥ നിലവിലുണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികളുടെ പട്ടിക താഴെകൊടുക്കുന്നു.

## എ.എം.എച്ച്.എസ്.ചെമ്മണൂർ

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| VII | 18 | 12 | 6 | 4 | 2 | 2 | 4 | 2 | 2 |
| IX | 23 | 16 | 7 | 3 | 1 | 2 | 3 | 0 | 3 |
| X | 20 | 11 | 9 | – | – | – | – | – | – |

## ജി.യു.പി. എസ് വടുതല

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| I | 6 | 2 | 4 | - | - | - | - | - | - |
| II | 5 | 3 | 2 | - | - | - | - | - | - |
| III | 8 | 5 | 3 | 2 | 1 | - | - | - | - |
| IV | 8 | 3 | 5 | 1 | 0 | 1 | 1 | 0 | 1 |
| V | 8 | 4 | 4 | 1 | 0 | 1 | 1 | 1 | 0 |
| VI | 9 | 6 | 3 | 3 | 0 | 3 | 1 | 0 | 1 |
| VII | 7 | 1 | 6 | - | - | - | - | - | - |

## സെന്റ് തോമസ് എൽ.പി.എസ്. ആർത്താറ്റ്

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| I | 6 | 4 | 2 | - | - | - | - | - | - |
| II | 15 | 4 | 11 | 1 | 0 | 1 | - | - | - |
| III | 11 | 4 | 7 | 2 | 1 | 1 | - | - | - |
| IV | 10 | 8 | 2 | 1 | 1 | 0 | - | - | - |

## ഇമ്മാനുവൽ എൽ.പി. എസ്. ചിറ്റഞ്ഞൂർ.

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| I | 3 | 2 | 1 | - | - | - | - | - | - |
| II | 7 | 3 | 4 | - | - | - | - | - | - |
| III | 3 | 1 | 2 | - | - | - | - | - | - |
| IV | 4 | 4 | 0 | - | - | - | - | - | - |

## ജോബ് മെമ്മോറിയൽ എൽ.പി.എസ്. അഞ്ഞൂർ

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| I | 1 | 0 | 1 | - | - | - | - | - | - |
| II | 3 | 1 | 2 | - | - | - | - | - | - |
| III | 1 | 1 | 0 | - | - | - | - | - | - |
| IV | 2 | 0 | 2 | - | - | - | - | - | - |

## എസ്.എം.യു.പി. എസ്. ഇരിങ്ങപ്പുറം

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| I | 4 | 2 | 2 | - | - | - | - | - | - |
| II | 7 | 3 | 4 | - | - | - | - | - | - |
| III | 5 | 4 | 1 | - | - | - | - | - | - |
| IV | 7 | 5 | 2 | - | - | - | - | - | - |
| V | 11 | 7 | 4 | - | - | - | - | - | - |
| VI | 17 | 12 | 5 | 2 | 1 | 1 | - | - | - |
| VII | 19 | 12 | 7 | 6 | 2 | 4 | - | - | - |

## സി.എം.എസ്-എൽ.പി.എസ്. കാണിയാമ്പാൽ.

| ക്ലാസ്സ് | ആകെ | ആൺ | പെൺ | തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| I | 5 | 4 | 1 | - | - | - | - | - | - |
| II | 6 | 3 | 3 | 1 | 1 | 2 | - | - | - |
| III | 5 | 2 | 3 | 1 | 0 | 1 | - | - | - |
| IV | 6 | 2 | 4 | 3 | 2 | 5 | - | - | - |

തൊഴിൽപരമായി പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗം വളരെയധികം പിന്നോക്കാവസ്ഥയിലാണ്. ഇവരിൽ ബഹുഭൂരിഭാഗവും കൂലിപ്പണിചെയ്തു ജീവിക്കുന്നവരാണ്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവർ ആരും തന്നെയില്ല. കൃഷിചെയ്യുന്നതിനാവശ്യമായ ഭൂമിയുള്ളവർ ഈ ഭൂവിഭാഗത്തിൽ നാമമാത്രമാണ്. കൂടുതൽ കുടുംബാംഗങ്ങൾക്കും 10 സെന്റിൽ താഴെ മാത്രമാണ് ഭൂമിയുള്ളത്. ഇന്ന് കാർഷികമേഖലയിൽ ജോലിയെടുക്കുന്നവരുടെ പങ്കാളിത്വം വളരെ കുറവാണ്. ഈ വിഭാഗത്തിൽ സ്വന്തമായി വ്യവസായം നടത്തുന്നവർ തീരെ ഇല്ലെന്ന് തന്നെ പറയാം. വ്യവസായമേഖലയെ തൊഴിലെടുക്കുന്നവരുടെ എണ്ണവും നാമമാത്രമാണ്. ഇവരുടെ വിഭാഗത്തിൽ വൃദ്ധജനങ്ങൾ മാത്രമാണ് പാരമ്പര്യ തൊഴിലുകളിൽ നിന്നും ഉപജീവനം നടത്തുന്നത്. കൊട്ട നെയ്ത്ത് പനമ്പ് നെയ്ത്ത്, തുടങ്ങിയവ ചില ഭാഗങ്ങളിൽ നാമമാത്രമായി ചെയ്യുന്നതുകാണാം. ചിലകുടുംബാംഗങ്ങൾ മുളകൊണ്ട് ഉണ്ടാക്കുന്ന ഉപകരണങ്ങൾ ഇപ്പോൾ നാമമാത്രമായി ഉണ്ടാക്കുന്നുണ്ട്. ഇതിനുവേണ്ടി IRDP പദ്ധതി പ്രകാരം ലോണുകൾ കൊടുത്തിട്ടുള്ളതായി കാണുന്നു. അവർ ഉണ്ടാക്കിയ ഉപകരണങ്ങൾ ഈ വർഷം നടത്തിയ IRDP വിപണനമേളയിൽ പ്രദർശിപ്പിക്കാൻ വേണ്ടി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന തൃശ്ശൂരിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു.

ഇവർ കൈകൊണ്ട് ഉണ്ടാക്കുന്ന ഇത്തരം ഉൽപന്നങ്ങൾക്ക് വിപണനസാദ്ധ്യത കുറഞ്ഞുവരുന്നു. മാത്രമല്ല ന്യായമായ വില ലഭിക്കാത്തതുകാരണം ഈ രംഗത്ത് വളരെയധികം പിറകോട്ട് പോയിക്കൊണ്ടിരിക്കുന്നു. യുവതലമുറയിൽപ്പെട്ടവർ ആരും തന്നെ ഇപ്രകാരമുള്ള പാരമ്പര്യതൊഴിലുകളിൽ ഏർപ്പെട്ട് വരുന്നില്ല. പൊതുവെയുവജനങ്ങൾ പാരമ്പര്യതൊഴിലിനോട് വിമുഖതയാണ് കാണിക്കുന്നത്. മാത്രമല്ല ഇവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന ആധുനിക രീതിയിൽ ഉണ്ടാക്കുന്ന ഉൽപന്നങ്ങളോട് മൽസരിക്കാൻ കഴിയുന്നില്ല. ഇപ്പോൾ നാമമാത്രമായി ഇവർചെയ്യുന്ന ഇത്തരത്തിലുള്ള പാരമ്പര്യതൊഴിലുകൾക്ക് ആധുനിക രീതിയിൽ ഇത്തരം ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം കൊടുക്കുകയും ആവശ്യമായ വായ്പസഹായം ചെയ്തുകൊടുത്തുകൊണ്ടും ഈ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങളെ ആരംഗത്തേക്ക് ആകർഷിച്ച് ഇവരുടെയിടയിലുള്ള തൊഴിലില്ലായ്മക്ക് പരിഹാരം കാണാവുന്നതാണ്.

അതുപോലെതന്നെ തെങ്ങ് കയറ്റതൊഴിലാളികൾ ഏറ്റവും കൂടുതലായിട്ടുള്ളത് വേട്ടുവ സമുദായത്തിലാണ്. മാന്യമായ ഒരു കൂലി വ്യവസ്ഥ നിലവിലുണ്ടായിരുന്നിട്ടും വേണ്ടത്ര തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ആധുനിക രീതിയിലുള്ള തെങ്ങ് കയറാനുള്ള യന്ത്രങ്ങൾ ഉണ്ടായിരുന്നിട്ടും വേണ്ടത്ര യുവജനങ്ങൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ഭൂരിഭാഗം പേർക്കും തെങ്ങ് കയറാനുള്ള യന്ത്രത്തെക്കുറിച്ച് വേണ്ടത്ര പരിജ്ഞാനം ഇല്ല. പഞ്ചായത്തിലെ കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത ഈ യന്ത്രം വാങ്ങിയിട്ടുള്ളവർ ആകെ നാലുപേരാണുള്ളത്. അവരും ഇപ്പോൾ ഈ യന്ത്ര ഉപയോഗിക്കുന്നതായി കാണുന്നില്ല. ഇപ്പോൾ കോഴിക്കോട് തെങ്ങ് കയറ്റപരിശീലനത്തിനുള്ള കോളേജ് തന്നെ നിലവിൽ വന്നിരിക്കുകയാണ്. എന്നിട്ടുപോലും സമുദായങ്ങളിലെ യുവാക്കൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ഇപ്പോൾ ചിലഭാഗങ്ങളിൽ മറ്റു സമുദായങ്ങളിൽപ്പെട്ട ആളുകൾ ഈ രംഗത്തെ തൊഴിലിലേക്ക് മുന്നോട്ടുവരുന്നതായി കാണാവുന്നതാണ്. ഇവരുടെ സംസ്ക്കാരത്തിന്റെ ഭാഗമായി പുരാതന കലയായി കെട്ടി ആടിയിരുന്ന കാളി, മൂക്കാംചാത്താൻ, കരിങ്കാളി, കാളകളി, തിറ എന്നിവ ഉത്സവകാലങ്ങളിൽ എല്ലാ ക്ഷേത്രങ്ങളിലും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഈ ഉത്സവകാലഘട്ടങ്ങളിൽ ഈ കലകൾ എല്ലാം തന്നെതൊഴിലിന്റെ ഒരു ഭാഗമായിരുന്നു. എന്നാൽ ഇന്ന് പ്രായമായവർ മാത്രമാണ് നാമമാത്രമായി ഈ രംഗത്തുള്ളത്. യുവനങ്ങൾ തീരെ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ അതിപ്രധാനമായ ഒരു പാരമ്പര്യകലതന്നെയാണ് നമ്മുക്ക് നഷ്ടമാകുന്നത്. ഇത്തരത്തിലുള്ള ഈ കലകളും, ഇവർ നടത്തിയിരുന്ന പാരമ്പര്യതൊഴിലുകളുമെല്ലാം തന്നെ നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു. പഞ്ചായത്തിലെ പട്ടികജാതി സമുദായങ്ങളിലെ വളരെ നാമമാത്രമായ ആളുകൾ മാത്രമാണ് സർക്കാർ, സ്വകാര്യതലങ്ങളിൽ ഉന്നത ഉദ്യോഗങ്ങൾ വഹിക്കുന്നത്. ഇവർ മാത്രമാണ് പഞ്ചായത്തിൽ സാമ്പത്തികമായും, സാമൂഹികമായും വിദ്യാഭ്യാസപരമായും ഉന്നതനിലവാരം പുലർത്തിവരുന്നത്. ഈ പഞ്ചായത്ത് പരിധിയിൽ ഈ വിഭാഗത്തിൽപ്പെട്ട ഡോക്ട

ർമ്മാർ എഞ്ചിനീയർമാർ അദ്ധ്യാപകർ എന്നിവരും ഉണ്ടെങ്കിലും ഭൂരിഭാഗം പേരും വളരെയധികം പിന്നോക്കാവവസ്ഥയിലാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും അജ്ഞതകൊണ്ടും ബോധവൽക്കരണ കുറവുകൊണ്ടും പലർക്കും വേണ്ട വിധം ഉപയോഗപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല എന്നതാണ് വസ്തുത. അതുകൊണ്ട് തന്നെ ഈ വിഭാഗത്തിനുള്ള ആനുകൂല്യത്തെ കുറിച്ച് അടിയന്തിരമായി ബോധവൽക്കരണത്തിനുള്ള നടപടികൾ ചെയ്യേണ്ടതാണ്. പട്ടിക ജാതിയിൽപ്പെടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി എല്ലാ മേഖലകളിലും ഇവർക്ക് നാലിൽ ഒരു ഭാഗമെങ്കിലും സംവരണം ചെയ്യേണ്ടതാണ്.

കേരളത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, സാമൂഹികവും, സാമ്പത്തികവുമായി വളരെ പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരെ സാമൂഹികവും, സാമ്പത്തികവുമായ വികസനത്തിലൂടെ ദേശീയവികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി 1972ൽ രൂപംകൊണ്ടിട്ടുള്ള കേരള പട്ടിക ജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ഈ വകുപ്പിൽ നിന്നും ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് നാമമാത്രമായി ഉള്ള സഹായങ്ങളാണ് ലഭിക്കുന്നത്. നിരവധി പദ്ധതികൾ ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ആവശ്യക്കാർക്ക് ലഭിക്കുന്നില്ല.

## നടപ്പുപദ്ധതികൾ

### മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന പദ്ധതി

4-ാം സ്റ്റാൻഡേർഡ് പാസ്സായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ താമസസൗകര്യം, സൗജന്യപഠനം, യാത്രാബത്ത, വസ്ത്രം ഉൾപ്പെടെ എല്ലാ ചിലവുകളും സർക്കാർ വഹിക്കുന്ന പദ്ധതിയാണ്, മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന പദ്ധതി. ഈ പദ്ധതിയിൽ നിലവിലുള്ള വകയിരുത്തലിനേക്കാൾ കൂടുതൽ സംഖ്യ നീക്കി വെക്കേണ്ടതാണ്. അതുമാത്രമല്ല കുട്ടികളെ ബോർഡിംഗ് സ്കൂളുകളിൽ താമസിപ്പിച്ച് പഠിപ്പിക്കാൻ കൂടുതൽ താൽപര്യം കാണിക്കാനും അതിന് അവരെ പ്രേരിപ്പിക്കാനും വേണ്ടത്ര ബോധവൽക്കരണം ആവശ്യമാണ്.

## ഭവനനിർമ്മാണ ധനസഹായം

ഭവനരഹിതരായ സ്വന്തമായി ഭൂമി കൈവശമുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് സൗജന്യ ധനസഹായമായി നൽകിവരുന്ന 15,000/- രൂപവളരെ അപര്യാപ്തമാണ്. അതുകൊണ്ട് ധനസഹായപരിധി വർദ്ധിപ്പിക്കുകയും നിർമ്മാണസാധനങ്ങൾ കുറഞ്ഞ വിലക്ക് നൽകുന്നതിന് നിർമ്മിതി കേന്ദ്രത്തിന്റെ സഹായം ഉറപ്പു വരുത്തേണ്ടതുമാണ്. മാത്രമല്ല വേണ്ടത്ര പേർക്ക് ഈ ഭവനനിർമ്മാണ ധനസഹായം ലഭ്യമല്ല അതുകൊണ്ട് ഈ രംഗത്തേക്ക് കൂടുതൽ സംഖ്യ മാറ്റി വെക്കേണ്ടതാണ്.

## ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി.

ഭൂരഹിതരും, ഭവനരഹിതരുമായ പട്ടിക ജാതികുടുംബങ്ങൾക്ക് നാല് സെന്റ് സ്ഥലവും ഭവനനിർമ്മാണ ധനസഹായവും നൽകുന്ന പദ്ധതിയാണിത്. ഈ രംഗത്തേക്ക് മാറ്റിവെക്കുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കേണ്ടതാണ്. വകുപ്പിൽനിന്നും കൊടുക്കുന്ന 4 സെന്റ് സ്ഥലത്തിന് 10,000 രൂപയ്ക്ക് ഇന്ന് നാട്ടിൽ ഒരു സ്ഥലവും ലഭ്യമാകില്ല. ഈ പഞ്ചായത്തിൽ ഈ വകുപ്പിലേക്ക് നിരവധിപേർ അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ ആർക്കും തന്നെ ഇന്നുവരെ അനുവധിച്ചു കിട്ടിയിട്ടില്ല.

## ഭവനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ:

വെള്ളക്കെട്ട് പ്രദേശങ്ങളിൽ വസിക്കുന്ന പട്ടിക ജാതിക്കാരുടെ വീടുകൾ സംരക്ഷിക്കാനും, കുളിമുറി, അഴുക്കുചാലുകൾ, തറ ബലപ്പെടുത്തൽ എന്നിവയ്ക്കും ധനസാഹയം ലഭിക്കുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ നൽകുന്ന 2,000 രൂപ വളരെ പരിമിതമാണ്.

പ്രീ മെട്രിക്ക് ഹോസ്റ്റലുകൾ:

5 മുതൽ 10വരെ സ്റ്റാൻഡിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഭക്ഷണം, വസ്ത്രം, പോക്കറ്റ് മണി, യാത്ര, ബത്ത ഉൾപ്പെടെ എല്ലാ ചിലവുകളും സർക്കാർ വഹിക്കുന്ന പദ്ധതിയാണിത്. ഇപ്പോൾ ഈ പദ്ധതി പ്രകാരം കൊടുക്കുന്ന സംഖ്യ പരിമിതമാണ്. ഇതിനെസംബന്ധിച്ച് ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വേണ്ടത്ര ബോധവൽക്കരമം സ്കൂൾതലത്തിൽ കൊടുക്കേണ്ടതാണ്.

## നിർദ്ധനരായ പട്ടികജാതി ക്കാർക്ക് ചികിത്സക്കും വിവാഹ ത്തിനും ധനസഹായം നൽകുന്നപദ്ധതി.

ദരിദ്രരായ പെൺകുട്ടികളുടെ വിവാഹസ്ബന്ധ മായ ചെലവുകൾക്ക് 2,000 രൂപ ധനസഹായവും മാര കമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർക്ക് ചികിത്സക്ക് 1000. രൂപ ധനസഹായവുമാണ് നൽകി വരുന്നത്. നൽകി വരുന്ന തുക വളരെ പരിമിതമാണ്. മാത്രമല്ല കിട്ടി യാൽ തന്നെ ആവശ്യമുള്ള സമയത്തല്ല പണം ലഭിക്കു ന്നത് എന്നതും ഇതിന്റെ പോരായ്മയാണ്. സംഖ്യ വർദ്ധി പ്പിക്കുകയും ആവശ്യമായ സമയത്ത് സഹായം ലഭിക്കാ നുള്ള നടപടികളും ആവശ്യമാണ്.

## കിണറുകളും ശുദ്ധജല വിതരണവും

പട്ടിക ജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ കിണറുകൾ നിർമ്മിക്കുകയും ശുദ്ധജലവിതരണം നട ത്തുകയും ചെയ്യുന്ന പദ്ധതിയാണിത്. ഈ പദ്ധതികൊണ്ട് ഈ പഞ്ചായത്തിൽ താമസിക്കുന്ന ഹരിജൻ കുടുംബ ങ്ങൾക്ക് വേണ്ടത്ര സഹായം ഒന്നും ലഭിച്ചിട്ടില്ല. പദ്ധ തിമുഖാന്തരം ഹരിജൻ കോളനികളിൽ കുഴൽകിണറു കൾ നിർമ്മിച്ച് ഹാന്റ് പമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

## മത്സരപരീക്ഷകൾക്കും ഇന്റർവ്യൂവിനും പങ്കെടുക്കുന്നവർക്ക് യാത്രപ്പടി നൽകൽ.

പബ്ലിക്ക് സർവ്വീസ് കമ്മീഷനും മറ്റ് റിക്രൂട്ട്മെന്റ് ഏജൻസികളും നടത്തുന്ന മത്സര പരീക്ഷകളിലും കൂടി ക്കാഴ്ചകളിലും പങ്കെടുക്കുന്നവർക്ക് യാത്രാപ്പടി നൽകുന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽ ആർക്കും തന്നെ ധനസഹായം ലഭിച്ചതായി അറിവില്ല. പലർക്കും ഇത്തരം പദ്ധതിയെക്കുറിച്ച് അറിവില്ല. ഈ പദ്ധതി പ്രകാരം ഉദ്യോഗാർത്ഥികൾക്ക് തുക വിതരണം ചെയ്യു ന്നതിന് വളരെയധികം കാലതാമസം ഉണ്ടാകാറുണ്ട്. അതുകൊണ്ട് തന്നെ അർഹമായ തുക മുൻകൂറായി ഉദ്യോഗാർത്ഥികൾക്ക് Call Letter ന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് ധനസഹായം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു ഹരി ജൻ സർവ്വീസ് സഹകരണ സംഘ് തുടങ്ങേണ്ടതുണ്ട്.

## ഗ്രാമസഭാനിർദ്ദേശങ്ങളും സാധ്യതകളും

1. സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കപ്പെ ട്ടിട്ടുള്ള കോളനികൾ ഹരിജൻ കോളനികളായി അംഗീ കരിക്കണം.
2. കോളനികളിലേക്ക്, സഞ്ചാരയോഗ്യമായ റോഡുകൾ ഉണ്ടാക്കണം, ശുദ്ധജലം ലഭിക്കുന്നതിന് ആവശ്യമായ ഏർപ്പാടുകൾ ചെയ്യണം. വൈദ്യുതി എത്തിക്കുന്നതിനാ വശ്യമായ നടപടികൾ എടുക്കുക.
3. പഞ്ചായത്തിലെ മുഴുവൻ ഹരിജനകുടുംബങ്ങൾക്കും വൈദ്യുതി നൽകുന്നതിനാവശ്യമായ നടപടികൾ എടു ക്കണം.
4. ശവശരീരം മറവുചെയ്യുന്നതിനുള്ള പൊതു ശ്മശാനം പഞ്ചായത്തിൽ മൂന്ന് വാർഡുകൾക്ക് ഒരു ശ്മശാനം എന്ന രീതിയിൽ ഉണ്ടാക്കണം.
5. വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വെക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.
6. തുടർ വിദ്യാഭ്യാസത്തിന് വേണ്ട പ്രോത്സാഹനം നൽകണം. സാമ്പത്തിക സഹായവും നൽകണം.
7. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട്വെക്കുന്നതിനുള്ള സ്ഥലം വാങ്ങിച്ചുകൊടുക്കുന്ന തിനുള്ള സാമ്പത്തിക സഹായം നൽകണം.
8. പട്ടികജാതിക്കാരുടെ പഴയകാല നാടൻകലകൾക്ക് പ്രോത്സാഹനവും, സംരക്ഷണവും നൽകുകയും ഇത്തരം കലാകാരൻമാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്.
9. പഞ്ചായത്തിലെ ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തന ങ്ങൾ കൂടുതൽ വേഗത്തിൽ നടപ്പിലാക്കാനും അർഹത പ്പെട്ടവർക്ക് ലഭിക്കാനും വേണ്ടി പഞ്ചായത്ത് തലത്തിൽ പട്ടികജാതി ആപ്പീസ് സ്ഥാപിക്കണം.
10. പഞ്ചായത്തിൽ വിവിധമേഖലകൾ കണ്ടെത്തി തൊഴിൽ ലഭിക്കുന്നതിന് വേണ്ട വിവിധയിനം ചെറു കിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപി ക്കുക.
11. പഞ്ചായത്തിലുള്ള ജാതി അടിസ്ഥാനത്തിൽ ഏർപ്പെ ട്ടിരിക്കുന്ന കൊട്ടനെയ്ത്ത്, പരമ്പ് നെയ്ത്ത്, പായനെ യ്ത്ത് എന്നിങ്ങനെയുള്ള വിവിധയിനം തൊഴിലുകൾ പരിപോഷിക്കുന്നതിനും അവക്ക് ഒരു വിപണി കണ്ടെ ത്തുകയും വേണം.
12. ജാതി അടിസ്ഥാനത്തിൽ കാണിക്കുന്ന അവഗണന മാറ്റിയെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എടു ക്കണം.
13. ബാങ്കുകളിൽ സഹായത്തിന് വേണ്ടി സമീപിക്കുന്ന ഹരിജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തേണ്ടതാണ്.
14. അനധികൃത മദ്യവിൽപ്പനതടയേണ്ടതാണ്. സമ്പൂർണ്ണ മദ്യനിരോധനവും നടപ്പിൽ വരുത്തേണ്ടതാണ്.

# വിഭവസമാഹാരം

## ആമുഖം

പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ധനം ആവശ്യമാണ്. ഇതിനാവശ്യമായ ധന സമാഹരണം അഥവാ വിഭവസമാഹരണമാണ് ഇതിലെ പ്രതിപാദ്യവിഷയം. വിവിധ നികുതിയിനത്തിലും സർക്കാർഫണ്ടിൽ നിന്നും സർക്കാർ നികുതിയുടെ വിഹിതമായും ലഭിച്ച വരവിൻെറ കഴിഞ്ഞ അഞ്ച് വർഷത്തെ വിവരങ്ങൾ പട്ടികയായി കൊടുത്തിട്ടുണ്ട്. അടുത്തഘട്ടത്തിൽ പഞ്ചായത്തിൻെറ വിവിധ ചിലവുകളെ കുറിച്ചുള്ള വിവരണമാണ്. അതോടൊപ്പം തന്നെ വിവിധ ചിലവുകളുടെ പട്ടികയും വിശദീകരണവും നൽകിയിരിക്കുന്നു. ഇതുവരെ ഉണ്ടായിരുന്ന പരിമിതമായ ധനകാര്യ അവകാശങ്ങളിൽ നിന്നും വ്യത്യസ്തമായി മാറിയ സാഹചര്യങ്ങളിൽ പഞ്ചായത്തിൻെറ വരുമാനമാർഗ്ഗങ്ങൾ എങ്ങനെ വർദ്ധിപ്പിക്കാമെന്ന് ഏറ്റവും പ്രധാന ചിലവിനമായ എസ്റ്റാബ്ലിഷ്മെൻെറ ചിലവുകൾ.

ഒരു പരിധിക്കുളിൽ നിലനിർത്തികൊണ്ട് പഞ്ചായത്ത് വികസനത്തിനുവേണ്ടി ചിലവഴിക്കുന്ന തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങളടങ്ങുന്ന അടുത്തഭാഗമാണ് റിപ്പോർട്ടിൻെറ കാതൽ. പഞ്ചായത്തിൻെറ വിഭവസമാഹരണത്തിലോ വികസനപരമായ ചിലവുകളുമായി നേരിട്ടോ ബന്ധമില്ലാത്തതും എന്നാൽ മൊത്തം വികസന പ്രക്രിയയിൽ സ്വാധീനം ചെലുത്തുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കുറിച്ചാണ് റിപ്പോർട്ടിൻെറ അടുത്ത ഭാഗം. പഞ്ചായത്തിൽ വിദേശത്ത് ജോലി ചെയ്യുന്നവരെകുറിച്ചും അവർ ചെലുത്തുന്ന സാമ്പത്തിക- സാമൂഹിക സ്വാധീനത്തെകുറിച്ചും വ്യക്തമായി പ്രതിപാദിക്കാതെ റിപ്പോർട്ട് പൂർണ്ണമാകുന്നില്ല. കഴിഞ്ഞകാലത്തെ പഞ്ചായത്തിൽ നടന്നിട്ടുള്ള സന്നദ്ധപ്രവർത്തനങ്ങളെ കുറിച്ചുള്ള കാര്യങ്ങളും ഭാവിയിൽ അത് കൂടുതൽ കാര്യക്ഷമമായി നടത്തുവാനും ഉള്ള സാദ്ധ്യതകൾ വിലയിരുത്തുകയാണ് റിപോർട്ടിൻെറ അവസാനഭാഗം.

## പഞ്ചായത്തിൻെറ വരുമാനമാർഗ്ഗങ്ങൾ

പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതിയിനത്തിലാണ്. മററു പ്രധാന വരുമാനമാർഗ്ഗങ്ങൾ പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന കുളങ്ങളിലെ മത്സ്യലേലം, ഫലവൃക്ഷലേലം, മുതലായവയിൽ നിന്നുള്ള വരുമാനം, തൊഴിൽ നികുതി, വിനോദനികുതി, പ്രദർശന നികുതി, ലൈസൻസ് ഫീ, ഡിപ്പോസിറ്റ് എന്നിവയാണ്.

| വർഷം | 9192 | 9293 | 9394 | 9495 | 9596 |
|---|---|---|---|---|---|
| കെട്ടിടങ്ങളുടെ എണ്ണം | 4480 | 4551 | 4555 | 4005 | 4662 |
| നികുതി Rs | 181968 | 193150 | 269340 | 278186 | 3,01,46395 |
| Average | 4060 | 4245 | 59 | 60.4 | 64.66 |

പഞ്ചായത്തിന് സർക്കാരിൽനിന്ന് ലഭിക്കുന്ന മറ്റു ഫണ്ടുകൾ താഴെ പറയുന്നവയാണ്. 1 ഗ്രാമീണ രോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള വിഹിതം (village Roads Maintanance) 2. ചെറുകിട ജലസേചനത്തിനുള്ള ഫണ്ട്(Minor irrigation) 3. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ(VTC)അതായത് പഞ്ചായത്തിലുള്ള വാഹനങ്ങളുടെ ടാക്സിൻെറ ഇരുപത്തഞ്ച് ശതമാനം. 4.വസ്തുകൈമാറ്റ നികുതിയിലും സ്റ്റാമ്പ്ഡ്യൂട്ടിയിലുള്ള വരുമാനത്തിൻെറ മുഴുവൻ പട്ടിക മുകളിൽ ചേർത്തിരിക്കുന്നു.

(പട്ടിക 1.2.3)

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 181968 | 193160 | 269340 | 278186 | 301463.95 |
| സർവീസ് ചർജ്ജ് | | | | | |
| തൊഴിൽ നികുതി | 37910 | 41120 | 44765 | 52095 | 60999 |
| വിനോദ നികുതി | -- | -- | 11908 | 5479 | 7471 |
| അഡീ. വി. നികുതി | -- | -- | 7175 | 3309 | 4512 |
| പ്രദർശന നികുതി | -- | -- | 1158 | 485 | 1060 |
| ലൈസൻസ് ഫീ | 4734 | 10602 | 12320 | 12517 | 12126 |
| വസ്തു കൈമാററ നികുതി 75% | 145764 | 72055 | 126239 | 114747. | 86176 |
| ,, ,, 25 % | 50,000 | 50000 | 15000 | 50000 | 66890 |
| ഡെപോസിറ്റ് | 20557 | 22970 | 12035 | 19288 | 13850 |
| മറ്റുള്ളവ | 13110 | 15351 | 24268 | 13932 | 120642 |
| അൺടൈഡ് ഫണ്ട് | 176000 | 184500 | 192600 | 263000 | 274700 |
| ഗ്രാൻറ് | 67180 | 17770 | 526441 | 64252 | -- |
| ആകെ | 697229 | 607468 | 1378249 | 877290 | 95889.95 |

1991-92 മുതൽ 1995 വരെ പഞ്ചായത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെ എണ്ണവും അവയിൽ നിന്നും പിരിച്ചെടുത്ത നികുതിയും ശരാശരി നികുതിയും മുൻ പട്ടികയിൽ കൊടുത്തിയിരിക്കുന്നു. 5 വർഷത്തിനിടയിൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് കാണാനില്ല. തൊഴിൽ നികുതിയിൽ ക്രമാനുഗതമായ വർദ്ധനവുണ്ട്. വിനോ

ദനികുതി, അർദ്ധവിനോദനികുതി, പ്രദർശനനികുതി എന്നിവയിലുള്ള വരുമാനം നാമമാത്രമാണ്. ഈ ഇനത്തിൽ 93-94 ന് മുൻപ് യാതൊരു വരുമാനവും ഇല്ല. പഞ്ചായത്തിൽ നിലവിൽ വന്ന ഒരു സിനിമാതിയ്യറ്ററിൽ നിന്നുളള വരുമാനമാണ് ഈ നികുതിയിനങ്ങളിൽ വരുന്നത്. ലൈസൻസ് ഫീ 91-92ലെ 4734 രൂപയിൽ നിന്ന് 95-96 ൽ എത്തിയപ്പോൾ 12,126 രൂപയായി വർദ്ധിച്ചിട്ടുണ്ട്. വസ്തുത കൈമാറ്റ നികുതി പഞ്ചായത്തിൻെറ നേരിട്ടുള്ള വരുമാനമല്ല. പഞ്ചായത്തിലെ മരാമത്തു പണികൾക്ക് നിരതദ്രവ്യമായി കെട്ടിവെയ്ക്കപെടുന്ന തുകയാണ് ഡിപ്പോസിറ്റ് ഇനത്തിൽ വരുന്നത്. ഇത് തിരിച്ച് നൽകേണ്ട തുകയാണ്. മറ്റുള്ളവ 94-95 വരെ കാര്യമായ വ്യതിയാനമില്ല. എന്നാൽ 95-96ൽ അത് 1,20,642 രൂപയാണ്.

1-15 ലേല വരുമാനം സബന്ധിച്ച കണക്കുകൾ

ചന്ത സ്റ്റാൾ ചവറ് പട്ടമരങ്ങൾ ഫലവൃക്ഷങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ് & കടകൾ മറ്റുള്ളവ ആകെ

1 2 3 4 5 6 7 8

1714 മത്സ്യം ഫലവൃക്ഷം

| വർഷം | VRM | M1 | VTC | 25% | 75% | SP.GRANT | JRY | അൺടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|---|---|
| 90-91 | 27745 | 7350 | 31924 | - | 62613 | - | 286413 | 170000 | |
| 91-92 | 29941 | 7350 | 17,252 | 80,000 | 65764 | | 289721 | 176000 | |
| 92-93 | 29320 | 7350 | 34135 | 50000 | 72035 | | 291563 | 128500 | |
| 93-94 | 28994 | 7350 | 4,00000 | 150000 | 39025 | | 329619 | 192600 | |
| 94 95 | 29557 | 7350 | -- | 50000 | 95000 | | 275875 | 257000 | |
| 95 96 | 29163 | 7350 | 150218 | 66890 | 69771 | | 246500 | 274700 | |

JRY പദ്ധതി അനുസരിച്ചുള്ള പഞ്ചായത്തിൻെറ വരുമാനം 1993-94 വർഷത്തിനുശേഷം ക്രമമായി കുറഞ്ഞുവരുന്നതായി കാണാം. ഇതിനുള്ള കാരണം, അനുവദിച്ച തുക പൂർണ്ണമായി ഹരിജനങ്ങൾ ഉപയോഗപ്പെടുത്താതെ പോയതാണ്. അതിനനുസൃതമായി സർക്കാർ അനുവദിക്കുന്ന സംഖ്യയിലും കുറവ് വരുത്തി.

പട്ടിക 1.16 ൽ സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാൻറുകളുടേയും മറ്റും വിവരങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിൽ ഒന്നാം കോളത്തിൽ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റ പണികൾക്കുള്ള തുകയാണ് രണ്ടാം കോളത്തിൽ ചെറുകിട ജലസേചനത്തിനുള്ള തുക വക കൊള്ളിച്ചിരിക്കുന്നു. സ്പെഷ്യൽ ഗ്രാൻറുകളൊന്നും രേഖപ്പെടുത്താനില്ല. 8-ാം കോളത്തിൽ കൊടുത്തിരിക്കുന്ന ധനസഹായം പഞ്ചായത്തിന് യുക്തമായ രീതിയിൽ ഏതു വികസനത്തിനും ചിലവഴിക്കാം. 7-ാം കോളത്തിൽ വരുന്ന വരുമാനം സർക്കാർ നിർദ്ദേശപ്രകാരം നിർദ്ദിഷ്ട മേഖലയിൽ ചിലവഴിക്കേണ്ടതാണ്.

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഭരണം | 247609 | 254400 | 286525 | 290105 | 379236 |
| പൊതുമരാത്ത് | 51002 | 40864 | 276041 | 561301 | 631232 |
| മൈനർ ഇറിഗേഷൻ | 13813 | 3081 | 7449 | 5502 | |
| വിദ്യാഭ്യാസം | 11356 | 11719 | 8382 | 11825 | 19687 |
| ജലവിതരണം | 49074 | 5709 | 50470 | 66705 | 61620 |
| ഓടകൾ പൊതുജനാരോഗ്യം | 833 | 5987 | 3158 | 5502 | 2401 |
| തെരുവ് വിളക്ക് കത്തിക്കൽ | 23080 | 36786 | 35244 | 35244 | 36454 |
| ഫിനാൻഷ്യൽ എയിഡ്സ്റ്റു കില | -- | -- | 15000 | -- | -- |
| മറ്റുള്ളവ | 27878 | 34249 | 36448 | 41573 | 24211 |
| ഇലക്ഷൻ ചിലവ് | 27783 | -- | -- | --- | --- |
| ഫർണീച്ചർ, ബുക്സ് | -- | 42849 | 15066 | -- | -- |
| ഡെപ്പോസിറ്റ് റീഫണ്ട് | 22691 | 21847 | 19571 | 11470 | 17836 |
| അൺ ടൈഡ് ഫണ്ട് | 176000 | 184500 | 192600 | 168980 | 177367 |
| ആകെ | 651119 | 641997 | 945954 | 1198207 | 1350044 |

ഭരണച്ചിലവിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തുന്നതാണ് മേൽ പട്ടിക. 91-92, 93-94 എന്നീ വർഷങ്ങളിൽ പൊതുമരാമത്തിന് ചിലവഴിച്ച തുക വളരെ കുറവാണെന്നാണ്. 95-96ൽ ഈ ഇനത്തിൽ ചിലവഴിക്കപ്പെട്ടത് 6,31,232 ആണ്. മൈനർ ഇറിഗേഷന് (ചെറുകിട ജലസേചനം) പട്ടിക 1.16 പ്രകാരം അനുവദിക്കപ്പെട്ട തുക മുഴുവനും ചില വർഷങ്ങളിൽ ചിലവഴിച്ചു കാണുന്നില്ല. മാത്രമല്ല 95-96 മുതൽ ഈ ഇനത്തിൽ ഒന്നും തന്നെ ചിലവഴിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്ന തുക പ്രധാനമായും സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ളതാണ്. 93-94ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷന് 15,000 രൂപ നൽകിയിട്ടുണ്ട്. മറ്റുള്ള ചിലവുകൾ എന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. പുസ്തകം, ഫർണീച്ചറുകൾ എന്നിവ പഞ്ചായത്ത്

ലൈബ്രറി ചിലവുകളാണ്. നിരതദ്രവ്യമായി കെട്ടിവെച്ച തുക തിരിച്ചുകൊടുത്തതിന്റെ കണക്കുകളാണ് ഡിപ്പോസിറ്റ് റീഫണ്ടിൽ ഉൾപെടുത്തിയിട്ടുള്ളത്.

| ഭരണച്ചിലവുകൾ 95-96 | |
|---|---|
| സിറ്റിങ്ങ് ഫീസ് പ്രസിഡൻറ് & മെമ്പർമാർ | 50172.00 |
| യാത്രാ ചിലവുകൾ പ്രസിഡൻറ് & മെമ്പർമാർ | 5,027.00 |
| പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം | 2,35,017.00 |
| സ്റ്റാഫ് യാത്രാ ചിലവുകൾ | 2,513.00 |
| സിക്രട്ടറിയുടെ ശമ്പളം<br>യാത്രാചിലവുകൾ | 87,388.00<br>1632.00 |

പഞ്ചായത്തു രാജ നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| കൃഷി | | | 158919 |
| ഹരിജനക്ഷേമം | | | 500 |
| വിധവാ പെൻഷൻ | | | 15000 |
| വാർദ്ധക്യകാലപെൻഷൻ | | | 26000 |
| വിധവകളുടെ മക്കളുടെ വിവാഹം | | | 2000 |
| ക്ഷീര വ്യവസായം | | | 1850 |

പട്ടിക 1.25

| | പൊതുകണക്ക് | മൂലധനക്കണക്ക് | കടം വരുത്തിവെച്ച വിവരങ്ങൾ |
|---|---|---|---|
| വരവ് | 2430250 | 1225000 | 40,000 |
| ചെലവ് | 577600 | 1318500 | 40,000 |

## 1.26

പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ 95-96 യഥാർത്ഥ ചിലവ്

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | ഗ്രാൻറ് തുക | പഞ്ച.ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 84750 | 29557 | 65987 | 95544 |
| തോട് | | | | |
| കെട്ടിടം | | | | |
| നടപ്പാലം | | | | |
| മറ്റുള്ളവ | | | | |
| ആകെ | 84750 | 29557 | 65987 | 95544 |

1.28 ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ പേര് | ജനറൽ | | SC/ST | |
|---|---|---|---|---|
| | എസ്റ്റമേറ്റ് | നൽകിയത് | എസ്റ്റമേറ്റ് തുക | നൽകിയതം |
| വിവിധ വാഡുകളിൽപെട്ട 4 പട്ടിക ജാതികുടുംബക്കാർക്ക് 15,800 രൂപ നിരിക്കിൽ 4 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം | | | 63200.00 | 51,800.00 |
| 4-ാം വാർഡിൽ 1200 മീറ്റർ ദൂരമുള്ള കാവിലകാട് അമ്പലം റോഡ് പണി | 232,100 | 1,15,000 | | |
| ലൈബ്രറി കം സാംസ്കാരിക നിലയം ഇലക്ട്രിഫിക്കേഷൻ | 20,000 | | | |
| ഹോമിയോ ഡിസ്പെൻസറി ഇലക്ട്രിഫിക്കേഷൻ | 25,000 | | | |

# വിഭവ സമാഹരണം വിലയിരുത്തൽ

പഞ്ചായത്തിലെ ജനകീയാസൂത്രത്തിൻെറ ഭാഗമായി പഞ്ചായത്തിൻെറ കഴിഞ്ഞ 10 വർഷത്തെ വിഭവ സമാഹരണ സംബന്ധമായ വിവരങ്ങൾ പഠിക്കുകയും വിശകലനം ചെയ്യുകയുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വരുമാനത്തെക്കുറിച്ച് മാത്രമല്ല മുൻപത്തെ 10 വർശത്തെ ചിലവുകളെപ്പറ്റിയും വിശദമായ ഒരു പഠനം ആവശ്യമാണ്. എന്നാൽ മാത്രമേ മുൻകാല പാളിച്ചകളിൽ നിന്ന് പാഠമുൾക്കൊണ്ട് കൂടുതൽ കർമ്മ നിരതമായി മുന്നോട്ടു പോകാനാവൂ.

പഞ്ചായത്തിലെ പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതി തന്നെയാണ്. ഇതിൽ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ കൃത്യമായും ലഭ്യമാണ്. അവസാനമായി വീട്ടു നികുതി വർദ്ധിപ്പിച്ചത് 93ൽ ആണ്. കെട്ടിന നികുതി യഥാസമയം സമാഹരിക്കാൻ കഴിയുന്നുണ്ട് എന്നത് സ്തുത്യർഹമാണ്. കെട്ടിടന നികുതി നിർണ്ണയിക്കുന്നതിൽ കാര്യമായ പാകപിഴകൾ മുൻകാലങ്ങളിൽ വന്നിട്ടുണ്ട് എന്ന് പരാതി നിലനിൽക്കുകയാണ്. അടിസ്ഥാന മാനദയണ്ഡങ്ങൾ നികുതി നിർണ്ണയത്തിൽ കൃത്യമായി എല്ലായ്പ്പോഴും പാലിക്കപ്പെട്ടിട്ടുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ടു തന്നെ പല വീടുകൾക്കും നികുതി കുറവാണ്. ഇത് മൂലം പഞ്ചായത്തിൻെറ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിന്മേലുള്ള സർചാർജ്ജ്) ചട്ടങ്ങൾ അനുസരിച്ച് 5 വർഷത്തിൽ ഒരിക്കൽ മാത്രമേ നികുതി വർദ്ധനവ് നടപ്പാക്കാനാവൂ. അടുത്തി നികുതി വർദ്ധനവിൻെറ അവസരത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾ കണക്കിലെടുത്തുകൊണ്ട് നികുതി ഘടന പുനപരിശോധിക്കേണ്ടതാണ്. വിസ്തീർണത്തിലും കെട്ടിലും മട്ടിലും ഏതാണ്ട് ഒരുപോലെയുള്ള വീടുകൾക്ക് നികുതിയിൽ വൻ വ്യത്യാസം ന്യായീകരിക്കാവുന്നതല്ല. നികുതി നിർണ്ണയിക്കുന്നത് വീടിൻെറ പരിപൂർണ്ണ നിർമ്മാണം അവസാനിച്ചതിനു ശേഷമായിരിക്കണം. താല്കാലികമായ വീട്ടുനമ്പർ അനിവദിക്കുന്നതിൽ തെറ്റില്ല. വൈദ്യുതി കണക്ഷന് ഇതാവശ്യമാണല്ലോ. വളരെയധികം എസ്റ്റിമേറ്റ് വരുന്ന വീടുകൾക്ക് പരമാവധി നികുതി ചുമത്താവുന്നതാണ്. ചിലവ് കുറഞ്ഞ വീടുകൾക്ക് നികുതിനിരക്ക് കുറച്ചു നൽകാൻ ശ്രമിക്കേണ്ടതാണ്.

നികുതിയോടൊപം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് പരിപൂർണ്ണമായി പഞ്ചായത്തിന് ലഭ്യമാക്കണം. അതിനുള്ള നിയമനിർമ്മാണം ആവശ്യമാണ്. പഞ്ചായത്തിൽ തന്നെ നിലനില്ക്കുന്ന ലൈബ്രറികളുടെ വികസനത്തിനു വേണ്ടി ഈ തുക വിനിയോഗിക്കേണ്ടതാണ്.

തൊഴിൽ നികുതിയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇനിയും കുറച്ച് പേരെങ്കിലും പരിധിക്ക് പുറത്തുണ്ടെന്ന് വേണം വിചാരിക്കാൻ. വിനോദ നികുതിയിനത്തിൽ പഞ്ചായത്തിലുള്ള സാദ്ധ്യതകൾ ഇപ്പോൾ കുറവാണ്. പഞ്ചായത്തിൽ മുൻപ് പ്രവർത്തിച്ചിരുന്ന സിനിമാ തിയേറ്റർ ഇന്ന് പ്രവർത്തിക്കുന്നില്ല.

ലൈസൻസ് ഫീസിനത്തിലുള്ള വരുമാന വർദ്ധനവിനുള്ള സാദ്ധ്യതകൾ വിരളമാണ്. എങ്കിലും ഈ പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾ ഇനിയുമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## ചിലവ് സംബന്ധമായ വിലയിരുത്തൽ

ഭരണ സംബന്ധിച്ച 1.1 പട്ടികയിൽ ഭരണച്ചിലവ് വരുമാനത്തിൻെറ 63.33 ആണെന്നു കാണുന്നു. ഭരണച്ചിലവ് വഹിക്കാൻ വേണ്ടി മാത്രം വരുമാനം ഉണ്ടാക്കേണ്ട സ്ഥിതിയിലാണ് പഞ്ചായത്ത് എന്ന് കാണുന്നു. 95-96 ലെ ഭരണച്ചിലവുകൾ ഒരു പട്ടികയായി കൊടുത്തിട്ടുള്ളത് ശ്രദ്ധിച്ചു കാണുമല്ലോ. എന്നാൽ മുൻ വർഷങ്ങളിലെ ഭരണച്ചിവുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമായില്ല. അതുകൊണ്ട് മുൻ വർഷങ്ങളിലെ ഭരണച്ചിലവ് വരുമാനത്തിൻെറ എത്ര ശതമാനം വരുമെന്നം കണക്കാക്കുവാൻ സാധിക്കുന്നില്ല. ഓഫീസ് ജീവനക്കാരുടെ ശംബളം തന്നെയാണ് പ്രധാന ഭരണച്ചിലവിനം. ഇന്നത്തെ നിലയിൽ ഇത് കുറയ്ക്കാനാവുമെന്ന് തോന്നുന്നില്ല. ഓഫീസ് പ്രവർത്തനത്തിൽ കമ്പ്യൂട്ടറിൻെറ ഉപയോഗം അത്യാവശ്യമാണ്. കാര്യങ്ങൾ സുഗമമാക്കാനും സുതാര്യമായ സോഫ്റ്റ് വെയർ സംസ്ഥാനസർക്കാർ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ സർവ്വീസുള്ള സൂപ്പർ ഗ്രേഡിലെത്തിയ ഓഫീസ് ജീവനക്കാരെ ആർത്താറ്റിലെ കുറഞ്ഞ വരുമാനമുള്ള പഞ്ചായത്തുകളിലെക്ക് നിയമിക്കരുതെന്ന് ഒരഭിപ്രായമുണ്ട്. നികുതി പിരിവ് മുതലായ മേഖലയിൽ ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് പൊതുജന പങ്കാളിത്തം ഉൾപ്പെടുത്തേണ്ടതാണ്. നികുതി, വികസന പ്രവർത്തനങ്ങൾക്കുള്ളതാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. വാർഡ് പ്രതിനിധികൾക്ക് ഇതിൽ പ്രധാന പങ്കു വഹിക്കുവാൻ കഴിയേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാന വികസനച്ചിലവ് പൊതുമരാമത്തിനാണ്. മരാമത്തു പണിയെന്നാൽ പ്രധാനമായും റോഡു പണിതന്നെയാണ്. 91-92 മുതൽ 95-96 വരെ പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച തുക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (പട്ടിക 1.24) 95-96 ലെ പൊതുമരാമത്തു പണി സംബന്ധിച്ച വിവരങ്ങൾ എന്ന പട്ടികയിൽ (പട്ടിക 1.26) നിന്നു ആ വർഷത്തെ മരാമത്തു പണികളെക്കുറിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നില്ല. ഏതെല്ലാം പണികളാണ് നടത്തിയത്, ഓരോന്നിൻേറയും എസ്റ്റിമേറ്റ് എത്ര, പഞ്ചായത്തു നേരിട്ടോ കോൺട്രാക്ട് വഴിയാണോ നടത്തിയത് എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മരാമത്തു പണികളെ വിലയിരുത്തേണ്ടത് ചിലവഴിച്ച തുകയെ മാത്രം ആധാരമാക്കിയല്ല. മരാമത്തു പണികൾ കൊണ്ടുള്ള ഗുണം ജനങ്ങൾക്ക് എത്ര കാലത്തേക്ക് ലഭിക്കും അല്ലെങ്കിൽ ലഭിച്ചു എന്നതിനെ ആശ്രയിച്ചും, എസ്റ്റിമേറ്റ് തുകയിൽ എത്രകണ്ട് അവിടെ ഉപയോഗപെടുത്തി എന്നതിനെ ആശ്രയിച്ചുമാണ്. മരാമത്തു പണികളെ വിലയിരുത്തേണ്ടത്. മേൽ പറഞ്ഞ കാര്യങ്ങളിൽ വലിയ ജനകീയ പങ്കാളിത്തം ആവശ്യമാണ്. ഇതുകൊണ്ട് തന്നെ കഴിഞ്ഞ പത്ത് വർഷമായി നടത്തിയിട്ടുള്ള മരാമത്തു പണികളെ പരിപൂർണ്ണമായി വിശകലനം നടത്തേണ്ടതാണ്.

പഞ്ചായത്തിലുള്ള ഇപ്പോഴത്തെ തെരുവുവിളക്കുകളുടെ എണ്ണം 219 ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിന് പഞ്ചായത്ത് അടക്കുന്ന തുകക്ക് തത്തുല്യമായ സേവനം ലഭ്യമല്ല. തെരുവുവിളക്കുകൾ ഭൂരിപക്ഷവും കത്താത്തവയാണ്. ഈ കാര്യത്തിൽ കർശനമായ നിലപാട് പഞ്ചായത്ത് കമ്മറ്റി എടുക്കേണ്ടതാണ്. ജനകീയ സഹകരണവും ഇതിന് ആവശ്യമായ വളരെ അത്യാവശ്യമാണ്.

പഞ്ചായത്തിൽ ഇപ്പോൾ ഒരു ദേശസാൽകൃത ബാങ്ക് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റു രണ്ടു ബാങ്കുകളുടെ സേവന മേഖലയാണ് ഈ പഞ്ചായത്ത്. ഇന്ത്യൻ ബാങ്കും, കാത്തലിക് സിറിയൻ ബാങ്കും. ഇതു കൂടാതെ ആർത്താറ്റ് അഞ്ഞൂർ സഹകരണ ബാങ്കും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഏതാണ്ട് 15 ഓളം ഈ പഞ്ചായത്തിലുണ്ട്. ഈ മേഖലയിൽ നിന്ന് ബാങ്കുകളിൽ കൂടാതെ പഞ്ചായത്തിന് പുറത്തുള്ള ധനകാര്യ സ്ഥാപനങ്ങളിൽ മുടക്കിയിട്ടുള്ള പണത്തെക്കുറിച്ചു ഏകദേശ ധാരണ ഉണ്ടാക്കിയെടുക്കുക ശ്രമകരമാണ്. ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം സ്റ്റേറ്റ് ശരാശരിയേക്കാൾ വളരെ താഴ്ന്നതാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പലിശനിരക്ക് വളരെ ഉയർന്നതാണ്. ഇതു കൂടാതെ പണം പലിശക്ക് നൽകുന്ന വ്യക്തികളും ഏജൻസികളും ധാരാളമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാർ ഇവരിൽ നിന്നും പണം പലിശക്കെടുക്കുന്നതുമൂലം കടക്കെണിയിൽ അകപ്പെടുന്നു. വസ്തുവിന്റെ ആധാരം രജിസ്റ്റർ ചെയ്തു കൊടുത്തിട്ടുവരെയാണ് കടം ലഭിക്കുന്നത്. വസ്തു നഷ്ടപെടുക എന്നതു തന്നെ അന്തിമ ഫലം. പലരുടേയും പലിശനിരക്ക് 100% വരെ വരും. ആഗോള കടക്കണിയെക്കുറിച്ച് വാചാലമാകുന്നവർവരെ പ്രാദേശിക കടക്കെണിയെക്കുറിച്ച് മൗനം പാലിക്കുന്നു.

താഴെക്കിടയിലുള്ള ആളുകളുടെ ദുസ്ഥിതി മാറ്റിയെടുക്കാൻ ഔപചാരിക മേഖലയിൽ നിന്ന് കൂടുതൽ വായ്പ ലഭിക്കാനുള്ള സാദ്ധ്യതകൾ ആരായേണ്ടിയിരിക്കുന്നു. ഒരു വ്യക്തമായ പഠനത്തിന്റെ മുന്നോടിയായി കടബാദ്ധ്യതകളെക്കുറിച്ച് ഒരു സാമ്പിൾ സർവ്വെ നടത്തെണ്ടതാണ്.

ഈ മേഖലയിൽ നിന്നും ഗൾഫ് മേഖലയിലേക്ക് കുടിയേറ്റം ഉണ്ടായിട്ടുണ്ട്. യുവജനങ്ങളിൽ 10 ശതമാനം പേർ ഗൾഫ് രാജ്യങ്ങളിൽ ഉണ്ടെന്നാണ് ഒരു ഏകദേശ കണക്കുകൂട്ടൽ. എന്നാൽ അടുത്ത കാലത്തായി വളരെയധികം ആളുകൾ മടങ്ങിയെത്തിയിട്ടുണ്ട്. ഗൾഫിൽ പണിയെടുക്കുന്നവർ വ്യാവസായിക മേഖലയിൽ ഒന്നും തന്നെ മുതൽ മുടക്കിയിട്ടില്ല എന്നു തന്നെ പറയാം. കെട്ടം പണിയുന്നതിനും ഭൂമി വാങ്ങുന്നതിനും പണസ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ച് ഉയർന്ന പലിശ വാങ്ങുന്നു. പൊതു പ്രവർത്തനങ്ങൾക്ക് പലരും സംഭാവന നൽകാറുണ്ട്. ശരിയായ ലക്ഷ്യബോധത്തോടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമത്തിൽ ഇവരുടെ പങ്കാളിത്തം ലഭ്യമായേക്കാം.

സംഭാവനകളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനം നടത്താനുള്ള സാദ്ധ്യതകൾ കുറവാണ്. കാരണം സർക്കാർ വികസനത്തിനുപയോഗിക്കുന്ന ധനം നികുതിയിലൂടെ തന്നെയാണ് സമാഹരിക്കുന്നത് എന്ന ബോധം എല്ലാവർക്കുമുണ്ട്. ഇങ്ങിനെ സമാഹരിക്കുന്ന പണത്തിന്റെ വളരെ ചെറിയൊരംശം മാത്രമേ വികസനത്തിൽ എത്തിച്ചേരുന്നുള്ളു എന്ന ബോധം രൂഢമായിട്ടുണ്ട്. എങ്കിലും പ്രാദേശികമായ വികസനത്തിൽ ചെറിയ തോതിൽ സംഭാവനകൾ സമാഹരിക്കാൻ സാദ്ധ്യതയുണ്ട്.

ഇന്ദിരാ വികാസ് പത്രയിലൂടെ സ്വരൂപിക്കുന്ന പണത്തിന്റെ 15 മുതൽ 25% വരെ പഞ്ചായത്തിനു ലഭിക്കാനുള്ള ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. പക്ഷേ പഞ്ചായത്തിനുള്ളിലുള്ള പോസ്റ്റാഫീസുകൾ വഴിയുള്ള നിക്ഷേപം ഈ മേഖലയിലുള്ള പോസ്റ്റ് ഓഫീസുകൾ വഴിയാക്കാൻ ബന്ധപ്പെട്ട എല്ലാ ഏജൻറുമാരുടേയും യോഗം വിളിച്ചു ചേർത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വികസനത്തിന്റെ പ്രവകർത്തനങ്ങളിൽ പ്രാദേശികമായ പങ്കാളിത്തം ഉറപ്പുവരുത്തെണ്ടിയിരിക്കുന്നു. പ്രാദേശികമായി നടക്കുന്ന മരാമത്ത് വികസന പ്രവർത്തനങ്ങളെക്കുറിച്ച് മുൻകൂട്ടിതന്നെ ആ പ്രദേശത്തുള്ളവരെ വേണ്ട വിധത്തിൽ ബോധവൽക്കരിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ സാദ്ധ്യമായാൽ പഞ്ചായത്തിന്റെ വികസനം ത്വരിത ഗതിയിൽ പുരോഗമിക്കുമെന്ന് ആശിക്കാം.

സാധ്യതകൾ

ഓരോ വാർഡിലും രണ്ടോ മൂന്നോ മഹിളാപ്രധാൻ ഏജൻറുമാരെ തെരഞ്ഞെടുത്തുകൊണ്ട് എല്ലാ വാർഡുകളിലും എല്ലാ വീട്ടിൽ നിന്നും ചുരുങ്ങിയത് 5 രൂപ നിരക്കിൽ ഓരോ ദിവസവും പിരിച്ചെടുത്ത് IVP പദ്ധതിയിൽ ഡെപ്പോസിറ്റ് ചെയ്യിപ്പിച്ചാൽ ഡെപോസിറ്റിന്റെ 25% പഞ്ചായത്തിന് നൽകുന്നതുകൊണ്ട് ആ സംഖ്യ ഉപയോഗിച്ച് പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയും വാർജിൽ ഈ പദ്ധതിമുഖേന രണ്ടോ മൂന്നോ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കാനും സാധിക്കുകയും ചെയ്യും. IRDP ലിസ്റ്റിൽപ്പെട്ട എല്ലാ കുടുംബങ്ങളേയും IVP, RVP, റിക്കറിങ്ങ് ഡെപ്പോസിറ്റ് എന്നിവയിൽ അംഗമാക്കുക. പഞ്ചായത്തിൽ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹിളാ പ്രധാൻ ഏജൻറുമാരെക്കൊണ്ട് പഞ്ചായത്ത് പരിധിയിലുള്ള സബ്പോസ്റ്റാഫീസിൽ നിക്ഷേപിച്ചിരിക്കാനുള്ള നടപടികൾ എടുക്കണം. ഇപ്പോൾ ഇവർ നിക്ഷേപിക്കുന്ന സംഖ്യമുഴുവൻ കുന്നംകുളം പോസ്റ്റാഫീസിലാണ്. അതുകൊണ്ട് തന്നെ നിക്ഷേപിക്കുന്ന സംഖ്യയുടെ വിഹിതം നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്നില്ല.

പഞ്ചായത്തിലെ ഏറ്റവും വലിയ കുളമായ ചാട്ടുകുളത്തിൽ ശാസ്ത്രീയമായ രീതിയിൽ ശുദ്ധജല മത്സ്യകൃഷി നടത്താനുള്ള നടപടികൾ എടുത്താൽ ഇന്നുള്ള വരുമാനത്തിൽ നിന്ന് വളരെയധികം വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. അതുപോലെ തന്നെ ചാട്ടുകുളത്തിന്റെ വടക്ക്, പടിഞ്ഞാറ്, അതിർത്തിയിൽ കുളം ചുരുക്കാതെ അടിയിൽ നിന്ന കാൽവാർത്തുകൊണ്ട് ഷോപിംഗ് കോംപ്ലക്സ് പണിതാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിലെ പൊതുകുളങ്ങളിൽ ശാസ്ത്രീയ രീതിയിൽ മത്സ്യം വളർത്തുന്നതിനുള്ള നടപടികൾ എടുത്താൽ പഞ്ചായത്തിലെ കുളങ്ങളിൽ നിന്ന് മത്സ്യലേലം ചെയ്തു ലഭിക്കുന്ന വരുമാനത്തിൽ നിന്ന് വർദ്ധവുണ്ടാക്കാൻ സാധിക്കും.

ഭൂനികുതി യഥാസമയം എല്ലാവരിൽ നിന്നും പിരിച്ചെടുക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും അതിന്റെ 75% പഞ്ചായത്തുകൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് നടപടികൾ എടുക്കുകയും വേണം.

പഞ്ചായത്തിലെ മുഴുവൻ കച്ചവട സ്ഥാനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കണം. ലൈസൻസ് ഫീസ് കൃത്യമായി പിരിച്ചെടുക്കാനുള്ള നടപടികൾ എടുക്കുകതന്നെ ചെയ്യണം. പരമാവധി തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിയണം. സർക്കാരിന്റെ നിർദ്ദേശങ്ങൾ പ്രകാരം നികുതി ചുമത്താൻ കഴിയുന്ന എല്ലാവിഭാഗം ജനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പണികൾക്ക് പൂർണ്ണമായും കോൺട്രാക്ടറെ ആശ്രയിക്കുന്ന അവസ്ഥ മാറ്റണം. ചെലവഴിക്കുന്ന പണം ഇടത്തട്ടിൽ ചോർന്നു പോകാതിരിക്കണമെങ്കിൽ ജനകീയ കമ്മറ്റികളിൽ ഇത്തരം പ്രവർത്തനം പ്രാദേശികമായി നടത്തേണ്ടതുണ്ട്. ഇപ്രകാരം ജനകീയ കമ്മറ്റികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവരെ തന്നെ ഏല്പിക്കേണ്ടതാണ്.

വസ്തു കൈമാറ്റ നികുതി നേരിട്ടു പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. ഇതിനായി സർക്കാർ തലത്തിൽ തീരുമാനം എടുക്കണം.

- സമ്പാദ്യ പ്രവർത്തനവും സംഭാവനയും വികസനവും പ്രവർത്തനത്തിന്റെ ഒരു പ്രധാന സ്രോതസ്സായി മാറ്റണം.

*********

## വികസന രേഖ തയ്യാറാക്കുന്നതിന് ദ്വിതീയ വിവര ശേഖരണം നടത്തിയ കോർ ഗ്രൂപ്പ്

വി.സി ആൻറണി
വി.സി ജോസ്
യു.വ്വി മണികണ്ഠൻ
എം.വി. ശങ്കരൻ
സി. രാഘവൻ
പ്രേമരാജൻ
ഗംഗാധരൻ മാസ്റ്റർ
സി.വി മാധവൻ
എ.ജി പ്രസാദ്
വി.സി. ആൻറണി
ഹരിദാസൻ ചിററഞ്ഞൂർ
ഒ.എം ദിലീപ്
പി. എസ് വിഷ്ണു മാസ്റ്റർ
പി.കെ ബാബുരാജ്
എം. എകുഞ്ഞപ്പു
എം.ടി മുഹമ്മത് മാസ്റ്റർ
ടി. രാജഗോപാലൻമാസ്റ്റർ
കെ.എം മുഹമ്മത് മാസ്റ്റർ
കെ.പി. മാത്യുമാസ്റ്റർ
തങ്കമണി ടീച്ചർ
പി.വി.ജയൻ
ഇ.കെ.ദാമോദരൻ
കെ.എംമജീദ്
ററി.തമ്പി തെക്കേക്കര
കെ.എം ആദിത്യൻ
ററി.എം വിജയൻ
എം. എ കുട്ടപ്പൻ
എൻ.എ. രമേശൻ
കെ.എ. വിജയൻ
എ.ഐ ചാക്കുണ്ണി
കെ.ജി.ഗീത. കൃഷി ഓഫീസർ ആർത്താറ്റ്.

# അധികാരം ജനങ്ങളിലേക്ക്
## ഒമ്പതാം പദ്ധതി ജനകീയപദ്ധതി

4271
KERALA INSTITUTE OF LOCAL ADMINISTRATION * THRISSUR

U.K.C Offset Printers, Kunnamkulam. Ph: 523566